
Reg. M. 5661

കുമുദി

പുസ്തകം 4 — 1129 വൃശ്ചികം 8 തിങ്കൾ

അഭിമാനത്തിന്റെ പേരിൽ

രാഷ്ട്രീയരംഗത്തു ഇന്നു ഏറ്റവും വിലകുറഞ്ഞ സാധനമാണ് അഭിമാനബോധം. അഭിമാനബോധമുള്ളവൻ രാഷ്ട്രീയരംഗത്തു അയോഗ്യനാണെന്ന ധാരണപോലും പരന്നിട്ടില്ലേ എന്നെനിക്കു സംശയമുണ്ട്. അതെന്തു പറഞ്ഞാലും കലുങ്ങാതിരിക്കുന്ന നാണമില്ലായ്മ ധീരതയാണെന്ന പ്രചരണം സ്വന്തം കുഞ്ഞാട്ടുകളുടെയിടയിൽ പരത്തുന്ന കാൺഗ്രസ് മന്ത്രിമാരാണ് അഭിമാനത്തിന്റെ നിലവാരം ഇത്രയേറെ താഴ്ത്തിയതു്. അധികാരം ഏറെറടുക്കാൻ കച്ചകെട്ടി ഇവിടെനിന്നും ഡൽഹിയിൽചെന്ന പാമ്പിള്ളിക്കുട്ടരോടു നെഹ്റു ഒരു കാര്യം ഉപദേശിച്ചതായി പനമ്പള്ളിതന്നെ പഴവങ്ങാടിയിൽനിന്നു പ്രസംഗിച്ചു കേട്ടു. അന്തസ്സായി അധികാരമേറെറടുക്കണമെന്നും ദ്രോപക്ഷം കിട്ടാതെ വന്നാൽ അന്തസ്സായി പിരിഞ്ഞുപോകണമെന്നുമാണ് നെഹ്റു ഉപദേശിച്ചതു്. ഇന്നു നാം കാണുന്നതു പനമ്പള്ളിയുടെ അന്തസ്സായ പിരിഞ്ഞുപോക്കാണ്. അധികാരത്തിൻ കൊതി വച്ചിച്ചതുമൂലം കർത്തവ്യങ്ങളും വിസ്മരിച്ചുപോയ ഇക്കൂട്ടർ ഈ രാജ്യത്തു അപകടകരമായ ഒരു കീഴ്വഴക്കം സൃഷ്ടിച്ചിട്ടുണ്ട്. ജനാധിപത്യസമ്പ്രദായത്തിന്റെ വിജയത്തിനു അത്യന്താപേക്ഷിതമായുണ്ടായിരിക്കേണ്ട യോഗ്യതകളിലൊന്നാണ് അഭിമാനബോധം. ശരിചെയ്താൽ പോരെന്നും ശരിചെയ്യുന്നു എന്ന ബോധംകൂടി ഉണ്ടാക്കിയാലേ അതു ജനാധിപത്യപരമായിരിക്കയുള്ളൂവെന്നും ലാസ്ക്കി ഒടുവിലെക്രസിയെപ്പറ്റി എഴുതിയ ഒരു പുസ്തകത്തിൽ പറയുന്നുണ്ട്. ഇവിടത്തെ ജനാധിപത്യത്തിന്റെ നില എന്താണ്? രാജകീയകക്ഷി, സ്വജനപക്ഷപാതം തുടങ്ങിയ കാര്യങ്ങളിൽ ലജ്ജിക്കാനൊന്നുമില്ലെന്നു ഇവർ ശരിച്ചു സ്ഥാപിച്ചുകഴിഞ്ഞു. ജനങ്ങളും നാട്ടിലാകമാനം പ്രതിഷേധിക്കുകയും തെറിപറയുകയും ചെയ്താൽ അതൊരു ഭൂഷണമായി, അവർ കൊണ്ടുനടക്കും. അവസാനമായി അവർക്കു അധികാരം നൽകിയ നയമസഭതന്നെ അവരോടു പറഞ്ഞു ഇറങ്ങിപ്പോകാൻ. എന്നാലും പോകയില്ല പോകാതെ തുടരുന്നതു ധൈര്യംകൊണ്ടാണെന്നു എനിക്കു തെറിലാരണയില്ല. പോകാതിരുന്നാലുള്ളതു നാണക്കേടും അഭിമാനക്ഷതവുമാണ്. അതു അത്ര വലിയ ദുഷ്കരമുണ്ടാക്കുന്ന ഒരു കാര്യമായി നമ്മുടെ മന്ത്രിമാർ കരുതിയിട്ടുമില്ല ഇവർ അങ്ങനെ ഈ രാജ്യത്തു സൃഷ്ടിച്ചിട്ടുള്ള ഏറ്റവും വലിയ കീഴ്വഴക്കമെന്താണ്? രാഷ്ട്രീയരംഗത്തിറങ്ങിയാൽ അഭിമാനബോധം വേണ്ട. ഈ കീഴ്വഴക്കത്തിന്റെ വിമാനച്ചൽ ഉപതിരഞ്ഞെടുപ്പിൽ നടന്നു. അടുത്ത [illegible] പ്പിൽ നടക്കാൻ പോകുന്നതുമുണ്ട് മീനച്ചൽ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സുകാരുടെ പ്രചരണഓഫീസുകളിൽ തിരഞ്ഞെടുപ്പുദിവസം വലിയ ജോലിയൊന്നുമില്ലായിരുന്നു. ജോലിയുള്ളതു പള്ളികളിലാണ്. പള്ളിയിൽനിന്നു അണിഅണിയായി നിരന്നുപോയാണ് തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനു വോട്ടുചെയ്യുകയെന്ന എല്ലാ പത്രങ്ങളിലും റിപ്പോർട്ടുണ്ടായിരുന്നു. ഇതു നോക്കിനിന്നു "അതാ പോകുന്നു കോൺഗ്രസ്" എന്നുപറയുകയുള്ളുകൊണ്ടുള്ളിക്കുന്ന കാര്യങ്ങളിൽ ചില കോൺഗ്രസ്പത്രങ്ങളും പരാമർശിച്ചിട്ടുണ്ടു. കോൺഗ്രസ്സ് എന്നു പറയുന്നതു പള്ളികളുടെ പര്യായമാണെന്നു വരുന്നതുകാണുമ്പോൾ പുലകംകൊള്ളുന്നവരുടെ അഭിമാനത്തെപ്പറ്റി എന്തുപറയാനാണ്. അതുപോകട്ടെ ഇങ്ങനെ സംഘടനാപരമായി തിരഞ്ഞെടുപ്പുദിവസം വോട്ടറന്മാരെ നിർത്തിക്കൊണ്ടുപോകുന്നതു പ്രചരണമാണ്. തിരഞ്ഞെടുപ്പുദിവസം പ്രചരണം പാടില്ലെന്നാണ് നിയമം. ആ നിയമം പാലിക്കാൻ ഔദ്യോഗസ്ഥരാണ് മന്ത്രിമാർ. മന്ത്രിമാർ നോക്കി നിൽക്കെയാണ് ഈ നിയമലംഘനം നടന്നതു്. തങ്ങളും പാലിക്കേണ്ട നിയമം നിങ്ങളുടെ കൺമുൻപിൽ ലംഘിക്കുന്നതു കാണുമ്പോൾ പുലകംകൊള്ളുന്ന മന്ത്രിമാരുടെ അഭിമാനബോധത്തെപ്പറ്റി എന്തു പറയാനാണ്? തിരഞ്ഞെടുപ്പിനായതൊരു വാഹനങ്ങളും ഉപയോഗിച്ച വോട്ടറന്മാരെ കൊണ്ടുവരാൻ പാടില്ലെന്നു നിയമമുണ്ട്, ആ നിയമം ലംഘിക്കപ്പെട്ടതായി പത്രറിപ്പോർട്ടുകളുണ്ട്. അതും മന്ത്രിമാരുടെ മൻപിൽ വച്ചുനടന്നതായി പറയുന്നതു്. അതിലും മന്ത്രിമാർ പുലകം കൊണ്ടിരിക്കാം. അതിലും അഭിമാനം തിളച്ചുപൊങ്ങിയിരിക്കാം. ഈ പശ്ചാത്തലത്തിലാണ് കോൺഗ്രസുകാർ ഭരണമേറെറടുത്തതു രാജ്യത്തിന്റെ അഭിമാനം സംരക്ഷിക്കാനാണെന്നു പനമ്പള്ളി വാട്ടനിന്റെ നടന്നു പ്രസംഗിക്കുന്നതു നാം കാണുന്നതു്. അഭിമാനം എന്നു പറഞ്ഞാൽ അങ്ങാടിമര്യാദയാണോ പച്ചമലയാളമാണോ ഇവർക്കു നിശ്ചയമുണ്ടോ എന്നതും സംശയമാണ്. ഈ രാജ്യം ഭരിക്കാൻ പുറമെനിന്നു ആളുകൾ വന്നതു സ്വാഗതം ചെയ്തവരാണ് ഇടതുപക്ഷക്കാർ എന്നു പനമ്പള്ളി പറയാറുണ്ട്. പ്രസിഡൻറ് ഭരണത്തെപ്പറ്റിയാണ് അനുമാനം സൂചിപ്പിക്കുന്നതു്. പ്രസിഡൻറ് ഭരണം ഇവിടെ ആരും സ്വാഗതം ചെയ്തിട്ടില്ല. പക്ഷേ അഭിമാനികളും ഒരു കൂട്ടരുണ്ട്. പ്രസിഡൻറ് ഭരണം ഇന്നത്തെ മന്ത്രിമാരുടെ ഭരണത്തേക്കാൾ ജനാധിപത്യവിരുദ്ധമായിരിക്കുമോ? ഭരണത്തെപ്പറ്റിയല്ല ഞാൻ പറയുന്നതു്. പ്രസിഡൻറ് ഭരണം എന്ന രാഷ്ട്രീയനടപടിയെപ്പറ്റി പറയുകയാണ്. പ്രസിഡൻറ് ഭരണംവന്നാൽ ആ ഭരണത്തിന്റെ ഗുണദോഷങ്ങളെപ്പറ്റി ചർച്ചചെയ്യാൻ ഇൻഡ്യൻ പാർലമെൻറിനു അധികാരമുണ്ട്. സർ ശ്രീകണ്ഠൻനായർക്കും, പി



കയിയിൽ പത്രാധിപർ വായനക്കാരുമായി സംസാരിക്കാൻശ്രമിക്കുന്നു. നിങ്ങൾക്കു ഇഷ്ടമുള്ള കാര്യം ചോദ്യരൂപത്തിൽ എഴുതുക. കവറിനു മുകളിൽ "ചോദ്യം" എന്നു കാണാച്ചിരിക്കണം. നന്നായിരുന്നാൽ നിങ്ങളുടെ ചോദ്യത്തിനു അടുത്തു ലക്കം ഉത്തരം ലഭിക്കും.

പത്രാധിപർ]

കെ. എം. ജോബി, തിരുവല്ല

താങ്കൾ എന്തായി തീർന്നിരിക്കുന്നു എന്താണു്. താങ്കളുടെ വിശ്വാസം?

നിങ്ങൾ കളിയായി ചോദിക്കുന്ന ഈ ചോദ്യത്തെപ്പറ്റി ഗൗരവമേളകളിൽ കാര്യമായി ഞാൻ ചിന്തിക്കാറുണ്ടു്. ഞാൻ എന്തായിതീർന്നിട്ടുണ്ടു്? പറയത്തക്ക ഒന്നുമായി തീർന്നിട്ടില്ല. കഠിനാധ്വാനം ആയാസകരമായ ജോലികൾ ചെയ്യാൻ നിവൃത്തിയില്ലാത്ത ഒരു രോഗിയാക്കിയിട്ടുണ്ടു് എന്നെ പിന്നെ എന്താണു്? ഞാൻ ഈ പത്രം തുടങ്ങുമ്പോൾ എന്റെ അമ്മയുടെ മകൻ മാത്രമായിരുന്നു. ഇന്നാരുടെ കുഞ്ഞുങ്ങളുടെ പിതാവാണു്. എനിക്കു തോന്നുന്നതു ഞാൻ ഒരു പിതാവായി തീർന്നിരിക്കുന്നു എന്നാണു്.

എസ്. പ്രഭാകരൻ, കൊട്ടാരക്കര.

സ്ഥിരമായ ഒരു നയം ഫലപ്രദമായി തുടർന്നിട്ടുള്ള ഒരു മലയാള പത്രത്തിന്റെ പേരു പറയാമോ?

ദിനപത്രങ്ങളെപ്പറ്റിയാണെങ്കിൽ "മാതൃഭൂമി"യുടെ പേരു

പുന്നൂസിനും, കെ. സി. ജോർജ്ജിനും, മത്തായി മാഞ്ഞൂരാനും, ആനി മസ്ക്രീനും ഇവിടെ നിന്നു പോയിട്ടുള്ളവരും ഭാരതത്തിന്റെ വിവിധ കോണുകളിൽനിന്നു വന്നവരുമായ ആർക്കുവേണമെങ്കിലും ഇവിടുത്തെ ഭരണത്തെപ്പറ്റി പാർലമെന്റിൽ ചോദ്യം ചെയ്യാം ഇന്നു ഇവിടെനടക്കുന്ന ഭരണത്തെപ്പറ്റി ആർക്കെങ്കിലും എന്തെങ്കിലും ചോദിക്കാൻ ഭരണഘടനാപരമായി മൗലികാവകാശമില്ല. ഒരാളുടെ സോഷ്യലിസ്റ്റ്പ്രഭുത്വത്തിനു പകരം അവരുടെ നിയമപരമായ സോഷ്യലിസ്റ്റ്പ്രഭുത്വമാണു് ഇന്നു നടക്കുന്നതു്. ഇതിനേക്കാൾ ജനാധിപത്യപരമാണു് പ്രസിഡന്റ്ഭരണം. പനമ്പിള്ളി പ്രസിഡന്റ്ഭരണത്തെപ്പറ്റി ജനാധിപത്യത്തിന്റെ പേരിൽ ആക്ഷേപം പറയുമ്പോൾ അദ്ദേഹത്തിന്റെ മന്ത്രിസഭ എന്തധിപത്യത്തിന്റെ ചിഹ്നമാകുന്നുവെന്നാർക്കാണറിയാത്തതുകൊണ്ടാണു് ഇന്നത്തെപ്പോലെ പേപറയുന്നതു്. അതും പോകട്ടെ ഇവിടെയുള്ളവരെ ഭരിക്കാൻ ഡൽഹിയിൽനിന്നു ആളുകളെ വരുത്തുന്നതിലാണല്ലോ പനമ്പിള്ളിയുടെ തർക്കം. എന്താണു് പനമ്പിള്ളിയുടെ കോൺഗ്രസ്സ് ചെയ്യുന്നതു്? ഭരണകാര്യങ്ങളിലും സംഘടനാകാര്യങ്ങളിലുമെല്ലാംതന്നെ ഡൽഹി ഉത്തരവുകൾക്കുവാൻ മുട്ടുന്നകാര്യം മാറിവച്ചിട്ടു ആലോചിക്കാം ഇവിടെ ഒരു തിരഞ്ഞെടുപ്പു നടക്കാൻപോകുന്നുണ്ടു്. ഈ തിരഞ്ഞെടുപ്പിലൂടെ ഇവിടെയുള്ള ജനങ്ങൾ തങ്ങളെ ആരാണു ഭരിക്കേണ്ടതെന്നു പറയാൻ പോകുകയാണു്. ഇവിടുത്തെ ജനങ്ങൾ ആരുടെ പിന്നിലാണെന്നു കണ്ടുപിടിക്കാൻ തീർച്ചയായും ഇവിടുത്തെ ജനങ്ങൾക്കു കഴിവുണ്ടാകണം പക്ഷെ ജനങ്ങൾ ഒരിപക്ഷവും തങ്ങളുടെ പിന്നിലാണെന്നു അവകാശവാദം നടത്തി നിയമസഭപിരിച്ചുവിട്ട കോൺഗ്രസ്സിനു അതിനുള്ള ധൈര്യമില്ല, അവർ ഇവിടുത്തെ ജനങ്ങളുടെ അഭിപ്രായമെന്താണെന്നു കണ്ടുപിടിക്കാൻ ബോംബെയിൽ നിന്നു എസ്. കെ. പാട്ടീലിനെ ഇറക്കുമതിചെയ്തുകയാണു് ഡൽഹിയിൽ നിന്നു ആരെങ്കിലും ഇവിടെ വന്നുഭരിക്കുന്നു എന്നു വന്നാൽ അഭിമാനം അനുവദിക്കുമെന്നു ബോധ്യമുള്ള പനമ്പിള്ളിക്കു ഈ പാട്ടീൽ സംഭവത്തിൽ അഭിമാനക്ഷതമൊന്നുമില്ലേ? പാട്ടീൽ ഇവിടെ മലമറിക്കുമെന്നു കോൺഗ്രസ്സുകാർക്കുള്ള വിശ്വാസം എനിക്കുള്ളതുകൊണ്ടു ഞാനിതു ചോദിക്കയല്ല. പ്രായപൂർത്തി വോട്ടവകാശാടിസ്ഥാനത്തിൽ ഇൻഡ്യയിൽ ആദ്യമായി ഒരു തിരഞ്ഞെടുപ്പു നടന്നതു ഈനാട്ടിൽ ഒരു തിരഞ്ഞെടുപ്പ് പ്ലാൻചെയ്യാൻ ഈ രാജ്യത്താളില്ലെന്നു ഭാരതത്തെയാകമാനംകൊണ്ടു പറയിക്കത്തക്കവണ്ണം പട്ടിണിനെ സർവ്വാധികാരിയായി ക്ഷണിക്കാൻ ഇവർക്കു ലജ്ജ തോന്നുന്നില്ലല്ലോ എന്നോർത്തു മാത്രം ഇതു ചോദിക്കയാണു് അഭിമാനമെന്നാനന്ദമായിട്ടു വേണ്ടേ അതു നഷ്ടപ്പെടുന്നതിൽ ഖേദമുണ്ടായിട്ടു കുറ്റിതും തോന്നേണ്ടതും. നമ്മുടെ രാഷ്ട്രീയകക്ഷിയോളത്തിൽ കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം ഇന്നു ഏറ്റവും വിലകുറഞ്ഞ സാധനം അഭിമാനബോധമാണു് അതുകൊണ്ടാണെന്നു തോന്നുന്നു അതിനിയും ബാക്കിയുള്ളവരായി കോൺഗ്രസ്സിലുള്ളവർ ഗൗരവഗത്തിൽ ആ സംഘടനവിട്ടു പുറത്തുപോകാൻ തയ്യാറാകുന്നതു്. ഈ നാട്ടിനു് ഒരഭിമാനബോധമുണ്ടെന്നു വിശ്വസിക്കുന്നവർ ഈ നാണംകെട്ട പരിഷകളിൽനിന്നു രാജ്യലക്ഷ്മിയെ വിമോചിപ്പിക്കാൻ ധീരകർത്തവ്യരായി തയ്യാറാകേണ്ടതാണു്.

—കെ. ബാലകൃഷ്ണൻ.

മാത്രമേ പറയാൻ പറ്റൂ. അളുകൊണ്ടു അവരുടെ നയത്തോടു ഞാൻ യോജിക്കുന്നു എന്നു കരുതരുതു്.

ഇ. എസ്. സിറാജ്, കാർത്തികപ്പള്ളി.

ബാലകൃഷ്ണനെയെന്നോ വിദ്യാർത്ഥികളെ മയന്നോ മരണഘടനാപ്രശ്നത്തെപ്പറ്റി പനമ്പിള്ളി പ്രസംഗിക്കാത്തതു്?

പനമ്പിള്ളിയെ മയക്കണമെന്നാണു് തോന്നുന്നതു്.

എസ്. നാരായണൻനായർ, ന്യൂഡൽഹി.

ഒരു റിയായിൽ സേവനമനുഷ്ഠിക്കുന്ന ഇൻഡ്യൻ പട്ടാളത്തെപ്പറ്റി പത്രാധിപരുടെ അഭിപ്രായമെന്താണു്?

ഈ നാട്ടിന്റെ അഭിമാനം ഇത്രയേറെ വർദ്ധിപ്പിച്ച മറ്റൊരു സംഘം ഇൻഡ്യയ്ക്കു വെളിയിൽ പോയിട്ടുള്ളതായി എന്റെ ഓർമ്മയിലില്ല. അക്കൂട്ടത്തിൽ ഒട്ടേറെ മലയാളികളുമുണ്ടു്. കഴിഞ്ഞ ദീപാവലിക്കു അവർ എന്നോടു ഒരു കാരണം വിശേഷാൽപ്രതി ആവശ്യപ്പെട്ടിരുന്നു അവരെപ്പറ്റി ഈ നാടു എത്രത്തോളം അഭിമാനം കൊള്ളുന്നുണ്ടെന്നു അവരെ അറിയിക്കുവാൻ ആവശ്യമായ മാർഗ്ഗം എനിക്കു സ്വാധീനത്തിൽ കിട്ടുന്നില്ല.

ടി. മാധവൻപിള്ള യൂണി: കാളേജു്

കാളേജുകുമാരികൾ ഇക്കണ്ട വളരെ കുറഞ്ഞ ചോളിധരിച്ചു അവരുടെ മാംസളമായ ഉരോഭാഗം പ്രദർശിപ്പിക്കുന്നതിനു് ഉത്സുകരായിരിക്കുന്നതിൽ പ്രത്യേക ഉദ്ദേശ്യം വല്ലതുമുണ്ടോ?

'ഉദരംമൂലം ബഹുകൃതവേഷം' എന്നു നിങ്ങളും തന്നെ ഉദ്ധരിച്ചിരിക്കുന്ന കവിതാശകലമില്ലേ?

രാജൻ, ശാസ്ത്രമംഗലം

കയമുടിയിലെ ചോദ്യോത്തരപംക്തി ഫിലിമിന്യായിൽനിന്നും കാപ്പിയടിച്ചതല്ലേ?

ഫിലിംഇൻഡ്യയിലാണു് ഏറ്റവും നല്ല ചോദ്യോത്തരപംക്തിയുള്ളതെന്നു ഞാനും വിശ്വസിക്കുന്നു. പക്ഷേ അതു കാപ്പിയടിച്ചാൽ ഞാൻ ബൗദ്ധാവുപട്ടേലാകുമോ? പട്ടേൽ ഏറ്റവും കൂടുതൽ പ്രാധാന്യം നൽകുന്നതു തന്നെപ്പറ്റിയുള്ള അതിശ്ലാഘനീയങ്ങളായ ചോദ്യങ്ങൾക്കാണു്.

കെ. എ. മേനോൻ, ആലുവ.

എന്റെ ഒരാത്മസുഹൃത്തു് ഐ. മു. സ്ഥാനാർത്ഥിയായും കമ്മുകി കോൺഗ്രസ് സ്ഥാനാർത്ഥിയായും ഒരേ നിയോജകമണ്ഡലത്തിൽനിന്നു അടുത്ത തിരഞ്ഞെടുപ്പിനു മൽസരിക്കുകയാണെങ്കിൽ എന്റെ വോട്ടു ആർക്കാണു നൽകേണ്ടതു്?

നിങ്ങളെപ്പോലുള്ളവരാണു് തിരഞ്ഞെടുപ്പിൽ വലിയ ശല്യം ചെയ്യുന്നതു്. തിരഞ്ഞെടുപ്പുരംഗത്തു കമ്മുകിയും സ്നേഹിതനുമാരുമില്ല. അവിടെ ചിന്താഗതികർ മാത്രമാണുള്ളതു്. ചിന്തിക്കാനറിഞ്ഞുകൂടാത്തവരാണു് തിരഞ്ഞെടുപ്പിൽ കമ്മുകിയേയും സ്നേഹിതനേയും തിരയുന്നതു്.

കെ. വി. മോസ്ക്കാൻ, കൊല്ലം.

പത്രാധിപർ ഉൾക്കൊള്ളുന്ന നിയോജകമണ്ഡലത്തിൽ തിക്കുറിശ്ശി സുകുമാരൻനായരും പൊൻകുന്നം വക്കിയും സ്ഥാനാർത്ഥിയായി നിന്നാൽ താങ്കളുടെ വോട്ടു ആർക്കു നൽകും?

അവരിൽ മറ്റാരെ പറഞ്ഞുമാറാനും കാര്യം ഞാനേൽക്കുന്നു.

എം. ജി എൻ. നായർ, ചെന്നിത്തല,

ഞങ്ങളും പുതുതായി തുടങ്ങാൻ പോകുന്ന ട്യൂട്ടോറിയൽ കോളേജിന്റെ ഭാവിക്കു് അവിവാഹിതരെയാണോ വിവാഹിതരെയാണോ അദ്ധ്യാപകരായി നിയമിക്കേണ്ടതു്?

നിങ്ങളും ട്യൂട്ടോറിയൽ കോളേജു തുടങ്ങാതിരിക്കുകയാണു് ഭേദം. മനുഷ്യന്റെ ബുദ്ധിശക്തിയേയും സ്വാതന്ത്ര്യ ശീലത്തേയും ഏറ്റവും കൂടുതൽ ഇല്ലായ്മചെയ്യുന്ന ഒരേർപ്പാടാണു് ട്യൂട്ടോറിയൽ കോളേജുകളും.

എ. ബാലകൃഷ്ണപിള്ള, കരമന

പോലീസുകാരൻ കലാകാരനാകുന്ന സന്ദർഭം ഏതാണു്?

ഈ പോലീസുകാരെപ്പറ്റി നാം സാധാരണ പറയാറുള്ളതെല്ലാം ശരിയല്ല. തിരുവനന്തപുരത്തും കൊല്ലത്തും പല മാക്കപ്പുകളിലും ഞാൻ കിടന്നിട്ടുണ്ടു്. കൊല്ലത്തുവച്ചാണെന്നു തോന്നുന്നു ഒരു കവിയായ പോലീസുകാരനെ ഞാൻ കണ്ടു. അയാൾ കവിതയും വിഷയമുണ്ടാക്കുന്നതെല്ലാം ലാക്കപ്പിലെ പുള്ളികളിൽനിന്നാണു്. എന്നെപ്പറ്റിയും അയാൾ ഒരു കവിതയെഴുതിയെന്നാണു് ഓർമ്മ. പക്ഷേ കാക്കിയിട്ട ലാത്തിയും കയ്യിലെടുത്താൽ പിന്നെ കല അവതാളത്തിലാണു്. പോലീസുകാരൻ അധികാരശക്തിക്കു തല്ക്കാലമുപയോഗിക്കാവുന്ന ആയുധമല്ലെന്നുവന്നപ്പോൾ അവന്റെ ഉള്ളിലുള്ള മനുഷ്യത്വം പുറത്തേയ്ക്കു തലകാണിക്കുകയില്ല.

കെ. ആർ. ജ്യോതിസ്സു്, തൃശ്ശൂർ.

തിരുവനന്തപുരത്തെ വിദ്യാർത്ഥിപ്രക്ഷോഭണത്തെപ്പറ്റി നിങ്ങളുടെ വ്യക്തമായ അഭിപ്രായമെന്താണു്?

അവശ്യമാനം ന്യായമുള്ള ഒരു അവകാശവാദം വച്ചുകൊണ്ടാണു് വിദ്യാർത്ഥികളും സമരമാരംഭിച്ചിരിക്കുന്നതു്. പക്ഷേ സമരത്തെപ്പറ്റി ഉച്ചത്തിൽ പറയാനുള്ളതത്ര സമരം ചെയ്യാനുള്ള കഴിവു ഇന്നത്തെ തലമുറയ്ക്കു കുറവാണെന്നു തോന്നിപ്പോകുന്നു. വിരട്ടിയാൽ വിരണ്ടുപോകുന്നവർ സമരത്തിന്റെ ഭാഷ ഉപയോഗിക്കാതിരിക്കയായിരിക്കും ഭേദമെന്നു തോന്നുന്നു. വിദ്യാർത്ഥിസമരം ഒരു ഉമിത്തീ പ്രസ്ഥാനംപോലെ ഇപ്പോഴും നടക്കുന്നുണ്ടു്.

എൻ. പാർത്ഥസാരഥി, ചവറ.

Sexual attraction (ലൈംഗികാകർഷണം) ജീവി വർഗ്ഗങ്ങളുടെ വർദ്ധനവിനു പൊതുതത്വമായിരിക്കേ മാത്രം മാരീവില്ലിനു നിറമില്ല എന്നു വാദിച്ചു സ്ഥാപിക്കാൻ ശ്രമിക്കുന്നു നിങ്ങൾ ഒരു മാർക്സിസ്റ്റാകുന്നതെങ്ങനെ?

ഏവിടെയാണു ഞാനീ വാദം നടത്തിയതു്? എന്റെ ഒരു ചെറുകഥ വായിച്ചുകൊണ്ടാണു ഈ ചോദ്യം അയക്കുന്നതെങ്കിൽ നിങ്ങൾക്കു എന്റെ കഥയിൽ എന്താണു പ്രതിപാദിച്ചിരിക്കുന്നതെന്നു അശേഷം മനസ്സിലായിട്ടില്ലെന്നേ മറുപടി പറയാൻ നിവൃത്തിയുള്ളൂ.

എൻ. വി കൃഷ്ണപ്പിഷാരടി, കൊല്ലം

നിങ്ങളുടെ സലീം നിങ്ങളെ പപ്പായെന്നും ചന്ദ്രികയെ മമ്മിയെന്നുമാണോ വിളിക്കുന്നതു്?

അങ്ങനെ വിളിച്ചാൽ ഞാൻ അന്നവന്റെ നാക്കുപിഴുതെടുക്കും. നമ്മുടെ കുട്ടികൾ അച്ഛാ എന്നും അമ്മാ എന്നും വിളിക്കുന്നതിനു പകരം സായിപ്പിന്റെ പപ്പായെയും മമ്മിയേയും തേടിപ്പോകുന്നതു കരങ്ങിന്റെ അനുകരണഭ്രമം മാത്രമാണെന്നു സൂചിപ്പിക്കുന്നു.

കെ. എൻ. വിശ്വനാഥൻ, കോട്ടയം

പേരിലാണോ ജാതിനിലനിൽക്കുന്നതു്?

എന്റെ അനുഭവം അതായിരുന്നു. എന്റെ സന്താനങ്ങൾക്കു ആ അനുഭവം ഉണ്ടാകരുതെന്നു എനിക്കു നിർബന്ധവുമുണ്ടു്.

സി. എം. ശ്രീനിവാസൻ, പെരിങ്ങോട്ടുകര

വിവാഹം ഒരു സംഭവമോ സംക്ഷോഭനമോ?

സംക്ഷോഭനങ്ങളിലൂടെയല്ലേ സംഭവങ്ങളും രൂപം കൊള്ളുന്നതു്?

കെ. ബി. എം. ഫ്രാൻസ്സിയൻ, എറണാകുളം.

താങ്കളെ ഏറ്റവും കൂടുതൽ ചിരിപ്പിച്ച ഒരു സംഭവം പറയുമോ?

എന്റെ മകൻ ആദ്യമായി എന്നെ "അച്ഛാ" എന്നു വിളിച്ചതു്.

എസ്. സരസ്വതി, തിരുവനന്തപുരം.

മനുഷ്യനു വിവിധ വേഷങ്ങളിൽ താല്പര്യമുണ്ടാകുന്നതു പ്രകൃതിനിയമങ്ങൾക്കു വിരുദ്ധമല്ലേ?

എങ്ങനെ വിരുദ്ധമാകും? പ്രകൃതി എപ്പോഴും ഒരേ വേഷമാണോ അണിയാറുള്ളതു്? പ്രകൃതി മനോഹരമെന്നു നാം പറയുന്ന അവസ്ഥയും പ്രകൃതിയുടെ വേഷവിധാനവുമായും ബന്ധമില്ലേ?

എൻ. മീനാക്ഷിഅമ്മ, കൊല്ലം.

ഒരു സ്ത്രീക്കു ഒരു പുരുഷനോടും ഒരു പുരുഷനു സ്ത്രീയോടും ചെയ്യാവുന്ന ഏറ്റവും വലിയ അപരാധമെന്താണു്?

ഏറ്റവും ചെറിയ അഭിപ്രായഭിന്നത ഏറ്റവും വലിയ ശാർഹിക പ്രശ്നമാക്കുക.

കെ. എസ്. പ്രദീപ് വെള്ളയമ്പലം

നിങ്ങൾ 'ഷോലെ' എന്ന സിനിമ കണ്ടോ? അതിലെ കഥയ്ക്കു നിറമില്ലാത്ത മാരിവില്ലിനോടു എന്താണെങ്കിലും സാമ്യമില്ലേ?

ചിത്രം ഞാൻ കണ്ടു. മാനസികവ്യാപാരങ്ങളിൽ നേരിയബന്ധമുണ്ടു്. പക്ഷേ ഷോലേയിൽ അയാൾ വീടുവിട്ടിറങ്ങിയോടുന്നു. എന്റെ നായകൻ വീട്ടിലേക്കു ഓടിയടുക്കാനാണു് ശ്രമപ്പെടുന്നതു്. എന്റെ കഥയ്ക്കു എന്തെങ്കിലും പ്രത്യേകതയുണ്ടെങ്കിലും അതു ഈ വ്യത്യാസമാണു്.

കെ. രവീന്ദ്രൻ, തേവലക്കര.

വോട്ടവകാശമില്ലാത്ത ഞാൻ ഏതു രാഷ്ട്രീയ പാർട്ടിയിൽനിന്നാണു് മുദ്രാവാക്യം മുഴക്കേണ്ടതു്?

നിങ്ങൾക്കു വോട്ടവകാശം ലഭിക്കുമ്പോൾ ജീവിതത്തിനു അർത്ഥം നൽകാൻ കെൽപ്പുള്ളതായി നിങ്ങൾക്കു തോന്നുന്ന പാർട്ടിയിൽനിന്നു മുദ്രാവാക്യം മുഴക്കുക.

പി. കെ ശിവരാമപിള്ള, ലാക്കാളേജ്.

കൗമുദി ആഴ്ചപ്പതിപ്പുകൊണ്ടു സാമുദായികമോ രാഷ്ട്രീയമോ സാമ്പത്തികമോ ആയി എന്തെങ്കിലും സാധിച്ചു എന്നു നിങ്ങൾക്കവകാശപ്പെടാമോ?

കൗമുദിക്കു ഇങ്ങനെയൊരു സൽകൃത്യം ഒറ്റയായിനിന്നു ചെയ്യാൻ കഴിയുമെന്നു വിശ്വസിക്കുന്ന മഠയനല്ല ഞാൻ. രാജ്യത്തു പൊതുവെയുണ്ടാകുന്ന ചലനങ്ങൾക്കു അക്കം വരിപ്പിക്കുവാനും അവയോടൊത്തു നീങ്ങാനും തീർച്ചയായും കൗമുദിക്കു കഴിഞ്ഞിട്ടുണ്ടു്.

എൻ. പി. സലിം, ഭോപ്പാൽ.


വിശപ്പു മാറുന്നതുവരെയോ ജീവൻ വെടിയുന്നതുവരെയോ താങ്കൾ സാധാരണ ആഹാരം കഴിക്കുന്നതു്?

വിശപ്പു മാറുന്നതും വയറു നിറയുന്നതുവരെയും സാധാരണ ഞാൻ അറിയാറില്ല. വിശപ്പുണ്ടാകാത്തതാണു് എന്റെ ഏറ്റവും വലിയ രോഗം. സമയാസമയങ്ങളിൽ ഒരു ചടങ്ങു കഴിച്ചെട്ടുകൂട്ടുന്നതുപോലെയാണു് ഞാൻ ആഹാരം കഴിക്കുന്നതു്. വിശന്നു പൊരിയുന്നവരെപ്പറ്റി ആവേശകരമായി എഴുതുകയും പ്രസംഗിക്കുകയും ചെയ്യുമ്പോഴും എന്റെ ഉപബോധമനസ്സു് അവരെപ്പറ്റി അസൂയപ്പെടാറുണ്ടു്.

റവ. എസ്. പുരുഷോത്തമൻനായർ, തിരുവല്ല.

അനുരാഗം ഒരു മനോഹരമായ മനഃസംയമമാ

ശേഷം 10-ാംപേജിൽ



കൊച്ചമ്മഭരണം

അരിഷ്ടപ്പുകാരൻ പരമുപിള്ള മന്ത്രിക്കാച്ചമ്മയുടെ മുമ്പിൽനിന്നു വിറയ്ക്കുകയാണു്. അന്നു കാലത്തു പത്രുവിനെ കറന്നിട്ടു് പാലിന്റെ അളവു കുറവായിക്കണ്ടു് കൊച്ചമ്മയ്ക്കു കയ്കേറി നിൽക്കുന്നു. രണ്ടര ഇടങ്ങഴി പാൽ കറക്കുന്ന പത്രുവിനെ കറന്നിട്ട അന്നു മുന്നാഴിപ്പാൽ തികച്ചില്ല. "കള്ളക്കുട്ടങ്ങൾ തിന്നുമുടിക്കാൻ കിടക്കുന്ന അവലക്ഷണങ്ങൾ. എന്തെടാ നീ ഇണപോലെ നിൽക്കുന്നതു്?" കൊച്ചമ്മയുടെ കോപോഷ്ണങ്ങൾ അങ്ങനെ അനർഗ്ഗളമായി പ്രവഹിക്കുകയാണു്.

പരമുപിള്ള അയ്യോ കൊച്ചമ്മാ ദ്വേഷ്യപ്പെടാതെ. ക്ടാവു കയറുത്തു വന്നു പാലുകുടിച്ചുകളഞ്ഞതു കാണും. അതല്ലെങ്കിൽ ഇങ്ങനെ വരത്തില്ല. കുമ്പോറാണെന്നും വരാം. എന്തായാലും ആ വേലനെ വിളിച്ചൊന്നു ചോദിക്കണം.

കൊച്ചമ്മ—കള്ളം. പച്ചക്കള്ളം. ക്ടാവിനെ മുറിയിൽ അടച്ചിട്ടിരിക്കയായിരുന്നു കുമ്പോറുണ്ടെങ്കിൽ പത്രു കാടി കുടിക്കുമോ? തീറ്റി തിന്നുമോ? കൊട്ടത്തെല്ലാം അവം വലിച്ചു കുടിച്ചു—പുല്ലും മുഴുവൻ തിന്നുതീർത്തു കറന്ന പാൽ നിന്നെ വലിച്ചു കുടിച്ചതായിരിക്കും. അതാ നിന്റെ വയർ പത്തായംപോലിരിക്കണതു്.

പ: പിള്ള—അയ്യോ കൊച്ചമ്മാ അങ്ങനെ പറയരുതേ. മഹാപാപമാണു്. അത്താഴക്കലത്തിൽ കിടന്ന പാറും വെള്ളവുംകൂടെ പുളിശ്ശേരിയുമൊഴിച്ചു കലക്കി കുടിച്ചതുകൊണ്ടാ എന്റെ വയർ വീർത്തിരിക്കുന്നതു്. എനിയ്ക്കൊന്നു സംശയം.

കൊച്ചമ്മ എന്താണെടാ--അതു വിളിച്ചുപറയരുതോ?

പ: പ്ള്ള—പിന്നെ--ഇന്നുകാലത്തു കറക്കാൻ ചെന്നപ്പോൾ പത്രുവിന്റെ കഴുത്തിൽ ചോരകണ്ടു. അതായിരിക്കാം പാൽ കുറഞ്ഞതു്.

കൊച്ചമ്മ--അതു പിന്നെ നിന്നക്കു നേരത്തേയങ്ങു പറയരുതായിരുന്നോ? ഇങ്കുലാബുകാർ ആരെങ്കിലും മാരിക്കുന്തംകൊണ്ടു പത്രുവിനെ കുത്തിയതായിരിക്കും.

പ: പിള്ള—എന്തായാലും ഞാൻ കർട്ടത്തു പറഞ്ഞു ഇതിനു നിവൃത്തിമാർഗ്ഗം ഉണ്ടാക്കണം. ചുമ്മാ വിട്ടാൽ ഇനി ഇതിനപ്പുറവും കാണിക്കും. കുരുന്നിലേ നുള്ളാഞ്ഞാൽ കോടമരിക്കും അറിയില്ല.

കാര്യം ശരിയാണെന്നു തന്നെ കൊച്ചമ്മയ്ക്കും ബോദ്ധ്യമായി. മുഖം വീർപ്പിച്ചുകൊണ്ടു അവർ ഉടനെ മന്ത്രിയുടെ മുറിയിൽ കടന്നു ചെന്നു കാര്യം പന്തിയല്ലെന്നു കണ്ടു ഡഫേദാർ മറഞ്ഞു അനന്തരം ചില ചീറ്റലും തുമ്മിപ്പും ഇടനെഞ്ഞു പൊട്ടിയുള്ള കരച്ചിലും പിഴിച്ചിലും സാന്ത്വനങ്ങളും ഒക്കെ അവിടെ നടന്നു. അധികം താമസിയാതെ മന്ത്രിയുടെ മേശപ്പുറത്തിരിക്കുന്നബ്ബെല്ലു് തുടരത്തുടരെ അടിച്ചുതുടങ്ങി. ഡഫേദാർ ഓടിയെത്തി വാപൊത്തിനിന്നു പ്രൈവറ്റുസിക്രട്ടറി ഞൊടിയിടയിൽ അതിനുമുമ്പിൽ ഹാജരാക്കപ്പെട്ടു. അടുത്തനിമിഷത്തിൽ ഐജി യ്ക്കു ഫോൺപോയി അരമണിക്കൂർകഴിഞ്ഞപ്പോൾ ഒരു വാൻ നിറയെ പോലീസുകാരും ഇൻസ്പെക്ടരും എ. എസ്. പി. യും ഡി. എസ്. പി യുമൊക്കെ മന്ത്രിമന്ദിരത്തിൽഎത്തി.

"ഇങ്കുലാബുകാർ ഇവിടെയും കടന്നുവന്നു ശല്യംചെയ്തിരിക്കുന്നു. ഏമാന്റെ ക്രാലിപ്പത്രുവിന്റെ കഴുത്തിൽകത്തി ചോരയൊലിപ്പിച്ചു തിന്റെ പാട്ടഇപ്പോഴും കാണാം. പത്രുവിനെ കറന്നിട്ട്—യെങ്ങ്ഹെ—ഒരുതുള്ളിപ്പാലു വരണമല്ലോ! ചോര-കട്ടച്ചോരയാണതു ചുരത്തുന്നതു്...."എന്നിങ്ങനെ പരമുപിള്ള പോലീസുദ്യോഗസ്ഥന്മാർക്കു കേസിന്റെ വിവരം നൽകി. ഡി എസ്. പി യും എ. എസ് പി. യും. ഇൻസ്പെക്ടരുംക്രൂടെ സംഭവസ്ഥലമായ എരുത്തിലിൽ എത്തി. തിനകൊഴുത്ത ഒരു വെള്ളപ്പശു കൊമ്പു കുലുക്കി നിൽക്കുന്നു അപരിചിതരുടെ വേഷവിധാനങ്ങളും കണ്ടു അവളൊന്നു വിരണ്ടു പരമുപിള്ള സംഭവം വഷളാക്കിയാദ്യസ്സു മാപ്പുകാരം എഴുതി അവിടെയുണ്ടായിരുന്ന കാലടയാളങ്ങളെല്ലാം അളന്നു തിട്ടപ്പെടുത്തി. പുറംകയ്യാലകളൊക്കെ പരിശോധിച്ചു. അകത്തു കടന്നു ഇരുകയ്യും നടത്തിയവനെപ്പറ്റി ഒരു തുമ്പും കിട്ടാതെ പോലീസുദ്യോഗസ്ഥന്മാർ വിഷമിച്ചപ്പോൾ ഒരു പോലീസ് കാൺസ്റ്റബിൾ ഏമാന്മാരെ ഇങ്ങിനെ അറിയിച്ചു:—

പത്രുവിന്റെ കഴുത്തിൽ ഉണ്ണി കടിച്ചതാ ഉണ്ണിയെ നഖംകൊണ്ടു വലിച്ചെടുത്തു കളഞ്ഞപ്പോഴാണു ചോര തുടിച്ചതു്.


അങ്ങനെയോ എന്ന ആശ്വാസഭാവത്തോടെ ഡി. എസ്. പി. യും എ. എസ്. പി. യും വീണ്ടും പരിശോധിച്ചു. കാൺസ്റ്റബിൾ പറഞ്ഞതിൽ കാര്യമുണ്ടെന്നു അവർ ബോധ്യമായി പത്രുവിന്റെമേൽ ഇങ്കുലാബുകാരുടെ കയ്യേറ്റമൊന്നും നടന്നിട്ടില്ലെന്നും, മൃഗഡാക്ടറെ വരുത്തി ചികിത്സിപ്പിച്ചാൽ മതിയെന്നും ഉപദേശിച്ചുകൊണ്ടു പോലീസുകാർ മടങ്ങി.

പ്രൈവറ്റുസിക്രട്ടറിയുടെ ടെലഫോൺ പിന്നെയും മുഴങ്ങി. ഹലോ—ആനിമൽ ഹാസ്ബണ്ടറി ഡയറക്ടരാണോ? .....ഹൗസിലെ നിന്നാണു് പ്രൈവറ്റുസിക്രട്ടറിയാ സംസാരിക്കുന്നതു്. ഇവിടത്തെ പത്രുവിന്റെ കഴുത്തിൽനിന്നും ചോര ഒലിക്കുന്നു. എന്തോ സംഗതിയെന്നറിവില്ല. ഉടൻ ഡയറക്ടരെ ഇവിടെ അയക്കണം. യേസ്—യേസ്. അങ്ങാ അതെല്ലാം നോക്കിക്കൊള്ളാം.

മന്ത്രിമന്ദിരത്തിൽനിന്നും ഫോൺ മെസ്സേജ് കിട്ടിയ ഉടൻതന്നെ ഡയറക്ടർ മൃഗാശുപത്രിയിലേയ്ക്കു ഉത്തരവയച്ചു. ഉടൻ .....ഹൗസിൽ എത്തിക്കൊള്ളണം. സംഭവം അന്വേഷിച്ചു ഉടൻ റിപ്പോർട്ടു ചെയ്കയും വേണം. രോഗശമനത്തിനു പ്രതിവിധികളും എല്ലാം ചെയ്തുകൊള്ളണം. മറിവു ഉടൻ കരിക്കണം. പത്രുവിനെ അടുത്ത പ്രാവശ്യം കറന്നാൽ പാൽ മുഴുവൻ കിട്ടണം. എല്ലാം ഭദ്രം—

ഡയറക്ടരുടെ ഉത്തരവു കണ്ട ഡാക്ടർ വിരണ്ടു. എൻകയറി നടത്തണം റിപ്പോർട്ടു ചെയ്യണം, ചികിൽസ ഉടൻ ഫലിക്കുകയും വേണം. ആശുപത്രിയിൽ ഉണ്ടായിരുന്ന മരുന്നുകളെല്ലാം എടുത്തു ബാഗിൽവച്ചുകൊണ്ടു ഡാക്ടർ തയ്യാറായി നിന്നു. കാർവിളിക്കാൻ പോയി പ്യൂൺ കാർവന്നു ഡാക്ടർ സകല സജ്ജീകരണങ്ങളോടും കൂടി മന്ത്രി മന്ദിരത്തിൽ എത്തി. പത്രുവിനെ സന്നിധാനത്തു കൊണ്ടുവരുത്തിയോ അതോ പത്രുവിന്റെ അടുത്തേയ്ക്കോ—ഇങ്ങിനെയുള്ള രോഗശമനത്തെപ്പറ്റിയായിരുന്നു ഡാക്ടർ ആലോചിച്ചതു് വല്ലതും കണ്ടുപിടിച്ചുവന്നാൽ അടുത്ത ദിവസം ചിറ്റാരേയ്ക്കോ മുന്നാറിലേയ്ക്കോ സ്ഥലം മാറ്റം തന്നെ. ഉദ്യോഗം പണയമായാലും ആയി. അങ്ങിനെ പല പ്രാരബ്ധങ്ങളെയും ആലോചിച്ചു മനസ്സുനീറിക്കൊണ്ടാണ് ഡാക്ടർ മന്ത്രിമന്ദിരത്തിൽ എത്തിയതു. പത്രുവിനെക്കണ്ടപ്പോൾ മാത്രമേ

അമ്പാസ് എഴുതുന്നു



സർവ്വം നെഹ്രുമയം

★

അവർ എല്ലാവരും — പത്തുപേരും മേശയ്ക്കു ചുറ്റുമിരുന്നു.

പ്രധാനമന്ത്രി
വിദേശകാര്യമന്ത്രി
പ്രതിരോധമന്ത്രി
കോൺഗ്രസ്സ് പ്രസിഡൻറ്
നാഷണൽ പ്ലാനിംഗ് കമ്മിഷൻറെ ചെയർമാൻ
ഗ്രന്ഥകർത്താവ്
ശാസ്ത്രജ്ഞൻ
കവി
അരിസ്റ്റോക്രാറ്റ് (ഉന്നതകുലജാതൻ)
സോഷ്യലിസ്റ്റ്

കാഷ്മീരി പട്ടുകൊണ്ട് സുന്ദരമായി തുന്നപ്പെട്ടിരിക്കുന്ന ഷർവാണിയും അണിഞ്ഞു് നിൽക്കുന്ന അനന്തസ്സും പ്രൌഢിയുമുള്ള ആകാരം പ്രധാനമന്ത്രിയുടേതാണു്. ആ വിലോലമായ പുരികത്തിൻറെ ചുളിവുകളും മരണക്രടത്തിൻറെ ക്ലേശങ്ങളും ഉത്കണ്ഠകളും സൂചിപ്പിക്കുന്നു. "അർജൻറ് ഫർ ഉമ്മീഡിയറ് ആക്ഷൻ" (ഉടനെ ചെയ്യേണ്ട അടിയന്തിരകാര്യം) എന്നു് എഴുതപ്പെട്ട ഒരു ഫയൽ അദ്ദേഹത്തിൻറെ കൈവശമുണ്ടു്. പക്ഷേ, വായക്കണക്കിനു് ചുവപ്പുനാടകൊണ്ടു് ഫയൽഭദ്രമായി വരിഞ്ഞുകെട്ടി ബന്ധിച്ചിരിക്കുന്നതിനാൽ, ഫയൽ പുറമേ കാണപ്പെടുന്നില്ല.

വളൻ ഖദറിലുള്ള അവഹർ ജാക്കറ്റും ചുറിദാറും ധരിച്ചു കാൺഗ്രസ്സ് പ്രസിഡൻറ് നിൽക്കുന്നു. സ്വന്തം കക്ഷിക്കാരുടെ ശിക്ഷണമില്ലായ്മയിലും വിസ്സിത്തത്തിലും സദാ അസ്വസ്ഥചിത്തനായി ക്ഷമനശിച്ച ഒരു രാഷ്ട്രീയപ്രവർത്തകൻ.

വണ്ണപ്പകിട്ടുള്ള അമേരിക്കൻ ടൈ പിന്നും കാമൺവെൽത്തു് ടൈയും (അതിൻറെ ചുവപ്പും നീലയും ന്യൂഡൽഹിയിൽ തച്ച സൂട്ടുമായി പൊരുത്തപ്പെടുന്നില്ല) ധരിച്ചു് വിദേശകാര്യമന്ത്രി നിൽക്കുന്നു ബാഹ്യവസ്ത്രങ്ങളുടെ അടിയിൽ മെയ്യോട്ടു ചേർന്നു് ചൈനാസിൽക്കുകൊണ്ടുള്ള അണ്ടർവയർ അദ്ദേഹം ധരിക്കുന്നുണ്ടെന്നും, റഷ്യൻ 'സിഗാറു'കളാണു് അദ്ദേഹം വലിക്കുന്നതെന്നും ഒരു കിംവദന്തിയുണ്ടു്.

കക്ഷത്തിൽ ഒരു മാർഷൽ ബാറാനും ഏന്തി, കപടനാവികവേഷവും ധരിച്ചു് വളരെ ചുറുചുറുക്കൊന്നുമില്ലാത്ത ഒരു കായികമന്ത്രാലയത്തിൻറെ ആകാരം അതു് പ്രതിരോധമന്ത്രിയാണു്.

നാഷണൽ പ്ലാനിംഗ് കമ്മിഷൻറെ ചെയർമാൻ, താൻകൊണ്ടുവന്നിട്ടുള്ള ബ്ലൂപ്രിണ്ടുകളിൽ മുഴുകിനിൽക്കുകയാണു്. ഏതാനും മണിക്കൂറുകൾക്കു് മുമ്പു് ഒരു റോഡുവെട്ടുന്നതിൻറെ പ്രതീകമായി ഉപയോഗിച്ച മൺവെട്ടി അറിയാതെ അദ്ദേഹത്തിൻറെ കയ്യിൽതന്നെയിരിക്കുന്നു.

സ്വന്തം ഗ്രന്ഥങ്ങളുടെ ഒരു കെട്ടുമായി ഗ്രന്ഥകർത്താവു് നിൽക്കുന്നു. അവയെല്ലാം വായിച്ചുനോക്കാൻ സമയംകിട്ടാതെ, പേജുകൾ അങ്ങനെ ഓടിച്ചു് മറിച്ചുനോക്കുകയാണു്. മുഖത്തിൽ അപ്പോൾ ഒരമ്പരപ്പും അത്ഭുതഭാവവും പ്രകടമാകുന്നുണ്ടു്.

ലാബാട്ടറിയിൽനിന്നും ഓടിരക്ഷപ്പെട്ട ഒരാളെപ്പോലെ ശാസ്ത്രജ്ഞൻ നിൽക്കുന്നു. ഏതോ സസ്യശാലമ്യൂസിയത്തിലെ അസാധാരണ ജാതികളെന്നപോലെ, അരികിൽ നിൽക്കുന്നയാളുകളിലേയ്ക്കു് അദ്ദേഹത്തിൻറെ വസ്തുനിഷ്ഠമായ ശിക്ഷണം കണ്ണോടിയിൽക്കൂടെ തുളച്ചുകയറുന്നു.

ചുവപ്പുനാടകൊണ്ടു് ചുറ്റപ്പെട്ട ആ പ്രധാനമന്ത്രിയെയും, മുൻകോപിയായ ആ രാഷ്ട്രീയപ്രവർത്തകനേയും ഇതരമൂലധിയായ വിദേശകാര്യമന്ത്രിയേയും പണംകിട്ടാത്ത ഗ്രന്ഥകർത്താവിനെയും ആൻറി സെപ്റ്റിക്കിൻറെ ശസ്ത്രം ഖനിക്കുന്ന ശാസ്ത്രജ്ഞനേയും കണ്ടുകൊണ്ടുള്ള മൂകമായ പ്രതിഷേധപ്രകടനത്തോടുകൂടി കണ്ണുതുടിമുഖം ചുളിപ്പിച്ചു് ആ അഭിജാതനായ അരിസ്റ്റോക്രാറ് നിൽക്കുന്നു.

ബെട്ടൺ സൂഷ്മരത്തിൽ ഒരു ചുവന്ന റോസാപ്പൂവും, വരനഞ്ചിംബത്തിൽ ഒരു മന്ദസ്മേരവുമായി, ഹിമാലയത്തിലെ ഏതോ അതിമനോഹരമായ പ്രകൃതിദൃശ്യംകണ്ടു് കണ്ണെടുക്കാതെ നിൽക്കുന്നതുപോലെ ആ കിനാവുകാണുന്ന കണ്ണുകളും വിടർന്നതയിലേക്കു് പായിച്ചുകൊണ്ടും, വിഹിതമായ സഹതാപത്തോടെ അദ്ദേഹം കരയുന്ന മറ്റുള്ളവരെ ശല്യപ്പെടുത്തുന്നതിൽ ഭയപ്പെട്ടെന്നപോലെ പദ്യശകലങ്ങളും, തത്വജ്ഞാനികളുടെ മഹദ്വചനങ്ങളും അടക്കം പുറഞ്ഞുകൊണ്ടു് ആ മജ്ജാശിഥിലനായ കവി സങ്കോചത്തോടെ നിലകൊള്ളുന്നു.

ഈ സമയമെല്ലാം അവരുടെയെല്ലാം വ്യക്തിസ്വഭാവങ്ങളും അപഗ്രഥിച്ചുകൊണ്ടും കാംപ്ലക്സുകളും ആശയപരമായ വൈരുധ്യങ്ങളും വിശകലനം ചെയ്തുകൊണ്ടും അവരുടെ മാന്യത സൂചിപ്പിക്കുന്നതിൽപ്പിന്നെയും ശീലിച്ചിട്ടുള്ള സംഭാഷണരീതിയിലും തുടുതീർപ്പിനും വിട്ടുവീഴ്ചയ്ക്കുള്ള മനോഭാവത്തിലും അക്ഷമനായി. അസ്വസ്ഥനായി സോഷ്യലിസ്റ്റ് നിലകൊള്ളുന്നു. എങ്കിലും മറ്റുള്ളവർക്കില്ലാത്ത ഒരു സ്വഭാവവിശേഷം അദ്ദേഹത്തിനുണ്ടു്. തൻറെ ശരീരത്തിലും മുഖത്തിലുമുള്ള വി

കയമുടിത്തുടർച്ചയ്ക്കു്

ശ്വാസം അങ്ങനെ അദ്ദേഹം സമയംകഴിയ്ക്കുന്നു നിൽക്കുകയാണ്.....

* * * *

അങ്ങനെ ആ പത്രപ്രേതം ഒരു മേശയ്ക്കു ചുറ്റും ഇരിക്കുകയാണ് നിശബ്ദരായി, അക്ഷമരായി കടലാസുകളിൽ കുത്തിവരച്ചുകൊണ്ട് ഫൗണ്ടൻ പേനകളും കയ്യിലിട്ടുകളിച്ചുകൊണ്ട്, കണ്ണടകളും എടുത്തുമാറ്റിയും വീണ്ടും ഉറപ്പിച്ചുവച്ചും ഒന്നിനുപുറകെ ഒന്നായി സിഗാറുകുത്തിച്ചും മാരോത്തരവും മറ്റുള്ളവർ തുടങ്ങാൻവേണ്ടി കാത്തിരിക്കുകയാണ്.

ആ വീർപ്പുമുട്ടിക്കുന്ന നിശബ്ദത പ്രധാനമന്ത്രിതന്നെ ഭഞ്ജിച്ചു:

"സുഹൃത്തുക്കളെ! സഖാക്കളേ? കേംബ്രിഡ്ജിലെവച്ചുശീലിച്ച ഭ്രമമായ സംഭാഷണരൈലിയിൽ അദ്ദേഹം അങ്ങനെ ആരംഭിച്ചുവെങ്കിലും മറ്റുള്ളവരുടെ ശ്രദ്ധയെ മനഃപൂർവം ആകർഷിക്കുന്നതിനുവേണ്ടി വീണ്ടും അവതരിച്ചു "സുഹൃത്തുക്കളെ! സഖാക്കളെ"

"ഹിയർ ഹിയർ" സോഷ്യലിസ്റ്റ് പരിഹാസസ്വരത്തിൽ വിളിച്ചുകൂവി. അരിസ്റ്റോക്രാറ്റിനും കാൺ: പ്രസിഡന്റിനും അതു തീരെ ഇഷ്ടപ്പെട്ടില്ല. ചുവന്ന റോസാപ്പൂക്കൂടെക്കൂടെ മൂക്കിനോടടുപ്പിച്ച് മണപ്പിക്കുന്നതിൽ മുഴുകിയിരുന്ന കവിക്ക് അതൊരു നേരമ്പോക്കായി തോന്നി.

സോഷ്യലിസ്റ്റിന്റെ ആ ഇടയ്ക്കുകയറിയുള്ള ശല്യപ്പെടുത്തലിനെ അവജ്ഞാപൂർവ്വം അവഗണിച്ചുകൊണ്ട് പ്രധാനമന്ത്രി തുടർന്നു:

"ഈ അവസ്ഥിനാലാം വാർഷികപൊതുയോഗത്തിലെ അജണ്ട, നെഹ്റുസ് അൺലിമിറ്റഡിന്റെ (ലിമിറ്റഡ് അല്ലാത്ത നെഹ്റുമാർ) ഭാവിയെപ്പറ്റി പര്യാലോചിക്കുകയും പദ്ധതികളാവിഷ്കരിക്കുകയുമാണ്. പഴയ സ്ഥാപനം, നിങ്ങൾക്കറിയാം....."

".....ഇനും ഏതാണ്ട് അസ്ഥിരമായി അംഗീകരിച്ചിട്ട് കിടക്കുകയാണ്," യാതൊരാമുഖവും പ്രകടിപ്പിക്കാതെ ഗ്രന്ഥകർത്താവ് ഇടയ്ക്കു കയറി പറഞ്ഞു.

"ഓർഡർ! ഓർഡർ! കാൺഗ്രസ് പ്രസിഡന്റ് വിളിച്ചു പറഞ്ഞു

"ഒരു പോയിന്റ് ഓഫ് ഓർഡർ" പ്ലാനിംഗ്കമ്മീഷന്റെ ചെയർമാൻ എഴുനേറ്റുനിന്നു തുടർന്നു:- "ശാന്തമായും സൗഹൃദപരമായും ഈ പ്രശ്നത്തെപ്പറ്റി ചർച്ച ചെയ്യാൻ സൗകര്യപ്പെടുത്തുന്നതിനുവേണ്ടിയാണ് ഞാൻ ഈ പ്രസ്താവന നടത്തിയത്. ഇവിടെ കൂടിയിരിക്കുന്നവരുടെ എണ്ണം വർദ്ധിച്ച പേടിയിയെന്നു ഞാൻ ഭയപ്പെടുന്നു."

"അതിനെന്താണ്? നാനാതരത്തിൽ ഏകതരം ദർശിക്കുന്നവനാണ് ഞാൻ" ഗ്രന്ഥകർത്താവ് ഇടയ്ക്കുകയറി പറഞ്ഞു.

സ്വന്തം ചിന്തകളിൽ മുഴുകിയിരുന്ന കവി ഏതോ പദ്യശകലമുരുവിട്ടു.

പ്രതിരോധമന്ത്രി മാർഷൽ ബാറൻ കൊണ്ട് മേശപ്പുറത്തടിച്ചുകൊണ്ട് പറഞ്ഞു: "പട്ടാളത്തിലാണെങ്കിൽ മുകളിലിരിക്കുന്ന ഒരാളാണ് ഉത്തരവുകളെല്ലാം കൊടുക്കുന്നതു."

സോഷ്യലിസ്റ്റിന്റെ മറുവിളി കൂട്ടി: "നിങ്ങളുടെ ഏകാധിപത്യപ്രവണതകൊണ്ടാണ് ഞങ്ങൾക്കായാം. നിങ്ങൾക്ക് സീസർ കോംപ്ലക്സുണ്ട്."

"ഈ പ്രശ്നത്തെപ്പറ്റി അഞ്ചു വർഷത്തിനകം ഒരു റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാൻ മൂന്നംഗങ്ങളിൽ കുറയാത്ത ഒരു സബ്കമ്മിറ്റിയെ നിയമിക്കണമെന്നു ഞാൻ നിർദ്ദേശിക്കുന്നു." പ്ലാനിംഗ്കമ്മീഷന്റെ ചെയർമാൻ പ്രസ്താവിച്ചു.

"ഞാൻ ആ നിർദ്ദേശത്തെ പിന്താങ്ങുന്നു." കാൺഗ്രസ് പ്രസിഡന്റ് തുടർന്നു: "പ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയും ഞാനും അതിലെ അംഗങ്ങളായിരിക്കണമെന്നുകൂടി ഞാൻ നിർദ്ദേശിക്കുന്നു.

ഇതിന്റെ അർത്ഥം ഒരു മന്ത്രിസഭാ സബ്കമ്മിറ്റിയെന്നല്ലേ" ഗ്രന്ഥകർത്താവ് പ്രതിഷേധമുയർത്തി. അദ്ദേഹം തുടർന്നു. "ഒരു ഔദ്യോഗിക സമീപനമല്ല നമുക്കാവശ്യമായിട്ടുള്ളതു. അനൗദ്യോഗിക വീക്ഷണഗതിയെ പ്രതിഫലിപ്പിക്കാൻ ഞാനും കൂടി ആ സബ് കമ്മിറ്റിയിലാകാം."

സോഷ്യലിസ്റ്റിന്റെ ചോദിച്ചു:— "കാൺഗ്രസും ഗവണ്മെൻറും ഒന്നല്ലെന്നാണോ അതിന്റെ അർത്ഥം"

"ഭാഗ്യവശാൽ അല്ല" പ്രധാനമന്ത്രി കാൺഗ്രസ് പ്രസിഡന്റിനെ കടക്കണ്ണിലൂടെ നോക്കികൊണ്ട് പ്രസ്താവിച്ചു.

"അപ്പോൾ ഇതെല്ലാവരും അംഗീകരിച്ചുകഴിഞ്ഞല്ലോ" കാൺ: പ്രസിഡന്റ് ഗ്രഹിക്കുട്ടി.

ഇടമുഴക്കം പോലെ ഗ്രന്ഥകർത്താവ് ഗർജ്ജിച്ചു "ഇല്ല നെഹ്റുവിന്റെ പാരമ്പര്യം പരിരക്ഷിച്ചുകൊണ്ട് ഏറ്റവും വിശിഷ്ടമായ ഏറ്റവും ശ്രേഷ്ഠമായ, ഏറ്റവും സുഷുപ്തമായ ഘടകങ്ങളെ പ്രതിനിധീകരിച്ചുകൊണ്ട് ഞാനും കവിയും സോഷ്യലിസ്റ്റും ഉൾക്കൊള്ളുന്ന ഒരു സബ്കമ്മിറ്റി ഞാൻ നിർദ്ദേശിക്കുന്നു."

"വിസ്തരിക്കണം" അരിസ്റ്റോക്രാറ്റ് ആക്രോശിച്ചുകൊണ്ട് തുടർന്നു:— ചരിത്രപരമായ ഒരു ചുമതല നിത്തരവാദികളായ പേനപിടിപ്പുകാരുടെയും പ്രഫസറന്മാരുടെയും കവിപ്പിള്ളേരുടെയും ചുമലിൽ ഏല്പിക്കാൻ ഞങ്ങൾക്ക് നിർവ്വാഹമില്ല

"പാനപാത്രംനിറയെ
മധുമധുരം"

കവിപാടി. ആ അസാംഗത്യം കൊണ്ട് അങ്ങനെ അദ്ദേഹം ആ ചടങ്ങുകളെ മുറിവേല്പിച്ചു.

"ഷ്-ഷ്-ഷ്! ശാസ്ത്രജ്ഞൻ അടക്കം പറഞ്ഞു. "മൈറാർജ് കേംബ്രിഡ്ജുണ്ടായിരിക്കും"

"ഞാൻ ഉമർഖയാമിന്റെ ഒരു പദ്യശകലം ഉദ്ധരിച്ചുവെന്നേയുള്ളൂ" ഒരു നിരപരാധിയെപ്പോലെ സമാധാനം പറഞ്ഞുകൊണ്ട് ആ യുവന്ന റോസാപ്പൂവിലേക്ക് കവിവീണ്ടും തന്റെ ശ്രദ്ധയെ തിരിച്ചുവിട്ടു.

"ശ്രദ്ധിക്കുക" ഭക്ഷ്ണാഹ്വിക്കുൻ പ്ലാനർകൊണ്ടുള്ള ലൈനിംഗ് കൊണ്ട് ഒരു വശത്തേക്ക് ചരിയാനുള്ള ഒരു പ്രവണത കാണിച്ചു തുടങ്ങിയ തന്റെ കാമൺവെൽത്തു് ടൈയെ നേരേപിരിച്ചിട്ടുകൊണ്ട് വിദേശകാര്യമന്ത്രി ഗൗരവസമന്വിതനായി ഇപ്രകാരം തുടർന്നു: "നെഹ്റു പ്രശ്നം ഇൻഡ്യൻ പ്രശ്നത്തിന്റെ ഒരു ഭാഗമാണെന്നും അതു് ലോകപ്രശ്നത്തിന്റെ ഒരു വിഭാഗമാണെന്നും നിങ്ങൾ വിസ്മരിക്കുന്നുപോലെ തോന്നുന്നു. ഒരു സാർവ്വദേശികവീക്ഷണഗതിയിൽ നിന്നുകൊണ്ട് എല്ലാറിനെയും നോക്കിക്കാണുവാനാം ശീലിക്കേണ്ടിയിരിക്കുന്നു."

"ഇപ്പറഞ്ഞതിന്റെ അർത്ഥം ഞങ്ങൾക്കും സബ്കമ്മിറ്റിയിൽ ഭാഗമാകണമെന്നാണോ" അരിസ്റ്റോക്രാറ്റ് പുച്ഛസ്വരത്തിൽ ചോദിച്ചു വിദേശകാര്യമന്ത്രി ഇപ്രകാരം മറുപടി പറഞ്ഞു.

"എന്തുകൊണ്ട് പാടില്ല ദേശകാര്യങ്ങളിൽ ഇൻഡ്യയുടെ അഭിമാനവും കീർത്തിയും ഉയർത്തിയോകുന്നവസ്തുതകൾ നിങ്ങളും വിസ്മരിക്കരുതു."

"അങ്ങനെയാണെങ്കിൽ കമ്മണിറ്റിപ്രോജക്ടുകളെയും പഞ്ചവൽസരപദ്ധതിയെയും ങ്ങളും അവഗണിക്കരുതു്.

"ഏതാണ്? പഞ്ചവൽസരപദ്ധതിയോ? അഞ്ചുവർഷമെന്നോ അൻപതു് വർഷമെന്നോ നിങ്ങൾ അർത്ഥമാക്കുന്നതു്.

"പഞ്ചവത്സരപദ്ധതി എന്നാണു ഞാൻ പറഞ്ഞതു്. അതിന്റെ അർത്ഥം അഞ്ചുവർഷം കൊണ്ട് തീരുന്ന പദ്ധതിയെന്നാണ്. ഞാനുദ്ദേശിക്കുന്നതു്...."

"അഞ്ചുവർഷമെന്നായിരിക്കും"

"മിക്കാ അങ്ങനെകൂട്ട് എന്തായ്?"

"ഭക്ഷിണാഹ്വിക്കു എന്തായി?"

"ഭക്ഷ്യകാര്യത്തിൽ സ്വയം പര്യാപ്തത വാഗ്ദാനംചെയ്തിരുന്നായി?"

"ഞാൻ വിശദീകരിച്ചു കഴിഞ്ഞതാണ്....."

"വിശദീകരണങ്ങളും തിന്നാണോ ജനങ്ങളുടെ പശിതീരുന്നതു?"

"നിങ്ങളുടെ ഗ്രന്ഥങ്ങളും തിന്നാൽ ജനങ്ങളുടെപശിതീരുമോ?"

"എന്റെ ഗ്രന്ഥങ്ങൾ വായിച്ചിട്ടുണ്ടെങ്കിൽ അവയ്ക്ക് തിന്നാൻ ധാരാളം വകകിട്ടും."

"ഒരു ശാസ്ത്രീയ സമീപനത്തിനായിട്ടുള്ളതു്."

ചരിത്രത്തിന്റെ അതിരില്ലാമേഖലകളും കടന്നു് നാം മാർച്ചു് ചെയ്തു് മുന്നേറുകയാണ്"

"ഹിയർ! ഹിയർ!"

"പക്ഷേ കാൺഗ്രസ്സിന്റെ സ്ഥിരമായ സ്വാധീനമില്ലെങ്കിൽ രാജ്യം കലാപത്തിലേക്കും വിപത്തിലേക്കും വഴിതിരിയുകയും ....."

"....ശാസ്ത്രീയ സമീപനം....:"

"....സാർവ്വലൗകികവീക്ഷണഗതി....!"

* * * *

ണെങ്കിലും അതിന്റെ വാതിലുകളും ജനാലകളും തുറന്നു നോക്കുമ്പോൾ അതൊരു നാടകമായി നമുക്കു അനുഭവപ്പെടും എന്നാൽ ഈ നരകത്തെ ആരും സ്നേഹിച്ചുപോകുന്നുമില്ല. വെറുക്കുന്നുമില്ല കാരണമെന്തു്?

നിങ്ങൾക്കു അനുരാഗമെന്നാൽ എന്താണെന്നറിഞ്ഞുകൂടാ അനുരാഗത്തിന്റെ മണിമന്ദിരം തുറന്നു നിങ്ങൾ ജീവിതത്തെ എന്താണു തിരഞ്ഞതെന്നറിഞ്ഞില്ല അതിനകത്തു കണ്ടതു നരകമായിരുന്നെങ്കിൽ നിങ്ങൾ കണ്ടതു അനുരാഗസൗധമായിരുന്നില്ലെന്നു ധൈര്യമായി വിശ്വസിക്കൂ

എൻ. ഭവാനിഅമ്മ, വിമൻസ്കോളേജു്.

ശ്രീ. സി. എൻ. ശ്രീകണ്ഠൻനായരുടെ സ്വപ്നസാമ്രാജ്യത്തിലെ മഹാറാണിയാരാണെന്നു ഇനിയെങ്കിലും പറയാറായിട്ടുണ്ടോ?

പറയാറായിട്ടുണ്ടു്. പക്ഷേ പറയാൻ എനിക്കനുമതിയില്ല.

വി. ഗോപാലകൃഷ്ണൻ, മാക്കം.

ജീവൻ മുമ്പിലത്തേതിലും ഇന്നു ആരോഗ്യവാനാണു്. ഒരു നല്ല പ്രസംഗികനെന്ന പേരു സമ്പാദിച്ചതിനുശേഷം സുഖവും ഇന്നു മുമ്പെന്നുമായിരിക്കുന്നതു ആരോഗ്യപരമായ കാരണങ്ങളെക്കാൾ തന്റെ പ്രസംഗം ഒരസുലഭസംഭവമെന്നു വരുത്തി അതിന്റെ മാറ്റുകുറയ്ക്കുന്നതിനുവേണ്ടിയല്ലേ?

ഒരിക്കൽ പ്രസംഗിച്ചുകൊള്ളാൻ ഡാക്ടർ എനിക്കനുമതി നല്കികഴിഞ്ഞാൽ കുറഞ്ഞതു മൂന്നു പ്രസംഗങ്ങളെങ്കിലും ഞാൻ ചെയ്യാറുണ്ടു്. എനിക്കു് ഏറ്റവും ഇഷ്ടപ്പെട്ട ജോലിയും പ്രസംഗിക്കുകയാണു്. പക്ഷെ ജീവിക്കണോ പ്രസംഗിക്കണോ എന്നു ഡാക്ടർ എന്നോടു ചോദിക്കുമ്പോൾ അല്പമൊരു ഭീരുത്വത്തോടെ ജീവിക്കണം എന്നു മനസ്സിൽ മന്ത്രിച്ചു മിണ്ടാതിരിക്കയാണു പതിവു്. എന്റെ സുഖക്കേടെന്താണെന്നറിഞ്ഞെങ്കിൽ നിങ്ങൾ ഈ ചോദ്യം ചോദിക്കുമായിരുന്നില്ല.

ഈ. വി. കുഞ്ഞുകുഞ്ഞു, കല്ലൂർ

കേരളത്തിലെ ഏറ്റവും മികച്ച പത്രാധിപരാരാണു്?

തിക്കോടിയോടുചോദിച്ചാൽ ഞാനാണെന്നുപറയും. എന്റെ അഭിപ്രായത്തിൽ കേരളത്തിലെ ഏറ്റവും ഭാവനാസമ്പന്നനായ പത്രാധിപർ ശ്രീ കെ. കാർത്തികേയനാണു്.

എൻ. ജേക്കബ്, കുരുവിള, ചാലക്കുടി

പനമ്പിള്ളി ഗോവിന്ദമേനവനെപ്പറ്റി പുലഭ്യം പറഞ്ഞു പ്രമാണിയാകുന്ന നിങ്ങൾക്കു ഒരേ പ്ലാറ്റ്ഫാറത്തിൽവച്ചു പനമ്പിള്ളിയോടു മൽസരിക്കാൻ ധൈര്യമുണ്ടോ?

ചാലക്കുടിയിൽതന്നെ ഒരു യോഗം സംഘടിപ്പിക്കൂ. ഞാൻ വരാം. പനമ്പിള്ളി എന്നെക്കാൾ മെച്ചമായി പ്രസംഗിച്ചേക്കാം. പക്ഷേ ഞാൻ പ്രസംഗിക്കാതെ ഓടുകയില്ലെന്നു സത്യംചെയ്യുന്നു.

സി. ററി. ലീലമ്മ, കോട്ടയം.

"അമ്മ വേണ്ട, ഭാര്യതന്നെ വന്നു എനിക്കു ഭക്ഷണം വിളമ്പിത്താണം" എന്നതുപോലെയല്ലേ ഇന്നത്തെ ബാലേട്ടന്റെ രാഷ്ട്രീയനയം?

എനിക്കു മനസ്സിലായില്ല കുഞ്ഞേ.

എൻ. ദിവാകരൻ, കൊല്ലം.

എന്റെ ചോദ്യത്തിനു കഴമുടിയിൽ ഉത്തരം പ്രസിദ്ധീകരിച്ചില്ലെങ്കിലും നേരിട്ടെങ്കിലും ഒരു മറുപടി അയയ്ക്കുമോ?

ചോദ്യത്തിനോ ചോദ്യത്തോടാത്തയയ്ക്കുന്ന കത്തുകൾക്കോ ഞാൻ ഒരിക്കലും നേരിട്ടു മറുപടി എഴുതാറില്ല. നേരിട്ടു മറുപടി വേണമെങ്കിൽ എന്റെ പേരിൽ കത്തയയ്ക്കണം. അതു ചോദ്യം കൈകാര്യം ചെയ്യുന്നതുപോലല്ല ഞാൻ കൈകാര്യം ചെയ്യുന്നതു്.

സമ്മാനം

സി ററി. ലീലാമ്മ കോട്ടയത്തിനു നല്കുന്നു.

ഈ കോലാഹലങ്ങളെല്ലാം ഒരൊറ്റ തലച്ചോറിനകത്തു് ഒതുങ്ങിനിൽക്കുന്നതാണെങ്കിലും ഏതു നെഹ്റുവാണു് എന്താണു് പറയുന്നതെന്നു് തിരിച്ചറിയാൻ കഴിയാത്തവണ്ണം പ്രക്ഷോഭകരമായ ഒരന്തരീക്ഷമായിരുന്നു അതു്! കവിയുടെ അപ്രസക്തമായ ഒരു ഗാനം ശർജ്ജനംപോലെ അവിടെയും മുഖരിതമായി.

"ഒരു വിസ്മൃതിപ്പെട്ട കഥയാണതു്. ശബ്ദഘോഷവും ക്ഷോഭകലുഷവും, അർത്ഥശൂന്യവുമായ ഒരു കഥ."

ഉടൻതന്നെ ബഹളത്തിനിടയിൽ സോഷ്യലിസ്റ്റിന്റെ പ്രസംഗിക്കാനെഴുന്നേറ്റ "സഖാക്കളെ! നമുക്കിഷ്ടപ്പെട്ടകാര്യം നിശ്ചയിക്കാം. നമ്മുടെ ഇടയിൽ വിശ്വം ആരൊരുക്കണമാണു് വേണ്ടതെന്നു് മറ്റാരാലും തെരഞ്ഞെടുക്കട്ടെ."

"നമ്മളിൽ ആരൊക്കെ വേണമെന്നു് തെരഞ്ഞെടുക്കാൻ ആരാണു് പ്രാപ്തനായിട്ടുള്ളതു്?"


അരിസ്റ്റോക്രാറ്റ് ചോദിച്ചു.

"ജനങ്ങൾ"

സോഷ്യലിസ്റ്റിന്റെ മറുപടി പറഞ്ഞു തീരും മുമ്പു സഭാവാസികളെ ഒരു വൈദ്യുതാഘാതംപോലെ ആഞ്ഞടിച്ചു സോഷ്യലിസ്റ്റിന്റെ ഉടൻ: "ഇന്നത്തെ നിലയിൽ നാം ഇവിടെ ഒന്നിലധികം നെഹ്റുമാരാണുള്ളതു്. അതിൽ ഏതു നെഹ്റുവിനെയാണു് തങ്ങൾക്കു വേണ്ടതെന്നു് ജനങ്ങൾതന്നെ നിശ്ചയിക്കട്ടെ" കുറെനേരത്തേക്കു് അഭിപ്രായസംഘട്ടനങ്ങളുടെ ഒരു കോലാഹലം തന്നെയായിരുന്നു സോഷ്യലിസ്റ്റിന്റെ ഒഴിച്ചുള്ള ഒൻപതു് നെഹ്റുമാരും പരസ്പരം വീറോടെ വാദിച്ചു തുടങ്ങി വ്യക്തമായ ഒരു വാദഗതിയും കേൾക്കാൻ കഴിഞ്ഞില്ല. സോഷ്യലിസ്റ്റുമാത്രം നിശ്ചലനായി ചുണ്ടനക്കാതെ ചാരിക്കിടന്നു.

ആത്മവിശ്വാസത്തോടെ അദ്ദേഹം കസേരയിൽ ചാരിക്കിടന്നു. മറ്റാർക്കുമില്ലാത്ത ഒരു സ്വഭാവവിശേഷം അദ്ദേഹത്തിനുണ്ടു്—അറിവും ആത്മവിശ്വാസവും അളവുകൊണ്ടദ്ദേഹം നിശ്ശബ്ദനായിരുന്നു. അളവുകൊണ്ടദ്ദേഹം സമയം കാത്തിരുന്നു.... അദ്ദേഹം സമയം കാത്തിരുന്നു....കാണം തക്കിച്ചു് ഒച്ചപ്പാടുണ്ടാക്കുന്ന നെഹ്റുമാരല്ല പ്രത്യുത ജനങ്ങളാണു് നെഹ്റുവിന്റെ ജീവിതമെന്നു് നിർണ്ണയിക്കുന്നതെന്നു് അദ്ദേഹത്തിനറിയാമായിരുന്നു.

ഒടുവിലെഴുതിയതു് വമ്പിച്ച ആഘോഷത്തോടെ ഇപ്പോഴും ഈ മാറാർ പ്രസ്സിലേക്കു പോകുമ്പോഴും ഉടൻതന്നെ കൊണ്ടിരിക്കുകയാണു്.



ഒരു നല്ല വാക്ക് ഒരാളെപ്പറ്റി എനിക്കിഷ്ടമുള്ളപ്പോൾ പറയാനുണ്ട്—ശ്രീ. കെ. എൻ. ഗോവിന്ദനെപ്പറ്റി. ഞാൻ പ്രാക്ടീസ് തുടങ്ങുമ്പോൾ അദ്ദേഹം പുനലൂർ തഹശീൽദാരാണ്. നല്ല "ഡീക്കി"ലും പ്രതാപത്തിലുമാണ് കഴിയുന്നത്. പോലീസിൽ നിന്ന് റവന്യൂ മജിസ്ട്രേസിയിലേക്ക് ചാടിയിരിക്കുകയാണ്. അദ്ദേഹത്തിനു എന്നെ കാര്യമായിരുന്നു എനിക്ക് അദ്ദേഹത്തെയും ഇന്ദുലേഖയിലെ നൂറിനെയും തിരിച്ചറിയാൻ കഥകളിയിൽ എന്നപോലെ അദ്ദേഹത്തിന് സംഗീതത്തിൽ ഭ്രാന്തു കലശലായിരുന്നു ചില പാട്ടുകളും മൂളുകയും ചെയ്യും. എന്റെ പാട്ട് അദ്ദേഹത്തിന് ഇഷ്ടമാണ്. എന്റെ ശബ്ദസൗഭഗതയെ അദ്ദേഹം വാനോളം പ്രശംസിച്ചിട്ടുണ്ട്. വിദ്യാസമ്പന്നനായ ഒരു ഇഴവയുവാവു്, "എക്സ്ട്രാ കരിക്കുലർ" എന്ന് ഇന്നാളുള്ളവർ പറയുന്ന കായ്യങ്ങളിൽ മിടുക്കുകാട്ടുക അന്ന് അസാധാരണമാണ്. അപ്പരിതഃസ്ഥിതിയിൽ പുനലൂർ കോടതിയിൽ കോടതിക്കായ്മയായി ഞാൻ കടക്കുടെ ആകഷ്ടിക്കപ്പെട്ട കോടതിക്ക് എന്റെ പാട്ട് അവശ്യമായിരുന്നു. പുലവൽക്കാര്യവും ജാമ്യക്കാര്യവും അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കും. എനിക്ക വക്കാലത്തുണ്ടെങ്കിൽ കോടതിയുടെ കടാക്ഷം നിശ്ചയമെന്നകാര്യത്തിൽ കക്ഷികൾക്ക് സന്ദേഹമില്ലാതായി. എനിക്ക് നല്ല ഫീസും കിട്ടി. അഭിഭാഷകനായി ജീവിതവൃത്തി അരംഭിക്കുന്ന ഏതർക്കും അഭികാമ്യമായ ഒരു അവസ്ഥയാണ് അതു്. സജാതിക്കാരായ ഉദ്യോഗസ്ഥന്മാർ "യുക്താധികാരം" ധാരാളമുള്ള സ്ഥാനങ്ങളിൽ ഇരിക്കുന്നതുകൊണ്ടുള്ള ഗുണാനുഭവം അക്കാലങ്ങളിൽ എനിക്ക് ബോദ്ധ്യപ്പെട്ടു. കേസു സംബന്ധിച്ചു് പുനലൂർ ചെന്നാൽ ഞാൻ കെ. എൻ നെ കൂടെ കഴിഞ്ഞുകൊള്ളണം. രാത്രി മുഴുവൻ പാട്ടും ബഹളവുമായിരുന്നു. നിയമശാസ്ത്രത്തിൽ എനിക്കുണ്ടായിരുന്ന വിജ്ഞാനത്തെക്കാൾ സംഗീതശാസ്ത്രത്തിൽ എനിക്ക് ഉണ്ടായിരുന്ന വിജ്ഞാനം എന്നെ രക്ഷിച്ചു.

വക്കീൽവേലയിൽ എനിക്ക് ആദ്യകാലങ്ങളിൽ അലച്ചിൽ ഉണ്ടാകാതിരിക്കാൻ ഇടവരുത്തിയ ഒരു ഹേതു നിശ്ചയമായും കെ. എൻ. ഗോവിന്ദൻതന്നെയാണ്. അദ്ദേഹം തഹശീൽദാർ ആയിരുന്നു. അതായതു് പത്തനാപുരം താലൂക്കിന്റെ അന്നത്തെ സൃഷ്ടിസ്ഥിതി സംഹാരകർത്താവു്. തിരുവിതാംകൂറിലെ വന്യഭ്രക്കളിലൊന്നാണ് പത്തനാപുരം. അവിടെ നിരവധി ഏക്കർ വനഭൂമിയുടെ അധിനായകത്വം അദ്ദേഹത്തിനുണ്ട്. അന്ന് എന്റെ ഉണകാംക്ഷിയാണ് അദ്ദേഹം. ഒരു സെൻറ് ഭൂസ്വത്തുപോലും ഇല്ലാതിരുന്ന എനിക്ക് ഒരു ഭൂമോഹം ഇളക്കിവിട്ടതു് അദ്ദേഹമാണ്. പരശുരാമൻ കേരളക്കര കടലിൽ നിന്ന് ഉദ്ധരിച്ച കാലംമുതൽ, കട്ടവായുടേയും, കടമാനിന്റേയും, കാട്ടാനയുടേയും വിസ്രബ്ധസഞ്ചാരങ്ങളായിരുന്ന ആ കൊടുംകാടുകളിൽ നിന്നു കുടിയേറി അനതിക്രമണമുള്ള കൊതി എനിക്കും ഉളവായി. അങ്ങനെയാണ് പത്തനാപുരം കാടുകളുടെ ഒരു മമ്മസ്ഥാനമായ തൊടിക്കണ്ടം തനതാക്കാനുള്ള സാഹസികൃത്തിന് ഞാൻ മുതിർന്നതു്. നമ്മുടെ വനങ്ങളുടെ മീകരസൗന്ദര്യം എനിക്കു ബോദ്ധ്യപ്പെട്ടതു് എന്റെ ജീവിതത്തിൽ അന്നു് ആദ്യമായിട്ടായിരുന്നു. പുരൽക്കെട്ടുകളും, മുളംകാട്ടുകളും വെട്ടിപ്പുറിച്ചും ആകാശം മുട്ടിനിൽക്കുന്ന മരക്കുട്ടങ്ങൾ പുഴക്കിത്തള്ളിയും തീയിട്ടു നശിപ്പിക്കുന്നതിനും കാട്ടുജന്തുക്കളെ തുരത്തി അല്പം കൃഷിഭൂമി സമാഹരിക്കുന്നതിനും എനിക്ക് ആവേശം തന്നതായുണ്ടായിരുന്നതു്. ഹോ! എന്തൊരു "വാൻഡലിസം" ആണെന്നാണതു്! ഞാൻ മന്ത്രിയായിരുന്നപ്പോൾ സർക്കാർ ഭൂമി ഒക്കെയേറുന്നതിനെപ്പറ്റി റിപ്പോർട്ടു കിട്ടുമ്പോഴൊക്കെ, ആ ഒക്കെയേറുകാർ വരുത്തുന്ന നാശത്തെയും, അനുഭവിക്കുന്ന ബദ്ധപ്പാടുകളേയും പറ്റി അക്കാലങ്ങളിൽ ഓർമ്മിച്ചു് ഞാൻ ചിന്താധീനനായിട്ടുണ്ട്. സർക്കാരാളുകളുടെ കൃപാകടാക്ഷമില്ലെങ്കിൽ, ഈ വനംവെട്ടു് സാദ്ധ്യമല്ലെന്നും എനിക്കു ബോദ്ധ്യമാണ്. ഇങ്ങനെ പ്രകൃതിയുടെ രൗദ്രതയിൽ നിന്നും ഞാൻ പിടിച്ചു പറിച്ചു ഒരു ചെറിയ "കൊങ്കുവി"ന്റെ സാവ്രാജ്യമതപത്തിനുവേണ്ടി, ഉന്നതങ്ങളായ വൃക്ഷങ്ങളുടെ കവരങ്ങളിൽ കെട്ടിയുണ്ടാക്കിയ ഒടികളിൽ മനുഷ്യന്റെ പൂർവപിതാക്കന്മാരെപ്പോലെ ഞാൻ കഴിച്ചുകൂട്ടിയതും, കാട്ടുജന്തുക്കളുടെ ആക്രമണം ഒഴിവാക്കാൻ കാട്ടിയ ഉപായങ്ങളുമൊക്കെ പൊയ്പോയ ഒരു പുരാണകാലത്തെ അത്ഭുതസംഭവങ്ങളുടെ സ്മരണയാണ് എന്നിൽ നിലനിൽക്കുന്നതു്. തിരുവിതാംകൂറിലെ കാട്ടാനകളും വനാന്തരങ്ങളും വള്ളിക്കുടിലുകളും കാട്ടുജീവികളുമൊക്കെ അന്യമായി ഉറാസമ്പന്നമായ അന്നുമുതൽക്കാണ് എനിക്കു ഉണ്ടാകുന്നതു്. ഈ തൊടിയിൽകണ്ടെത്തിയതിന്റെ ഗവേഷണങ്ങളിൽ നിന്നാണ് തിരുവനന്തപുരം മൃഗശാലയിൽ ശർക്കരിയായ ഒരു പെൺകുട്ടിയെ അക്കാലത്തു് സ്ഥാനഭംഗംചെയ്തതു്. നിയമവ്യവസ്ഥകളുടെ കാഠിന്യംകൊണ്ടു് ആ കൊങ്കൽ നിസ്പന്ദമായ എനിക്കു സ്വായത്തമായില്ല. അതു ലേലത്തിൽപോയി, ഒരു നല്ലതുകയും്. നല്ലപണക്കാർക്ക് ദുസ്വപ്നമാകാൻ അധ്വാനം അങ്ങനെ പാവപ്പെട്ടവരേ ഇഴയവശമുള്ളൂ. പണ്ടുമുതൽ ലോകനീതി ഇതുതന്നെ സക്കാരും പണക്കാർക്കുവേണ്ടി നിർമ്മിച്ച നിയമാവലിയിൽ കടുങ്കിക്കിടക്കുന്നു.

പക്ഷെ ഈ പരാജയംകൊണ്ടു് ഞാൻ നിരാശനായില്ല. ഇടമണ്ണിൽ ഒരു ചതുപ്പു് ഞാനും കെ. സി. കുഞ്ഞുരാമനുംകൂടി കണ്ടുപിടിച്ചു. പണ്ടത്തെ ഒരു കൊച്ചു കൊമ്പൻ പട്ടപോയതുമൂലം ആനപ്പട്ടകൊൾ എന്നു് ഇന്നും അറിയപ്പെടുന്ന ഒരു കുളമുണ്ട്. ഇരുപത്തിമൂന്നേക്കർ ഉണ്ടു്. അന്നത്തെ എന്റെ പുനലൂർബന്ധത്തിന്റെ അവശിഷ്ടമാണ്, കെ. എൻ. ഗോവിന്ദനോടു് ആ സമ്പാദ്യത്തിന്റെ അദൃശ്യഭൂതത്തെ കണ്ണുചിമ്പിനു ഞാൻ കൃതജ്ഞനാകേണ്ടതായുണ്ടു്. പക്ഷേ, മാർഗ്ഗദർശനം ചെയ്ത ഉപകർത്താവു് ഒടുവിൽ എനിക്ക ഉപദ്രവകാരിയായി, എന്റെ ശത്രുവായിത്തീർന്നു. ഞാൻ രാഷ്ട്രീയത്തിൽ ചുവടുവച്ചപ്പോൾ, എന്നെ അമർത്തിക്കളയാൻ ഈ അടവാണ് ആ മനുഷ്യൻ എടുത്തതു്. സ്ഥിരസ്നേഹമെന്നോ, ആത്മാർത്ഥസ്നേഹമെന്നോ ഒരക്ഷരംപോലും സ്വഭാവവിശേഷങ്ങളിലുണ്ടു് അദ്ദേഹം അനുഗ്രഹിക്കപ്പെട്ടിട്ടില്ല. സ്വന്തം കായ്യലാഭത്തിനു് ആരേയും എന്തിനേയും ഏതു നിമിഷവും കരുതികൊടുക്കാൻ ഒരു ക്രൂരലും അദ്ദേഹത്തിനുണ്ടായി കണ്ടിട്ടില്ല.

ല്ല. അധികാരിവർഗ്ഗത്തിന്റെ "സ്നേഹ"ത്തെപ്പറ്റി ഇ. വി. പറയുമായിരുന്നു. ഒരു ദിവസം ഒരു വലിയ ഉദ്യോഗസ്ഥന്റെ അടുത്തു് ഒരു ശുപാർശക്കായി ഒരാൾ ഇ. വി. യെ സമീപിച്ചു. ഇന്നയാളുമായി സ്നേഹമുള്ളേ എന്നു് ശുപാർശക്കാരൻ ചോദിച്ചു. മുഖമടച്ചുള്ള കട്ടപ്പിച്ചുകൊണ്ടു് ഇ. വി. ചോദിക്കയാണു്—"എന്താണു് ഹേ! അയാളെന്റെ അച്ഛനോ അമ്മാവനോ അതോ എന്നെ സ്നേഹിക്കാൻ; എന്റെ മേൽ വാത്സല്യാധിക്യം ചൊരിയാൻ. അയാൾ എനിക്കാരുമല്ല" ശുപാർശക്കാരൻ ഒന്നു് ഇളിഭ്യനായി. "എപ്പോഴും പറയുന്ന അതേഹത്തിനു് അവിടത്തെ വലിയ കയ്യുമാണു്, അവിടന്നു് പറഞ്ഞാൽ അദ്ദേഹം കേൾക്കുമെന്നു്" ക്ഷുഭിതനായ ഇ. വി "എന്തോന്നു്, ഞാൻ പറഞ്ഞാൽ അയാൾ കേൾക്കുമെന്നോ? അതിനയാളെന്റെ കാര്യം? ഞാൻ അയാളുടെ മേലാവാണോടോ?" ശുപാർശക്കാരൻ വല്ലാതെ കഴങ്ങി. ഇ. വി. പിരിച്ചുകൊണ്ടു പറകയാണു് "ഇവന്മാർക്കാണു് സ്നേഹം! ഇവന്മാരുടെ തന്തമാർക്കാണു് സ്നേഹം. ഇവനു് എന്നെ സ്നേഹമാണോ എന്നല്ല താൻ ചോദിക്കേണ്ടതു്. ഇവനു് എന്നെ പേടി എന്നെ കണ്ടാൽ നട്ടുക്കം ഉണ്ടാകുമോ എന്നായിരുന്നു. താൻ ചോദിക്കേണ്ടിയിരുന്നതു്. എടോ, പേടികൊണ്ടുള്ള സ്നേഹം അയാൾക്കുണ്ടു് എന്നോടു്. അയാളെ ഞാൻ പേടിപ്പിച്ചിട്ടുണ്ടു്. ഇ. വി. യുടെ ഈ തത്വജ്ഞാനത്തിന്റെ പൊരുൾ എനിക്കും അനുഭവമാണു്. ദ്രോഹിക്കാനുള്ള കഴിവിന്റെ പര്യായങ്ങളാണു് സ്നേഹവും ബഹുമാനവും വിശേഷിച്ചും ഉദ്യോഗസ്ഥലോകത്തു്.

എന്റെ അഭിഭാഷക വൃത്തിയുടെ ആരംഭകാലത്തു് ഒരു "ചെറിയ വലിയ" ഗൃഹസംഭവമുണ്ടായി. അല്പകൂടി ഈ അവസരത്തിൽ പറയേണ്ടതുണ്ടെന്നു് തോന്നുന്നു. ഞാനും സി. വി. യും അദ്ധ്യാപകരായിരുന്നു; പിന്നങ്ങി. അതിനു ഹേതു ഇഴവാഗ്രഹമായിരുന്നു. ഇഴവരുടെ വിവാഹവും മരുമക്കത്തായവും, കീഴ്നടപ്പുകളേയും ആചാരങ്ങളേയും അനുയിച്ചാണു് സ്ഥിതിചെയ്തിരുന്നതു്. സർ ടി. സദാശിവയ്യരുടെ ഒരു വിധിക്കുശേഷം പല കാലംകഴിഞ്ഞു് തൊണ്ണൂറ്റൊമ്പതിലോടടുപ്പിച്ചു് ഒരു ഇഴവ ദുരാചാരനിവാരണ യുടെ വാദം എസ്. എൻ. ഡി. പി. യോഗത്തിൽനിന്നുണ്ടായി. പല സംഭവപരമ്പരകളും തരണംചെയ്തു് ആയിരത്തിരുനൂറാമാണ്ടു് ഒരു ഇഴവാഗ്രഹമേഷൻ രൂപംപൂണ്ടു. കേരളീയരായ ക്രമം എന്നു് ഇന്നും അറിയപ്പെടുന്ന മരുമക്കത്തായത്തിൽനിന്നു് മക്കത്തായത്തിലേയ്ക്കും ആളോഹരിഭാഗത്തിലേയ്ക്കും ഉള്ള ഒരു കൂതിച്ചുകയറ്റമാണു് ഇഴവർ നടത്തിയതു്. ഈ പരിവർത്തനത്തിനു് വലുതായ പ്രേരണ ഇഴവസമുദായത്തിനു് ആദ്യമായിനൽകിയതു് ദേശാഭിമാനിയിൽ ഉജ്ജ്വലമായ ഒരു ലേഖനപരമ്പര പ്രസിദ്ധപ്പെടുത്തിയ സി. വി. ആയിരുന്നു. ആ കാട്ടതീ സമുദായമദ്ധ്യത്തിൽ പടർന്നുപിടിച്ചതോടെ അതിന്റെ ഉപജ്ഞാതാവായ സമുദായനായകൻ മക്കത്തായത്തിലും ആളോഹരിയിലും നിന്നു് കാൽ വഴുതി, മിശ്രഭായമെന്ന ഒരു മക്ക-മരുമക്കത്തായത്തിന്റെ മിശിഹായായി രംഗപ്രവേശംചെയ്തു. ഈ "മിശ്രഭായം" ഒരു മഹാമിശ്രം തന്നെയായിരുന്നു. മുടങ്ങിക്കിടന്ന കേരളകേസരി ഈ മഹാമിശ്രത്തിന്റെ ഉത്തമായി കൊല്ലം-പരവൂരിൽനിന്നു വീണ്ടും പൂപ്പൊട്ടി. പേട്ടയിൽ പരമേശ്വരൻ, കാക്കക്കഴി പത്മനാഭൻവൈദ്യൻ, ഏറത്തു കൃഷ്ണനാശാൻ മുതലായ യാഥാസ്ഥിതികന്മാർ ഈ മിശ്രഭായത്തിന്റെ അപ്പോസ്തലന്മാരുമായി. ഇഴവാഗ്രഹമേഷൻ നിയമസഭയിൽ പാസാകുന്നതുവരെ, ഈ അഭിപ്രായഭിന്നത വലിയ കോളും പിരിശമുണ്ടാക്കി സമുദായബന്ധിയെ പല പ്പോഴും കാളപ്പൂത്തിയിലിട്ട വട്ടംകറക്കിയിരുന്ന മിശ്രഭായക്കാർക്കു് അനുകൂലമായി ഒരു മുപ്പത്തിരുനാൾ വകുപ്പു് ഇഴവ വിമോചനനിയമത്തിൽ സ്ഥലം പിടിച്ചു. മക്കത്തായവും ആളോഹരിയും അഹിതമായ കൂട്ടം ഖണ്ഡിക്കും വ്യക്തികൾക്കും വിമോചനനിയമത്തിലെ വ്യവസ്ഥകളിൽ നിന്നു് ഒഴിഞ്ഞൊഴിയാൻ മാറാനുള്ള ഇച്ഛാധികാരമായിരുന്ന ആ വകുപ്പനുകൂലമായതു്. പിന്നെയുണ്ടായി ഒരു ഒഴിഞ്ഞൊഴുത്തു ബഹളം. പലതരവാട്ടുകളും, വ്യക്തികളും ഒഴിഞ്ഞുമാറി മയ്യനാട്ടു സി. വി. യുടെ ആഭിമുഖ്യത്തിലും, കെ. വി. രാമൻ, കണ്ണൻമുതലാളി മുതലായ "ഒപ്പിയാന്മാരുടെ" കാമ്മികതത്വത്തിലും ഒരു ഫാറം ഒപ്പിടീപ്പും അയപ്പും ആരംഭിച്ചു. അതു സംബന്ധിച്ചു് ദേശാഭിമാനിയിൽ റിപ്പോർട്ടു ചെയ്തിരുന്നതുപോലെ "ഒരു മിശ്ര മിശ്ര മഹായോഗം" മയ്യനാട്ടു നടന്നു. സി. വി. യെ ചോദ്യശരങ്ങൾകൊണ്ടു ഞങ്ങളും വളരെ കുഴക്കി. സി. വി. ക്ഷോഭിതരായി പരസ്യമായി, സി. വി. യുടെ മുഖത്തുനോക്കി ആദ്യമായി അന്നാണു് ഞാൻ അഭിപ്രായം പ്രകടിപ്പിക്കുന്നതു്. എന്റെ അമ്മയിഅമ്മയാണു് അവരുടെ കുടുംബത്തിലെ കാർണോത്തി. പെൺസന്താനങ്ങളും വളരെ കുറവുള്ള ഒരു കുടുംബമാണതു്. മയ്യനാട്ടെ സ്ഥിതിക്കു സാമാന്യം നല്ല ഒരു സ്വത്തുമുണ്ടു്. അതു ഭാഗിച്ചു പിരിച്ചുകളയാതിരുന്നാൽ വാസന്തിക്കാണു്, അതായതു എനിക്കാണു്, നല്ലതെന്ന കേവലയുക്തിയായിരിക്കണം സി. വി. യുടെ ഉള്ളിയിൽ നിന്നതു്. അഭ്യേഹത്തിന്റെ പാട്ടത്തിൽ കുടുംബം റാഞ്ചലേഷന്റെ ആവിർഭാവത്തെമാത്രമേ നോക്കിയിരുന്നുള്ളു ഭാഗിച്ചു പിരിയാൻ. അതു ഭാഗപത്രത്തിൽ "സ്വബോധത്തോടുകൂടി" ഒപ്പിട്ടു്, സ്വന്തം ഭംഗം വാങ്ങിപ്പിരിഞ്ഞ സി. വി. വാസന്തിയുടെ കുടുംബഭോഗത്തിൽ ഒരു ഭിന്നനില കർശനമായി പാലിച്ചു.

അന്നു് വാസന്തി തോപ്പിൽ അമ്മയോടും അമ്മാവനോടും അച്ഛനോടും ഒന്നിച്ചു താമസമാണു്. ഞാനും സി. വി. യും ആയുള്ള ഏറ്റുകുടുക്ക അഭിപ്രായഭിന്നതയും അവളെ സംബന്ധിച്ചിടത്തോളം എന്നും നിസ്സാരമാണു്. ബുദ്ധിപൂർവ്വം അച്ഛനും, ബുദ്ധിഹീനമായി ഞാനും പെരുമാറുമെന്ന തത്വജ്ഞാനമേ അവൾക്കുള്ളൂ. അച്ഛന്റെ "സി ദ്ധാന്തം" വേദവാക്യമാണു് അന്നവൾക്കു്. അവളുടെ തോപ്പിൽകുടുംബം ഭാഗിച്ചു പിരിയുന്നതിനെതിരായിനിന്ന അവളുടെ അച്ഛൻ അനുകൂലമായിരുന്ന ഞാൻ. പക്ഷേ, ആ മിശ്രമിശ്രമഹായോഗം കഴിഞ്ഞു്, ഏതാനും ദിവസം കഴിഞ്ഞപ്പോൾ, കൊല്ലത്തു് എനിക്കുകിട്ടിയ വാത്തയെന്റെ അഭിപ്രായഗതിയെ കേവലം ധിക്കരിച്ചു് വാസന്തിയുംകൂടി ഒപ്പുവച്ചുകൊടുത്തിരിക്കുന്ന അവളുടെ കുടുംബം പരിശുദ്ധമായ മരുമക്കത്തായത്തിന്റെ പിന്നണിയിൽ നിരക്കാൻ സന്നദ്ധമാണെന്നു്! എന്റെ ഭാഗ്യം! ഭർത്താവിനും ഉപരിയായി പിതാവിനെ കരുതുന്ന തൻറേടക്കാരി ഒരു ഭാര്യ! അതു് അന്നു് എനിക്കു് അസഹനീയമായിരുന്നു. അവളുടെ അച്ഛനും അമ്മാവന്മാരും, മറ്റും അവളെ പ്രേരിപ്പിച്ചിരുന്നില്ലെങ്കിൽ, അവൾ ഇത്തരമൊരു നാറിയ പ്രമാണത്തിനു ഒപ്പുവച്ചുകൊടുക്കുമായിരുന്നില്ല എന്നാണു് എന്റെ വിശ്വാസം. എന്റെ വിശ്വാസം എന്നെ രക്ഷിക്കട്ടെ. ഞാൻ സി. വി. യേയും സകലരേയും ഒന്നടങ്കം പഴിച്ചു. വാസന്തിയുടെ ഈ ഒപ്പിടിൽ മയ്യനാട്ടു് അന്നു വലിയ ഒച്ചപ്പാടുണ്ടാക്കിയ സംഭവമാണു്. എന്റെ മുഖത്തു് ഒരു കരിതേയ്പാണെന്നു് ഞാൻ കരുതി. അതിന്റെ ഫലമായി ഞാൻ തോപ്പിൽ പോകുന്നില്ല വാസന്തിയെ കാണുന്നില്ല എന്നു തീരുമാനിച്ചു. കുറേക്കാലം അങ്ങനെ കഴിഞ്ഞു. അന്നു രവിയും ബാലനും ഉണ്ടു്. വാസന്തിക്കു ഒരുനൈരർഭവുമാണു്. ഒരു ദിവസം ഞാൻ കൊല്ലത്തു എന്റെ ആഫീസ് മുറിയിൽഇരിക്കയാണു്. അപ്പോഴുണ്ടു് ഒരു മുന്നറിവുംകൂടാതെ വാസന്തി കയറിവന്നു. ഒരു വല്ലിച്ചിരിയോടെ. ഞാൻ ക്ഷണം നടിച്ചു. പക്ഷേ, ഏതു നേരമാണു് പ്രേമവതിയും ഗർഭിണിയുമായ ഒരു ഭാര്യയോടു് കാരുണ്യം കാട്ടുക? അതിനുശേഷം, വാസന്തി തിരിഞ്ഞുപോയില്ല. കെട്ടുങ്ങശ്ശേരിക്കുടുത്തു് ഒരു കെട്ടിടത്തിലേയ്ക്കു ഞങ്ങൾ മാറി.

കമ്പോളച്ചെറുക്കൻ

പട്ടത്തുവിള കരുണാകരൻ

കൊല്ലങ്ങൾക്കുമുൻപ്, കേവലം ബാലനായിരിക്കുന്ന കാലത്ത്, അതിസത്യമായ അസൂയയോടെ ഞാൻ വീക്ഷിച്ചിട്ടുള്ള ഒരു കൂട്ടമുണ്ടായിരുന്നു—കമ്പോള ബാലന്മാർ. ബാല്യത്തിന്റെ അജ്ഞതയായിരിക്കാം ഇപ്പോൾ അതനുഭവപ്പെടാറുണ്ടെങ്കിലും, തീരെ ബാലഹീനങ്ങളായ ചില നിമിഷങ്ങളിൽ—ഇപ്പോഴും സംഘംചേർന്ന കമ്പോള ബാലന്മാരെ സകലതും മറന്ന ഞാൻ നോക്കിനിന്നു പോകാറുണ്ട്. അവരുടെ അഴിച്ചുവിട്ട സ്വാതന്ത്ര്യത്തെ ഏതാണ്ട് കർശനയിൽ വളർത്തപ്പെട്ട ഞാൻ സ്വാഭാവികമായി കൊതിച്ചിട്ടുണ്ട്. ചരിത്രനിരത്തിലെ പൊടിയുടെ നിറത്തോടെ അരയിൽ മടക്കി ഉടുത്ത മുണ്ടും, അതേ നിറത്തിലുള്ള ഉണികൊണ്ടുതന്നെ തലയിലെ ചുറ്റിക്കെട്ടും. പൊടികൊണ്ടു ഇരുണ്ടുതാണവരുടെ ദേഹം. അവർ ചിരിച്ചാൽ പല്ലിനുകൂടി നേരിയ ചുമന്ന നിറമുണ്ട്. വളരുന്ന ജന്തുക്കളെ ശത്രുക്കളിൽനിന്നും രക്ഷിക്കുന്നതിനായി പ്രകൃതിതന്നെ അവയ്ക്ക് ചുറുചുറുപ്പുകളുടെ നിറം നൽകാറുണ്ടെന്നു പറഞ്ഞിട്ടുണ്ട്.

പട്ടണത്തിൽ വളർന്ന ഞാൻ പുറംചേരിയിലെ കമ്പോള ബാലന്മാരെ ഭയം കലർന്ന താല്പര്യത്തോടെ നോക്കിനിൽക്കും. ഇളംപ്രായത്തിൽതന്നെ ബീഡി വലിക്കുമ്പോൾ അവരെ ആരും ശാസിക്കാറില്ല വിലക്കപ്പെട്ട വാക്കുകളും അവരുടെ നിത്യ സംഭാഷണശൈലിയാണ്. സ്ത്രീകളെപ്പോലെ പ്രായമായ അറിവോടെയാണവർ സംസാരിക്കാറുള്ളത്. ബാല്യത്തിൽതന്നെ പ്രായപൂർത്തി എത്തിയവരാണവർ. ചരക്കു കയറിയ ലോറിയുടെ പിന്നിൽ പലങ്ങിക്കയറി ചാക്കുകൂരനും സാമാനം മോഷ്ടിക്കുമ്പോൾ ഉള്ളുണ്ണിയോടെ വിരലിന്റെ തുമ്പിങ്കിനിന്നും ഞാൻ നോക്കിയിട്ടുണ്ട്. എന്റെ അനുഭവം ഏറ്റുപ്പോഴും അവരുടെ നേർക്കായിരിക്കും. എന്തൊരു സ്വതന്ത്രമായ, സംഭവബഹുലമായ ജീവിതമാണവർ പട്ടണത്തിലെ തെരുവുകളിൽ നയിക്കുന്നത്! പ്രായം വളർന്നുപോകുമ്പോൾ, ശരീരം മുതിരുമ്പോൾ അവർ ഓരോരുത്തരായി കൂട്ടത്തിൽനിന്നും അപ്രത്യക്ഷരാകുന്നു—പഠിക്കാൻ പഠിച്ചു കിളിക്കുഞ്ഞു കൂടുവിട്ടു പോകുന്നതുപോലെ.

തലമുറകൾ മാറി വരുന്നതു ഞാൻ കൗതുകത്തോടെ വീക്ഷിച്ചിട്ടുണ്ട്. അവരുടെ വ്യക്തിത്വത്തിനു വ്യത്യാസമില്ല. സംഘത്തിന്റെ സ്വഭാവത്തിനു മാറ്റവുമില്ല. മാന്യതയോടെയുള്ള അതൊഴുക്കുറന്ന സംഭാഷണരീതി. ഞാൻ അതിശയിച്ചിട്ടുണ്ട്. ഇവർ എവിടെ നിന്നു വരുന്നു? കമലയിൽ കിടന്നു പെറുന്ന തേവിടിച്ചിയുടെ സന്തതികളാണോ ഇവർ? അതോ പിഴച്ചു പെറുന്ന തെരുവിൽ കളഞ്ഞുകുട്ടികളോ? അതറിയാൻ ഞാൻ ആഗ്രഹിച്ചിട്ടുണ്ട്.

ഇക്കഴിഞ്ഞ സെപ്തംബറിലെ ഒരു വാരം പഠനത്തിനു പണിയൊന്നുമില്ലാതിരുന്നതുകൊണ്ടു ഞാൻ ഇവരെ അടുത്തറിയുന്നതിനായി ഒരു ശ്രമം നടത്തി. പട്ടണമേതായാലും കമ്പോളബാലന്മാർക്ക് പഠനത്തിനു വ്യത്യാസമൊന്നുമില്ല. പുറംപാട്ടുകളുടെ പ്രേരണകൊണ്ടു കൊല്ലത്താണു ഞാൻ എന്റെ ശ്രമം കേന്ദ്രീകരിച്ചതു്. ആലപ്പുഴയോ കോഴിക്കോടോ ആയിരുന്നാലും എന്റെ അനുഭവത്തിനു പഠനത്തിനു വ്യത്യാസമുണ്ടാകുമായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നില്ല.

കൊല്ലത്തു് അവരുടെ പ്രധാന താവളങ്ങൾ ചിന്നക്കടയും, റയിൽവേസ്റ്റേഷനും, ബസ്സ്റ്റാൻഡുമാണ്. ഓരോ കേന്ദ്രത്തിലുള്ളവരും സാധാരണയായി അവരുടെ അതിർത്തി സൂക്ഷിക്കുന്നു. അതു ലംഘിക്കുക വിലക്കപ്പെട്ടതാണ്. അതു തലമുറകളായുള്ള നിയമമാണ്. അതു ലംഘിച്ചാൽ പലപ്പോഴും മുറിഞ്ഞ നെറ്റിയും വീർത്ത കവിൾത്തടവുമായിരിക്കും ഫലം. ഈ കേന്ദ്രങ്ങൾതങ്ങളിൽ ചോര ഒലിക്കുന്ന കിടമത്സരങ്ങളുണ്ട്. എന്നാൽ പൊതുശത്രുവിനെ സംബന്ധിച്ചിടത്തോളം അവർ ഐകമത്യം സൂക്ഷിക്കുന്നു. പൊതുശത്രു—പട്ടണത്തിലെ കാക്കിധരിച്ച പോലീസുകാരനാണ്—ഏമാൻ, (മഠവിൽ-'തീപ്പട്ടിക്കോൽ'.)

ഒരുദിവസം സന്ധ്യാനേരത്തു് ഞാൻ അവരെ നോക്കിനിൽക്കുകയായിരുന്നു. നേരം ഇനിയും ഇരുട്ടിയിട്ടില്ല. അവ്യക്തമായ വെളിച്ചത്തിൽ അവർ സ്റ്റേഷന്റെ വളപ്പിൽ കൂടി കളിക്കുകയാണ്. ഭംഗിയുള്ള ഒരുജാതി വന്യമൃഗങ്ങളുടെ മാതിരി. അനുമതിക്കുള്ള തിരുവനന്തപുരം വണ്ടി പോയിക്കഴിഞ്ഞിരുന്നു—ഇനി എട്ടരമണിക്കാണ് ഒരെണ്ണം ഷട്ടിൽ വരുക. അതിനു മുൻപായി വണ്ടികളൊന്നുമില്ല.

സ്റ്റേഷന്റെ മുൻഭാഗമാണിതു്. നിങ്ങൾ കൊല്ലത്തു വന്നിട്ടുണ്ടോ? റയിൽവേ വന്നതിനുശേഷം ഇവിടെ പഠനത്തിനു വ്യത്യാസമൊന്നും വരുത്തിയിട്ടില്ല, പ്രധാനമായി സഹകരണത്തെ ഉദ്ദേശിച്ചു കെട്ടിയതാണു സ്റ്റേഷൻ. അതിന്റെ പരന്ന കാര്യക്ഷമതയിൽ അതിനു പുരാതനമായ ഒരു ഭംഗിയുണ്ട്. നേരെ മുൻപിലായിട്ടാണു പുത്തനിലുള്ള ഫൗണ്ടൻ—അല്ല, ഫൗണ്ടൻ ഉണ്ടായിരുന്നു. എന്തെന്നാൽ അതു പ്രവർത്തിക്കാറില്ല. എനിക്കോർമ്മവന്നതിനുശേഷം അതു പ്രവർത്തിച്ചു കണ്ടിട്ടുമില്ല. എനിക്കോർമ്മവന്നിട്ടു കൊല്ലങ്ങൾ വളരെയായി. ഫൗണ്ടനു മുൻപിലായിട്ടാണു നിരത്തിനോടു ചേർന്നു തണലിൽ കളിച്ചുനിൽക്കുന്ന പോലീസ് സ്റ്റേഷൻ. സ്റ്റേഷനിലെ ബാലന്മാരുടെ രക്ഷിതാക്കളും രക്ഷിതാക്കളും പ്രധാനമായി ഈ സ്റ്റേഷനിലെ പോലീസുകാരാണ്. അവരുടെ പണിക്കാരും കൂട്ടാളികളുമാണു ഈ ബാലന്മാർ തുടങ്ങി പോർട്ടർമാർ വരെ.

വിശാലമായ കമ്പൗണ്ടിന്റെ പടിഞ്ഞാറേ അറ്റത്താണ് പരിതൃജിച്ച പിശാചുവേനംപോലെ ഒഴിഞ്ഞുനിൽക്കുന്ന റയിൽവേകൊട്ടാരം. അതു് എന്തിനു നിൽക്കുന്നുവെന്നു് ഇന്നാട്ടുകാർക്കു വലിയ നിശ്ചയമില്ല. ഇരുട്ടായാൽ അതിന്റെ വരാന്തയിൽ നടക്കുന്ന സംഭവങ്ങളെപ്പറ്റി ഇവിടെ വിവരിക്കുന്നില്ല. കൊട്ടാരത്തിന്റെ പിന്നിലായി മുൻപിരുന്ന മരിച്ചുപോയ ഒരു മുൻസിപ്പൽ അദ്ധ്യക്ഷന്റെ പ്രധാനമായി അദ്ദേഹത്തിന്റെ ഉത്സാഹംകൊണ്ടു സ്വന്തം പേരിനെ നാട്ടുകാരെ ഓർമ്മിപ്പിക്കാനായി നിർമ്മിച്ച ക്ലോക്ക് ടവർ നിൽക്കുന്നു.

കാട്ടുചെടി പടർന്നുനിൽക്കുന്ന റയിൽവേ കമ്പൗണ്ടിലാണു വിദേശത്തുനിന്നു കാലാകാലം വരാറുള്ള 'പരദേശി'കളും ക്ഷാമപ്രദേശങ്ങളിൽ നിന്നു വരുന്ന അഭയാർത്ഥികളും സ്ഥലത്തെ പ്രധാനതെണ്ടികളും താവളമടിച്ചിരിക്കുന്നതു്. സന്ധ്യാനേരം പാചകംചെയ്യുന്നതിന്റെ ധൃതിയാണ്. ഈ നേരത്തുതന്നെയാണ് സ്റ്റേഷനിലെ ബാലന്മാരും പകുവയ്ക്കുന്നതും, ഉദ്യോഗസ്ഥന്മാർ വരവു വീതിക്കുന്നതും, സ്റ്റേഷനിലെ ബാലന്മാർ തമ്മിൽ തല്ലുകൂടി രസിക്കുന്നതും.

അവ്യക്തമായ വെളിച്ചത്തിൽ വൃത്തികേടും ദുരവസ്ഥയും നിറഞ്ഞ രംഗത്തിൽ എന്റെ ശ്രദ്ധ പ്രധാനമായി ആകർഷിച്ചതു് മുട്ടോളം വരുന്ന കളിക്കുന്ന കമ്പോളബാലന്മാരിലാണ്. അവർ ഏറ്റവും പ്രായംകുറഞ്ഞവനു ഏഴു വയസ്സു കാണും. ഏറ്റവും കൂടിയവനു പതിനെട്ടും. വിഭിന്നമായ ആകൃതിയിലും, നിറത്തിലും, പ്രായത്തിലുമുള്ള അവരെ തമ്മിൽ അടിപ്പിക്കുന്ന ഒരു പ്രത്യേകതയുണ്ട്. അതിന്റെ സ്വഭാവത്തെ എണ്ണിവിവരിക്കാനാകയില്ല. എന്നാൽ അവരിൽ ഒരുവനെ ഒറ്റപ്പെട്ടതു വിഭിന്നമായ ചുറുചുറുപ്പോടെ

നിറുത്തിയാലും അതു പ്രത്യേകത പൊന്തിനിൽക്കും— അവന്റെ സംഭാഷണത്തിന്റെ വ്യക്തിത്വം വിളിച്ചു പറയുന്ന പ്രത്യേകത.

അവർ വിനോദിക്കുകയാണ്. സ്വാതന്ത്ര്യത്തിൽ ജീവിക്കുന്ന ഭംഗിയുള്ള ചില കാട്ടുജന്തുക്കളെ പറഞ്ചേന്ന് കളിക്കുന്നതുപോലെ. അവർ തമ്മിൽ തല്ലുകയാണ്. അതാണവരുടെ വിനോദം. ജീവിതത്തിനു നേരിയ വ്യത്യാസമില്ല. വിനോദത്തിന്റെ ക്രൂരവും പൗരുഷമാണ്. പുതുതായ കാഴ്ചക്കാരന്റെ തൊലിക്കു പൊള്ളലേൽപ്പിക്കുന്ന ശബ്ദത്തിൽ നഗ്നമായ ശരീരത്തിൽ നഗ്നമായ കൈ തറക്കുന്നതു കേൾക്കാം. പിന്നെ ഗ്രസ്നിയായി. ഒരു ചെറിയ ക്രൂരം അതു കാണാനായി അണയും. പ്രോത്സാഹനത്തിന്റെ ശബ്ദങ്ങളും കേൾക്കാം.

ചുമട്ടു ബാലന്മാരായിരുന്നവർ അറിഞ്ഞുവരിക. എന്നാൽ അവക്ക് സ്റ്റേഷനകത്തു കടക്കാൻ പാടില്ല. അതിനുള്ള അവകാശം അംഗീകരിക്കപ്പെട്ട ഇരുപതു പോർട്ടറന്മാർക്കുള്ളതാണ്. അതുകൊണ്ടും ഒരുവൻ അറിയാതെ അകത്തു കടന്നു ചുമട് സ്വീകരിച്ചാൽ അവന്റെ തലയിൽനിന്നു ക്രൂരമായി അതു പറിച്ചു നീക്കപ്പെടും. കനത്ത ചൂരലുമായി റെയിൽവേ കാവൽക്കാരൻ നിൽപ്പുണ്ട് കുറവാളികളെ അടിച്ചു ഓടിക്കാൻ. നഗ്നമായ ശരീരത്തിൽ ചൂരലിന്റെ ശബ്ദം കേൾക്കാതെന്നായില്ല. വണ്ടി വന്നുപോയാൽ അവർ അഴിക്കുള്ളിടയിൽക്കൂടി പ്രതീക്ഷയോടെ വണ്ടിയിൽനിന്നിറങ്ങുന്ന ഭാരിച്ച കെട്ടുകളെ നോക്കും. അതിലൊന്നു കിട്ടിയിരുന്നെങ്കിൽ! കമ്പിയുടെ വിടവിലൂടെ തെളിഞ്ഞ ശരീരം അകത്തു കടന്നാൽമതി കഴുകന്റെ കണ്ണുകളുള്ള കാവൽക്കാരൻ ചൂരലുമായി പാഞ്ഞെത്തും.

എന്നാൽ ഇതിനൊക്കെ ചില പോംവഴികളുണ്ട്. പോർട്ടർമാരുടെ സേവ പിടിക്കണം. അവക്ക് ബീഡി വാങ്ങിക്കൊടുക്കണം. കിട്ടുന്നതിന്റെ ഒരു വീതം പാരിതോഷികം കൊടുക്കണം. പിന്നെ ചിലതൊക്കെ ചെയ്തുകൊടുക്കണം. അവരെ കവർച്ചയ്ക്കാൻ പാടില്ല. എന്നാൽ ഏതാണ്ടു സുരക്ഷിതയോടെ അവിടെ ജീവിക്കാം.

ഒരുപക്ഷേ ഒക്കെയിൽ ഒരു സഞ്ചിയുമായി സ്റ്റേഷനിൽ കടന്നിട്ടുണ്ടെങ്കിൽ നിങ്ങളും ഇവരെ പരിചയപ്പെട്ടു കാണും. അവരിൽ നിന്നു രക്ഷപ്പെടുക അത്ര എളുപ്പമുള്ളതല്ല. നിങ്ങളുടെ കൈയിൽ തൂങ്ങുവാനുള്ള ഭാരമേയുള്ളൂ സഞ്ചിക്ക്, അതൊരുവനെക്കൊണ്ടു ചുമപ്പിക്കുന്നതുതന്നെ നിങ്ങളുടെ തൊലിയുടെ മാർദ്ദവത്വം അനുഭവിക്കുകയില്ല. എന്നാൽ ആ സഞ്ചിയിൽ അവൻ പിടിക്കുടിക്കഴിയും, ഒരു തെണ്ടിയെപ്പോലെ യാചിച്ചുകൊണ്ട്:

"ഞാനെടുത്തോളാം സാറെ"

നിങ്ങളുടെ മുഖത്തുനോക്കി അവൻ മനസ്സിലാക്കും. ക്രൂടെ നടന്നാൽ പ്രയോജനമുണ്ടോ എന്ന്. നിരസിച്ചുകൊണ്ട് നിങ്ങൾ കഴിഞ്ഞുമാറിയാലും അവർ നിങ്ങളെ ഒഴിപ്പിക്കയില്ല.

"രണ്ടണ തന്നാമതി സാറെ" അവന്റെ യാചനക്ക് അപ്പോഴും ഒരു പരിഹാസച്ചുവയ കലർന്നിരിക്കും.

നിങ്ങളുടെ നിഷേധത്തിന്റെ ശക്തി കുറഞ്ഞുവരും. അവൻ നിങ്ങളെ വശീകരിച്ചുകഴിഞ്ഞു. ശല്യം ഒഴിക്കാനായിട്ടെങ്കിലും നിങ്ങൾ സഞ്ചി അവന്റെ കയ്യിൽ ഏല്പിക്കും.

ഇരുമ്പായി കിടക്കുന്ന ക്രൂരിയെക്കൊണ്ട അടുത്ത ചായക്കടകളിലും സിനിമാതിയേറ്ററിലും, മുതിന്ന വരാണങ്കിൽ പട്ടണത്തിലെ തേവിടിച്ചികളിലുമാണ് ചെന്നവസാനിക്കുക.

അതു ജീവിതത്തിന്റെ മാധുര്യത്തെയും വേദനയേയും—പ്രധാനമായി വേദനയെ പ്പറ്റി ചിന്തിച്ചു ഞാനിരുന്നു. നേരം ഇരുണ്ടു വരികയാണ്. അവരിനിയും കളിക്കുകയാണ്. കടന്നുപോയ ഒരാൾ തിരാറായ ഒരു സിഗററ്റ വലിച്ചെറിഞ്ഞു, മൂന്നു ബാലന്മാർ ഒരേ സമയത്തു അതിന്റെ നേർക്കോടി. ഒരു നിമിഷത്തിനുള്ളിൽ വിജയഭാവത്തോടെ സിഗററ്റ കുറ്റി ചുണ്ടിൽ കടിച്ചു പിടിച്ചുകൊണ്ട് ഒരുവൻ പിൻവാങ്ങി.

അതൊരു സമരരംഗമായി മാറി.

കളി പെട്ടെന്നു നിലച്ചു. മിക്കവരുടെയും ശ്രദ്ധ പോലീസ്സ് ഓഫീസറുടെ മുന്നിലേക്കു തിരിഞ്ഞു. രസകരമായ എന്തോ സംഭവിക്കുന്നതുപോലെ. അവിടെ തടിച്ചു ഒരു പോലീസുകാരന്റെ മുൻപിൽ പ്രാകൃതനായ ഒരു ബാലൻ നിൽക്കുന്നു. പോലീസുകാരന്റെ കയ്യിൽ ഒരു ചൂരലുണ്ട്. അയാളും പറയുന്നതു എനിക്കു കേൾക്കാൻ നിവൃത്തിയില്ല. ആ ബാലന്റെ നില കണ്ടാൽ പരമാർത്ഥത്തിൽ ചിരിച്ചുപോകും. അയാളുടെ അത്ര അകലത്തിൽ ഒരു കൈ ഉയർത്തി തല ചൊറിഞ്ഞുകൊണ്ട്. അടുത്തു വരാൻ ശരവേഗത്തിൽ അയാളെ കണ്ടുകൊണ്ടു ആംഗ്യം കാട്ടി. അവൻ ഒരു ചുവട് മുൻപോട്ടു വച്ചു. വീണ്ടും അകന്നു മാറി. പോലീസുകാരന്റെ കോപം വർദ്ധിച്ചു. ആ രംഗം വീക്ഷിച്ചുകൊണ്ട് ഒരു കൂട്ടം അകലെ നിൽപ്പുണ്ടെന്നവനറിയാം. അവരുടെ അടുത്തേക്കു അവനെ നോക്കാനെന്നും അവനു ബോദ്ധ്യമുണ്ട്. പോലീസുകാരൻ ചൂരലുകൊണ്ടു മുന്നിൽ ഒരു വൃത്തം വരച്ചു. എന്നിട്ടവനോടു പറഞ്ഞു വന്നതിൽ നില്ക്കുന്നേ. അവൻ ഭയവും ഫലിതവും അഭിനയിച്ചുകൊണ്ടടുത്തുവന്നു. ചൂരൽ ഉയർന്നു; അവന്റെ ഉടക്കുമീതെപതിച്ചു. അവൻ അറിയാതെ ഒരു നിലവിളി നാവിൽനിന്നുയർന്നു.

"ഓട്ട— മോനേ!"

അവൻ ഓടി.

രണ്ടുദിവസം കഴിഞ്ഞപ്പോൾ എനിക്കു തോന്നി അതിൽ ഒരുവനോടു സംസാരിക്കണമെന്ന്. എന്നാൽ എനിക്കു സംശയം തോന്നി എന്റെ ചോദ്യങ്ങൾക്കു മനസ്സിലുറഞ്ഞ മറുപടി അവർ തരുമോ? അതിൽ എനിക്കു വിശ്വാസം തോന്നിയില്ല. എന്നെ അവർ സ്വാഭാവികമായി സംശയിക്കും. ഭേദപ്പെട്ട വസ്ത്രം ധരിച്ചവരെ അവക്കു സംശയമാണ്. ബഹുമാനത്തിനു പകരം ഒരു താണ പുച്ഛവും. പട്ടണത്തിലെ പരുക്കൻ ജീവിതത്തിൽ വളർന്നവരുടെ പുച്ഛം. എന്നിരുന്നാലും ഒന്നു ശ്രമിച്ചു നോക്കാൻതന്നെ ഞാൻ തീരുമാനിച്ചു. സ്റ്റേഷനിൽ വളരെ അധികം സമയം ചിലവാക്കാനുള്ള എന്റെ ഒരു സ്നേഹിതനെ ഞാൻ വിവരം അറിയിച്ചു. എന്റെ പ്രത്യേകതകളെ അംഗീകരിക്കാനുള്ള അദ്ദേഹം അതേറെ.

അടുത്ത ദിവസം രാവിലെ ഏകദേശം ഒമ്പതരമണിക്ക ഞാൻ തയാറായി വന്നു. എന്റെ സ്നേഹിതൻ ഒരുവനെ വിളിച്ചു പറഞ്ഞു:

"നീ പോയി ഒരു മാക്രിയെ ഇങ്ങു വിളിച്ചുകൊണ്ടുവാ."

അല്പം കഴിഞ്ഞു കുഷ്ഠം പിടിച്ചു പത്തു വയസ്സു തോന്നിക്കുന്ന വളരെ ശോഷിച്ചു വിരൂപനായ ഒരു ബാലൻ വാതുക്കൽവന്നു അകത്തേക്കു നോക്കി. നിറമുള്ള ഒരു ഉണക്കഷണം കോണോട്ട കോണമടക്കി അവൻ തലയിൽ കെട്ടിയിട്ടുണ്ട്. അവനു വളരെ വലുതായ ഒരു കാൽച്ചട്ട മുണ്ടുമാതിരി ഉടുത്തിരുന്നു. മെലിഞ്ഞ ശരീരത്തിൽ അതു തുങ്ങിക്കിടക്കുന്നു. ഏതാണ്ടു പരന്ന മുഖത്തിൽ വളരെ അടുത്ത വൃത്തക്കണ്ണുകളും കണ്ടപ്പോഴാണ് അവനെ മാക്രി എന്നു വിളിക്കുന്നതിന്റെ പൊരുൾ എനിക്കു മനസ്സിലായതു്. പരമാർത്ഥത്തിൽ തവളയുടെ ഏകദേശരൂപം അവന്റെ മുഖം പ്രകടമാക്കി.

"ഇങ്ങു കേറി വാടാ" എന്റെ സ്നേഹിതൻ ശരവേഗം നടിച്ചു പറഞ്ഞു.

അതു സുഖകരമല്ലാത്ത സംശയം അവന്റെ മനസ്സിലുദിച്ചുമാതിരി തോന്നി ഈ ചുറ്റുപാടിന്റെ സ്വഭാവം മനസ്സിലാകാത്തതുപോലെ. അവൻ കരുതലോടെ അകത്തു കടന്നു

"വല്ലോം കഴിച്ചോടാ നീ, ഇന്ന്."

"ഉം"

"എവിടുന്നു?"

"അവുക്കറ മൊതലാളി രണ്ടണ തന്നു"

"എന്തിനു"?

"സൈക്കളിന്റെ പാസു വാങ്ങിക്കൊണ്ടു കൊടുത്തതിനു"

"നീ ഇങ്ങോട്ടു നീങ്ങിനിക്കു"

അവൻ നീങ്ങിനിന്നു. ഇനി എന്തോന്നാണ നടക്കാൻ പോകുന്നതെന്ന താല്പര്യത്തോടെ അവൻ എന്റെ സ്നേഹിതന്റെ മുഖത്തുനോക്കി.

"നീ ഇവ സാറു ചോദിക്കുന്നതിനൊക്കെ മറുപടി പറഞ്ഞുകൊടുക്കു" സ്നേഹിതൻ നിർദ്ദേശിച്ചു.

അവൻ അതു സുഖകരമല്ലാത്ത

രീതിയിൽ എന്നെ നോക്കി. എനിക്കു ചിരിവന്നു. അവന്റെ സംശയം വർദ്ധിച്ചു കാണണം.

"നിന്റെ പേരെന്താ?" ഞാൻ ചോദിച്ചു.

അവൻ ശബ്ദിച്ചില്ല. വിശാലമായ ഒരു പുല്ലുരസത്തിൽ അവൻ എന്നെ നോക്കി. അവൻ കൈ ഉയർത്തി ശരീരം മുൻപോട്ടന്തി തല ചൊറിഞ്ഞു വല്ലാത്ത അലക്ഷ്യഭാവം അഭിനയിച്ചുകൊണ്ടു്.

ഞാൻ ചോദ്യം ആവർത്തിച്ചു.

"നിന്റെ പേരെന്താ?"

അവൻ കൈതാഴ്ത്തി കാൽവിട്ട് ഉയർത്തി തുടർന്നു മുകളിൽ ചൊറിഞ്ഞു.

"പറേടാ" എന്റെ സ്നേഹിതൻ അലറി.

അവൻ നടുങ്ങിപ്പോയി.

"ഗോപീന്നു"

"വെറും ഗോപീന്നു" ഞാൻ ചേർത്തിച്ചു.

"ഗോപിനാതൻ"

"നിന്റെ വീടെവിടെയാ?"

"അങ്ങു ചിറയങ്കീഴു — മപ്പാൻ തുരുത്തിന്ന സ്ഥലത്തു്."

"നിനക്കാരെല്ലാമുണ്ടു്."

"അമ്മ ചത്തുപോയി. അണ്ണനുണ്ടു്. അങ്ങു സിങ്കപ്പൂരി."

"അച്ഛനൊന്നോ?"

"ഉം."

"എന്താ ജോലി"

"കയറുജോലി."

നീ ഏതു നാളായി ഇവിടെ വന്നിട്ടു്?" വീണ്ടും അവൻ സംശയത്തോടെ എന്നെ നോക്കി. യാതൊന്നും മിണ്ടിയില്ല. എന്തായിരിക്കും എന്റെ അന്വേഷണത്തിന്റെ ഈ രഹസ്യം.

ഞാൻ എന്റെ ചോദ്യം ആവർത്തിച്ചു അവൻ ഓർത്തു നോക്കുന്നതുപോലെ തോന്നി.

"രണ്ടുന്നു കൊല്ലം കഴിഞ്ഞു."

"നീ എന്താ വീട്ടിനു പോകാൻ കാരണം?"

എന്തൊരർത്ഥമില്ലാത്ത ചോദ്യമെന്ന ഭാവത്തിൽ അവൻ എന്റെ മുഖത്തു നോക്കി. ഒരുത്തരത്തിനു വേണ്ടി ഞാൻ അവനെ നിർബന്ധിച്ചില്ല.

"നീ സ്കൂളിൽ പോയിട്ടുണ്ടോ?"

"ഉം"

"എതുവരെ പഠിച്ചു"

"ഒന്നാംക്ലാസ്സിൽ പോയിരുന്നു. അപ്പുംതന്നെ മതിയായി"

"കാരണം"

"എനിക്കു പിടിച്ചില്ല"

"എന്നാട്ടു നീ എന്തുചെയ്തു"

"ഞാൻ കയറു പിരക്കാൻ പോയി"

"ശ്ശെ! എന്താ കിട്ടുമായിരുന്നു!"

"ഏഴണ — എട്ടണ"

"പിന്നെ എന്തിനാ നീ അതു കളഞ്ഞതു്?"

അവൻ വീണ്ടും മൗനം ദീക്ഷിച്ചു. എന്റെ ഉടനെ ചോദ്യത്തിനവൻ ഉത്തരം പറഞ്ഞില്ല. മറ്റു ചോദ്യങ്ങൾ ഉടനെ:

"ഇവിടെന്താ നിനക്കു ജോലി?"

"ചൊട്ടു"

"എന്തു കിട്ടും"?

"മൂന്നണ'ലണ കിട്ടും ചെലപ്പം എട്ടണയൊക്കെ കിട്ടും"

"ദിവസോം കിട്ടുമോ അതുമുഴുവൻ"

"ഇല്ല, ചെലദിവസം ഒന്നും കിട്ടത്തില്ല"

"കിട്ടുന്നതൊക്കെ എന്തുചെയ്യും?"

"ചായക്കടേ കൊടുക്കും"

"ഒന്നും കിട്ടാത്തപ്പോഴോ?"

അവൻ ഒന്നും മിണ്ടിയില്ല. ഒരുപക്ഷേ എന്റെ ചോദ്യത്തിന്റെ ഉദ്ദേശം അവൻ തെറ്റിദ്ധരിച്ചിട്ടുണ്ടാകാം. അവൻ പഠഞ്ഞു:

"ഒന്നും കിട്ടില്ലെങ്കിലും ഞാൻ തൊട്ടീ ചാടത്തില്ല."

(കള്ളു് തൊട്ടിയിൽനിന്നു അവശിഷ്ടങ്ങൾ എടുത്തുതിന്നുന്നതിനാണു തൊട്ടിൽ ചാടുകയെന്നു് അവർ പറയാറുള്ളതു്.)

വിശന്നാൽ തൊട്ടിൽ ചാടുക സാധാരണമാണു്.

"നിനക്കെത്ര വയസ്സായി?" ഞാൻ ചോദ്യങ്ങൾ തുടർന്നു.

"അറിഞ്ഞൂടാ"

"നിനക്കെന്താകാനാഗ്രഹം?" ഞാൻ ചോദിച്ചു.

അവൻ എന്റെ ചോദ്യം വ്യക്തമാകാത്ത രൂപത്തിൽ എന്നെ നോക്കി. ഞാൻ വ്യക്തമാക്കി

"നിനക്കു് എന്തു് ജോലിക്കുപോകണമെന്നാണാഗ്രഹം?"

അങ്ങനെ ഒരു പ്രശ്നംതന്നെ അവനെ അലട്ടിയിട്ടില്ലെന്നു അവന്റെ മുഖഭാവം കണ്ടപ്പോൾ തോന്നി. എന്നിരുന്നാലും ഞാൻ പൂർണ്ണമായി അവനെ വിശ്വസിക്കുന്നില്ല. അവക്കെല്ലാം ആഗ്രഹങ്ങളുണ്ടു്—മാവിലെയപ്പറഞ്ഞു. ഇവിടുത്തെ സാഹചര്യങ്ങളനുസരിച്ചു അവരുടെ ആഗ്രഹങ്ങൾക്കു രൂപം കൊടുക്കുന്നതു്—വളർന്നാൽ പോർട്ടറാകണമെന്നു്. അല്ലെങ്കിൽ രക്ഷാക്കാരാകണമെന്നു്. അതുമല്ലെങ്കിൽ ഒരു ഏറുമാടക്കട തുടങ്ങണമെന്നു്. സമീപത്തുള്ള ഈ തൊഴിലുകാരുടെ പൂർവ്വചരിത്രത്തെ തിരിഞ്ഞുനോക്കിയാൽ മിക്കപ്പോഴും തെരുവിലെ രംഗത്തിലാണു എത്തിച്ചേരുക.

അകലെനിന്നും തീവണ്ടിയുടെ നീണ്ട ഒരു കൂഴൽവിളി കേട്ടു. നേരിയ ശബ്ദം. അവന്റെ മുഖം പെട്ടെന്നു പ്രസന്നമായി — ജീവൻ വന്നതുപോലെ.

അവൻ ചോദിച്ചു:

"വണ്ടി വരുന്നു സാർ - ഞാൻ പോട്ടെ?"

എന്റെ ഉത്തരം കാക്കാതെ അവൻ ഇറങ്ങിപ്പോയി

രോഗശാന്തിക്കും ശരീര രക്ഷയ്ക്കും അത്യുത്തമം ആയുർവ്വേദമരുന്നാണു്

പക്ഷേ, മരുന്നുകടം വാങ്ങുമ്പോൾ ശ്രദ്ധിക്കാത്തവർ നിശ്ചയമായും നിരാശരാകും

യാതൊരു കലർപ്പും ക്ലേശമെതെ വിധിപ്രകാരം തയ്യാർ ചെയ്തതും വൃത്തിയായി സൂക്ഷിച്ചിട്ടുള്ളതുമായ മരുന്നുകടം എവിടെ കിട്ടുമെന്നുള്ളതാണു് നിങ്ങളും ശ്രദ്ധിക്കേണ്ടതു്. ഒരിക്കലും നിരാശ നേരിടാതിരിക്കണമെങ്കിൽ ഔഷധനിർമ്മാണത്തിനു് സ്വർണ്ണമെഡൽ കീർത്തിമുദ്ര നേടിയ

ആറന്മുൾ ശ്രീകൃഷ്ണാ ഫാർമസിയിലെ

പരിശുദ്ധമായ മരുന്നുകടം വാങ്ങുക.

തിരുവനന്തപുരം ആയുശാല മെയിൻറോഡരുകിലുള്ള ഞങ്ങളുടെ

ബ്രാഞ്ചു സന്ദർശിക്കുവിൻ

N. B രോഗികളെ സൗജന്യമായി പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതിനു പാണ്ഡിത്യം പാകതയും ചികിത്സാനൈപുണ്യവും തികഞ്ഞ ഒരു വൈദ്യൻ സദാ ബ്രാഞ്ചിൽ ഉണ്ടായിരിക്കും.

ബി. എൻ. ശ്രീധരനുണ്ണി,
(പ്രൊപ്രൈറ്റർ)

KSC



സ്ത്രീയും സൗന്ദര്യവും

★

മേളി വർഗ്ഗീസ് കുന്നിൽ

'ഞാൻ സുന്ദരിയാണോ! സുന്ദരിയാണോ!' ഇതാണ് ഏതൊരു യുവതിയും തന്നോടുതന്നെ ചോദിക്കുന്ന ഒരു ചോദ്യം. അതിന്റെ ഉത്തരമെന്താണെന്ന് ആ യുവതിയുടെ വദനത്തിൽക്കൂടി പാഞ്ഞുപോകുന്ന ഭാവരസങ്ങളിൽ നിന്നു നിഷ്പ്രയാസം മനസ്സിലാക്കാം. എങ്ങനെയാണെ സൗന്ദര്യം ഉണ്ടാക്കുക എങ്ങനെയാണ് അതു വർദ്ധിപ്പിക്കുക—ഇതാണ് ഇന്ന് വനിതകളെ ബാധിച്ചിരിക്കുന്ന ഒരു സുമക്കേട്ട്. ഞങ്ങളുടെ ഹോസ്റ്റലിലുള്ള ഡ്രെസ്സിംഗ് ടേബിളിന്റെ മുമ്പിൽ, ഏപ്പോഴും നോക്കിയാലും, അനേകം യുവതികളെ കൂടെ നിന്നു സൗന്ദര്യം ആസ്വദിക്കുന്നതോ, മെയ്പ്രൊപ്യത്തിൽ സ്വയം ശപിക്കുന്നതോ കാണാം. മുടിയെങ്ങനെ ചീകണം, പന്നിവാൽ പോലെ ഇരുവശത്തേക്കും പിന്നിയിടണമോ (കാമുകന്മാർക്ക് കെട്ടിത്തൂങ്ങിച്ചാകാനുള്ള കയറെന്നാണ് അതിനു പേരിട്ടിരിക്കുന്നത്) അതോ 'തിരുകിടി' മോഡൽ വേണമോ, അതോ 'പൂട്ടുകുറി' മതിയോ—ഇങ്ങനെ ആ വലിയ നിലക്കണ്ണാടിയുടെ മുമ്പിൽ നിന്നുകൊണ്ട് അവർ ഒരു ഗവേഷണം നടത്തും. ആ ഗവേഷണത്തിന്റെ ഫലമായാണ് യഥോചിതം ഹെയർ ഡ്രെസ്സുചെയ്ത അവർ പുറത്തേക്കിറങ്ങുന്നത്.

ഹോസ്റ്റലിലെ ആ നിലക്കണ്ണാടിയുടെ സ്ഥിതി അത്യർഹമായ സേവനത്തെപ്പറ്റി അല്പം പറഞ്ഞുകൊള്ളട്ടെ. എപ്പോഴും—എവിടെ നിന്നു വന്നാലും കാണുവാൻ സൗകര്യമുള്ള ഒരു ഭാഗത്താണ് ഞങ്ങളുടെ വാർഡൻ ആ കണ്ണാടി സ്ഥാപിച്ചിരിക്കുന്നത്. ബാത്ത്റൂമിൽ പോകുന്ന വഴിക്ക്, തന്നെ ഒന്നുകൂടി കണ്ടുകൊള്ളട്ടെ എന്നു മനോഭാവത്തോടെ വിദ്യാർത്ഥിനികളും ആ കണ്ണാടിയുടെ മുമ്പിൽ സ്വയം പ്രത്യക്ഷനടത്തും. തിരികെ പോരുമ്പോഴും മുടി ഒന്നുകൂടി ഒതുക്കി. ഒരു 'Expression' മുഖത്തുകൂടി പ്ലായിച്ച് (പഞ്ചിരിയോ നിരാശയോ) ചിലപ്പോൾ ഒരു രണ്ടു 'കോട്ട്'കൂടി അടിച്ച്, സാരി ഒന്നു മംഗിയാക്കിയിട്ട് അകപ്പാടെ അല്പം ആത്മധൈര്യത്തോടെ പോവുകയായി. രാവിലെ തുടങ്ങി വൈകുന്നേരം ആറുമണിവരെ ക്ലാസ്സ് സമയം ഒഴിച്ചു ബാക്കിസമയം ആ കണ്ണാടിയുടെ മുമ്പിൽ കൃസിസ്സം വിജയകരമായി നടക്കുന്നതു കാണാം. ഉണ്ണാൻ പോകുമ്പോഴും, ക്ലാസ്സിൽ പോകുമ്പോഴും തിരിയെ വരുമ്പോഴും, പാക്കിൽ പോകുമ്പോഴും, 'പാർലറിൽ' പോകുമ്പോഴുമെല്ലാം ഇങ്ങനെ കണ്ണാടിയുടെ മുമ്പിൽ ഒരു ആത്മപരിശോധന നടത്തുന്നതിൽ എന്റെ സഹപാഠികളുംപ്പെടുന്ന വനിതാലോക ഇതു ഔത്സുക്യം പ്രകടിപ്പിക്കുന്നതു? ഞാൻ കാര്യമായി ചിന്തിച്ചു നോക്കിയിട്ടുണ്ട്. പക്ഷെ എതുമേ നിസ്സാരമാണ് അതിന്റെ ഉത്തരം. ഞാൻ സുന്ദരിയാണോ, സുന്ദരിയാണോ....എങ്ങനെ സുന്ദരിയാകാം....എന്നെല്ലാം അറിയുന്നതിനുവേണ്ടി മാത്രമാണ്.

ചിലപ്പോൾ അതിരാവിലെ എന്റെ സഹപാഠികളും എഴുന്നേറ്റാലുടനെ ആ ഡ്രെസ്സിംഗ് ടേബിളിന്റെ മുമ്പിലേക്കാണ് പോകുന്നതു്. എന്തിനു്? ഇൻറർവെല്ലിനു് മണിയടിച്ചാൽ ചില സുഹൃത്തുക്കളും ഹോസ്റ്റലിലേക്ക് ഓടിക്കയറുന്നതു കാണാം. എന്തിനെന്നോ? ആ കണ്ണാടിയുടെ മുമ്പിൽച്ചെന്നു് നോക്കി ആത്മവിശ്വാസം വരുത്തിയിട്ടു മടങ്ങിവരാൻ. മാതൃമോ മകനോ് മുഖത്തു അറിയാതെകൊണ്ടുപഴുത്ത അല്പമെങ്കിൽ മാഞ്ഞുപോയിട്ടുണ്ടെങ്കിൽ മുഖം ഒന്നുകൂടി വെള്ളയടിക്കാൻ! അതെ, എല്ലാം സൗന്ദര്യവർദ്ധനവിനു വേണ്ടി. ഹോസ്റ്റൽ 'പ്രീഫെക്ടറസി'നു്ദിവസത്തിൽ രണ്ടുമൂന്നു പ്രാവശ്യമെങ്കിലും ആ നിലക്കണ്ണാടി ഉടച്ചുവുത്തിയാക്കേണ്ട ഉണ്ടു്....കൊടും നിരാശയിൽ നിന്നും ഉതിർന്നുവീഴുന്ന മുട്ടുനെടു നിശ്വാസങ്ങളേറ്റും പഴുത്ത് വീണും ആ കണ്ണാടി മിക്കപ്പോഴും മങ്ങിപ്പോകാറുണ്ടു്....

സൗന്ദര്യവർദ്ധനവിനുവേണ്ടി എന്തും ചെയ്യുക വനിതകളുടെ സഹജഭാവമാണു്. ഒരിക്കലും അവരെ അതിൽ കുറ്റം പറയുന്നതുകൊണ്ടു് പ്രയോജനമുണ്ടെന്നു തോന്നുന്നില്ല. എന്തിനാണു ഒരു വനിത സുന്ദരിയായിരിക്കണമെന്നു് ആഗ്രഹിക്കുന്നതു്? മറ്റൊന്നിനുമല്ല. പുരുഷന്റെ പ്രേമത്തെ സമ്പാദിക്കുന്നതിനുവേണ്ടി മാത്രമാണു് എന്റെ പ്രിയപ്പെട്ട സഹോദരികളും ഞാൻ ഈ പരമാർത്ഥം പറയുമ്പോൾ നെറ്റി ചുളിക്കേണ്ട കാര്യമില്ല. നിങ്ങളും സ്വയം ഹൃദയത്തിന്റെ അഗാധതലത്തിലേക്കൊന്നിറങ്ങിച്ചെന്നുനോക്കൂ....നിങ്ങളുടെമനസ്സാക്ഷിയോടു് ആത്മാർത്ഥമായി ചോദിക്കൂ....എന്തിനാണു് നിങ്ങളും സുന്ദരിയാകണമെന്നു് ഇരുകണ്ണു് അമിഷിക്കുന്നതു്? അതെ അതു മറ്റുള്ളവരാൽ ആകർഷിക്കപ്പെടുന്നതിനു് അവരാൽ പുകഴ്ത്തപ്പെടുന്നതിനു് എല്ലാറ്റിലുമുപരിയായി അവരുടെ പ്രേമം സമ്പാദിക്കുന്നതിനു്—ഈ മുനസംഗതികൾക്കുവേണ്ടിയാണു് വനിതകളും സൗന്ദര്യവർദ്ധനവിനായി കിടന്നു പാടുപെടുന്നതു്.... അവർക്കാവശ്യം പ്രേമംമാത്രമാണു്! പ്രേമം! ആ അഭ്യർത്ഥനയുടെ പൂർത്തീകരണത്തിനുവേണ്ടി! എന്തു ത്യാഗവും ചെയ്യാൻ വനിതകളും ഒരുക്കമാണു്....എന്നാൽ ഈ പ്രേമസാഫല്യം എളുപ്പത്തിൽ നേടിക്കൊടുക്കുന്ന ഒന്നുണ്ടു്. അതാണു സൗന്ദര്യം ഹൊ! സൗന്ദര്യമേ! നിന്റെ വശ്യത!

ഞാൻ സുന്ദരിയല്ല അഥവാ ഞാൻ വിരൂപിയാണെ എന്നുള്ള മനസ്സാക്ഷിയുടെ ആ വേദനിപ്പിക്കുന്ന കുത്തലുകളാണു് ഒരു വനിതയുടെ ജീവിതത്തിൽ ഏറ്റവും പ്രയാസകരമായിട്ടുള്ളതു്. ആ വിചാരം അവളുടെ ജീവിതം ശൂന്യമാക്കിത്തീർക്കും....ഹാ! എത്രയെത്ര സഹോദരികളാണു് തങ്ങളുടെ പ്രതിച്ഛായകൾ കാണുമ്പോഴും ഞെട്ടിപിൻതിരിഞ്ഞുപോകുന്നതു്! താങ്ങാനാവാത്ത നിരാശ, വെറുപ്പ്, ദുഃഖം ഇവയെല്ലാം അവരുടെ ഹൃദയത്തിലേക്കു പാഞ്ഞുകയറും, കണ്ണാടികണ്ടാൽ കരയാത്ത സ്ത്രീകളുണ്ടോ എന്നു ചിലർ ചോദിക്കാറുണ്ടു്. പക്ഷേ അതിൽ കാര്യമൊന്നുമില്ല എന്നാൽ വ്യർത്ഥ കണ്ണീർക്കണങ്ങളായി മുഖത്തു ഒഴുകിവരാറില്ല. പലരിലും കണ്ണാടികണ്ടാൽ ഒരു നിരാശ അവരറിയാതെതന്നെ മുഖത്തു പാഞ്ഞുവരുന്നതു് സാധാരണയാണു്—വിരൂപികളെന്നു് സ്വയം വിചാരിക്കുന്ന സ്ത്രീകളിൽ.

സൗന്ദര്യത്തിനു ഒരു ശരിയായ നിർവ്വചനം പറയുക വിഷമമാണു്. സൗന്ദര്യം തന്നെ പല വിധത്തിലാണു് ഓരോ മനുഷ്യന്റേയും സൗന്ദര്യാഭിരുചി അനുസരിച്ചു വ്യത്യസ്ഥമായിരിക്കും സൗന്ദര്യത്തെപ്പറ്റിയുള്ള വിധികല്പനകളും. ദേശഭേദമനുസരിച്ചും കാലഭേദമനുസരിച്ചും വ്യക്തിപരമായും സൗന്ദര്യാസ്വാദനം വ്യത്യസ്ഥമായിരിക്കും.

താൻ സൗന്ദര്യമുള്ള കൃത്തിലായിരിക്കണം. അഥവാ, മറ്റുള്ളവരാൽ ആകർഷിക്കപ്പെടണം എന്നു അറിഞ്ഞോ അറിയാതേയോ ഉള്ള ഒരാകാംക്ഷകൊണ്ടാണു് സ്ത്രീപുരുഷന്മാർ പ്രത്യേകിച്ചു വനിതകളും സൗന്ദര്യ സംവർദ്ധക സാധനങ്ങളും ഉപയോഗിക്കുന്നതു്. ഈ

സൗന്ദര്യത്തെ തേടിയുള്ള പ്രയാണത്തിൽ അവരെ സഹായിക്കുന്ന ഘടകങ്ങളാണ് 'കോസ്മെറ്റിക്സു'' പുതിയ ഫാഷൻ അനുസരിച്ചുള്ള വേഷങ്ങളും, 'പെർഫ്യൂംസ്' മുതലായവ.

ഇനി സൗന്ദര്യത്തിന്റെ പ്രദർശനങ്ങളും പുരുഷനെ എങ്ങനെ ബാധിക്കുന്നു എന്നു നോക്കുന്നതു രസകരമായിരിക്കും. പ്രധാനമായും ഒരു പുരുഷന്റെ മുമ്പിലാണു ഒരു സ്ത്രീ സുന്ദരിയോ, വിരൂപയോ അണെന്നുള്ള വസ്തുത അടങ്ങിയിരിക്കുന്നതു്. പുരുഷന്റെ സൗന്ദര്യാസ്വാദനശക്തിയും വ്യത്യസ്ഥമായിരിക്കും. 'ശ്യാമയുടെ എന്തു മനോഹരങ്ങളായ നീലക്കണ്ണുകളാണെന്നുള്ളതു!" ഒരു വിദ്വാൻ സഹപാഠിയോടു പറയുന്നതു കേൾക്കാം. അപ്പോൾ അപരൻ പറയുന്നതാണു്. 'ഓ! ശ്യാമയുടെ കണ്ണുകളോ! അതുതനി പൂച്ചക്കണ്ണുകളാണു്'' വേറൊരു വിദ്വാൻ വിചാരിക്കും 'ഹാ! ലീലയുടെ ,ശരീരാകൃതി' വളരെ മനോഹരമാണു്. ആവശ്യത്തിനുള്ള നിലവും വണ്ണവും ഉണ്ടു്. അപരൻ അതു കണ്ടിട്ടു പറഞ്ഞെക്കാം. "ഓ! ലീലയോ! അവളൊരു 'താടക' യാണു്." "നോക്കു, പ്രേമയ്ക്കു് ശ്രീകൃഷ്ണന്റെ ശ്യാമളനിറമാണുള്ളതു്. അതവളുടെ സൗന്ദര്യത്തിന്റെ മാറ്റുകൂട്ടുന്നതാണു്" ഒരുത്തൻ പറയുകയാണു്. അതിനു മറുപടിയായി അപരൻ പറയുന്നതിങ്ങനെ ആയിരിക്കും "പ്രേമയോ അ കാക്കപോലെ കറുത്ത കറമ്പിയല്ലേ!" അതെ ഇങ്ങനെയാണു് ഓരോ പുരുഷന്റേയും സ്ത്രീസൗന്ദര്യാസ്വാദനം. ഒരു യുവതിയുടെ കണ്ണുകൾ ഒരു പുരുഷനു് നീലക്കണ്ണുകളായി തോന്നുമ്പോൾ വേറൊരുത്തനു് അതു് വട്ടക്കണ്ണുകളായും, അവളുടെ മുല്ലമൊട്ടുകൾ എന്നു മറ്റൊരാൾക്കു തോന്നുന്ന പല്ലിൻനിരകൾ ഒരാൾക്കു പല്ലുകളായും, അവളുടെ എള്ളിൻപൂപോലുള്ള മൂക്കു് എന്നു വിചാരിക്കുന്ന നാസിക മറ്റൊരുവനു് പതിമുക്കായും അങ്ങനെ വ്യത്യസ്ഥമായിപ്പോകും സൗന്ദര്യാസ്വാദനം.


ഈ സൗന്ദര്യാസ്വാദനത്തിൽ വൈവിധ്യം ഒരു സമുദായത്തെ മാത്രം ബാധിക്കുന്നതല്ല ഇൻഡ്യയിലെ ഒരു തീരെ വൃത്തികെട്ട വനിതയെ ആഫ്രിക്കയിലുള്ളവർ സുന്ദരിയായി വിധിച്ചേക്കാം അതേസമയം ആഫ്രിക്കയിലെ 'മിസ് ആഫ്രിക്ക'യെ നമ്മുടെ ഇന്ത്യയിലോ അമേരിക്കയിലോ പ്രദർശിപ്പിച്ചാൽ ക്ലാവിവിടാനും വഴിയുണ്ടു്. ചുരുണ്ടിരുണ്ട നീണ്ടകാൽമുട്ടുകളും മറഞ്ഞുകിടക്കുന്ന കാർകൂന്തളും ഇന്ത്യാക്കാരുടെ ഇടയിൽ സൗന്ദര്യസൂചനയായി വിചാരിക്കും എന്നാൽ ഇംഗ്ലണ്ടിലോ, അമേരിക്കയിലോ അതു അസംബദ്ധകരമായി തോന്നിയെന്നു വരുകയില്ല. ഇതു് ദേശകാലഭേദങ്ങൾക്കു വിധേയമായി വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. പണ്ടത്തെ സുന്ദരികളുടെ ചിത്രങ്ങൾ കണ്ടാൽ ഇന്നുള്ളവർക്കു് അവർ സുന്ദരികളാണെന്നു് വിചാരിക്കാൻ സാധിക്കുകയേ ഇല്ല. അവരാരും അന്നുണ്ടായിരുന്നവരോ കൈകുസുന്ദരികളെല്ലാം ഇന്നു കഴിമടങ്ങളിൽനിന്നും ഉയർത്തെഴുന്നേറ്റ ഇന്നത്തെ സർവ്വലോകസൗന്ദര്യമത്സരത്തിൽ പങ്കുചേരുന്നവരോ എന്നു സങ്കല്പിക്കുക. എന്തൊരു അനുഭവമായിരിക്കും — സചീകരണമായിരിക്കും അവർക്കു ലഭിക്കുക! പക്ഷേ ഇതിൽനിന്നൊന്നും അവർ സുന്ദരികളല്ലെന്നു വിചാരിക്കേണ്ട കാര്യമില്ല നിശ്ചയമായും അവർ അന്നത്തെ പരമസുന്ദരികളായിരുന്നിരിക്കാം. പക്ഷേ ഇന്നത്തെ സൗന്ദര്യാദർശത്തിൽനിന്നും വ്യത്യസ്ഥമാണെന്നുമാത്രം.

സൗന്ദര്യം എങ്ങനെ ഒരു വ്യക്തിയുടെ സ്വഭാവത്തെ ബാധിക്കുന്നുവെന്നു നോക്കാം. ചിലർ പറയുന്നതു കേൾക്കാം. ഒരു സ്ത്രീയുടെ സ്വഭാവം അവളുടെ മുഖത്തു നോക്കിയാൽ ഏതാണ്ടൂഹിക്കാമെന്നു്! പക്ഷെ, മുഖത്തുനോക്കിമാത്രം ഒരു വ്യക്തിയുടെ സ്വഭാവത്തെപ്പറ്റി വിധികല്പിക്കുന്നതു പലപ്പോഴും തെറ്റായിത്തീരാറുണ്ടു്. എന്നിരുന്നാലും ഒരു സ്ത്രീയുടെ സൗന്ദര്യത്തിനു് അവളുടെ സ്വഭാവസംസ്കരണത്തിൽ— രൂപീകരണത്തിൽ ഒരു നല്ലപങ്കുണ്ടു്. ഒരു യുവതിയോടു് ആരെങ്കിലും നീ വിരൂപിയാണു എന്നു എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുകയോ, അഥവാ, അവൾ അങ്ങനെ തുടർച്ചയായി വിചാരിക്കുവാൻ തുടങ്ങുകയോ ചെയ്താൽ അവൾ സഭാമുകയായി നൈരാശ്യവതിയായി നിരുദ്യോഗത്തിലാഴ്ന്നു ജീവിതത്തെപ്പഴിച്ചുകൊണ്ടു് അങ്ങനെ ജീവിക്കുന്നതുകാണാം. നേരേമറിച്ചു് അവൾ സുന്ദരിയാണെന്നു ആരെങ്കിലും പറയുന്നതു് കേൾക്കുകയോ, അഥവാ അവൾ സ്വയം മനസ്സിലാക്കുകയോ ചെയ്താൽ അവളുടെ ജീവിതത്തിൽ ഒരു പ്രത്യേകത നമുക്കു് കാണാൻകഴിയും ഓരോനിമിഷവും അവൾ തന്റെ സൗന്ദര്യത്തിന്റെ വർദ്ധനവിനായി അതീവമായി പ്രയത്നിക്കുകയും അങ്ങനെ സുന്ദരിയായിത്തീരുകയും ചെയ്യും.

പക്ഷേ ഇതിനെല്ലാമപ്പുറമായി ഒരു വനിത സുന്ദരിയാണെന്നു് അവളെ മനസ്സിലാക്കിക്കുന്ന മറ്റൊരു അപ്രമേയശക്തിയുണ്ടു്. അതാണു് പ്രേമം. ഒരു സ്ത്രീ സുന്ദരിയായിത്തീരുക അഥവാ—അവരുക്കു് അങ്ങനെ ഒരു വിചാരമെങ്കിലുമുണ്ടാവുക—അവളെ മറ്റൊരു വ്യക്തി പ്രേമിക്കുന്നുണ്ടെന്നറിയുമ്പോഴാണു്. യഥാർത്ഥപ്രേമം സൗന്ദര്യത്തിലും വൈരൂപ്യത്തിലും അചഞ്ചലമായിത്തന്നെയിരിക്കും. ക്ഷണികമായ സൗന്ദര്യത്തിന്റെ മനോമയക്കത്തിൽ അതൊരിക്കലും മയങ്ങിപ്പോവുകയില്ല. ബാഹ്യസൗന്ദര്യത്തിലല്ല, ആന്തരിക സൗന്ദര്യത്തിലാണു് അതായതു് ഹൃദയമെന്മല്യത്തിലാണു് യഥാർത്ഥപ്രേമം സംസ്ഥാപിക്കുന്നതു്. ഒരു സ്ത്രീ എത്ര വിരൂപയെങ്കിലുമായിരുക്കാള്ളട്ടെ യഥാർത്ഥപ്രേമത്തിൽ അല്പവും വ്യതിചലനം ഉണ്ടാക്കാൻ ആ വൈരൂപ്യത്തിനു് കഴിയുകയില്ല ഒരു സ്ത്രീയുടെ ബാഹ്യമായ എല്ലാ വൈകല്യങ്ങളേയും ഉണവൽഗണിച്ചു് അവളെ യഥാർത്ഥമായി സ്നേഹിക്കുവാൻ കഴിയുന്നതു് യഥാർത്ഥത്തിൽ അവളെ പ്രേമിക്കുന്ന ഒരു വ്യക്തിക്കുമാത്രമെ സാധിക്കുകയുള്ളൂ. അവൾ ഒരു സാധാരണസങ്കല്പത്തിൽ വിരൂപിയായിരുന്നുകൊള്ളട്ടെ. അവൾക്കു് ഒരു കാമുകനുണ്ടെങ്കിൽ നിശ്ചയമായും അവളുടെ വട്ടക്കണ്ണുകൾ അയാളുടെ ദൃഷ്ടിയിൽ നീണ്ട നീലനയനങ്ങളായിരിക്കും. ആ നയനങ്ങളിൽ മറഞ്ഞുകിടക്കുന്ന ഒരു വലിയ പ്രേമസാമ്രാജ്യവും അയാൾക്കു് കാണാൻകഴിയും. ആ പതിഞ്ഞ മൂക്കു് മനോഹരമായ എള്ളിൻപൂവിനെ വെല്ലുന്നതായും അവളുടെ കറുത്ത വൃത്തിഹീനമായ കവിൾത്തടങ്ങൾ, വികസിച്ചുവരുന്ന ചുവന്നറോസാപ്പൂവിന്റെ ദളങ്ങളേക്കാളും മനോഹരമായും അയാൾക്കു തോന്നും അവിടെ ഇല്ലെങ്കിൽതന്നെ പുഞ്ചിരിച്ചുകൊണ്ടിരിക്കുന്ന കൊച്ചു തണക്കഴികളും അയാൾ കാണും അവളുടെ കറുത്ത ചുണ്ടുകളും ബിംബാധരമായിട്ടേ അയാൾക്കു തോന്നുകയുള്ളൂ. അയാളുടെ ദൃഷ്ടിയിൽ ചുരുക്കത്തിൽ അവളൊരു മിസ് യൂണിവേഴ്സ് തന്നെ ആയിരിക്കും. ഇതിൽ നിന്നും ഒരു യുവതി സുന്ദരിയായി ജീവിക്കണമെങ്കിൽ അവളൊരു കാമുകി തന്നെ ആകണമെന്നു് ഞാൻ വിവക്ഷിക്കുന്നതായി കരുതണമെന്നില്ല. ഒരു മിസ് യൂണിവേഴ്സ് മത്സരത്തിൽ പങ്കെടുക്കണമെന്നും നിർബന്ധമില്ല.

പക്ഷേ ഇങ്ങനെ സ്വന്തം സൗന്ദര്യമില്ലായ്മയെക്കുറിച്ചു ധ്യാനിച്ചു ഉറക്കമില്ലാതെ, കരംകൊണ്ടു കവിൾത്തടത്തിൽ—നിരാശരായി കഴിയുന്ന സഹോദരികളോടു എനിയ്ക്കൊന്നും പറയാനുണ്ടു്. അതും സ്നേഹിക്കുകയില്ലെന്നു, താൻ വിരൂപയാണെന്നുള്ള അനാവശ്യവിചാരങ്ങളും ഒരിക്കലും ഒരു വനിതയുടെ ഹൃദയത്തിൽ കടന്നുകൂടുവാൻ ഇടംകൊടുക്കരുതു് എന്നു്. എതു വിരൂപയെങ്കിലുമായിക്കൊള്ളട്ടെ—ഒരിക്കലും ഒരു വനിത എല്ലാവരുടേയും മുമ്പിൽ വിരൂപയായി വിചാരിക്കപ്പെടുന്നില്ല. വിരൂപകളെന്നു് വിധിച്ചു മനസ്സു് പുണ്ണാക്കുന്ന യുവതികളും— ഡ്രെസ്സിംഗ് ടേബിളിന്റെ മുമ്പിൽ നിന്നു് നെടുനിശ്വാസങ്ങളുതിർത്തു് കടുംനിരാശയ്ക്കടിമപ്പെടുന്ന സഹോദരികളും ഇനിയെങ്കിലും ആ സ്വഭാവത്തെ ഉപേക്ഷിക്കുക ഒരുകാര്യം വിശ്വസിച്ചാൽ മതി. 'ഒരു സ്ത്രീയും വിരൂപയല്ല—അവരും ഒരു വ്യക്തിയുടെ മുമ്പിൽ വൈരൂപ്യത്തിന്റെ മൂർത്തീകരണമായി തോന്നുവെങ്കിൽ മറ്റൊരു വ്യക്തിയുടെ മുമ്പിൽ ഒരു സുന്ദരിയായിട്ടായിരിക്കുമെന്നതാകുന്നു. ഇനിയെങ്കിലും ഉല്ലാസവതികളായി ജീവിതത്തെ അഭിമുഖീകരിക്കുക.

.....



കഴിഞ്ഞ തവണത്തെ ചോദ്യങ്ങളുടെ ഉത്തരങ്ങളും ഈയാഴ്ച പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ശരി ഉത്തരം അയച്ചവരുടെ പേരു തിരുത്തിയും കാണും. ചിലർ കുറച്ചുചോദ്യങ്ങളും അയച്ചുതന്നിട്ടുണ്ട്. ആ ചോദ്യങ്ങളും ഈയാഴ്ച പ്രസിദ്ധീകരിക്കുന്നു. ഈ ചോദിച്ചിരിക്കുന്ന കുട്ടുകാർക്കു തക്ക ഉത്തരം കൊടുക്കേണ്ടതു നിങ്ങളാണ്. കാണട്ടേ മുണ.

നാളെ തിരുവനന്തപുരത്തു ഒരു വിശേഷം നടക്കുന്നുണ്ട്. എന്താണെന്നറിയാമോ? അതിന്റെ പേരാണ് തിരുവനന്തപുരത്തു ആറാട്ട്. ഈ അടുത്തകാലത്തെങ്ങും ചേച്ചി കാണാൻ പോയിട്ടില്ല. പോകണമെന്നഗ്രഹമില്ലാഞ്ഞിട്ടല്ലാ. കൊണ്ടുപോകാൻ ആരും ഇല്ലാത്തതു കൊണ്ടാണ്. എങ്കിലും അന്നു ഉച്ചതിരിഞ്ഞു ഒരു കുഴപ്പതന്നെയാണ്. ചേച്ചിയുടെ വീട്ടിന്റെ മുമ്പിൽക്കൂടി പോകുന്ന കാറുകളുടെ എണ്ണം അന്നത്തെ ആഴ്ച അറിയിച്ചുതരാം. ഉച്ചതിരിഞ്ഞാൽ രാത്രി ഒൻപതുമണിവരെ റോഡിൽ ഒരു ബഹളം തന്നെയാണ്. നിങ്ങളുടെ പ്രായത്തിലുള്ള പലതരത്തിലെ കുട്ടുകാരെ കാണാൻ സാധിക്കും. വയസ്സന്മാരും വല്യവരും ചേച്ചിയുടെ വീട്ടിൽ ഇരുന്നു അവരെയെല്ലാം കാണാം. നിങ്ങളിൽ പലരും ഈ ആറാട്ടു കണ്ടുകാണുകില്ലായിരിക്കും. പണ്ടത്തെപോലെയാണെങ്കിൽ ഇപ്പോഴും ചേച്ചി ഓർമ്മിക്കുന്നുണ്ട്. ആ കുതിരകളേയും, ആനകളേയും, പട്ടാളക്കാരെയും എല്ലാം. ഒരു തവണ ഒരു കുതിര പിണങ്ങി ഒരു പട്ടാളക്കാരനെ തള്ളി തറയിലിട്ടതു് ചേച്ചിയുടെ മുമ്പിൽവച്ചായിരുന്നു. അങ്ങനെ പലതും കാണാൻ സാധിക്കും. ചേച്ചിക്കു ഇത്തവണ പോയാൽ കൊള്ളാമെന്നുണ്ട്. പോകുകയാണെങ്കിൽ നിങ്ങളിൽ ആരെയെങ്കിലും ചേച്ചി കണ്ടുപിടിക്കും.

തിരുവനന്തപുരത്തെ വിദ്യാർത്ഥിപ്രക്ഷോഭണത്തെപ്പറ്റി നിങ്ങളും കേട്ടിരിക്കുമല്ലോ. പല സ്ഥലങ്ങളിലും നടക്കുന്നതായി പത്രങ്ങളിൽ വായിക്കുന്നുണ്ട്. കാളേജിലെല്ലാം കൂട്ടികളേക്കാളും അധികം പോലീസ്സാണെന്നു പറയുന്നു. കാലം പോയ പോക്കു നോക്കണേ! പഠിപ്പിക്കുന്നതും പോലീസുകാരായില്ലെങ്കിൽ കൊള്ളാമായിരുന്നു.

ഇങ്ങനെ എഴുതാൻ തുടങ്ങിയാൽ എഴുതാനേ സ്ഥലം കാണുകയുള്ളൂ. ബാക്കി അടുത്തയാഴ്ച എഴുതാം. എല്ലാവർക്കും സുഖംതന്നെന്നു വിശ്വസിക്കുന്നു.

സ്നേഹപൂർവ്വം
നിങ്ങളുടെ ചേച്ചി

കഴിഞ്ഞ ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1. നാലു സംഖ്യകൾ—8, 12, 5, 20.
2. 1x1=1; 1+1=2.
3. ക്ലാക്കു നന്നാക്കാനുള്ള സമയമായി. പോട്ടക്ലാക്കേ അങ്ങനെ അടിക്കുകയുള്ളൂ.
4. പത്തുവിനെ മാത്രമേ കെട്ടിയിട്ടുള്ളൂ. എണ്ണം കെട്ടിനിർത്തിയിട്ടില്ല.
5. വൃക്ഷത്തിന്റെ പേരു വർഷം എന്നാണ്.
   12 ശാഖ—12 മാസങ്ങളും, 30 ഇല—30 ദിവസം.
   15 കറുപ്പു 15 വെളുപ്പു—കറുത്തവാവും, വെളുത്തവാവും.

തിരുത്തരം അയച്ചവർ

തിരുത്തരം ആരും അയച്ചിട്ടില്ല. മൂന്നാമത്തെ ഉത്തരം ഒഴിച്ചു ബാക്കിയെല്ലാം തിരിയായിട്ടുള്ളവരുടെ പേരുകളും താഴെ ചേർക്കുന്നു.

ജി. രാധാകൃഷ്ണൻനായർ കൊട്ടാരക്കര, സുവർണ്ണകുമാരി കൊല്ലം, കെ. ഉമാദേവി ചിറയിൻകീഴ്, ശ്രീമതിഅമ്മ ജഗതി, വി. ആർ. സുപ്രഭാഷ് ആലപ്പുഴ, പി. എൻ. രാജേന്ദ്രപ്രസാദ്, കെ. എസ്, ശാന്തകുമാരി വയലൻകഴി, എസ്. മാലതിഅമ്മ നെടുമങ്ങാട്, എം. സാഹിദ് ബാലരാമപുരം, എം. ആർ. തമ്പാൻ, കെ. എൻ. പൊന്നമ്മ മയ്യനാട്, കെ. രമണി പ്രാക്കുളം, എം ദേവമ്മ പ്രാക്കുളം, എൽ. സരസ്വതിഭായി പെരിനാട്, കെ. രാജലക്ഷ്മിഅമ്മ പ്രാക്കുളം.

ഈയാഴ്ചയിലെ ചോദ്യങ്ങൾ

1 ബാല്യത്തിൽ രണ്ടു കൊമ്പ് വാർദ്ധക്യത്തിൽ കൊമ്പില്ല. ഉത്തരം പറയാമോ? ചോദ്യമല്ല കടംകഥയാണ്.

(ചോദ്യകർത്താവു് കെ വി. സുരേന്ദ്രൻ കടയ്ക്കൽ)

2. കുറെ മിഠായി കുട്ടികൾക്കായി വീതിച്ചു. ഉണ്ടായിരുന്നതിൽ പകുതിയും ഒന്നുകൂട്ടരും ഒന്നാമനു കൊടുത്തു. ശേഷിച്ചതിൽ പകുതിയും ഒന്നുകൂട്ടരും രണ്ടാമനുകൊടുത്തു. അതിൽ ശേഷിച്ച പകുതിയും ഒന്നുകൂട്ടരും മൂന്നാമനുകൊടുത്തു. ആകെ മിഠായി എത്ര?

(ചോദ്യകർത്താവു് 13 വയസ്സ് പ്രായവും ഫിഫ്ത്ത്ഫാറം വിദ്യാർത്ഥിയും ചെങ്ങന്നൂർ ഉഴത്തിൽവീട്ടിൽ താമസക്കാരിയായ ശ്രീമതി മറിയാമ്മയുടെ രക്ഷാകർതൃത്വത്തിൽ ഇരിക്കുന്നതുമായ പി. സി. ജാജ്ജാണ്)

3. ഞാനും, സഹോദരിയും, പ്രവർത്തയാനും, ഭാര്യയുംകൂടി ഒരു യാത്രപുറപ്പെട്ടു. കയ്യിൽ മൂന്നു വെറോലിയുണ്ട്. എല്ലാവർക്കും മുറുക്കുകയും വേണം. ഓരോരുത്തരും ഓരോ വെറോല എടുത്തു മുറുക്കിത്തുടങ്ങി. വെറോല മുറിച്ചതുമില്ല. എങ്ങനെ മുറുക്കി.

4. ശതാശതം ക്രൂടിയ ഒരു റോഡിൽവച്ചു ഒരു ബസ്സിനു കേടുവന്നു. പെട്ടെന്നു എന്തുചെയ്യണം

(ചോദ്യം സ്വന്തമല്ല. ചങ്ങനാശേരിയിൽ കുരിശു മൂട് ഭാഗത്തിൽ മംഗലത്തുവീട്ടിൽ താമസക്കാരനായ എം. വിശ്വംഭരനാണ് ചോദ്യകർത്താവു്. ടിയാന്റെ നമ്പർ 1862 ആണ്)

വി. ഉണ്ണി, വി. ഒമ്പല, കൊതുമുക്ക്. ഫോട്ടോ കിട്ടി. ഹാ! എന്തു നന്നായിരിക്കുന്നു. എന്താണ് മുഖത്തിനല്പം ഗൗരവം. ലൈലയുടെ തലയിൽ വച്ചിരിക്കുന്ന പൂവിന്റെ മണം നന്നായിരിക്കുന്നു.

എസ്. വെങ്കിടകൃഷ്ണൻ, കാരമന. ചേച്ചി മറന്നിട്ടില്ലാ മറക്കുകയുമില്ല. എത്ര എഴുത്താണ് അയച്ചെന്നു പറയുന്നതു്. അൻപതോ. വാരികയും പത്രാധിപക്കു എഴുതിനോക്കു. അൻപതിൽ ഒരെണ്ണമെങ്കിലും ചേച്ചിയുടെ മേൽവിലാസത്തിലായിരുന്നോ?

കെ. എസ്. ശാന്തകുമാരി, വയലൻകഴി വക്കാലത്തു് ആർക്കാണ് കൊടുക്കാൻ പോകുന്നതു്. അതറിഞ്ഞിട്ടുവേണം എന്തും ചെയ്യാൻ. എഴുത്തു അടുത്തു തന്നെ കിടന്നിട്ടു പേടിയാകുന്നു തലയ്ക്കുനല്ല 'ലവലി'ല്ലെന്നും എഴുതിക്കാണുന്നു. എഴുത്തുകണ്ടപ്പോൾ ചേച്ചിക്കു ചിരിയും ദേഷ്യവുമല്ലാവന്നതു്. ഒരു ചെറുപയ്യനേപേടിയാണ്. അടുത്തായിരുന്നെങ്കിൽ ചേച്ചിയെ പിച്ചിക്കൊന്നു കളയുമായിരുന്നല്ലോ? അമ്മ അടിച്ചു ദേഷ്യമായിരുന്നല്ലേ? ചേച്ചിയുടെമേൽ ചോദിച്ചതു്.

രാധാകൃഷ്ണൻ, വഞ്ചിയൂർ. കഴിഞ്ഞ ആഴ്ചയിൽ രാധാകൃഷ്ണന്റെ കാര്യമാണ് ചേച്ചി എഴുതിയിരുന്നതു്. എഴുതി അച്ചടിച്ചു വന്നതു് വായിച്ചപ്പോഴാണ് പേന ഗോപാലകൃഷ്ണനാണ് അതെഴു

എഴുതിയതു് മനസ്സിലായതു്. ക്ഷമിക്കുമല്ലോ. ഇത്തവണത്തെ ചോദ്യങ്ങൾക്കു ശരിയായ ഉത്തരം അയക്കണം. ചേട്ടനോടും പറഞ്ഞേക്കണം.

ഈ ലക്കം ചായിലെ അംഗങ്ങൾ

2683 എസ്. രാജലക്ഷ്മി കുറിപ്പുഴ, 84 കുമാരിവിജയം കുറിപ്പുഴ, 85 എ. കെ. പങ്കജം വയ്യാമൂല, 86 സി കെ. രാജഗോപാൻ വയ്യാമൂല, 87 എം. രാമചന്ദ്രവാര്യർ വാമനപുരം, 88 ററി. ബി. വിശ്വനാഥ് കൊമ്മാടി, 89 പി. എസ്. നാരായണൻകുത്താ ഇടപ്പള്ളി. 2690 കെ. കെ. ജോസഫ് കടുത്തുരുത്തി, 91 ററി. ഡി. പത്മനാഭൻ ചേർത്തല, 92 കെ വാസു മൂവാറ്റുപുഴ, 93 ററി. കെ. നടേശൻ മൂവാറ്റുപുഴ, 94 വി. നാരായണരാജ, ഇടപ്പള്ളി, 95 എ ഉളുസീദാസ് ഏലൂർ, 96 കൃഷ്ണപ്രസാദ് ഏലൂർ, 97 പി. ജി. സരസ്വതി മൺറോത്തുരുത്തു്, 98 സി. ജി സുശീതൻ ചാവർകോട്ടു്, 99 കൃഷ്ണകുമാരി ചങ്ങനാശേരി, 2700 കെ എൻ. വിജയൻ വൈക്കം.

(ഇനിയും പത്തൻപതുപേരുടെ ക്യൂപ്പൺ ഇരിപ്പുണ്ടു്. അടുത്തയാഴ്ച അവരെ അംഗങ്ങളാക്കുന്നുണ്ടു്. കാർഡു അടിച്ചുകിട്ടാഞ്ഞതുകൊണ്ടാണു് ഇത്തവണ കുറച്ചുപേരെമാത്രം അംഗമാക്കിയതു്. കാർഡുകൾ താമസിയാതെ അയയ്ക്കുന്നുണ്ടു്. ചേച്ചി)

ചെറുകഥ

കുട്ടികാരൻ

[കെ മാധവൻനായർ നമ്പർ 2877]

ഇരുട്ടു ക്രമേണ ആ പട്ടണത്തിൽ വ്യാപിച്ചുകൊണ്ടിരുന്നു. ഒരു തണുത്ത കാററു് മെല്ലെ പടിഞ്ഞാറുനിന്നും വീശി. അതിനെ തുടർന്നു് ഒരു ചാറൽ മഴയും. നാട്ടുവർത്തമാനങ്ങളിൽ മുഴുകി ഞാനും സ്നേഹിതനും ആ ചായപ്പീടികയുടെ തിണ്ണയിൽ ചാരിയിരുന്നു.

അങ്ങകലെ പ്രകാശിച്ചുനിൽക്കുന്ന വൈദ്യുതദീപത്തിന്റെ കീഴിൽ ചില രൂപങ്ങൾ നീങ്ങിക്കൊണ്ടിരുന്നതു് അവരെ ഞങ്ങൾക്കു് വ്യക്തമായി ക്കാണുവാൻ കഴിഞ്ഞില്ല. ഒരുപക്ഷേ, വല്ല തെണ്ടിപ്പിള്ളേരും ക്ലാസിക്കുവേണ്ടി കടിപിടി കൂട്ടുകയായിരിക്കാം എന്നു ഞങ്ങൾ വിചാരിച്ചു.

ആ പട്ടണത്തിൽ നിന്നും പത്തു പന്ത്രണ്ടുമൈൽ അകലെയുള്ള ഒരു ഗ്രാമത്തിലാണു് ഞങ്ങൾക്കെത്തേണ്ടതു്. അവസാനബസ്സും പൊയ്പോയതിനാൽ ആ രാത്രിമുഴുവൻ കടത്തിണ്ണയിൽ കഴിഞ്ഞുകൂടാമെന്നുറച്ചു. നടന്നുപോകാമെന്നു വച്ചാൽ കുറാക്കുറേദൂരം—അതോടൊപ്പം ചാറൽ മഴയും!! മഴതുടങ്ങിയാൽ വണ്ടികളെല്ലാം നനഞ്ഞിരുന്നതിനാൽ നിശ്ചയിച്ചതിനെതിരെ ബാധിച്ചിരുന്നില്ല.

ഭയാനകമായ ആ രാത്രി ഇഴഞ്ഞിഴഞ്ഞു നീങ്ങിക്കൊണ്ടിരുന്നു. രാത്രി പന്ത്രണ്ടുമണിയായിക്കാണും ആ പട്ടണത്തിലെങ്ങു നിന്നോ ഒരു ദീനരോദനം! അതെവിടെനിന്നാണെന്നായതെന്നറിയാൻ ഞങ്ങൾക്കു ജിജ്ഞാസയുണ്ടായി. ആ ശബ്ദമുണ്ടായ ദിക്കിനെ ലക്ഷ്യമാക്കി ഞങ്ങൾ നടന്നു. കുറച്ചു ദൂരമായി ഒരു ആർത്തരൂപം ചലിയ്ക്കുന്നുണ്ടായിരുന്നു. ഏതോ സഹിയ്ക്കാൻ വഹിയാത്ത വേദനയുടെ ഫലമായിട്ടാണെന്നു ഞങ്ങൾക്കു തോന്നി. ഞങ്ങൾ രണ്ടാളും അടുത്തു ചെന്നു.

അയാൾ ഞങ്ങളെ സൂക്ഷിച്ചുനോക്കി. ആ നോട്ടത്തിൽ അയാളുടെ ചില ആശകളും, അഭ്യർത്ഥനകളും, ഞങ്ങളെ കണ്ടുമുട്ടിയതിലുള്ള സന്തോഷവും എല്ലാം അന്തർലയിച്ചിരുന്നതായി ഞങ്ങൾക്കു തോന്നി. ഒരു ദീർഘനിശ്വാസത്തോടെ ഞങ്ങളെകണ്ടയുടനെ അയാൾ എഴുന്നേററു് ഇരുന്നു.

കുറേനേരത്തേയ്ക്കു് ഒരു വലിയ നിശ്ശബ്ദത അവിടെ വ്യാപിച്ചു. ആ അപരിചിതനാണു് വീണ്ടും മൗനംഭേദിച്ചതു്.

അയാൾ സാവധാനം സംസാരിക്കാൻ ആരംഭിച്ചു:—

"വേദനയുടെ കാഠിന്യത്തിൽ ഞാൻ അറിയാതെ കരഞ്ഞുപോയി. അഞ്ചാറുകൊല്ലമായി ഞാൻ ഈ വേദനസഹിക്കുന്നവനാണു്. ജീവിതത്തിലെ ആശകളെല്ലാം അസ്തമിച്ചിരിക്കുകയാണു്. ഇനി ഒരു പോംവഴിയേ ഉള്ളു—മരണം!! അതിനെയാണു് ഞാൻ പ്രതീക്ഷിക്കുന്നതു്." ഇതുപറയുമ്പോൾ അയാൾ ബദ്ധപ്പെട്ട പറഞ്ഞുനിർത്തി. വേദനയുടെ കാഠിന്യത്തിൽ അയാൾ പിടയുന്നുണ്ടായിരുന്നു.

"നിങ്ങളുടെ വീടെവിടെയാ? ഇവിടെ എങ്ങിനെ എത്തിച്ചേർന്നു?" സ്നേഹിതൻ അത്യാകാംക്ഷയോടെ ചോദിച്ചു.

അയാൾ വളരെ ബദ്ധപ്പെട്ട പറഞ്ഞു "സമ്പത്തിലും, അധികാരത്തിലും എന്റെ കുടുംബം അത്യുന്നത നിലയിലായിരുന്നു. ഒട്ടുവളരെ പണം എന്റെ രോഗത്തിനുവേണ്ടി ചെലവഴിച്ചു. മരുന്നാഭരണങ്ങൾ, ഡോക്ടറന്മാർക്കും കൊടുത്തു് വീട്ടിലെ പണം മുഴുവൻ നശിച്ചു. അങ്ങിനെ ഞാൻ വെറും ഒരു പാപ്പരായിത്തീർന്നു. രോഗത്തിൻറെ വേദനയിൽനിന്നും അല്പസമയത്തേയ്ക്കുകിലും വിമുക്തി നേടാൻവേണ്ടി ഞാൻ മദ്യപിച്ചുതുടങ്ങി. അങ്ങിനെ ഞാൻ ഒരു പൂത്തനായി."

"വീട്ടിൽ മാതാപിതാക്കന്മാരില്ലേ? അവരോടുകൂടി താമസിക്കുന്നതോ?" സ്നേഹിതൻ ഇടയ്ക്കുകയറി ചോദിച്ചു.

"നില്ക്കുണം സ്നേഹിതാ, ധൃതിപ്പെടരുതു്. എല്ലാം ഞാൻ വിസ്തരിച്ചുപറയാം. എന്റെ ജീവചരിത്രം—അതേ, അതു ഞാൻ മുഴുക്കിപ്പറയാം. അതു മറെറാരാളോടു പറഞ്ഞാൽമാത്രമേ എനിക്കു സംതൃപ്തി വരൂ" അയാൾ പറഞ്ഞു.

ഞങ്ങൾ രണ്ടാളും കുറച്ചുകൂടി അയാളോടു അടുത്തിരുന്നു. അയാൾ കഥപറയാൻതുടങ്ങി.

"എനിക്കിപ്പോൾ വീടൊന്നുമില്ല. ഒരുകാലത്തെനിക്കൊരു വീടുണ്ടായിരുന്നു. പക്ഷേ, എന്റെ ധൂർത്തിന്റെഫലമായി ആ വീടും ഫലഭൂയിഷ്ഠമായ പറമ്പും വിറുതിന്നു നീചനാണു ഞാൻ. ഞാൻ ആവശ്യപ്പെട്ടപ്പോഴെല്ലാം എനിക്കു പണം തന്നിരുന്നതുകൊണ്ടു് എനിക്കു് 'മുടിഞ്ഞായ്മ' എന്നതു അറിയേണ്ടിവന്നില്ല. അങ്ങിനെ മാതാപിതാക്കളെ പിരിഞ്ഞു മാങ്ങിയ പണം ഞാൻ മദ്യശാപ്പകളിലും, മാറും കൊടുത്തു. എന്റെ അഭ്യുദയം സാധിച്ചുവന്ന പാവം, മാതാപിതാക്കൾ! അവർ ഇതുവല്ലതും അറിയുമോ? ഞാൻ അന്നു് ബി എ യ്ക്കു പഠിക്കുകയായിരുന്ന എല്ലാ മാതാപിതാക്കളേപ്പോലെ എന്റെ മാതാപിതാക്കന്മാരിലും ഒരാഗ്രഹം നിഴലിച്ചിരുന്നു. വേറൊന്നുമല്ല, മകൻ ഒരുദ്യോഗസ്ഥനായിക്കാണണമെന്നആഗ്രഹം. പക്ഷേ, അധികം താമസിയാതെ ഞാൻ കോളേജിൽനിന്നും ഡിസ്ക്വാളിഫൈ ചെയ്തു. എന്റെ സ്വഭാവം നല്ലതല്ലെന്നും, കോളേജിൽ ഫീസടച്ചിട്ടില്ലെന്നും ഇതുരണ്ടുമാണു് എന്റെ മേൽ അവരന്നായിച്ച കുറ്റങ്ങൾ. വാസ്തവത്തിൽ ഞാൻ കോളേജിൽ ഫീസടച്ചിരുന്നില്ല. ആ പണംകൂടി ഞാൻ മദ്യശാപ്പകളിൽ ചെലവാക്കി. ശത്യന്തരമില്ലാതെ ഞാൻ പല പണികളും ചുററിക്കറങ്ങി—ഒരു ജോലിയ്ക്കുവേണ്ടി. പക്ഷേ, ജോലിയൊന്നും കിട്ടിയില്ല. അങ്ങിനെ ചുററിക്കറങ്ങിയാണു് ഇന്നു് ഞാനിവിടെയെത്തിയിരിക്കുന്നതു്," അയാൾ കഥ പറഞ്ഞുനിർത്തി.

അങ്ങകലെ റോഡുവക്കത്തുള്ള പുന്നമരത്തിലിരുന്ന ഒരു പൂവൻകോഴി കൂകിവിളിച്ചു "കൊക്കരേക്കോ" അതേ—പ്രഭാതമായി എന്നറിയിക്കുന്ന താക്കോൽ കൊടുക്കേണ്ടുന്ന ഒരലാറാം. ഞങ്ങൾ അയാളോടു യാത്രപറഞ്ഞു് ഞങ്ങളുടെ വഴിക്കുതിരിച്ചു.



യൂണിവേഴ്സിറ്റി വോളീബാളും അകപ്പാറിക്കു സമിതിയും

[ശ്യാമകൃഷ്ണൻ]

നമ്മുടെ വോളീബാൾ പ്രേമികളെ മുഴുവൻ യൂണിവേഴ്സിറ്റി വോളീബാൾ കോർട്ടിലേക്കാകർഷിക്കുകയും പ്രേക്ഷകർക്ക് വോളീബാൾ കളിയുടെ ക്രീം നിർല്ലോഭം പകർന്നുകൊടുക്കുകയും ചെയ്ത പുരണിയമായ ഒരു സംഭവമായിരുന്നു ദക്ഷിണമേഖല ഇൻറർ യൂണിവേഴ്സിറ്റി വോളീബാൾ മത്സരത്തിലെ മദിരാശി-തിരുവിതാംകൂർ സംഘട്ടനം. എതിരാളികളുടെ ബലവും ദൌർബ്ബല്യവും കണ്ടുപിടിക്കാനും മനസ്സിലാക്കാനുമൊന്നും അറച്ചു നിൽക്കാതെ തുടക്കത്തെ സർവ്വീസിനു തന്നെ തിരുവിതാംകൂർ റ്റീം അക്രമാസക്തിയോടെ കളിആരംഭിച്ച പ്രതിയോഗികളെ വിസ്മയഭരിതരാക്കി. ആ നയതന്ത്രം വിലപിടിച്ച ഉത്തിഷ്യേറ്റീവു കരസ്ഥമാക്കാൻ തിരുവിതാംകൂർ റ്റീമിനെ വളരെ സഹായിച്ചു. വിസ്മയത്തിൽ നിന്നുണരുന്നതിനു മുൻപ് തിരുവിതാംകൂർ റ്റീം ഭേദമായ ഒരു ലീഡിലവാരത്തിലെത്തി ക്കഴിഞ്ഞിരുന്നു. മദിരാശി റ്റീം ആ സാഹചര്യങ്ങളിലും ആത്മവിശ്വാസം കൈവിടാതെ പരസ്പരധാരണയോടെ ഓരോ പോയിൻറിനും വേണ്ടി പോരാടി പക്ഷേ ബുദ്ധിപൂർവ്വമല്ലാത്ത കാൽവയ്പു മദ്ധ്യാശത്തു നിന്നു ഉണ്ടായില്ല. സർവ്വീസുകളും വിഫലമായപ്പോൾ 'കട്ടുകൾ' ഉയിർത്തെഴുനൽക്കുവാൻ വിസമ്മതിച്ചു. മദിരാശി 10 പോയിൻറ് എടുത്തപ്പോൾ തിരുവിതാംകൂർ റ്റീം ആദ്യത്തെ ഗെയിം കരസ്ഥമാക്കി. പ്രതീക്ഷിക്കാവിപരീതമായിരുന്ന രണ്ടാമത്തെ ഗെയിം. തിരുവിതാംകൂർ സർവകലാശാലാപ്രതിനിധികളും വയോജന വിദ്യാഭ്യാസകേന്ദ്രത്തിലെ മുത്തശ്ശന്മാരെപ്പോലെ നിർജ്ജീവമായി കളിച്ചു. കണ്ടെഴുതി പരീക്ഷപാസ്സാകുന്നതുപോലെ വലിയ ക്ലേശങ്ങളും ക്രൂരതയും വാശിയോടുകൂടി കളിച്ച മദിരാശി രണ്ടാമത്തെ ഗെയിം സ്വായത്തമാക്കി. സംഭ്രമജനകവും സംഭവബഹുലവുമായ ഒരു ശ്രുതിയിൽ നിഷ്ണായകമായ മൂന്നാമത്തെ ഗെയിം ആരംഭിച്ചു. ഉഗ്രമായ ആ സംഘട്ടനം ക്രൂരതൽ ക്രൂരതൽ കണക്കിക്കാളിയതല്ലാതെ പുകഞ്ഞടങ്ങിയില്ല. കളിയുടെ എല്ലാ ഘടകങ്ങളിലും തിരുവിതാംകൂർ റ്റീം മദിരാശിയെ നിഷ്പ്രഭമാക്കി കേവലം 5 പോയിൻറുകൾ മാത്രം നൽകി ഗെയിം കരസ്ഥമാക്കി. തികച്ചും അഭിമാനിക്കാവുന്ന തിരുവിതാംകൂർ സർവകലാശാലാ റ്റീമിൻറെ വിജയത്തിൽ അവരെ അനുമോദിക്കുന്നതോടൊപ്പം വിജയലഹരിയിൽ ചെയ്ത തീക്കേണ്ട ഭാരിച്ചുജോലികൾ വിസ്മരിക്കരുതെന്നുകൂടി ഓർമ്മിപ്പിച്ചുകൊള്ളുന്നു.

* * *

ആസ്ട്രേലിയൻ ടെസ്റ്റ് ക്യാപ്റ്റൻ ഏ. എൽ. ഹാസാറ് 'ഫസ്റ്റ് ക്ലാസ്സ്' ക്രിക്കറ്റിൽ നിന്നും വിരമിച്ചിരിക്കുന്നതായി പ്രഖ്യാപിച്ചിരിക്കുന്നു. ലോക വിശ്രുതനായ ബ്രാഡുമാൻറെ അനന്തരാവകാശിയായി ക്രിക്കറ്റ് മണ്ഡലത്തിൽ വിരാജിച്ച ഹാസാറ് 24 ടെസ്റ്റ് മത്സരങ്ങളിൽ ആസ്ട്രേലിയൻ റ്റീമിനെ നയിച്ചിട്ടുണ്ട്. 1938 നു ശേഷം ആകെ 43 ടെസ്റ്റുകളിൽ ഹാസാറ് പങ്കെടുത്തിട്ടുള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു. 63 ടെസ്റ്റ് ഇന്നിങ്ങ്സുകളിലായി 3073 റൺസുകരസ്ഥമാക്കിയിട്ടുള്ള ഹാസ്സാറിൻറെ ഏറ്റവും വലിയ സ്കോർ ഭാരതത്തിനെതിരായി അഡലൈഡിൽ വച്ചു 1947-48 ൽ വിക്കറ്റ് നഷ്ടപ്പെടാതെ എടുക്കപ്പെട്ട 198 റൺസ് ആണ്.

* * * *

കാൺപൂരിൽവച്ചു ഏറ്റവും വിപുലമായ തോതിൽ നടത്തപ്പെട്ട ആറാം ഇൻറർ കമാൻറ് സ്പോർട്സിലെ ചമ്പ്യൻഷിപ്പ് ഏയർ ഹെഡ്കപ്പാർട്ടേഴ്സു കരസ്ഥമാക്കിയിരിക്കുന്നു. പൈലറ്റ് ആഫീസർ ഒറൈല്ലൊ ഏറ്റവും നല്ല അത്ലെറ്റിനുള്ള സമ്മാനം നേടുകയുണ്ടായി

* * *

ചരിത്രം സൃഷ്ടിച്ച ലെക്നൗവിലെ വിദ്യാർത്ഥി ലഹളകാരണം റദ്ദ്ചെയ്യപ്പെട്ട രജതജൂബിലി കാമൺവെൽത്ത് റ്റീമും ഇൻഡ്യൻ ടീമും തമ്മിലുള്ള പ്രഥമടെസ്റ്റിനു പകരം പ്രസ്തുത ടെസ്റ്റ് പരമ്പരയിലെ മൂന്നാംടെസ്റ്റുമത്സരം ലക്നൗയിൽ വച്ചു നടത്താൻ സാദ്ധ്യതകളുള്ളതായി പ്രസ്താവിക്കപ്പെട്ടുന്നു.

പ്രഥമ ടെസ്റ്റിനു നിശ്ചയിക്കപ്പെട്ടിരുന്ന ഡൽഹിടെസ്റ്റ് നവമ്പർ 19-ാം തീയതി ആരംഭിക്കുന്നതാണ്.

* * * *

ധനപരമായ വൈഷമ്യങ്ങൾ കാരണം വാൻകൂവറിലെ കാമൺവെൽത്തുശയിംസിൽ ഭാരതത്തിനു പങ്കെടുക്കുക സാദ്ധ്യമല്ലെന്നു ഇൻഡ്യൻ ഒളിമ്പിക്സ് അസോസിയേഷൻ വിധി പ്രസ്താവിച്ചിരിക്കുന്നു.

* * * *

ഇന്ത്യ—ബെൽജിയം ഡേവിസ്സ് കപ്പു ടെന്നീസ്സ് മൽസരം മദ്രാസിൽ ഡിസംബർ 3-ാംതീയതി ആരംഭിക്കുന്നതാണ്.

റംഗൂണിലെ കപ്രാഡ്രാങ്കുലർ ഫുട്ട്ബാൾ മത്സരത്തിൽ ഇൻഡ്യൻ കരസ്ഥമാക്കിയ "കൊളംബൊ കപ്പ്" ഒരു ഗോളുമടിക്കാതെ ഡംഡം വിമാനത്താവളത്തിലെ കസ്റ്റംസ്സ് അധികാരികളും കരസ്ഥമാക്കിയിരിക്കുന്നു. കപ്പു ഇറക്കുമതി ചെയ്യാൻ പെർമിറ്റില്ലാതിരുന്നതാണത്രേ കാരണം

* * * *

ലെഫ്റ്റനൻറ് കേണൽ ഗോഖലെയുടെ അദ്ധ്യക്ഷതയിൽ രൂപീകൃതമായിട്ടുള്ള തിരുവിതാംകൂർ-കൊച്ചി അകപ്പാറിക്കു സമിതിയുടെ നിയമാവലി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ജലവ്യായാമങ്ങളും മത്സരങ്ങളും പ്രോത്സാഹിപ്പിക്കുക, നിയന്ത്രിക്കുക, ആധുനിക നീന്തൽ തടാകങ്ങളും നിർമ്മിക്കുക, നീന്തൽ ടെക്നിക്കുകൾ വാട്ടർപോളോ എന്നിവയിൽ അഭിരുചി വളർത്തിയെടുക്കുന്നതിനുള്ള ശാസ്ത്രീയോപദേശവും പരിശീലനവും നൽകുക തുടങ്ങിയവയാണ് അകപ്പാറിക്കു മത്സരങ്ങൾക്കു സംസ്ഥാനത്തിനു നേതൃത്വം നൽകി നമ്മുടെ സ്പോർട്സിൻറെ അഭിവൃദ്ധിക്കും വിസ്തൃതമാക്കുക എന്നിവയാണ് പുതിയ സമിതിയുടെ സ്വാഗതാർഹങ്ങളായ ലക്ഷ്യങ്ങൾ. അസ്സോസിയേഷനും പ്രമുഖ പ്രവർത്തകന്മാരുമായ ക്യാപ്റ്റൻ ജോഷ്വവർഗ്ഗീസിനും ലെഫ്റ്റനൻറ് നാഗപ്പൻനായർക്കും പുതിയ സംരംഭത്തിൽ വിജയം ആശംസിക്കുന്നു. തിരുവനന്തപുരത്തു വർഷംതോറും ഒരു പതിവായിത്തീർന്നിട്ടുള്ള വെള്ളപ്പൊക്കത്തെ പരിഗണിച്ചു നഗരവാസികളെ നീന്തൽ അഭ്യസിപ്പിക്കുന്ന വിഷയത്തിൽ അകപ്പാറിക്കുഅസ്സോസിയേഷൻറെ സത്വരശ്രദ്ധ പതിഞ്ഞുകാണാനാഗ്രഹിക്കുന്നു.

* * *

1954-ലെ വെസ്റ്റിൻഡീസ്സു ഇംഗ്ലണ്ട് ടെസ്റ്റ് പരമ്പര ജനുവരി 14-ാംതീയതി ജമൈക്കയിലെ ലോകപ്രസിദ്ധമായ സബീന പാർക്കിൽ ആരംഭിക്കുന്നതാണ്. ഇൻഡ്യൻ ടെസ്റ്റ് റ്റീമിനെതിരായി അണിനിരന്ന സ്റ്റോൺമിയർ, വോറൽ, വൽക്കാട്ട, വീക്സ്സ്, വാലക്കർറൻ, ഗോമസ്സ്, രമാധിൻ, കിംഗ്സ്, റേ, പെറൗഡെ എന്നിവർ വെസ്റ്റിൻഡീസ് റ്റീമിലുണ്ടായിരുന്നു.

* * * *

തിരുവനന്തപുരത്തു നടന്നുവരുന്ന ദക്ഷിണമേഖല ഇൻറർ യൂണിവേഴ്സിറ്റി വോളീബാൾ മത്സരത്തിലെ പ്രഥമകപ്പാർട്ടർ ഫൈനൽസിൽ തിരുവിതാംകൂർ ടീം ആന്ധ്രാ ടീമിനെ പരാജയപ്പെടുത്തിയിരിക്കുന്നു.

.....

★ മിസ്സ് ചെറിയാന്റെ മരണം ★

ഒ. വി. ജോസഫ്

ഇതൊരു പ്രണയകഥയല്ല. ഒരു പ്രണയകഥയുടെ നിലവാരത്തിലേക്ക് എന്റെ ഈ ജീവിതകഥയെ തരംതാഴ്ത്തരുതെന്ന് എനിക്കൊരഭ്യർത്ഥനയുണ്ട്. ഞാൻ ജീവിക്കാൻ വേണ്ടി എഴുതുകയാണ്.

പത്തുകൊല്ലം മുൻപാണത്. എങ്കിലും ഓർമ്മകൾ ഇന്നും പച്ചയായിത്തന്നെ നിലകൊള്ളുന്നു. പെട്ടെന്ന് ആരംഭിച്ച് അവസാനിച്ച ഒരു കഥയല്ല അത്. പൊട്ടിത്തെറിക്കുന്ന ഓലപ്പടക്കത്തിന്റെ ഒച്ചയോ മിന്നലോ ഉണ്ടായിരുന്നില്ല അതിന്. നിശ്ശബ്ദമായി കത്തി എരിയുന്ന ഒരു മെഴുകുതിരിയുടെ പ്രശാന്തതയും പ്രഭയുമായിരുന്നു. ഉണ്ടെങ്കിലും ഇല്ലെന്നു തോന്നിക്കുന്ന മൂടൽ മഞ്ഞിനടിയിലെ ഒരു നദി.

ഞാൻ എന്റെ ഓർമ്മകളെ ലളിതമായി ഇവിടെ പകർത്താം.

എന്റെ നാട്ടിലെ ഒരു ചെറിയ കോളേജിൽ ജൂനിയർ ഇന്റർ മീഡിയറ്റ് ക്ലാസ്സിൽ ഞാൻ ആദ്യമായി ചേർന്നവർഷം. അവിടന്നാണ്. ആ കഥ ആരംഭിക്കുന്നത്. അല്ലെങ്കിൽ ഹൈസ്കൂളിൽ പഠിക്കുമ്പോഴും തന്നെ ഞാൻ ആ കഥയിലേക്ക് പ്രവേശിക്കാൻ തയ്യാറെടുത്തു കഴിഞ്ഞിരുന്നു എന്നു പറയുന്നതാവില്ലേ ശരി. ഹൈസ്കൂളിലെ ആ കാലഘട്ടം ഞാൻ ഇന്നും ഓർക്കുന്നുണ്ട്. നന്നേ ചെറുപ്പത്തിലേതന്നേ യുവാവായിക്കഴിഞ്ഞിരുന്ന ഒരു ഭാവം എന്നിലുണ്ടായിരുന്നു. എന്റെ ചുറുചുറുപ്പായിരുന്നോ അതിന് ഉത്തരവാദി. ഞാൻ സംസാരിച്ചിരുന്നതും പെരുമാറിയിരുന്നതും എല്ലാം മുതിർന്നവരോടൊപ്പമായിരുന്നു. പ്രായമാകുന്നതിനു മുൻപുതന്നെ എന്നിൽ കിനിഞ്ഞുവന്നിരുന്ന സ്നേഹം മറ്റാരാളിലേയ്ക്കും പകർത്താൻ എന്റെ ഹൃദയം വെമ്പി.

ആൺകുട്ടികളും പെൺകുട്ടികളും അടക്കം അഞ്ചാറോളം വിദ്യാർത്ഥികൾ മാത്രമുണ്ടായിരുന്ന ആ കോളേജിൽ പ്രസിദ്ധനാകുന്നതിന് യാതൊരു വിഷമവുമുണ്ടായിരുന്നില്ല. ഒന്നാന്തരം പ്രസംഗം, കുറെ സാഹിത്യരചന, ചില്ലറ രാഷ്ട്രീയം, അല്ലെങ്കിൽ കായികാഭ്യാസം ഇതൊക്കെയുണ്ടെങ്കിൽ ധാരാളമായി. കാളേജിലെ സാഹിത്യ–സാംസ്കാരിക–രാഷ്ട്രീയ രംഗങ്ങളിൽ അക്കം പിന്നെ ചക്രവർത്തിയാകാം.

ആ ചക്രവർത്തിപദമാണ് എന്നെ അവരിലേക്ക് അടുപ്പിച്ചതെന്നു്, ഞാൻ പറയണോ? അല്ലെങ്കിൻ വേണ്ട, ഒരു പക്ഷേ അതിനേക്കാളും അപ്പുറത്തുള്ള മനുഷ്യസഹജമായ മാലിക വികാരമല്ലേ ഞങ്ങളെ പരസ്പരം ബന്ധിച്ചതെന്ന് എനിക്കു തോന്നുന്നു, ആ അഴകേറുന്ന രൂപവും അലിയോലുന്ന നോട്ടവും എന്നെ സംബന്ധിച്ചിടത്തോളം കേവലം അപ്രധാന ഘടകങ്ങളായിരുന്നു. അവർ ഒരു സാധാരണ സ്ത്രീമാത്രമായിരുന്നു.

അതേ അവർ എന്റെ അദ്ധ്യാപികയായിരുന്നു. എന്നിലും പ്രായമുള്ളവർ ആയിരുന്നു. അവരുടേയും എന്റേയും വിശ്വാസങ്ങളും രണ്ടായിരുന്നു.

സത്യം പറയട്ടെ, ഒരു കൊച്ചു കുട്ടിയുടെയായ നൈർമ്മല്യത്തോടെ ക്ലാസ്സിലേക്ക് കാലെടുത്തുകുത്തിയ ആദ്യദിവസംതന്നെ ഞാൻ മിസ്സ് ചെറിയാനെ സൂക്ഷിക്കാൻ തുടങ്ങിയതാണ്. അജ്ഞാതമായ ഒരാകർഷണശക്തി എന്നെ—എന്നെ മാത്രമായി—അങ്ങോട്ട് പിടിച്ചുവലിക്കുന്നതുപോലെ തോന്നി. ആ കാന്തശക്തിയോട് എതിരിട്ട അവസരങ്ങളിലെല്ലാം ഞാൻ ഒരു തീനാളംപോലെ കത്തിജ്വലിച്ചുപോയി.

ആ ബന്ധത്തിൽ നാടകീയ സന്ദർഭങ്ങളോ കൂട്ടിമുട്ടലുകളോ അപകടങ്ങളോ ഉണ്ടായിരുന്നില്ല. എല്ലാം മൂകമായിരുന്നു. മൂകം. അവസരം കിട്ടുമ്പോൾ ഉപരിതലത്തിൽ എത്തിനോക്കാറുള്ള അടിയൊഴുക്ക് പോലെയായിരുന്നതു്. അപ്പോഴെല്ലാം ഞങ്ങൾ പരസ്പരം കൂട്ടുംബകാര്യങ്ങളെപ്പറ്റി ചോദിച്ചറിഞ്ഞു കൊണ്ടിരുന്നു. അവരെപ്പറ്റിയോ എന്നെപ്പറ്റിയോ ഞാനോ അവരോ യാതൊന്നും സംസാരിച്ചിരുന്നില്ല. വ്യക്തിപരമായ കാര്യങ്ങളിലേക്ക് കടക്കുമ്പോൾ പലപ്പോഴും സംഭാഷണം ഇടയ്ക്കുവച്ചു മുറിഞ്ഞുപോകുമായിരുന്നു.

അതെല്ലാം എന്തിനുവേണ്ടിയായിരുന്നുവെന്ന് എനിക്കിപ്പോഴും മനസ്സിലാകുന്നുണ്ട്. തികച്ചും വികാരരഹിതനായിരുന്നു എന്നു ഞാൻ ആ കഥ പറയാം. വികാരരഹിതൻ എന്ന് മനഃപൂർവം പറഞ്ഞതാണ് കുറച്ചൊരു മനോനിയന്ത്രണം സാധിക്കാൻവേണ്ടിമാത്രം.

യൂണിയൻ ഇതരഞ്ഞെടുപ്പുബഹളങ്ങളും എല്ലാം കഴിഞ്ഞ് ദിവസങ്ങളും മുമ്പോട്ടുപോയി.

അത് ഫസ്റ്റ് ടേമിന്റെ അവസാനത്തിലാണെന്നു തോന്നുന്നു—അല്ലെങ്കിൽ സെക്കൻഡ് ടേമിന്റെ ആദ്യത്തിലായിരിക്കാം. ആ ദിവസം ഞാൻ ഓർക്കുന്നില്ലെങ്കിലും ആ സംഭവം തികച്ചും എന്റെ മുമ്പിലുണ്ട്. മഞ്ഞവെയിലിൽ കുളിച്ചുകിടക്കുന്ന സായാഹ്നം. കാളേജിന്റെ വടക്കുവശത്തുള്ള ടാറിട്ട വഴിയിലൂടെ നടക്കാൻ പോയി ഞാൻ തിരിച്ചുവരികയാണ്. കിഴക്കുവശത്തെ കൊച്ചുകുന്നിന്റെ മുകളിലുള്ള കുഞ്ഞമ്മാവിൻ കൂട്ടത്തിൽ 'വെടി'പറഞ്ഞ് വിദ്യാർത്ഥികൾ രണ്ടും മൂന്നുമായി നിൽപ്പുണ്ട്. താഴെ പടിഞ്ഞാറുവശത്തുകണ്ണത്താത്തട്ടിരത്തിൽ പാടങ്ങൾ നീണ്ടുനിവർന്നു കിടക്കയാണ്. പാടത്തിന്റെ അതിനു ചേർന്നു വളഞ്ഞുതിരിഞ്ഞു പോകുന്ന ഒരിടവഴി വിമൻസ് ഹോസ്റ്റലിന്റെ പിൻഭാഗവും കഴിഞ്ഞ് അകലെ ടൗണിലുള്ള ഒരു വെളിംപ്രദേശത്തു വസിക്കുന്ന വേനൽക്കാല സായാഹ്നങ്ങളിൽ വിമൻസ് ഹോസ്റ്റലിലെ വിദ്യാർത്ഥിനികളും വിശ്രമത്തിനുവരാറുള്ള സ്ഥലമാണ്. ഞാൻ ആ ഇടവഴിയുടെ നേരെ വന്നപ്പോൾ അജ്ഞാതമായ ഒരു പ്രേരണയ്ക്കു വഴിപ്പെട്ടിട്ടെന്നപോലെ എന്റെ കാലുകൾ, അങ്ങോട്ട് തിരിഞ്ഞു.

അതാ അവർ അവിടെ നിൽക്കുന്നു!

ഞാൻ അമ്പരന്നുപോയി. പഠിയാൻ പഠിച്ച ഉപചാരവാക്കുകളൊന്നും എനിക്കു കിട്ടിയില്ല. ഞാൻ വടക്കോട്ട് നടക്കാൻ പോകുന്നതും നോക്കി, മടങ്ങിവരുന്നതും കാത്ത് അവർ നിൽക്കുകയായിരുന്നില്ലെന്ന് ആരറിഞ്ഞു. അവരെ സംബന്ധിച്ചിടത്തോളം യാതൊരു ചാഞ്ചല്യവുംകണ്ടില്ല. അല്ലെങ്കിൽ അവർ അതു് പുറമേ പ്രകടിപ്പിച്ചില്ല.

എന്നോട് എന്തോ ചോദിച്ചതായി എനിക്കു തോന്നി. പക്ഷേ എനിക്കൊന്നും വ്യക്തമായില്ല. എന്റെ മുഖത്തേക്ക് രക്തം തള്ളിക്കയറി. ഏതോ അജ്ഞാതമായ ഒരു ബന്ധത്താലെന്നവണ്ണം അവരുടെപേക്ഷിച്ച സ്നേഹംനിമിത്തം ഞാൻ വീർപ്പുവിടുകയായിരുന്നു.

"എവിടെപോയിരുന്നു?" അവർ ചോദിച്ചു.

"ഒരാളെക്കാണാൻ" ഞാൻ ചുമാ നണപറഞ്ഞു.

"എന്നിട്ട് കണ്ടില്ലേ?"

"കണ്ടു"

നിശ്ശബ്ദം.

പിന്നെ ഞാൻ ചോദിച്ചു. "എന്താ ഇവിടെനിൽക്കുന്നേ?"

"ഒരാളെ കാണാൻ"

'എന്നിട്ട് കണ്ടില്ലേ"

"കണ്ടു"

ഞങ്ങളും ഇരുവശവും അറിയാതെ പൊട്ടിച്ചിരിച്ചുപോയി. അന്നത്തെപ്പോലെ അവർ ഇളകിച്ചിരിക്കുന്നതു ഞാ�ൻ കണ്ടിട്ടില്ല. അവരുടെ കുനിനിരകളം നെറ്റിയിലേക്കുചാഞ്ഞുവീണു. ഉടൻവീണ്ടും സാരിത്തുമ്പെടുത്ത് അവർ വട്ടം

പുതച്ചപ്പോൾ ഒരു മഡോണയെപ്പോലെ തോന്നി. ഞാൻ ഉപചാരപൂർവം കുമ്പിട്ടിനിന്നു. എനിക്ക് എന്തെങ്കിലും വീണ്ടും ചോദിക്കണമെന്നുണ്ടായിരുന്നു. പക്ഷേ അപ്പോഴേയ്ക്കും അവർ 'എന്നാൽ വരട്ടെ'യെന്ന പറഞ്ഞു തിരിഞ്ഞു നടന്നു കഴിഞ്ഞു.

അതു രണ്ടാംകൊല്ലത്തിന്റെ അവസാനമായിരുന്നു. ഞങ്ങളുടെ സ്നേഹം സ്നേഹം എന്നു ഞാൻ പറയണോ—എഴുത്തു കുത്തുകളിലേക്ക് കടന്നിരുന്നു.

അതിങ്ങനെയാണുണ്ടായതു്. ആ കൊല്ലം ക്രിസ്മസ് വെക്കേഷനു് കാളേജ് പൂട്ടി വീട്ടിലേക്കു പോയ അവൾക്ക് ഞാനൊരു ക്രിസ്മസ് കാർഡയച്ചു. ക്രിസ്മസ്സിന്റേയും നവവൽസരത്തിന്റെയും സന്ദേശങ്ങൾക്കു പകരം ഉമാർഖയ്യാമിന്റെ റുബായിയാത്തിൽനിന്നും ഒരു പദ്യമായിരുന്നു ഞാൻ അതിൽ എഴുത്തു് എഴുതിയിരുന്നതു്. കാർഡ് അയച്ചതിനു് നന്ദി പ്രകടിപ്പിച്ചു് അവർ എനിക്കു് ഒരു നീണ്ടകത്തയച്ചു. ഉമാറിന്റെ തത്വചിന്തയിൽ തനിക്കു വലിയ വിശ്വാസമില്ലെന്നും ജീവിതത്തിന്റെ അപ്രതീക്ഷിതമായ വെട്ടിത്തിരിച്ചിലുകളിൽ താൻ ഭയപ്പെട്ടിരുന്നുവെന്നും മറ്റുമായിരുന്നു കത്തിലെ ഉള്ളടക്കം. ഇമ്മാമസ്സ്ജിദും ഭരിയശങ്കും കുട്ടബ്ബ് മിനാരും വസ്ലിച്ചുകൊണ്ടു്, എന്റെ പൂറുപാട്ടുകളെ ഉൽക്കണ്ഠാപൂർവ്വം തെരക്കി അവസാനിപ്പിച്ചു കത്തു് പതിനാലു് പേജുണ്ടായിരുന്നു. അന്നതന്നെ ഞാനതിനു് അതിലും നീണ്ട ഒരു മറുപടി അയച്ചു.

"ഹൃദയഹാരിയായ ഈ ചന്ദ്രികയിൽ കുളിർകോരിയൊഴുകുന്നു," അട്ടത്തയായുയിൽ എനിക്കു കിട്ടിയ കത്തിന്റെ തുടക്കമാണതു്? എന്തൊരുമാറ്റം! "ഉറക്കവും ക്ഷീണവും തോന്നുന്നുണ്ടെങ്കിലും നിങ്ങളുടെ ഈ കത്തിനു് ഈ രാത്രിതന്നെ മറുപടി എഴുതണമെന്നതോന്നുന്നു. എനിക്കീസ്ഥലം പിടിച്ചുമട്ടണ്. ഈ അന്തരീക്ഷവുമായി എനിക്കു ഒത്തുചേർന്നുപോകാൻ കഴിയുമെന്നു തോന്നുന്നു. കാളേജ് കാമ്പസ്സിൽ തന്നെയുള്ള വിമൻസ് ഹോസ്റ്റലിലാണ് എന്റെ താമസം. ഒറ്റയ്ക്കുമുറി. എന്നെക്കൂടാതെ മറ്റൊരു മലയാളി അദ്ധ്യാപിക കൂടിയുണ്ടിവിടെ. ഖയ്യേളജി ലക്ചറാണ് അവർ. എന്റെ തൊട്ടടുത്ത മുറിയിൽ താമസിക്കുന്ന അവർ കാളേജിലൊന്നിച്ചതിനുശേഷം ഇന്നലെയാണ് നാട്ടിൽനിന്നും വന്നതു്. നിലാവിൽ കുളിച്ചുകിടക്കുന്ന ഈ ഹോസ്റ്റലിന്റെപൂന്തോട്ടത്തിൽ ഏറെനേരമായി അവർ ഉലാത്താൻ തുടങ്ങിയിട്ടു്. ഇവിടെകിടക്കുന്ന ഈ ജമ്പലിൽ കൂടി ഞാനതു് കാണുന്നുണ്ടു്. ഏകാന്തതയും തണുപ്പും മനസ്സിൽ സുന്ദരചിന്തകളും മുളപ്പിക്കാൻ പറ്റിയവയാണെന്നു് ഞാൻകേട്ടിട്ടുണ്ടു്. അവർ ആരെയോ ചിന്തിച്ചു് ഉലാത്തുകയാവണം...." മനസ്സിനു് ലാഘവം തരുന്ന കാര്യങ്ങളെ വിവരിച്ചുകൊണ്ടു നീണ്ടുപോയ ആ കത്തിന്റെ അവസാനത്തെ ചില പേജുകളും (കോളേജിലെ അദ്ധ്യയനരീതി, വിദ്യാർത്ഥികളും, സ്റ്റാഫും, അവരുടെ പെരുമാറ്റങ്ങളും തുടങ്ങിയ കാര്യങ്ങൾകൊണ്ടു് നിറഞ്ഞിരുന്നു. പിന്നെ ഒടുവിലത്തെ പേജിന്റെ ഒടുവിലത്തെ പാരാഗ്രാഫിൽ ഇങ്ങനെയും കുടി: "ഞാനിവിടെ ഒറ്റയ്ക്കാണെങ്കിലും, കാണാനും രസിക്കാനും വളരെ അധികം ഈ പരിസരത്തിലുണ്ടു്. നിങ്ങളുടെ പഠിത്തം വിജയിനം കുടാതെ നടക്കുന്നുണ്ടല്ലോ. ജീവിതത്തിലെ നിസ്സാരകാര്യങ്ങളെക്കുറിച്ചു് ചിന്തിച്ചു് ഭയമായി മനസ്സു് വിഷമിപ്പിക്കരുതു്. ഇനി ഞാൻ എന്തെഴുതാനാണു്. നിറുത്തട്ടെ"

ആ കത്തിനു് എന്റെ മറുപടി അവിടെ ചെല്ലുന്നതിനു മുൻപു് അവളുടെ മറ്റൊരു കത്തുവന്നു. അവർ കണ്ട രണ്ടു മൂന്നു സിനിമാകളുടെ അഭിപ്രായമായിരുന്നതിൽ. ജൂഹിയിലെ ഒന്നാംവാതിലിനു കീഴെ പ്രേമപരവശനായി നില്ക്കുന്ന റോമിയോവിന്റേയും മണൽക്കാട്ടുകളിൽ ലൈലയുടെ പേരും ചൊല്ലി അലയുന്ന പ്രേമാത്തനായ മജ്നുവിന്റേയും ഉദാത്തകഥയെ ഹൃദയസ്പർശിയായി വിവരിച്ചു് ഓജസ്സി കാണാൻ ഇഷ്ടപ്പെട്ടുപോലും അതനുഭവിക്കാൻ നാം എന്തുകൊണ്ടു് ഇഷ്ടപ്പെടുന്നില്ല എന്നു് അവർ ചോദിച്ചിരിക്കുന്നു. എഴുത്തുകൾ ഒരു പുതിയ ഘട്ടത്തിലേക്കു് തിരിയുന്നതുപോലെതോന്നി. എന്തിനാണ് അവർ ആ രണ്ടു വിശേഷാത്തരം ഉദാത്തപാത്രങ്ങളെ എന്റെമുമ്പിൽ അവതരിപ്പിച്ചതു്. പ്രേമത്തെക്കുറിച്ചു് അവരുടെ കൺസെപ്ഷൻ എന്താണെന്നൊന്നും വിശദമാക്കിയിരുന്നില്ലെങ്കിലും പ്രണയപരമായ ഉദാത്തങ്ങളും നിമിത്തം കഷ്ടപ്പെടുന്നവരെ അവർ ഓർക്കുന്നുണ്ടെന്നല്ലേ വിചാരിക്കേണ്ടതു്,

അവളുടെ ആ പൂരം കളത്തിൽ നിന്നുള്ള കളിയിൽ മനസ്സന്തോഷത്തേക്കാൾ കൂടുതലായി എനിക്കു മനോവ്യഥയുണ്ടായതു്. വെറും ഉപചാരോപഹാരങ്ങളിൽ ഇങ്ങിനിന്നുകൊണ്ടു് കത്തെയുക്കുന്നതിൽ കാര്യമില്ലെന്നു് എനിക്കു തോന്നി. വ്യക്തമായ ഒരു നിലപാടു് അറിഞ്ഞാൽ കൊള്ളാമെന്നു് സൂചിപ്പിച്ചുകൊണ്ടു് ഞാൻ മൂന്നാലു കത്തയച്ചു. എനിക്കു ഏറ്റവും അത്ഭുതമുളവായതു് അതിന്റെയെല്ലാം മറുപടിവന്നപ്പോഴാണു്. ഞാൻ സൂചിപ്പിച്ച കാര്യങ്ങളിലേക്കു് അവർ തിരിഞ്ഞുനോക്കിയിട്ടേയില്ല. മറിച്ചു്, അവർ ബഹുദൂരം പിന്നോട്ടു പോയിരിക്കുന്നു!

ഇൻഡ്യൻ ചിട്ടിഫണ്ട്

ക്ലിപ്തം, തിരുവനന്തപുരം—1.

12500 രൂപയുടെ

പ്രതിമാസലേലച്ചിട്ടി "ക്യാഷ്സെക്യൂരിറ്റിയിന്മേൽ"

ആദ്യലേലം 1953 നവമ്പർ 23 1129 വൃശ്ചികം 8 നു തിങ്കൾ

(A)	60	രൂ. 50	മാസം	രൂ. 3000	(D)	30	രൂ. 50 മാസം രൂ. 1500
(B)	50	,,	,,	2500	(E)	20	,, ,, 1000x2
(C)	40	,,		2000	(F)	10	,, ,, 500x3

ഇടതരം ചിട്ടികൾ ആരംഭിച്ചുവരുന്നു. ആവശ്യപ്പെട്ടാലുടനെ വയ്ക്കോല അയച്ചുതരുന്നതാകുന്നു.

കെ. ദാമോദരൻപിള്ള,
മാനേജിംഗ് ഡയറക്ടർ.

എന്നിരുന്നിട്ടും ആ ക്രിസ്മസ്സിനു് അവർ എനിക്കൊരു പുസ്തകം സമ്മാനിച്ചു. അവരുടേയും എന്റേയും കഥ മനസ്സിലാക്കി എഴുതിയതോ ഏതു തോന്നി എന്ന ആ ഗ്രന്ഥം ഒരു ഹ്രസ്വസാഹിത്യകാരനേറ്റതായിരുന്നു. അവർ തെരഞ്ഞെടുത്ത ആ പുസ്തകത്തിന്റെ പ്രത്യേകതയിൽ ഞാൻ ഞെട്ടിപ്പോയി.

ആ മദ്ധ്യവേനൽ ഒഴിവിനു് നാട്ടിൽ മടങ്ങി ഏത്തുമ്പോൾ തമ്മിൽ കാണണമെന്നു് ഏതിയിരുന്നെങ്കിലും, ഏതോ ചില അസൗകര്യങ്ങളുടെ പേരു് പറഞ്ഞു അവർ നാട്ടിലേക്കു തിരിക്കാതെ ഉത്തരേൻഡ്യ മുഴുവൻ ഒരു സർക്കീട്ടു നടത്തുകയാണു ചെയ്തതു്. ഏവം ഒരു വിനോദയാത്ര എന്നതിനേക്കാളും കൂടുതലായി ആ സക്കീട്ടിൽ വലിയ ഉദ്ദേശമുണ്ടായിരുന്നില്ലെങ്കിലും ലോകത്തെക്കുറിച്ചു് ക്രമേണ്ടി അറിയുന്നതിനും മനസ്സിലാക്കുന്നതിനും അവൾക്കു് അതു ഉപകരിച്ചു.

എനിക്കു് എന്റെ പ്രണയത്തിൽ പറഞ്ഞിട്ടിക്കാൻ യാതൊന്നുമുണ്ടായിരുന്നില്ല. വായിച്ചും എഴുതിയും ഞാൻ ദിവസങ്ങളെ നീക്കി.

കോളേജു് വീണ്ടും തുറന്നു. യൂണിയൻ തെരഞ്ഞെടുപ്പും ബഹളവുമായി ദിവസങ്ങളെ മുന്നോട്ടു പോയെങ്കിലും കുച്ചിപ്പാടിൽനിന്നെന്നപ്പോലെ ഞാൻ കഴിഞ്ഞുകൂടി. തകർന്നുപോയ പ്രണയബന്ധങ്ങളെയും വിരഹാർത്തരായ കാമുകീകാമുകന്മാരേയും കുറിച്ചു് കേൾപ്പാൻ ആയിടയ്ക്കു് ഞാൻ താല്പര്യമെടുത്തു. നിറകൊണ്ടുപാതിരാവിൽ പനിമതി ഹിമംപൊഴിച്ചുകൊണ്ടു് നീലിമയാർന്ന അംബരമദ്ധ്യത്തിൽ നിശ്ചലം നിലകൊള്ളുമ്പോലെ എന്റെ മുറിയുടെ ജനാലയിലൂടെ വെളിയിലേക്കുനോക്കി ഞാൻ കണ്ണുനീർവീഴ്ത്തി.

സ്നേഹത്തിന്റെ അജ്ഞാതമായ ഗതിവിഗതികളെക്കുറിച്ചു് ഓത്തോ്ത്തു് ഞാൻ നെടുവീർപ്പിട്ട അവരിലുണ്ടെന്നു് ഞാൻ വിശ്വസിക്കുന്ന സ്നേഹവും എനിക്കു് അവരുടെ പേക്കള്ള സ്നേഹവും രണ്ടും ഒത്തുമിച്ചുപോകാൻ തെങ്ങിതെന്നുതുപോലെ തോന്നി. ആ വർഷം അവരുടെ കണ്ണുകൾ മുക്കുമായേ കിട്ടിക്കൊണ്ടിരുന്നുള്ളൂ. ഞാൻ എത്രകണ്ടു് അടുക്കാൻ ശ്രമിച്ചുവോ അത്രകണ്ടു് അവർ അകന്നു പോകുകയാണുണ്ടായതു്. എന്റെ മനോഭാർഢ്യത്തിലും കഴിവിലും അവർ സംശയിക്കുന്നതുപോലെ തോന്നി. ഈ ലോകവുമായി കൂടുതൽ പരിചയപ്പെട്ടു കഴിയുന്നതുവരെ കാത്തിരിക്കാൻ അവർ ഉപദേശിച്ചു. അതെല്ലാം എന്റെ പ്രായവും നിലയും അവരുടേതുമായി ഘടിപ്പിച്ചു്, അവയ്ക്കിടയിൽ അനുഭവിക്കേണ്ടിവന്നവിഷമതകളെ സൂചിപ്പിക്കുന്നതുപോലെയായിരുന്നു.

ആകാശത്തിൽനിന്നും വെള്ളിപ്പൂക്കൾ എന്റെ കൈകളിലേക്കു അടർന്നുവീണ ദിവസമാണതു്. സച്ഛായത്തിന്റെ വാതിൽ എന്റെ നേരെ തുറന്നിരിക്കുന്നു. എന്നാത്തു വിളിച്ചുകൊണ്ടു് ഞാൻ അന്നു് കോളേജു വിട്ടു പുറത്തിറങ്ങിയപ്പോൾ, എന്റെ കയ്യിൽ അവരുടെ കത്തുണ്ടായിരുന്നു! അതേ, അതു് ഏറെനാൾ കാത്തിരുന്നതിനുശേഷം കിട്ടിയ കത്തായിരുന്നു! അടുത്ത ഞായറാഴ്ച ഡൽഹിയിൽനിന്നും തിരിക്കുന്നുവെന്നും, പിറേ വെള്ളിയാഴ്ച എനിക്കറിയാവുന്ന അവരുടെ കൊച്ചച്ചന്റെ വീട്ടിൽവച്ചു് കാണണമെന്നുമായിരുന്നു വിവരം.

വെള്ളിയാഴ്ച വൈകുന്നേരം ഞാനവിടെയെത്തി. ഞാൻ ഗേറ്റു തുറന്നു് അകത്തുകടന്നു. അതു് അവർ എന്നെയും കാത്തു നിൽക്കുന്നതുപോലെയായിരുന്നു. വാതിലുൾ മുട്ടിയതും അവർ വാതിൽതുറന്നതും ഒപ്പമായിരുന്നു. അവരുടെതോളിൽ കയ്യിട്ടുകൊണ്ടു് അവരുടെ കൊച്ചമ്മയുടെ രണ്ടു കുട്ടികളും നിൽപുണ്ടായിരുന്നു.

അവർ അകത്തേക്കു ക്ഷണിച്ചു. ഉത്തരേൻഡ്യയിലെ ശീതോഷ്ണാവസ്ഥ അവരെ സാമാന്യം തടിപ്പിച്ചിരുന്നു. അവരുടെ പുറകെ മുറിയിലേക്കു് നടന്നപ്പോൾ എനിക്കു് അതു് ശരിക്കും മനസ്സിലായി; അകത്തൊരു മുറിയിൽ സുഖമില്ലാതെ കിടന്നിരുന്ന അവരുടെ കൊച്ചമ്മയുടെ അടുത്തേക്കു് എന്നെ കൂട്ടിക്കൊണ്ടു പോയി പരിചയപ്പെടുത്തി അവരുടെ കൊച്ചച്ചൻ വെളിയിൽ എവിടെയോ പോയിരുന്നു. ആ രണ്ടുകുട്ടികൾക്കും ഞാനൊരു കൗതുകവസ്തുവായിരുന്നതേരിട്ടു ചോദിക്കാൻ നാണിച്ചിട്ടെന്നപോലെ എന്റെ വിവരങ്ങളും ആ കുട്ടികൾ പാഠ്യവും പഠനങ്ങളും നിന്നു് അവരോടു് ചോദിക്കുന്നതു ഞാൻ കണ്ടു.

ഞങ്ങൾ കേവലം സാധാരണകാര്യങ്ങളെക്കുറിച്ചാണു് സംസാരിച്ചതു്. നാട്ടുവിശേഷങ്ങളും കോളേജു കാര്യങ്ങളും. തന്നിമിത്തം വളരെ ലാഘവത്തോടുകൂടി എല്ലാം പറയാൻ കഴിഞ്ഞു ആ കുട്ടികൾ ഇതിനിടെ അകത്തെ മുറിയിൽനിന്നും ഗ്രാമഫോൺവച്ചു് പാട്ടുപാടി തകർക്കുകയായിരുന്നു. ഞങ്ങളുടെ സംഭാഷണത്തിനു് പശ്ചാത്തലമെന്നോണം മുഴുകിക്കൊണ്ടിരുന്ന ആ ഗാനധാര, കിക്കിളിയുണ്ടാക്കുന്ന എല്ലാ സ്മരണകളേയും മനസ്സിന്റെ മുമ്പിലേയ്ക്കു് തള്ളിക്കൊണ്ടുവന്നു.

അവരുടെ കൊച്ചച്ചൻ അപ്പോഴേയ്ക്കും വന്നുചേർന്നു. ഉയരംകൂടി, വെളുത്തു്, കണ്ണടവച്ച ഒരു നാല്പതുകാരൻ. കഴിഞ്ഞ മഹായുദ്ധകാലത്തു് ഒരു ലഫ്റ്റനൻറായിരുന്നു അദ്ദേഹം. എന്നെ പരിചയപ്പെടുത്തിയതോടെ, പുത്രനിർവിശേഷമായ വാത്സല്യത്തോടെ കെട്ടിപ്പിടിച്ചു് സ്നേഹം പ്രകടിപ്പിച്ചു.

വൈകുന്നേരം കപ്പികുടി കഴിഞ്ഞു് ഞങ്ങൾ രണ്ടുപേരും തനിച്ചു് ബീച്ചിലേയ്ക്കു തിരിച്ചു. കൊച്ചമ്മയുടെ രണ്ടു കുട്ടികളും ഗേറ്റുവരെ വന്നിട്ടു് തിരിച്ചുപോയി. ഞങ്ങൾ തനിച്ചായപ്പോൾ എന്റെ മനസ്സിനെ കനംകുറഞ്ഞു. കടൽത്തീരത്തു എത്തുന്നതുവരെ ഞങ്ങളൊന്നും സംസാരിച്ചില്ല.

സ്ഖലനനിവാരണി യുവലോകത്തിനു അനുഗ്രഹീതമായ ഒരു സിദ്ധൗഷധം

മൂത്രത്തിനുമുമ്പോ പിമ്പോ അല്പമോ ഉള്ളിലുള്ളിയായോ ഇന്ദ്രിയംപോകുക, മലവിസർജ്ജനത്തിൽ ശക്തിയോടെ മുക്കുകനിമിത്തം ശുക്ലം വാർന്നുപോകുക, സ്വപ്നംകണ്ടോ കാണാതെയോ ഉറക്കത്തിൽ അറിഞ്ഞോ അറിയാതേയോ ഇന്ദ്രിയം സ്ഖലിക്കുക, അരിമാവു കലക്കിയ രൂപത്തിൽ മൂത്രത്തിൽ കലർന്നു ഇന്ദ്രിയംപോവുക, സ്ത്രീകളെ വിചാരിക്കുകയോ തൊടുകയോ ചെയ്താൽ പെട്ടെന്നു ഇന്ദ്രിയം സ്രവിക്കുക ഇങ്ങനെ ഇന്ദ്രിയസംബന്ധമായുണ്ടാകുന്ന നിരവധി സ്ഖലനരോഗങ്ങളെ രണ്ടു ആഴ്ചകൊണ്ടു പരിപൂർണ്ണമായി ശമിപ്പിക്കുന്നതിനു ഞങ്ങളുടെ **സ്ഖലനനിവാരണി** തികച്ചും ഫലപ്രദമെന്നു ഞങ്ങൾ ഉത്തരവാദിത്വത്തോടുകൂടി ഉറപ്പു പറയുന്നു.

രണ്ടു ആഴ്ചക്കാലത്തേയ്ക്കുള്ള ഡപ്പി I-ക്കു 5 ക. 8 ണ. വി. പി. ചാർജ്ജു് പുറമേ

വി. പി. യായി ആവശ്യപ്പെടുക. മാനേജർ, **S.D. ഫാർമസി,** നാഗമഹാൾ, H O. ആലപ്പുഴ

ബ്രാഞ്ചു്:—9/94 LUZ, മൈലാപ്പൂർ, മദ്രാസു്.

വെള്ളമണൽ വിരിച്ച തീരത്തിൽ, ആളൊഴിഞ്ഞ ഒരു മൂലയിൽ ഞങ്ങളും ഇരുന്നു. വടക്കെ അറ്റത്തു് കസ്റ്റംസിന്റെ വളവിൽ ചീനവലകളും പൊങ്ങുകയും താഴുകയും ചെയ്യുന്നതു കാണാമായിരുന്നു. അകലെ, കടലിൽ മൂന്നാലു കറുത്ത പുള്ളികളും നീങ്ങുന്നുണ്ടായിരുന്നു—മീൻ പിടിക്കാനിറങ്ങിയ മുക്കുവരുടെ തോണികളും.

നിമിഷങ്ങളും നിശ്ശബ്ദതയിലൂടെ നീങ്ങിപ്പോയി. മൂകമെങ്കിലും നിർവൃതികരങ്ങളായ നിമിഷങ്ങളും പറയുന്നതിനേക്കാളും ക്ലേശകരമായ അകത്തായിരുന്നു സംസാരങ്ങളും.

"നേരമെന്തായി?" ഒടുവിൽ അവർ ഉടക്കി.

"അരകഴിഞ്ഞു" ഞാൻ പറഞ്ഞു.

"ഹോ, സമയമെല്ലാം പൊയ്പോയല്ലോ" അവരുടെ ഉള്ളിൽ കിടന്നു് എന്തോ വെളിയിലേക്കു വരാൻ വെമ്പുന്നതുപോലെയായിരുന്നു അതു്. അല്ലെങ്കിൽ അവക്കു് എന്തോപറയാനുള്ളതിനു് എന്റെ ചോദ്യം നേരത്തേ അവശ്യമായിരുന്നുമല്ലോ.

ഡൽഹിയിൽനിന്നും പെട്ടെന്നു തിരിക്കേണ്ടിവന്നതായ കാരണത്തെക്കുറിച്ചു് ഞാൻ തെരക്കി. പ്രിയപ്പെട്ട നാട്ടുകാരുടെ മദ്ധ്യത്തിലേയ്ക്കു് വരുന്നതിനു് പ്രത്യേക കാരണമൊന്നും വേണ്ടെന്നു് അതിനു അവർ മറുപടി പറഞ്ഞു.

ആ സംഭാഷണം വിരസമായി നീങ്ങുന്നതിൽ എനിക്കു് അസുഖം തോന്നി.

"അടുത്തപടി എന്തുചെയ്യാൻ പോകുന്നു?" അവർ ചോദിച്ചു.

ഞാൻ തീരെ അലസനായാണു് അതിനു മറുപടി പറഞ്ഞതു്. "ചെയ്യാനെന്തിരിക്കുന്നു. ജീവിതം നാം രൂപംകൊടുക്കുന്നതുപോലെയാണെന്നുവേണം പറയാൻ," ജീവിതത്തെക്കുറിച്ചു് ഞാൻ എന്തിനാണു് അതു പെട്ടെന്നു് അങ്ങനെ ഒരഭിപ്രായം പറഞ്ഞതെന്നു് എനിക്കറിയാൻ പാടില്ല.

"മറവുള്ളവർക്കു് അപ്പോഴും അതിൽ യാതൊന്നും ചെയ്യാനില്ലേ?"

"ഉണ്ടായേക്കാം. എങ്കിലും സ്വന്തമായിട്ടുള്ള മുൻതീരുമാനങ്ങളെ എടുക്കലിനേയാണു് അധികവും ആശ്രയിച്ചിരിക്കാവുള്ളതു്" ഞാൻ ആരെ ഉദ്ദേശിച്ചാണു് അങ്ങനെ പറഞ്ഞതെന്നു് അറിയാൻ പാടില്ല ഞങ്ങൾ ഇരുവരും കുറേനേരം മിണ്ടാതിരുന്നു. അകലെ കാമുകീകാമുകന്മാർ കൈകോർത്തുപിടിച്ചു് ചാത്തുന്നുണ്ടായിരുന്നു.

"എന്താണി ജീവിതം?" കുറച്ചു കഴിഞ്ഞു് അവർ ചോദിച്ചു.

"മറയ്ക്കു് അനുവദിപ്പെടാത്തതും ഒരുമിക്കുമ്പോൾ ആനന്ദിക്കാവുന്നതുമായ ഒന്നു്," എന്റെ ഹൃദയത്തിൽ കിടന്നു് ഞെങ്ങിഞെരുങ്ങുന്ന പ്രണയവികാരമാണു് അതുപോലും പറയിപ്പിച്ചിതു്.

"ആനന്ദത്തിനുവേണ്ടി അപ്പോൾ ആചാരങ്ങളെ ബലി അർപ്പിക്കാമെന്നാണോ പറയുന്നതു്?" അവർ എന്താണു് ഉദ്ദേശിച്ചതെന്നു് എനിക്കു മനസ്സിലായി

ആചാരങ്ങളെമാത്രമല്ല, പരിശുദ്ധമെന്നു പറയപ്പെടുന്ന ബന്ധങ്ങളെപ്പോലും അതുകളേണ്ടിവരുമെന്നു പറയാൻ എനിക്കു തോന്നി. എങ്കിലും അവിടെവച്ചു് അങ്ങനെ ഒരു സൂചനപോലും നൽകാൻ എന്റെ ചുണ്ടു നങ്ങിയില്ല. അവർ വീണ്ടും ആ ചോദ്യംതന്നെ ആവർത്തിച്ചപ്പോൾ എന്നിൽനിന്നും അനുകൂലമായ ഒരു മറുപടിയാണു് പ്രതീക്ഷിക്കുന്നതെന്നു് മനസ്സിലായി.

ഞാൻ മിണ്ടാതിരുന്നു. അവർ എന്റെനേരെനോക്കി മന്ദഹസിച്ചു. ആ കവിൾത്തടങ്ങൾ സ്വർണ്ണവെയിലിൽ അരുണാഭങ്ങളാകുന്നതു ഞാൻ കണ്ടു.

ഞങ്ങൾ തുടർന്നു് പഴയകാലങ്ങളെക്കുറിച്ചും കുറ്റുകളെക്കുറിച്ചും സംസാരിച്ചു

മീനമാസത്തെ സുന്ദരമായൊരു സായന്തനവേളയായിരുന്നു അതു്. കാറൊഴിഞ്ഞ നീലാകാശം. ചക്രവാളാന്തംവരെ വെള്ളപ്പരപ്പു് വ്യക്തമായി കാണാമായിരുന്നു. അപ്പുറം ഞങ്ങളുടെ ചിന്താഗതികൾപോലെ എല്ലാം അവ്യക്തമായിരുന്നു.

"സ്വന്തം വിശ്വാസത്തിനെതിരായി ഒരാൾക്കു പ്രവർത്തിക്കാൻ കഴിയുമോ?" അവർ ഒടുവിൽ ചോദിച്ചു ആ ഒരു ചോദ്യത്തിൽ എനിക്കു അത്ഭുതമാണുണ്ടായതു്. അതുടെ വിശ്വാസം? ഏതുതരത്തിലുള്ള വിശ്വാസം? എന്താണു് അവർ സൂചിപ്പിച്ചതു്? പക്ഷേ അവർ അതെല്ലാം വെട്ടിത്തുറന്നു് പറഞ്ഞിരുന്നെങ്കിൽപോലും വ്യക്തമായൊരു മറുപടി കൊടുക്കാൻ ഞാൻ പരുങ്ങയപ്പെട്ടുപോകുമായിരുന്നു.

"പലപ്പോഴും കഴിഞ്ഞെന്നുവരാം' എങ്കും തൊടാത്ത വിധമായിരുന്നു എന്റെ മറുപടി

അവർ ചക്രവാളത്തിലേയ്ക്കു നോക്കി മുണ്ടു കടിച്ചമർത്തുന്നതു് ഞാൻ കണ്ടു.

ആ സംസാരം മുഴുവൻ എന്നിൽനിന്നും വ്യക്തമായ ഒരുത്തരം പിടിച്ചെടുക്കാൻ ശ്രമിക്കുന്നതുപോലെയായിരുന്നു. പക്ഷേ എന്നിലുള്ള അപകർഷതാബോധം—എന്തു ഞാൻ പറയണം—എന്നെ അധികവും മൗനിയാക്കിക്കളഞ്ഞു. അവരുടെ സാന്നിദ്ധ്യത്തിൽ ഞാൻ വെറുമൊരു വിദ്യാർത്ഥിയായിപ്പോയി. അവർ എന്റെ കണ്ണിലേക്കു തന്നെ തുറിച്ചുനോക്കിക്കൊണ്ടിരുന്നപ്പോൾ "നിങ്ങൾക്കു തന്റേടമില്ലേ?" യെന്നു് അനുകമ്പാപൂർവ്വം എന്നോടു് ചോദിക്കുന്നതുപോലെ തോന്നി. മനസ്സിന്റെ അചഞ്ചലതയും ശരീരത്തിന്റെ ദൃഢത്വവുമാണു് ഒരു മനുഷ്യനിൽ താൻ കാണാനാഗ്രഹിക്കുന്നതെന്നു് അവർ പറഞ്ഞപ്പോഴും തെറ്റുകയറുന്ന തിരമാലയിലേക്കു നോക്കി ഞാൻ മിഴിച്ചിരിക്കയായിരുന്നു.

സൂര്യൻ താഴ

എന്റെ അടുത്തേയ്ക്കു് നീങ്ങിയിരുന്നുകൊണ്ടു് അവർ പറഞ്ഞു: "ശരി, ഇനി പോകാം."

എന്റെ ഉള്ളിൽനിന്നും പെട്ടെന്നു് ഒരാളൽ. ഞാൻ ഉദ്ദേശിച്ചില്ല അവർ അങ്ങനെ പോകാൻ ധൃതിപ്പെട്ടതെന്നു്. അറിയിക്കേണ്ടതൊന്നും ഞാൻ അറിയിച്ചിട്ടില്ല.

അവർ എഴുന്നേറ്റ നിന്നു ഇരുപ്പുമുള്ള കുറേടിച്ചു് അവരുടെ സാരി ദേഹത്തോടു ഒട്ടിച്ചേർന്നു കിടന്നപ്പോൾ എനിക്കവരെ കെട്ടിപ്പിടിക്കാൻ അത്യഗ്രഹമുണ്ടായി.

"വരൂ" അവർ ആംഗ്യം കാണിച്ചുവിളിച്ചു. ഞാൻ എഴുന്നേറ്റു് അവരെ അനുഗമിച്ചു കടൽത്തീരത്തിനു് അതിരിട്ടു കിടക്കുന്ന മരവേലിയുംകടന്നു്, വലത്തുവശത്തെ ഇടവഴിയിലേക്കു കയറിയപ്പോൾ ഇരുട്ടു നല്പപോലെ പരന്നു കഴിഞ്ഞിരുന്നു "ബിഹാർഅയി മഗർ മിൽകെ ഹൂൽ ഖിൽ നസാകെ" (വസന്തം വന്നെങ്കിലും ഹൃദയത്തിലെ പൂക്കാലം വിടരാൻ കഴിഞ്ഞില്ല).....ഇടവഴിയുടെ കിഴക്കേ അറ്റത്തുള്ള ഒരു രണ്ടു നിലക്കെട്ടിടത്തിൽനിന്നും ഏതോ ഒരു ഹിന്ദിസിനിമയിലെ പാട്ടു് റേഡിയോവിലൂടെ പുറത്തേയ്ക്കു് ഒഴുകി

(ശേഷം 27-ാംപേജിൽ)

കാഷ്മീർ കുറിപ്പുകൾ

ശ്രീനഗർ—സൗന്ദര്യത്തിന്റെ കലവറ

★ ടി. പത്മനാഭൻ ★

ഉച്ചവെയിലിൽ ദാൽതടാകം ഉറങ്ങിക്കിടക്കുകയായിരുന്നു. വില്ലോ മരങ്ങളുടെ തണലിൽ മീൻകൊത്തിപ്പക്ഷികൾ വിശ്രമംതേടി. നിരത്തുവക്കിലുള്ള കടവിൽ ഏതാനും ഷിക്കാരവാലകൾ ഉക്ക വലിച്ചു രസിച്ചു. എങ്ങും ഒരു ശാന്തിനിറഞ്ഞു വഴിഞ്ഞൊഴുകിയിരുന്നു. ബഹളവും ബഹളവും എവിടെയും കണ്ടില്ല,

ഞാൻ ശ്രീനഗറിൽ എത്തിയ ദിവസമായിരുന്നു. കുളിയും ഉടുപ്പും കഴിഞ്ഞതിനു ശേഷം ഹൈസ് ഹോട്ടലിന്റെ മുകളിൽ തട്ടിൽ കയറി ചുറ്റും നോക്കി. പളുങ്കിനേപോലും നാണിപ്പിക്കുന്ന തരത്തിലുള്ള നീലജലം നിറഞ്ഞ ദാൽ തടാകം തടാകത്തിൽ കെട്ടിയിരിക്കുന്ന ഹൈസ്ബോട്ടുകളും അരയന്നങ്ങളെപോലെ വഴുതിപ്പോകുന്ന ഷിക്കാരകളും അവിടവിടെയുള്ള തുരുത്തുകളിൽ വില്ലോമരങ്ങളും നിബിഡമായി വളർന്നിരിക്കുന്നു. എങ്ങുനോക്കിയാലും കുന്നുകൾ കാണാം. അവയുടെ താഴ്വരകളിലോരോന്നിലോ വരിവരിയായി നിൽക്കുന്ന പോപ്ലാർമരങ്ങൾ.

അന്നു ദിവസത്തെ മടുപ്പിക്കുന്ന യാത്രയ്ക്കു ശേഷം അതേറ്റവും കുളിർമ്മ നൽകുന്ന ഒരു കാഴ്ചയായിരുന്നു.

പലതും ആലോചിച്ചുകൊണ്ടിരിക്കേ ബോട്ടുകാരൻവന്നു ഞാൻ ഏതിടത്തുകാരനാണെന്ന് അന്വേഷിക്കുകയുണ്ടായി.

ഞാൻ പറഞ്ഞു: "ഞാൻ മലബാറിൽനിന്നാണ് വരുന്നതു; ഇന്ത്യയുടെ ഏറ്റവും തെക്കേമൂലയിൽനിന്ന്. നിങ്ങളുടെ നാടുപോലെതന്നെ അതും പ്രകൃതിസുന്ദരമായ ഒരു രാജ്യമാണ്."

ജീവിതത്തിന്റെ ഭൂരിഭാഗവും സായ്പന്മാരുടെക്കൂടെ കുന്നുകളിലും തടാകങ്ങളിലും താഴ്വരകളിലും കഴിച്ചുകൂട്ടിയ ആ വൃദ്ധന്റെ കണ്ണുകളും തെല്ലൊന്ന് വിടർന്നു. എന്തോ ആലോചിച്ചിട്ടെന്നപോലെ അയാളും പറഞ്ഞു. "മലബാർ—! ഞാൻ അങ്ങിനെയൊന്നു കേട്ടിട്ടേയില്ലല്ലോ"

എനിക്ക് ആശ്ചര്യം തോന്നി. അല്പം സങ്കടവുമുണ്ടായി. പക്ഷെ ഞാൻ മദ്രാസിൽ നിന്നാണ് വരുന്നതെന്നറിഞ്ഞപ്പോൾ ആ വൃദ്ധന് എന്നെ മനസ്സിലാക്കുവാൻ വിഷമമുണ്ടായിരുന്നില്ല. മദ്രാസിനെക്കുറിച്ചും അയാൾ കേട്ടിട്ടുണ്ട്. മദ്രാസികളും വളരെ നല്ലവരാണ് ഒരിക്കൽ അയാളുടെ ബോട്ടിൽ താമസിച്ചിരുന്ന ചിലർ.....

അയാൾ പഴയ ഓർമ്മകളുടെ കെട്ടഴിക്കുകയായിരുന്നു. പക്ഷെ ഞാൻ അതൊന്നും ശ്രദ്ധിക്കുകയുണ്ടായില്ല. എന്റെ ചിന്ത അപ്പോൾ 'കാലടി'യിലായിരുന്നു. അവിടത്തെ ആ 'ഉണ്ണിനമ്പൂതിരി' കുറേനാൾ കുശലപ്രശ്നം കഴിഞ്ഞപ്പോൾ, തീവണ്ടിയും കാറും ഒന്നും ഇല്ലാതിരുന്ന ഒരു കാലത്തു്, ഇന്ത്യ മുഴുവൻ സഞ്ചരിക്കുന്ന കൂട്ടത്തിൽ ഇവിടെയും വരികയുണ്ടായി എന്റെ മുമ്പിൽ തന്റെയുയർത്തിപ്പിടിച്ച നിൽക്കുന്ന ആ കുന്നിനും അതിന്റെ ഉച്ചിയിലുള്ള പ്രശസ്തമായ ക്ഷേത്രത്തിനും അദ്ദേഹത്തിന്റെ പേരാണുള്ളതു്. പക്ഷേ ഇന്നു് ഒരു കാഷ്മീരി മലബാർ എന്നു കേട്ടാൽ പകച്ചു നിൽക്കുകയായി. അതെന്തൊരു സാധനമാണെന്നാണ് അവന്റെ ചോദ്യം.

എന്റെ ബോട്ടുകാരനു് ഞാൻ ശ്രീ ശങ്കരന്റെ കഥപറഞ്ഞുകൊടുത്തു. അയാൾക്കു് അതു പിടിച്ചുവെന്നാണ് തോന്നുന്നതു്.

കാഷ്മീർ താഴ്വരയിൽ സൂര്യന്റെ പ്രഭാത സൌവർണ്ണ രശ്മികൾ നീളുവാൻതുടങ്ങിയപ്പോൾ 'മെലൻ സാൻസ്' വിച്ചുസും പ്ലംകേക്കു' മൊക്കെയടങ്ങിയ വൈകുന്നേരത്തെ ചായയും കഴിച്ചു് ഞാൻ ഒരു ചങ്ങാതിയോടൊപ്പം ശ്രീനഗർ കാണുവാൻഇറങ്ങി. രണ്ടുപേരും പുതുക്കക്കാരായിരുന്നു.


ഹൈസ്ബോട്ടിൽ താമസിക്കുന്ന ഒരു യാത്രക്കാരനും ബാഹ്യലോകവുമായി ബന്ധം സ്ഥാപിക്കണമെങ്കിൽ 'ഷിക്കാര'കളുടെ സഹായം കൂടിയേ കഴിയൂ. പണം മുടക്കുന്ന ഒരേർപ്പാടുമേയുള്ളൂ. നാലണപറഞ്ഞാൽ അവർ എട്ടണയെങ്കിലും വാങ്ങാതിരിക്കില്ല. പക്ഷേ ഷിക്കാരാ ആനന്ദത്തിന്റെ കളിയോടമാണ്. അതിലൂടെയുള്ള യാത്ര സുന്ദരമായ ഒരു സ്വപ്നംപോലെ സുഖദായകമാണ്. കാശ്മീരിൽ പോകുന്നതെന്തിനാണ്—? സുഖിക്കുവാനല്ലേ—? ആ സുഖത്തിന് ഓരോരുത്തരും കല്പിക്കുന്ന അർത്ഥത്തിലും വ്യാപ്തിയിലും വ്യത്യാസം കാണാമെങ്കിലും.

ശ്രീനഗർ കൊച്ചുപട്ടണമാണ്. അരലക്ഷത്തോളം പാർക്കുന്നുണ്ട് അതിൽ. മണ്ണുപാകുന്ന ഇടുങ്ങിയ തെരുവുകളും മരംകൊണ്ടും ഇഷ്ടികകൊണ്ടും നിർമ്മിച്ച കൊച്ചുപീടികകളും ശ്രീനഗറിന്റെ പ്രത്യേകതയാണ്. ഉൾനാട്ടുകളിലെന്നപോലെ ഇവിടെ മണ്ണുകൊണ്ടും പുല്ലുകൊണ്ടും പാവിയ മേൽപുരകളും കാണാൻകഴിഞ്ഞെന്നുവരില്ല. മേൽപുര എപ്പോഴും മരം തന്നെയാണ് പരിഷ്ക്കാരം വന്നതിനുശേഷം ചുരുക്കം ചില വീടുകൾക്ക് ടിൻതകിടുകളുണ്ടെങ്കിലും.

ശ്രീനഗറിന്റെ ഹൃദയത്തിലൂടെയാണ് ജലം നദിപോലെ ഒഴുകുന്നതു്. അവിടവിടെയായി ഇതിനു് ഏഴു പാലങ്ങളുണ്ട്. ഈ പാലങ്ങളിൽ നിന്നു് പ്രത്യേകിച്ചും മൂന്നാമത്തെ പാലത്തിൽനിന്നു് നോക്കിയാൽ കാണുന്നതരത്തിലുള്ളതാണ് ശ്രീനഗരിനെ കാൻവാസിൽ പകർത്തുകയെന്നതു ചിത്രകാരന്മാർക്കേറ്റവും കമ്പമുള്ള ഒരു കാര്യമാണ്. ഓരോ പ്രഭാതവും ശ്രീനഗരിന്റെ കുപ്പായംമാറ്റിച്ചു മാറുകയായി. അപ്പോഴൊക്കെ അവർ വന്നു് അവളുടെ സൗന്ദര്യത്തിനു് വിലയിരുത്തുവാൻ ശ്രമിക്കുകയും ചെയ്യുന്നു. ആർട്ട് എമ്പോറിയത്തിൽ പ്രസിദ്ധനായ ഒരു കാഷ്മീരി ചിത്രകാരൻ വരച്ച ഏതാനും ചിത്രങ്ങളും ഞാൻ കാണുകയുണ്ടായി. ഇന്നും ഞാൻ സംശയിക്കുകയാണ്— വാസ്തവത്തിൽ അയാൾ വിജയിച്ചിട്ടുണ്ടോ—?

ശ്രീനഗറിലെ തെരുവുകളിലൂടെ സഞ്ചരിക്കുന്ന ഒരാൾക്കു് താൻ ഏതാണ്ടു രണ്ടു ലക്ഷം ജനങ്ങളും താമസിക്കുന്ന ഒരു നഗരത്തിലാണു് ഇപ്പോഴുള്ളതെന്നു് തോന്നുകയില്ല. ഇരുപ്പാളികളേയും ഒരുപോലെ തെണ്ടിനടക്കുന്നവരേയും കാണുന്നുവെങ്കിലും വളരെ ചുരുക്കമാണ്. കാഷ്മീരിയ്ക്കും പൊതുവെ ഒരു സ്വഭാവമുണ്ടു്—എന്തെങ്കിലുമായി ഒരു വേഷംകെട്ടുക. ഒരിയ്ക്കലും അവൻ വെറുതെയിരിക്കയില്ല. ഈ സ്വഭാവമാണു് പുറനാട്ടിൽ നിന്നു് വരുന്നവരിൽ നിന്നു് കാഷ്മീരിന്റെ ഓരോദ്യം മാപ്പുപിടിക്കുന്നതു് എന്നു് എനിയ്ക്കു തോന്നുന്നു.

സന്ധ്യയായപ്പോൾ ഒരു ഷിക്കാര വാടകയ്ക്കെടുത്തു് ഞങ്ങളും ജലത്തിന്റെമാറിലൂടെ തുഴഞ്ഞു. എന്റെ ചങ്ങാതിയുടെപ്പുറകിൽ ചുറ്റിയടിച്ചു ഒരു സംഭരണമായ



ദാൽതടാകത്തിലെ സൂര്യാസ്തമയം.

തെലുങ്കനായിരുന്നു. ശ്രീനഗർ പൂർവദേശത്തിലെ 'വെനീസാ'ണെന്നു ഒരു ചൊല്ലുണ്ടല്ലോ. ഞാൻ അതിനെപ്പറ്റി ചോദിച്ചപ്പോൾ അയാൾ പറയുകയുണ്ടായി.—വെനീസ് നാവും; അവിടത്തെ ഗൊണ്ടോലകളും ശ്രീനഗറിലെ ഷിക്കാരകളെപ്പോലെ അത്ര ചന്തമുള്ളവയാണെന്നുമല്ല. അയാൾ ഇത്രകൂടി ചോദിച്ചു—പിന്നെ ഈ രാജകീയമായി അലങ്കരിച്ച ഹൌസ്ബോട്ടുകൾ—അതു നിങ്ങൾക്കു വേറെയെവിടെയാണു കിട്ടുക—?

അതിനിടയിൽ ഞങ്ങളുടെ ഷിക്കാറ മുസിയവും, ശങ്കരാചാര്യ ക്ഷേത്രവും, ഷേരിമഹലും, ജുമാമസ്ജിദും ഒക്കെ കണ്ടുകൊണ്ടു് പുറകെ മുന്നോട്ടു നീങ്ങുന്നുണ്ടായിരുന്നു. പൂനിലാവിൽ ജലം ഒരു കസവു് നാടപോലെ മിന്നി. ഇരുകരകളിലുമുള്ള ബാൽക്കണികളിൽനിന്നു് മുഴങ്ങുന്ന സംഗീതം അപരിചിതത്തിനു് ഒരു ഗന്ധർവലോകത്തിന്റെ പ്രതീതിയുണ്ടാക്കി. കരയ്ക്കു് കയറിയിട്ട ഒരു വള്ളത്തിന്റെ കൊമ്പത്തിരുന്നു് ഒരു പെറിയകുട്ടി-ഒരു പക്ഷെ അവൻ ഒരനാഥനായിരിക്കാം—മീട്ടുകഴൽവിളിക്കുന്നുണ്ടായിരുന്നു. ഞാൻ ആലോചിച്ചു. പ്രകൃതി എത്രമാത്രം അലങ്കരിച്ചിട്ടില്ല. ഈ നഗരത്തിനെ—! എങ്കും കവിത തുളുമ്പി നിൽക്കുന്നു. വേദനയില്ല വേവലാതിയില്ല. ഇതു് സത്യമല്ലേ-?

ഞങ്ങൾ ഒരു ജിഞ്ജിച്ച ഹൌസ് ബോട്ടും കടന്നുപോയി. അതിലെ അട്ടക്കളയിൽ ക്രനിക്കുടിയിരുന്നു് ഒരു വൃദ്ധ അട്ടപ്പുത്തു് എന്തോ ഉരുതിക്കുത്തിക്കുന്നുണ്ടായിരുന്നു ഇടയ്ക്കു് തീയൊന്നാളിക്കത്തിയപ്പോൾ ഞാൻ ആ മുഖം വ്യക്തമായിക്കണ്ടു. മുഴുവൻ ചുളിവുകളാണു് സുഖവും വിശ്രമവുമില്ലാത്ത ഒരു ജീവിതത്തിന്റെ മുദ്ര ആ മുഖത്തു് നല്ലപോലെ കാണാമായിരുന്നു. ഞാനൊന്നു ഞെട്ടി; ഞാൻ ദർശിച്ചതു് എങ്ങുമുള്ള വേദനിക്കുന്ന മനുഷ്യന്റെ ആത്മാവിനെയായിരുന്നു.

ഞങ്ങൾ കരയിലേക്കു് തുഴഞ്ഞപ്പോൾ ചെറുപ്പക്കാരനായ ഒരു ഷിക്കാറ വാല ജലത്തിന്റെ അഗാധതയിൽ നിന്നു് പൊന്തിവരുന്നതുപോലെ ഞങ്ങളെ സമീപിച്ചുകൊണ്ടു് ചോദിച്ചു—"ഇന്നു രാത്രി ക്രൂടെക്കിടക്കുവാൻ ഒന്നാന്തരം ഒരു ലേഡിയെ (മേംസാഹബ്) കൊണ്ടുവരട്ടെ ?"

അന്നു് ഞാൻ കേൾക്കുന്ന രണ്ടാമത്തെ ചോദ്യമായിരുന്നു അതു്. എനിക്കു ഒരു വല്ലായ്മയുണ്ടായി. എങ്കിലും തമാശ വിടാതെ ഞാൻ പറഞ്ഞു:

"എന്റെക്കൂടെ എന്റെ ഭാര്യയുണ്ടല്ലോ—!",

അവൻ പോകുമ്പോൾ പറയുകയുണ്ടായി — "എക്സ്യൂസ്മീ, സേർ —"

നല്ലവനായ ആ മനുഷ്യന്റെ ദുഃഖാഗത്തിൽ എനിക്കു സങ്കടം തോന്നി. 'ശാശ്വതമൂല്യവും' സംസ്ക്കാരവുമൊക്കെ ശരിതന്നെ. ഒരു പക്ഷേ അന്നു് അവൻ കണ്ടുമുട്ടിയ എല്ലാവരും എന്നെപ്പോലെയുള്ളവരാണെങ്കിൽ, അവന്റെ നിലയെന്തായിരിക്കും? തീർച്ചയായും അവനു് ബോങ്കിൻ അക്കൌണ്ടു് കാണുകയില്ല.

ക്രാറൻ വിനാർമരങ്ങളും നിഴൽവിരിച്ച പാതകളിലൂടെ ഞങ്ങളും നടന്നു. ദാൽതടാകം മാത്രമേ ഓമ്മയുണ്ടായിരുന്നുള്ളു. നിരത്തിന്റെയും ബോട്ടിന്റെയും പേരൊക്കെ മറന്നുകഴിഞ്ഞിരുന്നു. വല്ലവരോടും ചോദിക്കാമെന്നുവെച്ചാൽ, കണ്ടുമുട്ടുന്നതധികവും കമ്പിളിസ്സൂട്ടുകൾക്കുള്ളിൽക്കൂടി, വലിയ ഒവർകോട്ടുകൊണ്ടു പുതച്ചു്, മെയ്യോട്ടു് മെയ്യുരുമ്മി, തോളോടു് തോൾചേർന്നു്, സ്വപ്നകാലങ്ങളൊക്കെ വിസ്മരിച്ചു നടക്കുന്ന യുവമിഥുനങ്ങളെയാണു്. ഞങ്ങളേപോലെ അവരും വളരെ ദൂരത്തു നിന്നായിരിക്കും വരുന്നതു്. അതിനു പുറമെ മധുവിധുവിന്റെ ലഹരിയിൽ മയങ്ങികിടക്കുന്ന അവരെ ബുദ്ധിമുട്ടിക്കുവാൻ മനസ്സു് വന്നതുമില്ല.

ഒടുവിൽ ഒരു ടോങ്കെ പിടിച്ചു് ഞങ്ങൾ ബോട്ടിലേയ്ക്കു മടങ്ങി.

ശ്രീനഗറിൽമാത്രം ഞാൻ നാലു ദിവസം താമസിക്കുകയുണ്ടായി. കാണേണ്ട ഒരുമാതിരി സ്ഥലങ്ങളെല്ലാം അതിനിടയിൽ കണ്ടിരിക്കണം. ഒടുവിലത്തെ ദിവസം വെകുന്നേരമാണു് ഞാൻ ക്ഷേത്രത്തിലേയ്ക്കു് പോയതു്. തനിച്ചേയുണ്ടായിരുന്നുള്ളു. കുന്നിന്റെ ഉയരം അയിരമടിയാണെങ്കിലും വഴി ദുർഘടംപിടിച്ചതാണു്. പോരാത്തതിനു് സമയം സന്ധ്യയോടടുക്കുകയും ചെയ്തിരുന്നു. അല്പം ധൈര്യമായി വെളിച്ചമില്ലാതെ കഴിഞ്ഞേണ്ടിവന്നു. ക്ഷീണിതനായ ഞാൻ കിതച്ചുകൊണ്ടു് കയറി. കഴിയുന്ന വേഗത്തിൽ കയറിയിറങ്ങണമെന്നായിരുന്നു എന്റെ ഉദ്ദേശം.

കല്ലുകൊണ്ടുള്ള ഒരു മണ്ഡപമാണു് ക്ഷേത്രം. ആ പഴയ കവനകളും മറവും കണ്ടാൽതോന്നും പ്രളയത്തിനുമുമ്പേ ആരോ ഒരു വലിയ താലോരിക്കു നടുവെ മുറിച്ചു് കമിഴ്ത്തിവെച്ചതാണെന്നു്. അകെയുള്ള ഒരു മുറി ഗർഭഗൃഹമാണു്. അതാണെങ്കിൽ തറയിൽനിന്നു് കുറെയുയർന്നിട്ടാണതാനും.

ഞാൻ ചെന്നപ്പോൾ ശിവലിംഗത്തിന്റെ മുമ്പിൽ കണ്ണടച്ചിരുന്ന ചെറുപ്പക്കാരനായ പൂജാരി സ്തോത്രംചൊല്ലുകയായിരുന്നു എന്റെ കാലൊച്ചകേട്ടിട്ടും അയാൾ കണ്ണുതുറന്നു് നോക്കുകയുണ്ടായില്ല. ചന്ദനത്തിരിയിൽനിന്നുള്ള സുഗന്ധത്തോടൊപ്പം അയാളുടെ ശ്രുതിമധുരമായ കീർത്തനങ്ങളും അന്തരീക്ഷത്തിൽ ലയിക്കുന്നുണ്ടായിരുന്നു. ആ ചൊറിയമുറിയിലും പുറം ശാ

(ശേഷം 31-ാംപേജിൽ)



ദാൽതടാകത്തിലെ ഒരു ഹൌസ്ബോട്ട്

(24-ാംപേജിൽനിന്നും തുടർച്ച)

ക്കൊണ്ടിരുന്നു. ഓ എനിക്കു പ്രകടിപ്പിക്കാൻ കഴിയാതെപോയ എന്റെ തീക്ഷ്ണമായ പ്രണയത്തിന്റെ നൂലിൽ ഒരംശമെങ്കിലും അവൾക്ക് മനസ്സിലായിരുന്നെങ്കിൽ! എന്റെ ഹൃദയംപോലും പിഴുതുകൊടുക്കാൻ ഞാൻ തയ്യാറായിരുന്നപ്പോൾ അവൾ പ്രതീക്ഷിച്ച ആ ഉത്തരങ്ങൾ നൽകാൻ എന്റെ മനസ്സിനുണ്ടായ കഴിവുകേടു് കേവലം അന്ധരഹിതമായിരുന്നെന്നു് അവർ അറിഞ്ഞിരുന്നെങ്കിൽ!.....

അവർനിന്നു. ഞാനും. അകലെ ഗേറ്റിനുമുമ്പിൽ അവരെകാത്തു് കൊച്ചുമെയ്യുടെ രണ്ടുകുട്ടികളും നിൽപുണ്ടായിരുന്നു. ഞങ്ങളും മുഖത്തോടുമുഖംനോക്കിനിന്നു. ഇരുട്ടു്. അവ്യക്തമായ ഇരുട്ടു്. അവരുടെ മുട്ടുള്ള നിശ്വാസം എന്റെ മുഖത്തുവന്നടിച്ചു. എന്നിൽനിന്നും എന്തോ അവർ പ്രതീക്ഷിക്കുന്നതുപോലെ എനിക്കു് എല്ലാം ആ അവസാനവേളയിൽ പറയണമെന്നുതോന്നി ....മുട്ടുള്ള നിശ്വാസങ്ങളും വീണ്ടും ശക്തിയായി മുഖത്തുവന്നടിച്ചു....

എന്തോ കൈവിട്ടുപോകുന്നതുപോലെയുള്ള ഒരനുഭവം.

അവർ പിന്നെപെട്ടെന്നു് മുഖം തിരിച്ചുകൊണ്ടുപറഞ്ഞു. "ഗുഡ് ബൈ"

* * * *

ഐഹികസുഖാനന്ദത്തിന്റെ പരമസീമായിൽ നില്ക്കുന്ന ജീവിതമരത്തിലെ വിലക്കപ്പെട്ട ഒരു കനിയായിരുന്നു അവർ എനിക്കുവേണ്ടിമാത്രമായി വിലക്കപ്പെട്ടിരുന്ന മണവും നിറവും മുറ്റിയ സുന്ദരമായൊരു കനി. "വരൂ, കടന്നുവന്നു് പറഞ്ഞുതുടങ്ങൂ" എന്നു പറയാൻമാത്രം സംസാരശക്തി അതിനില്ലായിരുന്നു. അതുപോലെതന്നെ അങ്ങോട്ടു അടുത്തുചെന്നു് "വരൂ, എന്റെ കരങ്ങളിലേയ്ക്കു് വീഴുതിവീഴൂ" എന്നു് അപേക്ഷിക്കാനുള്ള മനഃശക്തി എനിക്കും ഉണ്ടായിരുന്നില്ല. ഒരു പക്ഷേ ഞാൻ അതാസഹിക്കാതിരുന്നതുകൊണ്ടല്ലേ, ഇന്നിപ്പോൾ ലജ്ജകൂടാതെ, വിഷമിയാതെ, ജീവിച്ചുകൊണ്ടു് എനിക്കു ഇതെഴുതാൻ കഴിയുന്നതെന്നുപോലും സംശയിക്കുന്നു!

ആ സംഭവത്തിനുശേഷം നാളുകളും ഏറെ കടന്നുപോയി കാലത്തിന്റെ വിഭ്രാന്ത്യോസം പൂത്തിരുക്കിയ ഞാൻ ഉദ്യോഗംതേടി നാടും വീടും വിട്ടിട്ടു് വർഷങ്ങൾ പലതു കഴിഞ്ഞു.

മദ്രാസ്, ബാംഗ്ലൂർ, ബോംബെ, ഡൽഹി, കൽക്കത്ത, പാറ്റ്ന. എല്ലായിടത്തും ഞാൻ മുറിയെടുത്തു എല്ലായിടത്തും ഒരേ ഒരു ചിന്തയും വഹിച്ചുകൊണ്ടു്. എല്ലായിടത്തും ഒരേ ഒരു രൂപവും കണ്ടുകൊണ്ടു്.

തമിഴനും തെലുങ്കനുമായി ഞാൻ കണ്ടുമുട്ടി. ഗുജറാത്തിയും മാർവാഡിയുമായി ഞാൻ മുട്ടിനോക്കി പഞ്ചാബിയും പട്ടാണിയുമായി ഞാൻ നോക്കി അടുത്തു. ബങ്കാളിയും ജീഹാറിയുമായി ഞാൻ അടുത്തിടപെട്ടു.

അനുഭവങ്ങൾ! പുതിയ പുതിയ അനുഭവങ്ങൾ!! മനുഷ്യനെ പ്രലോഭിപ്പിക്കുന്ന ജീവിതാഭോസങ്ങൾ. പരീക്ഷണങ്ങളുടെ കൊടുങ്കാറ്റിൽഎന്റെ അടിപതറാതിരിക്കാൻ ഞാൻ ബലം പിടിച്ചു നിന്നു വികാരത്തിന്റെ ചിപ്പു് ഉരിഞ്ഞുപോകാതിരിക്കാൻ ഞാൻ മനോനിയന്ത്രണം സാധിച്ചു. മിസ് ചെറിയാന്റെ പേക്കിള്ള എന്റെ സ്നേഹവിശ്വാസങ്ങളെ കാത്തുരക്ഷിക്കാൻ ഞാൻ എല്ലാത്തിനോടും നേരെകണ്ണടച്ചു. അറിവു് വച്ചതിൽ പിന്നീടുണ്ടായ ആ ആദ്യത്തെ പ്രണയപരമായ അനുഭൂതിയുടെ ആകർഷകമണ്ഡലത്തിൽ നിന്നും അല്പംപോലും അകന്നു നിൽക്കാൻ എനിക്കു കഴിഞ്ഞില്ല. അതു വെറുമൊരു ബന്ധമല്ലായിരുന്നു. കാലദേശങ്ങളെ അതിജീവിച്ചുകൊണ്ടു്, അനന്തതയിലേക്കു് ഒഴുകുകയും, പലപ്പോഴും മറന്നിട്ടെന്നപോലെ പിന്തിരിഞ്ഞുനിൽക്കുകയും, വീണ്ടും ഒരാഹ്ലാദചിന്തയുടെ ഫലമെന്നോണം മുന്നോട്ടുതന്നെ ഗതി തുടരുകയും ചെയ്യുന്ന, പരിശുദ്ധമെങ്കിലും പരിരംഭണകുതുകിയായൊരു നദിയുടെ അനന്തസ്സുമായുള്ള ഒരു ഞെട്ടറ്റത്തിന്റെബന്ധമായിരുന്നു.

ഇക്കാലമത്രയും അകൽച്ചയുടേയും അടുപ്പത്തിന്റെയും നേരിയ ചരടിൽകൂടി ഞങ്ങളും നടക്കുകയായിരുന്നു: വിട്ടിരുത്തിൽ എങ്ങോ മാഞ്ഞും മങ്ങിയും കാണാറായ ലക്ഷ്യത്തിലേക്കു് കാലിടറാതെ നടന്നു മുന്നേവന്നെ ചെയ്ത യത്നത്തിൽ പലപ്പോഴും രണ്ടുപേരും പരാജയപ്പെട്ടുപോയി. പരസ്പരമുള്ള കത്തിടപാടുകളും തന്നിമിത്തം തീരെ വിരളമായിപ്പോയെന്നു തന്നെപറയാം. തോന്നിട്ടില്ല എന്നറിയിക്കുവാൻമാത്രമായി, മൂന്നുംനാലും മാസമെത്തുമ്പോൾ ഓരോ കാർഡ് അങ്ങോട്ടമിങ്ങോട്ടും അയച്ചുകൊണ്ടിരുന്നു.

മിസ് ചെറിയാൻ ഇതിനകം ഡൽഹിയിൽനിന്നു പുനയിലേയ്ക്കും അവിടെനിന്നു് മദ്രാശിയിലേയ്ക്കും മാറ്റുദ്യോഗം കിട്ടി മാറിക്കഴിഞ്ഞുവെന്നു് ഞാൻ അറിയിച്ചുകൊള്ളട്ടെ. പഴക്കം ചെന്ന ഒരു ലൈബ്രേറിയൻ എന്ന നിലയിൽ അവർക്ക് ജോലികിട്ടാൻ വിഷമമുണ്ടായിരുന്നില്ല. മദ്രാശിയിലെ ഒരു വനിതാകോളേജിൽ ഹിസ്റ്ററി ചീഫായിത്തന്നെ അവരിപ്പോൾ ഇരിക്കുന്നു എന്നറിയിച്ചുകൊണ്ടു് ആയിടക്കു് അയച്ച ഒരു കാർഡു മാത്രമാണു്—അതുവിധം ആനന്ദകരമായ ഒരു സന്ദർഭത്തിൽ ഒരു ഗ്രന്ഥംതന്നെ പ്രതീക്ഷിക്കാമെന്നിരിക്കുമ്പോൾ എനിക്കു കിട്ടിയതു്.

സ്വയം മൻപോട്ടവന്ന ഒരു സ്ത്രീയെ പുറകോട്ടുപോകാൻ ഒരിക്കലും അനുവദിക്കരുതെന്ന തത്വം അപ്പോഴാണു് എനിക്കു മനസ്സിലായതു്. അക്ഷരാർത്ഥത്തിൽ എന്റെ മാനസികമായ ദുർബലതയെ ഞാൻ കുറ്റപ്പെടുത്തി. സ്നേഹിക്കുമായി ഞാനിനിയും ഇടപഴകാൻ പഠിച്ചിട്ടില്ലെന്നല്ലേ അതിന്റെ അർത്ഥം പക്ഷേ അവർ വെറുമൊരു സ്ത്രീയായിരുന്നോ! എനിക്കു് അതുപെട്ടെന്നു് പറയാൻ പാടില്ലാത്ത കാര്യങ്ങളും ഞാൻ എങ്ങനെ വെട്ടിത്തുറന്നു് അറിയിക്കാനാണു്?

അവർ എന്നെ മിക്കവാറും മറന്നപോലെ തോന്നി. ഞാൻ അവരേയും (എന്നു പറയണോ?) സ്നേഹത്തിന്റെ സാമ്രാജ്യത്തിൽ യാതൊരു സ്ഥാപിത താല്പര്യങ്ങളുമില്ലാതെ മാസങ്ങളും കടന്നുപോയി .....

പാറ്റ്നയിലെ ഒരു പത്രംആഫീസിൽ ജോലിചെയ്തുകൊണ്ടിരുന്ന ഞാൻ ആയിടക്കു് പാർലിമെന്റിന്റെ സ്ത്രീക്കുക്കു് ഒരപേക്ഷ അയച്ചു മറുപടി കാത്തിരിക്കുകയായിരുന്നു. സ്ത്രീക്കുക്കു് മുരുക്കെഴുത്തും ടൈപ്പിംഗും അറിയാവുന്നാരു സെക്രട്ടറിയെ ആവശ്യമായിരുന്നു. ആ ആഫീസിലാണു് മിസ് ചെറിയാന്റെ ഒരു കത്തു് മദ്രാശിയിൽനിന്നും എനിക്കു കിട്ടിയതു്. തികച്ചും അപ്രതീക്ഷിതമായിരുന്ന ആ കത്തെങ്കിലും അതുടനടി പൊട്ടിച്ചുവായിക്കാൻ എനിക്കു ധൈര്യംവന്നില്ല. ആ നിർഭാഗ്യതയുടെ ഉറയിലേക്കു് ഉടവാളിയിട്ടചെന്നു് അവിടത്തെ രസം പെട്ടെന്നു് ഞാനറിയിച്ചു തീർക്കുന്നതിനു് എന്റെ മനസ്സു അനുവദിച്ചില്ല. തന്നിമിത്തം, കത്തു് കീശയിലിട്ടുകൊണ്ടു് ഞാൻ 'ജനത'യിലേയ്ക്കുപോയി. ഫസ്റ്റ്ഷോകണ്ടു് മടങ്ങിയെത്തിയപ്പോൾ മണി പത്തുകഴിഞ്ഞിരുന്നു. ഉൽക്കണ്ഠാനിറഞ്ഞ നിമിഷങ്ങളുമായി മല്ലിട്ടുകൊണ്ടു രാത്രി തള്ളിനീക്കി. പിറ്റേന്നു രാവിലെ ആഫീസിലേയ്ക്കു പോകുന്ന വഴി ടെൺബ്രിഡ്ജിലിരുന്നാണു് കത്തു പൊട്ടിച്ചതു്. ആരോഗ്യപരമായ കാരണങ്ങൾകൊണ്ടു് മദ്രാശിയിലെ ഉദ്യോഗം മതിയാക്കി നാട്ടിലേയ്ക്കു് തിരിക്കാനും കുറേ നാളത്തേയ്ക്കു് വിശ്രമിക്കാനും തീരുമാനിക്കുന്നു എന്നായിരുന്നു കത്തിലെ ഉള്ളടക്കം! ആ കത്തിൽ എന്റെ ആരോഗ്യനിലയറിയുന്നതിനു് അവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നുവെന്നു് ഞാൻ എടുത്തു പറയട്ടെ "നിങ്ങളും ഇപ്രാവശ്യം നാട്ടിലേക്കു വരുന്നുണ്ടെങ്കിൽ തീർച്ചയായും എന്നെവന്നുകണ്ടുമെന്നു ഞാൻ പ്രത്യാശിക്കുന്നു." പ്രത്യേക കുറിപ്പു് എന്നു് അടയാളപ്പെടുത്തി, അടിയിൽ വരയിട്ടു് എഴുതിയിരുന്ന അവരുടെ ആ വാചകം ഞാൻ രണ്ടുമൂന്നാവർത്തിവായിച്ചു.

എന്തിനാണു് അവർ ഇപ്പോൾ എന്നെ കാണാൻ ആശിക്കുന്നതു്? ഞാൻ ഈ പ്രാവശ്യം വീട്ടിലേക്കു് പെണ്ണുണ്ടെന്നും അവരെ കാണണമെന്നുമുള്ള ധ്വനിയല്ലേ ആ വാചകത്തിൽ? വ്യക്തമായ യാതൊരു തീരുമാനത്തിലും എത്തിച്ചേരാതെ, ഞാൻ കത്തു മടക്കി കീശയിലിട്ടു അവരുടെ മുഖം, അതിന്റെ എല്ലാ ഭാവങ്ങളോടുംകൂടി എന്റെ മുമ്പിലേയ്ക്കു് ഉയർന്നുവന്നു.

അന്ന് ആഫീസിൽ ജോലിക്ക് എനിക്ക് തീരെ ഉത്സാഹം തോന്നിയില്ല. ഗ്രാൻഹോട്ടലിന്റെ മുമ്പിലൂടെ വൈകുന്നേരം ലോഡ്ജിലേയ്ക്കു തിരിച്ചുപ്പോൾ എന്റെ ചിന്തകൾ മുഴുവനും പാറ്റ്നായിൽ നിന്നും തെക്കോട്ടു തിരിക്കുന്ന തീവണ്ടികളെക്കുറിച്ചായിരുന്നു. ഡക് ഡക്.....ഡക് ഡക്....എന്നോടുന്ന തീവണ്ടിയുടെ പിന്നാലെ എന്റെ ചിന്തകൾ മദിരാശിയിലെത്തിയപ്പോൾ ഞാൻ ലോഡ്ജിന്റെ വാതിൽപ്പടിൽ വന്നുനിന്നിരുന്നു.

"നാളെ തിരിക്കുകയാണ്. കാളേജ് ഡാക്ടറുടെ നിർബന്ധം മൂലം മേടനേയും കൂട്ടിയിട്ടാണ് ഞാൻ വീട്ടിലേക്കു പോകുന്നത്. ഇന്ന് പാതിരാത്രി എഴുന്നേറ്റിരുന്ന് നിങ്ങൾക്ക് ഈ കത്തെഴുതുമ്പോൾ രണ്ടുപ്രാവശ്യം നിങ്ങൾ എന്റെ പുറകിൽ വന്നു നിൽക്കുന്നതുപോലെ തോന്നി. അതേ നിങ്ങളുടെ ചൂടുള്ള നിശ്വാസങ്ങൾ എന്റെ കഴുത്തിൽ തട്ടുന്നതുപോലെ എന്നെ സംബന്ധിച്ച എല്ലാം അവസാനിക്കാറായ ഈ ദിവസങ്ങളിൽ, ഏതോ അജ്ഞാതമായ ഒരു ബന്ധമാണ് നിങ്ങൾക്ക് ഈ കത്തെഴുതാൻ പ്രേരണനൽകുന്നത്.

"ദയവായി നിങ്ങൾ എന്നെ വന്നുകാണുമെന്നു വിശ്വസിക്കുന്നു. ഞാൻ കാത്തിരിക്കും."

ലെറ്റർബോക്സ്തുറന്ന് ഞാൻ ആദ്യം എടുത്തു പൊട്ടിച്ച കത്ത് അവളുടേതായിരുന്നു. അടുത്തടുത്തു രണ്ടു കത്തുകൾ!

ഞാൻ പെട്ടെന്നു ബലഹീനനാകുന്നതുപോലെ തോന്നി. സ്നേഹത്തിന്റെ ഉരുക്കൻതിരകൾ എന്റെ മേൽ ആഞ്ഞടിക്കുന്നതുപോലെ. ഞാൻ മുങ്ങിപ്പോകുന്നു മുമ്പ്. 'രക്ഷിക്കണേ'യെന്നു ഉറക്കെക്കരഞ്ഞുകൊണ്ട് ഞാൻ കൈകൾ മേല്പോട്ടയർത്തി. അവരെക്കുറിച്ചുള്ള ഏറിവന്ന ചിന്തയാൽ എന്റെ കണ്ണുകളിൽ വെള്ളംനിറഞ്ഞു. എനിക്കെന്തുപറ്റി അപ്പോൾ?

ഉറക്കമില്ലാതെ കടന്നുപോയ ഒരു രാത്രിയുടെ ശേഷം. അവർ അയച്ച കത്തുകളെല്ലാം എടുത്ത് ആ ദിവസങ്ങളിൽ ഞാൻ വായിച്ചുനോക്കി. തനിക്കനുകൂലമായി സംഭവങ്ങളെയും പരിതഃസ്ഥിതികളേയും വ്യാഖ്യാനിക്കുക മനുഷ്യന്റെ സഹജവാസനയാണല്ലോ അവരുടെയെല്ലാം കത്തുകളിലും പ്രേമത്തിന്റെ സന്ദേശം നിറഞ്ഞു നിൽക്കുന്നതായിമാത്രമേ എനിക്കു കാണാൻ കഴിഞ്ഞുള്ളൂ.

ഇതാ ഒരു കത്ത് —

"ഞാൻ Unfinished dance കണ്ടുകഴിഞ്ഞുവന്നതേയുള്ളൂ. മറിയിൽകയറിയപ്പോഴാണ് നിങ്ങളം അയച്ച കത്തുകിടക്കുന്നതു കണ്ടത്. മറുപടി ഇപ്പോൾതന്നെ എഴുതുകയാണ്. എനിക്കു അത്രപെട്ടെന്ന് ഉറങ്ങുപറയാൻപാടില്ലാത്ത കാര്യങ്ങളും ഞാൻ എങ്ങനെ വിശ്വസിക്കും? നമുക്കു ചെയ്യാൻകഴിയുന്ന കാര്യങ്ങളൊന്നെന്നു പലപ്പോഴും ചെയ്യാൻ കഴിഞ്ഞെന്നുവരില്ല"....

വേറൊന്ന് —

"....ബീച്ചിൽ സന്ധിച്ച ആ ദിവസം ഞാൻ മറക്കുകയില്ല. എന്റെ നിലവിട്ട് പലതും ചെയ്തുപോയിയെന്നൊരു സംശയം എന്റെ കൊച്ചുപ്പന്റെ കൂട്ടികളെ അന്നു രാത്രി നിങ്ങളെക്കുറിച്ച് ചോദിച്ചപ്പോൾ, ഞാൻ പറഞ്ഞത് എന്റെ ഒരു വിദ്യാർത്ഥിമാത്രമാണെന്നാണ് (ഞാൻ അപ്പോൾ പിന്നെ മറ്റേതെന്തോക്കുടിയാണ്!) നിങ്ങളും പറഞ്ഞ ആ ജീവിതം എന്താണെന്ന് എനിക്കു വ്യക്തമായില്ല. പൊയ്മുഖങ്ങളെ എങ്ങനെ ഭയപ്പെടാതിരിക്കും...."

മറെറാന്ന് —

".....കാരണം ഒന്നുമില്ലെങ്കിലും എന്തോ എനിക്കു മറുപടി അയക്കാൻ തോന്നിയില്ല. ഇന്നലെ യൂണിവേഴ്സിറ്റി എക്സ്റ്റൻഷൻ ലക്ചറായിരുന്നു. ഫ്രാൻസിലും അമേരിക്കയിലും പോയിവന്ന ഒരു ബങ്കാളിയായിരുന്ന ലക്ചറർ അവിടങ്ങളിലെ വിവാഹസമ്പ്രദായത്തെക്കുറിച്ചു അദ്ദേഹം വിസ്തരിച്ചപ്പോൾ ഞാൻ നാണിച്ചുപോയി.....

ഒരെണ്ണംകൂടി—

".....ജീവിതത്തെക്കുറിച്ചുള്ള ഉമാഖയ്യാമിന്റെ തത്വചിന്തയോടു ഞാൻ യോജിക്കുന്നില്ലെന്നു ഒരിക്കൽക്കൂടി എഴുതിക്കൊള്ളട്ടെ .....സുന്ദരമായൊരു കുടുംബജീവിതം എന്താണെന്ന് വയസ്സുചെന്നിട്ട ഒരു സ്ത്രീ അറിയുന്നു തീരെ പോരായ്കയായി ഞാൻ കരുതുന്നു....."

ആ കത്തുകളെല്ലാം എന്തിനെയാണ് അർത്ഥമാക്കിയത്? എന്തെല്ലാം സൂചനകളാണ് അവയിൽ തങ്ങിനിന്നിരുന്നത്? എങ്കിലും സ്ത്രീയുടെ സ്വഭാവം ഗ്രഹിക്കാൻ അതുപോലുള്ള ആയിരം കത്തുകളും അപര്യാപ്തം മാത്രമായിരിക്കും.

ഇതിനിടെ പാകിസ്ഥാനിൽ നിന്നും മറുപടി വന്നു. ചില വ്യവസ്ഥകൾക്കെല്ലാം സമ്മതമാണെങ്കിൽ ഒരാഴ്ചക്കകം പുറപ്പെടാൻ ഉത്തരവായിക്കൊണ്ട് വീട്ടിലേക്കു അന്നുതന്നെ വിവരമെഴുതി. അഞ്ചാമത്തെ ദിവസം മറുപടി വന്നു. യാതൊരു കാരണവശാലും പാകിസ്ഥാനിലേയ്ക്കു പോകരുതെന്നും ഉടനെ വീട്ടിലേയ്ക്ക് തിരിച്ചുകൊള്ളണമെന്നും. അമ്മയുടെ കത്തായിരുന്നു. എനിക്കു മനസ്സിലായില്ല പാകിസ്ഥാനിലേയ്ക്കു പോകണ്ടെങ്കിൽ വേണ്ട. പക്ഷേ എന്തിനാണ് വീട്ടിലേയ്ക്ക് ഉടനെ തിരിക്കണമെന്നു അവശ്യപ്പെട്ടിരിക്കുന്നത്?

കാരണംചോദിക്കാൻ ഒരു മൂഡം എന്നു പറഞ്ഞതുപോലെ നാട്ടിലേയ്ക്കു മടങ്ങാൻ ഒരു കാരണവുമുണ്ടായി.

അറുപതുകഴിഞ്ഞ് ആരോഗ്യം നശിച്ച എന്റെ അമ്മയുടെ വാത്സല്യം നിറഞ്ഞ ചിത്രം മുമ്പിലേക്ക് ഉയർന്നുവന്നപ്പോൾ വിളറി വെളുത്ത മിസ്സ് ചെറിയാന്റെ സ്നേഹം നിറഞ്ഞ മുഖവും. ഒന്നിനെ മറെറാന്നു കാരണമാക്കി പാകിസ്ഥാനിലെ ആ നല്ല ജോലി ഉപേക്ഷിച്ച് ബീഹാറിന്റെ തലസ്ഥാനമായ പാറ്റ്നായിൽ നിന്ന്—മഗധ സാമ്രാജ്യത്തിന്റെ പുരാതന രാജധാനിയായ പാടലീപുത്രത്തിൽ നിന്ന്—തെക്കോട്ട തെക്കോട്ട് നീങ്ങുന്ന തീവണ്ടിയിൽ കയറി ഒരു ദിനം പകൽ പത്തുമണിക്ക് ഞാൻ നാട്ടിലെത്തി.....

"വികാരപാരവശ്യത്തോടുകൂടി കാമുകൻ കരഞ്ഞുകൊണ്ട് വാതിലുൽമുട്ടി. കാമുകി പ്രേമപൂർവം വാതിൽതുറന്നു"—ഇത്രയശങ്ങളിലും കരിനുകം നട്ടപാടിപ്പിച്ചിരുന്നവെട്ടുവഴിയിലൂടെ നടന്ന്, ഇന്ദുമതിപുകംഇട്ട പാലവും കടന്ന്, എന്റമ്മാമവൽപള്ളിയുടെ കപ്പേളയുടെ മുമ്പിലൂടെ അന്നു വൈകുന്നേരം മിസ്സ് ചെറിയാന്റെ വീട്ടിന്റെ മുമ്പിലെത്തിയപ്പോൾ, ഞാൻ രാവിലെ വായിച്ചുകീറിയ ഒരു നോവലിലെ ആ വാചകങ്ങളും എന്റെ മനസ്സിൽ മുഴങ്ങുന്നുണ്ടായിരുന്നു.

ചട്ടയും മുണ്ടുമുടുത്ത്, തോടയും മോതിരവുമണിഞ്ഞ, അറുപതുകഴിഞ്ഞ ഒരു വൃദ്ധ എന്നെ അവരുടെ മുറിയിലേയ്ക്കു നയിച്ചു. ഒരു വിദ്യാർത്ഥി തന്റെ പ്രിയ അദ്ധ്യാപികയെ കാണാൻ കയറിച്ചെല്ലുന്ന ഭക്ത്യാദരങ്ങളോടെ ഞാൻ അങ്ങോട്ടു കയറിച്ചെന്നു. അവരുടെ അപ്പൻ അന്ന് അടുത്തൊരു ഏസ്റ്റേറിലേയ്ക്കു പോയിരുന്നു. ഒരു സഹോദരനുള്ളതു ബാലിഗഞ്ചിൽ എഞ്ചിനീയറിംഗിനു പഠിക്കുകയാണ്.

തികച്ചും ആഡംബരരഹിതമായിരുന്ന ആ മുറി. പൊക്കംകുറഞ്ഞ ഒരു കട്ടിൽ, കട്ടിലിലെ മെത്തയുടെ മീതെ ഒരു നീലമുണ്ടു വിരിച്ചിട്ടുണ്ട്. ചെറുതും വലുതുമായ രണ്ടു പെട്ടികളും മൂലയിൽ കാണാം. ഒരു മേശ. ചുറ്റും രണ്ടു കസേര. നീലത്തുണിവിരിച്ച മേശപ്പുറത്തു കുറേ പഴയ നോട്ടുപുസ്തകങ്ങളും അമേരിക്കൻ ഹിസ്റ്ററിയെന്ന ഒരു പുതിയ പുസ്തകവും കിടപ്പുണ്ട്. മേശയുടെ അകലെ കട്ടിലിനടുത്തു കിടക്കുന്ന ഒരു പാക്കേസേരയിൽ അവർ കിടക്കയാണ്.

ഞാൻ സാദ്ധ്യമാനം അകത്തു കടന്ന്, നിശ്ശബ്ദനായി, നിന്നിമേഷനായി, അവരുടെ മുഖത്തുനിന്നു തല ചുറ്റുന്നതുപോലെ, കാലുകൾ കഴയുന്നതുപോലെ. ബലത്തിനു വേണ്ടി ഞാൻ മുമ്പിൽ കിടന്ന കസേരയിൽ കയറിപ്പിടിച്ചു. അവർ ഇരിക്കാൻ ആംഗ്യം കാണിച്ചു. എന്നിട്ട് മുഖമുയർത്തി ഒരു കൊച്ചു കുട്ടിയുടെ നേരെ നോക്കി ചിരിക്കുന്നവിധം മുണ്ടകം വിടർത്തി. ഒരു വെല്ലുവിളി ആ പുഞ്ചിരിയിൽ തങ്ങിനിൽക്കുന്നുണ്ടോയെന്നു ഞാൻ സംശയിച്ചു എങ്കിലും ആ കണ്ണുകളിൽ അഗാധമായ പ്രണയം വിതുമ്പിനിൽക്കുന്നതായി ഞാൻ കണ്ടു.

മാവങ്ങൾക്ക് വാക്കുകളേക്കാൾ ശക്തിയുണ്ടായിരുന്നു, ആ മുഖം കണ്ടപ്പോൾ എന്റെ പേരുവിളിച്ചുകൊണ്ട് അവർ ഇങ്ങനെ ചോദിക്കുന്നതുപോലെ തോന്നി.

"ജീവിതം മുഴുവനും നിങ്ങൾക്കുവേണ്ടി ഞാൻ കാത്തിരിക്കയായി

രുന്നു. നിങ്ങളും എന്തെങ്കിലുവരാൻ ഒക്കെയുണ്ടോ?"

പ്രേമത്തിനുവേണ്ടി കരയുന്ന ഒരു കൊച്ചു കുട്ടിയെപ്പോലെ ഞാൻ പറയാൻ തുണ്ടുകളുണക്കി പക്ഷേ വാക്കുകളും വെളിയിലേയ്ക്കു വന്നില്ല. അവരുടെ കണ്ണുകളിൽനിന്നും കണ്ണുനീർ ഉരുണ്ടുചാടി.

"ഇനിയും പാറ്റാനായ്ക്കു പോകേണ്ടതുണ്ടോ?" ആ സംഭാഷണം ആരംഭിച്ച വിധം അങ്ങനെയായിരുന്നു. വളരെ കൊല്ലങ്ങൾക്കുശേഷം നേരിട്ടു കണ്ടപ്പോൾ ആ തുടക്കം അങ്ങനെ പോരായിരുന്നു. എനിക്കു തോന്നി. ആ അവസാനദിവസങ്ങളിലെങ്കിലും അവർ എന്നോടു് എല്ലാം ഉടൻ തുറന്നുപറയുമെന്നാണു് ഞാൻ കരുതിയതു്. ഞാൻ തീരെ രസമില്ലാതെ മറുപടി പറഞ്ഞു. "കാരണം തീരുമാനിച്ചിട്ടില്ല"

എന്റെ ജോലിയെക്കുറിച്ചു് പിന്നെ അവർ അറിയാൻ ആഗ്രഹം പ്രകടിപ്പിച്ചു. കുറച്ചുകഴിഞ്ഞു് എന്റെ വിരിഞ്ഞ മാറിടത്തിലേക്കും ബലിഷ്ഠമായ കരങ്ങളിലേക്കും അവർ നോക്കുന്നതു ഞാൻ സൂക്ഷിച്ചു.

എന്റെ ഹൃദയത്തിൽ ദുഃഖം കിടന്നു് തിമിർക്കുകയായിരുന്നു. അവരുടേയും ഹൃദയത്തിൽ അതു തന്നെയായിരിക്കണം. ആ കൈകളും അസ്വസ്ഥമായി കസേരയുടെ കൈകളിൽ ഓടിനടക്കുന്നതു ഞാൻ കണ്ടു; കാൽ വിരലുകളും കൊണ്ടു് നിലത്തു് എന്തോ എഴുതുന്നതും. നാണംകൊണ്ടു് വിളറിപ്പോയ ഒരു പൂവിന്റെ മട്ടുണ്ടായിരുന്ന അവർക്കു്.

"സ്നേഹത്തിന്റെ അനശ്വരനാമം ഞാൻ സ്നേഹിക്കുന്നുവെന്നു ഒരായിരം പറയുമ്പോഴല്ല"—ആന്ദ്രേജീദിന്റെ ഇടുങ്ങിയ വാതിലിൽ ആഞ്ചൽ വാഷിയർ ജെറോമിനോടു് പറയുന്ന സന്ദർഭം എനിയ്ക്കോർമ്മവന്നു പക്ഷേ പ്രേമം പ്രവൃത്തിയിൽ കാണുവാൻ ഞാൻ ഇനിയും എത്രനാൾ കാത്തിരിക്കണം? അവരിൽ എനിക്കുള്ള വിശ്വാസത്തിന്റെ ബലം കിടന്നു യുദ്ധം ചെയ്യുന്ന സന്ദർഭമിതാണു്. നീണ്ട പത്തുവർഷം കടന്നുപോയിട്ടും ഞങ്ങൾ ഒരുമിച്ചുള്ള ഒരു ജീവിതം പരസ്പരം വാഗ്ദാനം ചെയ്യുന്നതിനുപോലും ഞങ്ങൾക്കു കഴിഞ്ഞിട്ടില്ല. അവരുടെ ഓമനയ്ക്കുവേണ്ടി ജീവിതകാലം മുഴുവൻ അവിവാഹിതനായി കഴിഞ്ഞുകൂടാൻ എനിക്കു കഴിഞ്ഞേനേം. പക്ഷേ, അപ്പുറം, അവർ മരിച്ചുകൊണ്ടിരിക്കയാണു്.

അതുവേണ്ടി അതാണുചോദ്യം

ആരാണതിനും ഉത്തരവാദി?

അവരാണെന്നു് ഞാൻ പറയുകയില്ല

അവർ ഭയപ്പെടുന്ന സമൂഹ്യാചാരങ്ങളേയും അവരെപ്പോലെ അനേകമനേകം സ്ത്രീകളെ നിത്യകന്യകകളാക്കി മാറ്റുകയും അകാലത്തിൽ മരിപ്പിക്കുകയും ചെയ്യുന്ന 'പരിശുദ്ധബന്ധ'ങ്ങളെയും എനിക്കോമ്മവന്നു.

ഞാൻ തലകുമ്പിട്ടു മിണ്ടാതെ ഇരുന്നപ്പോഴും അവർ കസേരയിൽനിന്നും സാവധാനം എഴുന്നേറ്റു് എന്റെ മുമ്പിൽവന്നുനിന്നു ഒരു കൊച്ചുകുഞ്ഞിനോടുള്ള വാത്സല്യം കണക്കെ അവർ എന്റെ തലപിടിച്ചുയർത്തി. ഞാൻ ആ മുഖത്തേക്കു നോക്കിയപ്പോൾ അതു് മെഴുകുപോലെ വിളറിയിരുന്നു. വളരെ വേഗമാണു് അതു നടന്നതെങ്കിലും അതിൽ പരിഭ്രമത്തിന്റെ യാതൊരു മട്ടും ഞാൻ കണ്ടില്ല. അവർ ഉടുത്തിരുന്ന വെള്ളസാരിയോടു് ചേർത്തു് ഞാൻ വാത്സല്യപൂർവ്വം അവരുടെ മാറത്തുകെട്ടിപ്പിടിച്ചു.

ഞങ്ങൾ രണ്ടു മനുഷ്യജീവികൾ മാത്രമായിരുന്നു അന്നേരം.

ഞാൻ കസേരയിൽനിന്നുമെഴുന്നേറ്റു അവരോടു ചേർന്നുനിന്നു. അവരുടെ വിളറിയ തുണുകളും കിടന്നു വിറയ്ക്കുന്നതുകണ്ടു.

"മനുഷ്യൻ പരസ്പരം സ്നേഹിക്കുന്നു എന്നിട്ടും അവർ പരസ്പരം വേദനിപ്പിക്കുന്നു" എനിക്കവർ പറഞ്ഞതിന്റെ അർത്ഥം മനസ്സിലായില്ല.

ഞാൻ മിഴിച്ചുനിന്നു.

അവരുടെ കണ്ണുകളുടെ കയത്തിനിന്നും ഒരു തുള്ളി രൂപാടിഞ്ഞുവന്നു് പോളകളിൽ തങ്ങിനിന്നു. ഒരു വൈരക്കല്ലുപോലെ അതു് അവിടെനിന്നു് ഒരു നിമിഷം തിളങ്ങി പിന്നെ വിളറിയ കവിളിൽക്കൂടി ഒരു ചാലു് സൃഷ്ടിച്ചുകൊണ്ടു് ആ വൈരക്കല്ലു് കീഴോട്ടു് ഉരുണ്ടുപോയി.

"ഹാ, കൈവിട്ടുപോയ സുന്ദരസന്ദർഭങ്ങളും!" ആരാണു് അതു പറഞ്ഞതെന്നു് എനിക്കറിയാൻ പാടില്ല. എന്റെ തല ചുറ്റുന്നതുപോലെ തോന്നി. തകർന്നുപോയ പളുങ്കുപാവയെ നോക്കി പൊട്ടിക്കരയുന്ന ഒരു കൊച്ചുകുട്ടിയെപ്പോലെ ഞാൻ അവരെ നോക്കിനിന്നു

"നിങ്ങൾക്കു് ഒരു കാര്യം പറയാമായിരുന്നു" അവർ മന്ത്രിച്ചു.

"എന്തു കാര്യം?"

"ആ ഉരുളിശ്ശേരിബന്ധം അന്നേ അവസാനിച്ചതാണെന്നു!"

അതു പറഞ്ഞതിനുമുൻപു് അവർ ഇന്നിന്നതു കസേരയിലേക്കു തന്നെ ഓടിപ്പോയി. മഹാനിധിയുടെ മുമ്പിൽ ഞാൻ കാലിടറി വീണപോലെ തോന്നി. മോക്ഷത്തിന്റെ വാതിലിൽ നിന്നും തള്ളി താഴെ ഇടപ്പെട്ടപോലെയും.

"ഉവ്വ് ഉവ്വ്", അതുപണ്ടായിരുന്ന മിസ്സ് ചെറിയാൻ. ആ ബന്ധം അന്നേ അവസാനിച്ചുപോയി ഞാൻ എങ്ങിക്കരയാൻ തുടങ്ങി.

"ഇല്ല, ഇനി പൊയ്ക്കോളൂ." അവർ എന്റെ പേരു് വിളിച്ചുകൊണ്ടു പറഞ്ഞു: "സമയം കഴിഞ്ഞുപോയി. കഴിഞ്ഞപത്തുവർഷം ഞാൻ മരിക്കുകയായിരുന്നു." അവരുടെ മുഖത്തേക്കു് രക്തം അടിച്ചുകയറി. വേദനകൊണ്ടു് ഒരുരിഞ്ഞുതകർന്നു. ആ മുറിയിൽ പിന്നെ അധികം നേരം നിൽക്കുന്നതു നന്മയ്ക്കല്ലെന്നു എനിക്കു തോന്നി. ഞാൻ വെളിയിലേക്കു് കാലെടുത്തുകുത്തിയതും പിന്നിൽ നിന്നു് പെട്ടെന്നു് അവർ കതകടച്ചതും ഒപ്പം കഴിഞ്ഞു. തുടർന്നു അവർ കട്ടിലിലേക്കു വീഴുന്ന ശബ്ദം ഞാൻ കേട്ടു അടർന്നുവന്ന കണ്ണീർ തുവാലയെടുത്തു തുടച്ചു് ഞാൻ വേഗം സ്ഥലംവിട്ടു

എന്നിരുന്നിട്ടും ഞാൻ അവരെ വീണ്ടും വീണ്ടും കണ്ടു. പ്രേമത്തിന്റെ സ്വഭാവികമാർഗ്ഗം അടയപ്പെട്ടപ്പോൾ അതു ഏറ്റവും ശക്തിയോടുകൂടി തിരിച്ചുവിട്ടു. വികാരത്തെ എതുകണ്ടു് കൂടുതൽ കടിഞ്ഞാൺഇട്ടു് പിടിക്കുവാൻശ്രമിച്ചുവോ, അതു് അതുകണ്ടു് ശക്തിയായി അവരെ കീഴ്മേൽ മറിച്ചു. സഹജവാസനകളെ ഒതുക്കുവാൻ വിഫലശ്രമം ചെയ്ത ഉണങ്ങിപ്പോയ ഒരു മനുഷ്യജീവിയുടെ പ്രതിരൂപമെന്നോണം അവർ ആശുപത്രിയിലെ കട്ടിലിൽ ശയിച്ചിരുന്നു.

പ്രേമം ഒരു മഹാവികാരമാണു്. അതില്ലാതാക്കുവാൻ ആരുശ്രമിക്കുന്നുവോ അവൻ (ൾ) പരാജയപ്പെട്ടും.

പാറ്റാനായിലേയ്ക്കു തിരിച്ചുപോകാൻ ഭിവസങ്ങൾ അടുത്തുതുടങ്ങിയെങ്കിലും, അമ്മയുടെ വഷളിച്ചുവന്ന സുഖക്കേടു് എന്നെ വീട്ടിൽതന്നെ താമസിപ്പിക്കാൻ നിർബന്ധിതനാക്കി.

അയിടയ്ക്കു ഒരു ദിവസം അമ്മയ്ക്കു മുക്കാലിന്റെ തീവണ്ടിക്കു് എറണാകുളത്തേക്കു പോകാൻതിടുക്കത്തിൽ ഷർട്ടും പാൻറും തേച്ചുകൊണ്ടിരിക്കയായിരുന്ന ഞാൻ. അപ്പോഴാണു് അവർ കിടന്നിരുന്ന ആശുപത്രിയിൽനിന്നും ഒരു വേലക്കാരൻ പയ്യൻ ഓടിയെത്തിയതു്. ഓരോരുകാര്യവും ഞാൻ പറഞ്ഞില്ലല്ലോ. കഴിഞ്ഞ മൂന്നാലാഴ്ചയായി അവരുടെ സുഖക്കേടു് ക്രമാതീതമായി വഷളിച്ചിരുന്നു. ആകെ ശോഷിച്ചു് അസ്ഥിമാത്രമായിക്കഴിഞ്ഞിരുന്നു. ആ പീഡകളും സഹനങ്ങളും ആർക്കുവേണ്ടിയിട്ടാണെന്നു് എനിക്കു മനസ്സിലായില്ല. കഴിഞ്ഞ ആഴ്ചയിൽ അവരെകണ്ടപ്പോൾ തീരെ പരവശമായി കാണപ്പെട്ടിരുന്നു. അന്നു് അവരുടെ കിടക്കയുടെ മുമ്പിൽനിന്നും ഞാൻ എഴുന്നേറ്റപ്പോൾ അ കണ്ണുകൾകൊണ്ടു് എന്നെ കെട്ടിപ്പിടിക്കുന്നതുപോലെ തോന്നി, ഞാൻ നടന്നുനീങ്ങിയപ്പോൾ ആ മുഖത്തേക്കു് ഇരുട്ടുകയറിവരുന്നതുപോലെയും. അവരെ ശുശ്രൂഷിച്ചിരുന്ന സിസ്റ്റേറാടു് ഞാൻ എല്ലാം തുറന്നുപറഞ്ഞു. ദൈവമേ, എന്റെ മിസ് ചെറിയാന്റെ ജീവനെ അപകടപ്പെടുത്തിയേക്കല്ലേ!

പ്ലഗ്ഗ് വലിച്ചൂരി, ഇസ്തിരിപ്പെട്ടിയെടുത്തു് താഴെവച്ചു് പകുതിതേച്ചഷർട്ടും പാൻറും അതേപടി ഇട്ടുകൊണ്ടു് ഞാൻ വേലക്കാരൻ പയ്യനൊരുക്കൂടെ ആശുപത്രിയിലേക്കു അതിവേഗം നടന്നു. മുമ്പിൽ, വരാന്തയിൽ സിസ്റ്റർ എന്റെ വരവുംകാത്തു നിൽക്കുകയായിരുന്നു. താഴെ കിടന്നിരുന്ന വാകമരത്തിന്റെ കൊമ്പുകളുടെ ഇലപ്പടർപ്പിലൂടെ എത്തിനോക്കിയിരുന്ന സായന്തനസൂര്യൻ അവരുടെ മുഖത്തു് ഏതോ നിഴൽചിത്രങ്ങളും നെയ്തുകൊണ്ടിരുന്നതിനാൽ ആ മുഖത്തിന്റെ ഭാവം എനിക്കു കാണാൻ കഴിഞ്ഞില്ല.

"വരൂ, വേഗം അകത്തേയ്ക്കുവരൂ. മിസ്സ് ചെറിയാനു് നിങ്ങളെ കാണാൻ തിടുക്കമായിരിക്കുന്നു" വരാന്തയിൽ കാലുകുത്തിയതോടെ, എന്നെയും ക്ഷണിച്ചുകൊണ്ടു് അവർ അകത്തേയ്ക്കു വേഗം നടന്നു. എന്റെ കാലുകൾ നിലത്തു് ഉറച്ചുപോകുന്നതുപോലെ നടന്നിട്ടു നീങ്ങുന്നില്ല.

"ക്ലിം....." ആശുപത്രിയുടെ തൊട്ടടുത്തുള്ള കൊച്ചു മുറിയുടെ ജനാലച്ചില്ലുകൾ കാറ്റിൽ തകർന്നുവീണു ഒച്ച.

ആ ആശുപത്രിയുടെ അകം എനിക്കു വളരെ പരിചിതമാണെന്നിരുന്നിട്ടും, ഞാൻ ആ സിസ്റ്റർനെ പിന്തുടർന്നിരുന്നിട്ടും, മിസ്സ് ചെറിയാൻ കിടന്നിരുന്ന ക്യാന്റിന്റെ അടുത്തേയ്ക്കു് ചെല്ലാൻ മണിക്കൂറുകൾ എടുത്തുപോലെ തോന്നി. ഒടുവിൽ ഞാൻ ആ ക്യാന്റിന്റെ മുമ്പിലെത്തിയപ്പോൾ ഭയത്തിന്റെ ഒരു ശീതസ്പർശം അനുഭവപ്പെട്ടുപോയി.

ഞാൻ അകത്തേയ്ക്കു കാലെടുത്തുകുത്തിയതും ഡോക്ടർ വെളിയിലേയ്ക്കു കാലുവച്ചതും ഒപ്പമായിരുന്നു

ആരും ആരും ഒന്നും ശബ്ദിച്ചില്ല.

എല്ലാവരുടേയും ഹൃദയമിടിപ്പുകൾ കേൾക്കാമായിരുന്ന ഒരാളുടെ ഒഴിച്ചു്. ഒരു മൈസൂകളെപോലെ വെളുത്തു് അവർ അവിടെ കിടന്നിരുന്നു — നിർജ്ജീവമായി.

"കർത്താവേ! എന്റെ മിസ്സ് ചെറിയൻ!"— ആശുപത്രിയുടെ ശാന്തമായ അന്തരീക്ഷം ഭേദിക്കുമാറു് എന്റെ ആത്മാവിൽനിന്നും ഒരു വിളിമുഴങ്ങി.....

അവസാനിച്ചു കഴിഞ്ഞ പകലിന്റെ മരണമണി എമ്മാനുവൽ പള്ളിയിൽനിന്നും മുഴങ്ങിക്കൊണ്ടിരുന്നപ്പോൾ, റെയിൽവേ സ്റ്റേഷന്റെ കിഴക്കുഭാഗത്തുള്ള താറിട്ട റോഡിൽക്കൂടി, ഏകനായി ഞാൻ വീട്ടിലേക്കു നടക്കുകയായിരുന്നു.

മിസ്സ് ചെറിയാന്റെ ഒന്നാം ചരമവാർഷികമാണിന്നു്. മരവിക്കുന്ന മഞ്ഞു് ഉണ്ടായിരുന്നെങ്കിലും അതിരാവിലെ എഴുന്നേറ്റു് ഞാൻ അവരുടെ കുഴിമാടത്തിലേക്കു പോയി. അവരുടെ അപ്പനും അമ്മയും അലീഗറിൽ പഠിച്ചിരുന്ന ആ സഹോദരനും ഇന്നു് സെമിത്തേരിയിൽ വരുമെന്നു് എനിക്കറിയാം. ആ അവകടിരത്തിനു മുകളിൽ പൂക്കൾ അർപ്പിക്കാൻ എനിക്കു്, തന്നിമിത്തം, അവിടെനിന്നും അതിവേഗം പോരണമെന്നുണ്ടായിരുന്നു. സെമിത്തേരിയുടെ വടക്കുഭാഗത്തെ ഗേറ്റു് കടന്നപ്പോഴേക്കും പള്ളിയിൽനിന്നും ബാലന്മാരുടെ സങ്കീർത്തനത്തിന്റെ ഈരടികൾ കാതിൽ വന്നലച്ചു.

"Lead kindly light-
amid the encircling gloon
Lead thou me one"

യേശുവിന്റെ കാലടികളുമായി ഞാൻ ആ കുഴിമാടത്തിലേയ്ക്കു നീങ്ങി. ആകാശത്തിൽനിന്നും വർഷിച്ച വെളുത്ത ലില്ലിപ്പൂക്കളെപ്പോലെ മഞ്ഞുതുള്ളികൾ ആ അവകടിരത്തിൽ വിതറിക്കിടന്നിരുന്നു. ആ കൊച്ചുതുടിയ സ്നേഹസാമ്രാജ്യത്തിന്റെ മുമ്പിൽ എനിക്കു് അധികനേരം നോക്കിനിൽക്കാൻ കഴിഞ്ഞില്ല. പൂട്ടിയ രണ്ടു തുള്ളിക്കണ്ണുനീർ ഉയർന്നുവന്നു് കൺപോളകളിൽ തങ്ങിനിന്നു. ആ രണ്ടു പളുങ്കുമണികളുടെയുള്ളിൽക്കൂടി അവളുടെ കല്ലറമേൽ കൊത്തിയിരുന്ന വാചകങ്ങളും എന്റെ മുമ്പിലേക്കു് ഉയർന്നുവന്നു.

കർത്താവേ, മിസ്സ് തോമസിന്റെ
ആത്മാവിനെ അവിടുത്തെ
കരങ്ങളിൽകാത്തുകൊള്ളേണമേ!

ആകാശമോക്ഷത്തിൽ, മാലാഖമാരുടെ മദ്ധ്യത്തിൽ, ദൈവത്തിന്റെ തൃക്കരങ്ങളിൽ അവർ തലചായ്ച്ചുകിടക്കയാണെന്നു് എനിക്കു തോന്നി. വിവരിക്കാൻ പാടില്ലാത്ത ദുഃഖം എന്നെ വട്ടമിട്ടുപിടിച്ചു. "കർത്താവേ, എന്റെ മിസ്സ് ചെറിയാന്റെ ആത്മാവാണു് അങ്ങയുടെ തൃക്കരങ്ങളിൽ. എനിക്കു മാത്രമായി വിധിക്കപ്പെട്ടിട്ടുള്ള മിസ്സ് ചെറിയാന്റെ ആത്മാവു്.

"I loved to choose
and see my path,
but now,
lead thou me on!"

കുട്ടികളുടെ സങ്കീർത്തനത്തിന്റെ അവസാനത്തെ വരികൾ മുഴങ്ങുകയാണു്. ഞാൻ തലയുയർത്തി നോക്കി. ഗേറ്റു് കടന്നു് മിസ്സ് ചെറിയാന്റെ വീട്ടുകാർ സെമിത്തേരിയിലേയ്ക്കു വരുന്നു. തെക്കുഭാഗത്തെ ഇടിഞ്ഞു പൊളിഞ്ഞുകിടന്ന മതിൽച്ചാടി ഞാൻ പുറത്തുകടന്നു.

* * * *

അവരെക്കുറിച്ചുള്ള എല്ലാം അതോടെ അവസാനിച്ചുകിലും ഈ ഒടുവിലെ കഥകൂടി നിങ്ങൾ അറിഞ്ഞിരിക്കണമെന്നു് എനിക്കു നിർബന്ധമുണ്ടു്. കാരണം, ഇതു കൂടിയില്ലെങ്കിൽ എന്റെ മിസ്സ് ചെറിയാന്റെ ജീവിതം അപൂർണ്ണമായിരിക്കും.

ഏതോ അദൃശ്യമായ പ്രേരണയ്ക്കു വഴിപ്പെട്ടിട്ടെന്നപോലെ അന്നു് വൈകുന്നേരം ഞാൻ അവരുടെ വീട്ടിന്റെ മുമ്പിൽക്കൂടെ നടന്നു. സൂര്യൻ അകലെ ആ കുന്നിൻമുകളിലെ എമ്മാനുവൽ പള്ളിയുടെ പിന്നിലേക്കു സാവധാനം താഴുകയായിരുന്നു. അസുഖകരമായ ഒരു ശീതക്കാറ്റു് വീശിക്കൊണ്ടിരുന്നു. പരിഞ്ഞാട്ടു മർശനമായി നിലകൊള്ളുന്ന ആ ഓംശിയുള്ള കൊച്ചുവീടിന്റെ മുമ്പിലെ പച്ചച്ചായമടിച്ച ഗേറ്റിൽ പിടിച്ചുകൊണ്ടു് അവരുടെ സഹോദരൻ നില്പുണ്ടായിരുന്നു. വെള്ളഷർട്ടും കാക്കിപാന്റുമിട്ടു്, കഴുത്തിൽ കറുത്ത മഫ്ളർ ധരിച്ചു ഒരിരുനിറക്കാരൻ. അലീഗറിലുള്ള ഒരിഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥിയായിരുന്ന ആ സഹോദരനെ കണ്ടറിച്ചാണു് പണ്ടൊരിക്കൽ കല്ലുത്തായിലേക്കു എനിക്കു അവർ കത്തെഴുതിയിരുന്നതു്. അന്നയാൾ അവർക്കൊരു മുത്തുമാല സമ്മാനിച്ചിരുന്നു. ഗേറ്റിൽ പിടിച്ചുനിന്ന അയാളുടെ കാലിൽവന്നു നക്കിയിട്ടു് ഒരു കറുത്തപട്ടി തിരിച്ചുവീട്ടിലേക്കുതന്നെ കയറിപ്പോകുന്നതു കണ്ടു. വീട്ടിൽ ആകെ നിശബ്ദമായിരുന്നു. മരിച്ചുവീടുപോലെ മൂകം.

എന്നെ അയാൾ അകത്തേക്കു് ആംഗ്യംകാണിച്ചുവിളിച്ചു. എന്തിനാണെന്നു് അറിയാൻ പാടില്ല ഞാൻ അങ്ങോട്ടുചെന്നു. അജ്ഞാതമായൊരു വസ്തുവിന്റെ മുമ്പിലേക്കു് നടന്നടുക്കുന്ന പ്രതീതി.

"അനിയാ," കഴുത്തിൽ ചുറ്റിയിരുന്ന മഫ്ളർ എടുത്തു് കണ്ണീർ ഒപ്പിയിട്ടു് അയാൾ എന്റെ തോളിൽ കൈവച്ചു. എന്റെ മിസ്സ് ചെറിയാന്റെ കൂടെസ്പർശം ഏറ്റാപോലെ. അയാൾക്കു് എല്ലാം അറിയാമെന്നു എനിക്കു തോന്നി. ഞങ്ങളുടെ ജീവിതത്തെ സംബന്ധിക്കുന്ന പലതും അയാൾക്കു മനസ്സിലായിക്കാണണം.

"അനിയാ" അയാൾ രണ്ടാമതു വിളിച്ചപ്പോൾ എന്റെ മിസ്സ് ചെറിയാന്റെ ശബ്ദം ഞാൻ കേട്ടതുപോലെ തോന്നി. "ഇന്നിവിടെ നിൽക്കൂ ഞാൻ ഇപ്പോൾ വരാം" എന്നു പറഞ്ഞു് അയാൾ വീട്ടിലേക്കു ഓടി.

പച്ചച്ചായമടിച്ച ഗേറ്റിന്റെ അഴികളിൽ പിടിച്ചുകൊണ്ടു ഞാൻ നിന്നു നിമിഷങ്ങൾ യുഗങ്ങളെപ്പോലെ നീങ്ങി. മുമ്പിൽ ഏതോ ഇരുട്ടുകയറി.

"ഇതാ ഈ കത്തുകൾ അതും നിങ്ങളുടേതാണ്" അയാൾ മടങ്ങിവന്നു നിന്നു പറയുന്ന ശബ്ദം കേട്ടു് ഞാൻ തല ഉയർത്തി. എനിക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. ഞാൻ അവർക്കയച്ച കത്തുകൾ എല്ലാമായി അവരുടെ സഹോദരൻ എന്റെ മുമ്പിൽ വന്നു നിൽക്കുന്നു!

"ആകെ തൊണ്ണൂറിലധികം കത്തുകളുണ്ടു്"

ഞാൻ ഒന്നും മിണ്ടിയില്ല.

"ഇതിന്റെ അവകാശി ഇനി നിങ്ങൾതന്നെയാണു്." അയാൾ അതു് പറഞ്ഞപ്പോൾ ആ കവിളിണകളിൽക്കൂടി ചാലുകൾ സൃഷ്ടിച്ചുകൊണ്ടു് വൈരക്കല്ലുകൾ കീഴോട്ടു ഉരുണ്ടുരുണ്ടുപോയി.

ഞാൻ ചുണ്ടുകൾ കടിച്ചമർത്തി മിണ്ടാതെനിന്നു.

"അനിയാ ഇതു വച്ചുകൊള്ളൂ" ആ കത്തുകൾ എന്റെ കയ്യിലേയ്ക്കു തന്നിട്ടു അയാൾ പുറംതിരിഞ്ഞുനിന്നു് കണ്ണുകൾ തുടയ്ക്കുന്നതു ഞാൻ കണ്ടു വിറയ്ക്കുന്ന കരങ്ങളോടുകൂടി ഞാൻ അതു വാങ്ങിച്ചു. എനിക്കു് എന്തെങ്കിലും പറയാൻ കഴിയുന്നതിനുമുൻപുതന്നെ എന്റെ കാലുകൾ മുമ്പോട്ടു നീങ്ങിക്കഴിഞ്ഞിരുന്നു.....

അണയാൻ പോകുന്ന സൂര്യൻ അവസാനമായി ഒരിക്കൽക്കൂടി എമ്മാനുവൽപള്ളിയുടെ താഴെയുള്ള മുകപ്പിൽക്കൂടി എത്തിനോക്കിയപ്പോൾ ഞാൻ ആ എഴുത്തുകെട്ടു് തിരിവത്തിനോക്കി. ഏറ്റവും മീതെ ഇരുന്ന കവറിന്റെ മുകളിൽ ഒരു കൃഷ്ണമണി കടലാസ്സിൽ അവരുടെ കയ്യക്ഷരം. ഞാൻ വായിച്ചു: "സ്നേഹത്തിനുവേണ്ടി മരിക്കുന്നതു എത്രയോ ആനന്ദകരമാണു്!"

(26-ാംപേജിൽനിന്നും തുടർച്ച)

ന്തിയും പരിഭ്രമിയും വിങ്ങിനിൽക്കുന്നുവെന്ന്തോന്നി. ഒരിരുപ്പു ഇരുപതുചാരി ഞാൻ അല്പനേരം അവിടെയിരുന്നു. നിർവൃതികരമായ ഒരനുഭവമായിരുന്നു അതു്.

സന്ധ്യയടുത്തുവരുന്നതുകൊണ്ടായിരുന്നു ഞാൻ കുന്നിറങ്ങുവാൻ തുടങ്ങി. ഒരു പച്ചപ്പുൽത്തലകയിൽ 'മോർഡൻ' ചെയ്തുവെച്ചതുപോലെ 'ശ്രീനഗർ' താഴെക്കിടക്കുകയാണു്. അതിന്റെ പിറകിൽ ഒരു കാവൽക്കാരനെപോലെ ഹരിപർവ്വതം കോട്ട തലയുയർത്തി നിൽക്കുന്നു. അതിന്റേയും പിറകിൽ എനിക്കു് പേരറിയാത്ത വേറെയും എത്രയോ കുന്നുകൾ. മറയ്ൻപോകുന്ന സൂര്യന്റെ രശ്മികൾ ആ കുന്നുകളെ തലോടുന്നുണ്ടായിരുന്നു.

അന്നം ഉണ്ടുകഴിഞ്ഞതിനുശേഷം, ഞാൻ ദാൽ തടാകത്തിൽ ഒരല്പം സഞ്ചരിക്കാനിറങ്ങി. ഷിക്കാറവാല ഹഞ്ചീമുള്ള എന്റെ ഒരു സ്നേഹിതനായിക്കഴിഞ്ഞിരുന്നു. പഴയ നാടൻ പാട്ടുകൾ പാടുവാൻ അവനു് വലിയ കമ്പമായിരുന്നു. പാട്ടുകേട്ടാൽ മാത്രം പോര, അതിന്റെ അർത്ഥം ഞാൻ മനസ്സിലാക്കുകയും വേണം. ഒന്നുരണ്ടു തവണ പാട്ടും ഗ്രന്ഥവുമൊക്കെയായി ഏതാണ്ടു രണ്ടുമൂന്നുമണിക്കൂർ ഞങ്ങളങ്ങനെ കടന്നുപോവുകയുണ്ടായി. ഞങ്ങളും വിട്ടുകൊടുത്തില്ല



താമര ദാൽ തടാകത്തിൽ

നിലാവുള്ള ഒരു രാത്രി ദാൽ തടാകത്തിൽ തുഴയുക എന്നതു് ഒരനുഭവമാണു്. പ്രത്യേകിച്ചും ജ്ഞാനിച്ചോ ജൂലായിയിലോ അങ്ങനെകിൽ. അപ്പോഴും തടാകം ആമ്പൽകൊണ്ടും താമരകൊണ്ടും മൂടിയിരിക്കും. എനിക്കു് ആ മംഗി സ്വപ്നംകാണുവാനേ കഴിഞ്ഞുള്ളൂ. അപ്പുൻ കച്ചവടത്തിന്നായി കൊടുത്ത പണം മുഴുവൻ ദാൽതടാകത്തിൽ ചിലവഴിച്ചു്, ആ തടാകത്തിന്റെ കാമുകനായി ജീവിക്കുകയും മരിക്കുകയും ചെയ്ത 'മിയാൻദുള്ള'വെ ഞാനോർത്തു. ആകസ്മികമായി ചരിവിലൊരിടത്തു് ആ നിർഭാഗ്യവാൻ, താൻ സ്നേഹിച്ച തടാകത്തേയും നോക്കി ദീർഘനിശ്വാസം ചെയ്യുകയാണു് ആ കല്ലറ കടന്നുപോകുന്നവരിലെത്രപേർ, മിയാൻദുള്ളുവിന്റെ മാറിവല്ലുപ്പെട്ട ജീവിതം ഓർത്തുകാണും!

മടങ്ങുമ്പോൾ നേരം വളരെ ഒരുക്കിയിരുന്നു. വഴിയിൽവെച്ചു് 'മധുര'യിൽ നിന്നു വന്ന ഒരു ചെറുപ്പക്കാരനെ കൂട്ടുകാരനായി കിട്ടി. ഒരു കൊല്ലം മുമ്പുവരെ അയാളും എന്നെപ്പോലെ ഒരു വിദ്യാർത്ഥിയായിരുന്നു. "ഇപ്പോൾ ഒരു 'ബിസിനസ്' നടത്തുകയാണു്. ആ ചങ്ങാതിക്കും കാശ്മീരിനെക്കുറിച്ചു് ഒരുപാടു പരാതികളുണ്ടായിരുന്നു ഒരൊറ്റ നല്ല പെണ്ണിനെയുകിലും അയാൾക്കു കാണുകയുണ്ടായില്ലത്രെ! കാശ്മീരിൽ സുഖവാസത്തിനു് പോകുന്നതു് ഒരു വെറും വ്യാമോഹംമാത്രമാണെന്നും അയാൾ പറഞ്ഞു. എനിക്കു് അയാളോടു തർക്കിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല അതിനാൽ ഞാൻ ഒക്കെ മൂളിക്കേട്ടു

ആ ചങ്ങാതിയുടെ അഭിപ്രായങ്ങളെക്കുറിച്ചു് ഞാൻ പിന്നീടു് ആലോചിക്കുകയുണ്ടായി. അയാൾ പറഞ്ഞതിൽ വാസ്തവമില്ലാതില്ല എന്താണു് സൌന്ദര്യം എന്നുവെച്ചാൽ? പ്രത്യേകിച്ചും പെൺകിടാങ്ങളുടെ കാര്യത്തിൽ—? ലിപ്സ്റ്റിക്കും ജവിനിങ്ങ്—ഇൻഹാരീസും ഉപയോഗിക്കാത്ത ഒരു വർഗ്ഗം സൌന്ദര്യമുണ്ടെന്നു് എങ്ങിനെ പറയുവാൻകഴിയും—? അരക്കെട്ടു് കാണുന്നില്ല; പുറം കാണുന്നില്ല; മുല കാണുന്നില്ല എന്തിനു് അവയിലെ അങ്കോലയുള്ള കല്പനയുടെ ഉള്ളിൽ കുടിയാൽ മാറിൽ രണ്ടു പർവ്വതങ്ങളുണ്ടെങ്കിൽ കുടിയും സമ്മേനടത്തിയാലേ കണ്ടുപിടിക്കുവാൻ കഴിയുകയുള്ളൂ. അപ്പോഴും, ഒരു ഹോർഡ്ജേഴ്സ് പോലുള്ളവർക്കു് ആ കാശ്മീരിപ്പെണ്ണു് സുന്ദരിയെന്നു് വിളിക്കുവാൻ കഴിയുമോ—?

ശ്രീനഗറിലെ നീലജലം നിറഞ്ഞുനിൽക്കുന്ന തടാകങ്ങളും തോ

R. S. P. TIMBER DEPOT,

E ST TAMPANOOR

TRIVANDRUM 1

തേക്ക്, ഇറ്റി, വേങ്ങ, തേന്മാവു്, മരുത് ആഞ്ഞലി, മുതലായ എല്ലാത്തരം ഉരുപ്പടികളും അറുത്ത ടൈസ് ഉരുപ്പടികളും മിതമായ വിലയ്ക്കു് ഇവിടെ കിട്ടുന്നതാണു്.

N. B. ഓർഡർപ്രകാരം ഏതിനം ടൈസ് ഉരുപ്പടികളും കൃത്യസമയത്തു് അയച്ചുകൊടുക്കുന്നതാണു്,

Phone 2743. Prop: ബാങ്കർ, R. ശ്രീധരപ്പണിക്കർ

കാരാവീടം

★ ലഡ്കി ★

ഏ. വി. എം. ന്റെ 'ലഡ്കി' എന്ന സംഗീതമുഖചിത്രം ബഹാറിന്റെ കഴലടികളും തന്നെയാണ അനുകരിക്കാൻ ശ്രമിച്ചിട്ടുള്ളതു്. ആ ശ്രമത്തിൽ ഏറെക്കുറെ വിജയിക്കുകയും ചെയ്തു. കഥ അത്ര ശക്തവും, ഉൽജ്ജ്വലവും മനഃശ്ശുദ്ധിയുള്ളതുമല്ലെന്നുള്ളതു കൊണ്ടും സംഗീതം അത്ര സുഖകരമല്ലെന്നുള്ളതു കൊണ്ടുമാണ് ഏറെക്കുറെ എന്നു പറഞ്ഞതു്. എങ്കിലും അടിസ്ഥാനപരമായി രണ്ടിന്റെയും മാതൃക ഒന്നുതന്നെയാണു്. ബഹാറിലേതുപോലെതന്നെ ലഡ്കിയിലുമുണ്ടു് രണ്ടു കഥകൾ. ഉന്നതകുലജാതനായ ഒരു അച്ഛന്റെയും, അസംപൂർണ്ണയായ ഒരു മാതാവിന്റെയും പെൺസന്താനത്തിന്റെ ഇക്കഥ ബഹാറിലേ മാഗൃഹിണിയായ പെൺകുട്ടിയുടെ കഥയെപ്പോലെതന്നെ ഹൃദയസ്പർശകമായ അഭിനയവും, വൈജയന്തിമാലയുടെ നൃത്തരംഗങ്ങളുമാണു് ചിത്രത്തിനെ മുഖ്യമായും ആകർഷകമാക്കിത്തീർക്കുന്നതു്. ചിത്രം കുറെ കൃത്രിമമുക്തമാക്കിത്തീർക്കുന്നതിനു് ഉത്തരവാദിത്വം അവയ്ക്കാണു് പാശ്ചാത്യനൃത്തങ്ങളുടെ മേധാവിത്വത്തെയും, മേന്മയേയും വൈജയന്തിമാല വെല്ലുവിളിക്കുന്ന രംഗം രണ്ടു നൃത്തരീതികളും തമ്മിലുള്ള മത്സരമെന്നോണം അവതരിപ്പിച്ചു കൃത്രിമത്വം നാടകീയവും രസകരവുമാക്കിത്തീർക്കാമായിരുന്നു. വൈജയന്തിമാലയുടെ നൃത്തപ്രകടനം അത്രകണ്ടു് അത്ഭുതകരമോ അനുകരണീയമോ ആയിരുന്നെന്നും പറഞ്ഞുകൂടാ. കേവലം കൃത്രിമമായി കലാശിക്കേണ്ട ഒരു കഥയിൽ കിഷോർ അഭിനയിക്കുന്ന കഥാപാത്രം മാത്രമാണു് സ്വാഭാവികമായിട്ടുള്ളതു്. കിഷോർ ആ കഥാഭാഗം ഭംഗിയായി അഭിനയിച്ചിട്ടുമുണ്ടു്. അങ്ങനെ ചിത്രത്തിന്റെ മുൻപന്തിയിൽകിഷോർനിൽക്കുന്നു.

ഇടവേളയ്ക്കു് ശേഷം വളരെ നേരം കിഷോർ സ്ക്രീനിൽ പ്രത്യക്ഷപ്പെടാതിരിക്കുമ്പോൾ ആ കഥാപാത്രത്തിന്റെ അഭാവം നമുക്കു് വീർപ്പുമുട്ടലോടെ അനുഭവപ്പെടുന്നുണ്ടു്. കിഷോറിനോടു് താരതമ്യപ്പെടുത്തുമ്പോൾ ഭാരത്ഭൂഷൺന്റെ പാത്രാവിഷ്കരണം പരാജയമാണു്. ഭാരത്ഭൂഷൺന്റെ അഭിനയചികിത്സകനു് അനുയോജ്യമായിട്ടുള്ള കഥാഗോത്രമെ അല്ല അദ്ദേഹത്തിനു് അഭിനയിക്കുവാനുള്ളതു്. പ്രേക്ഷകരിൽ സഹതാപം ജനിപ്പിക്കത്തക്ക വൈരൂപ്യത്തോടെ അഞ്ജലി അഭിനയിക്കുന്നുണ്ടു്. അഭിനയസാമർത്ഥ്യം പ്രകടിപ്പിക്കുന്നുള്ള അവസരങ്ങളൊന്നുംവൈജയന്തിക്കു് ലഭിക്കുന്നില്ല. അവളുടെ സംശയാസ്പദമായ അഭിനയവൈരൂപ്യം ഒരു പരീക്ഷണത്തിനു വിധേയമാക്കാൻ സംവിധായകൻ ഇഷ്ടപ്പെട്ടുന്നില്ലെന്നു് തോന്നുന്നു ഓം പ്രകാശ് പതിവുപോലെതന്നെ. ലീലാമിശ്രയും, രണധീറും നാഗേശ്വറും രാജേന്ദ്രനാഥും ഇന്ദിരയും അവരുടെ കഥാഭാഗങ്ങൾ ഭംഗിയായഭിനയിച്ചിട്ടുണ്ടു്. രണ്ടു ഗാനങ്ങളും രസകരമായ ഏതാനും വരികളൊഴിച്ചാൽ രാജേന്ദ്രകൃഷ്ണന്റെ ഗാനങ്ങളും, സംഭാഷണവും അത്ര മെച്ചപ്പെട്ടതല്ലാ സ്ക്രീൻപ്ലേ വളരെ പഴയ മാതൃകയിലാണു് എഴുതപ്പെട്ടിട്ടുള്ളതു്. കഴിഞ്ഞുപോയ രംഗവുമായി നോക്കിയിട്ടു് എന്തെങ്കിലും ബന്ധം കൂടാതെയുള്ള 'ഫ്ലാഷ്ബാക്കിനു' കളോടുകൂടിയാണു് ഓരോ രംഗവും ഉടങ്ങുന്നതു്. സംവിധാനവും പഴയ മാതൃകയിൽതന്നെ. ഒരുമാതിരി പരിപൂർണ്ണത്തിനു പ്രതിരൂപാത്മകത്വം ഉണ്ടെന്നതൊഴിച്ചാൽ നിർമ്മാണമൂല്യങ്ങൾ മേൽക്കിടയിൽതന്നെ നിൽക്കുന്നു. ഒരു സാമൂഹ്യചിത്രമെന്ന നിലയിൽ അവയെല്ലാം നിർമ്മലോജ്ജ്വലമായിട്ടുണ്ടു്. വളരെയധികം ദീർഘിച്ചുപോയിയെങ്കിലും ചിത്രം പ്രേക്ഷകരിൽ മുഷിപ്പുണ്ടാക്കുന്നില്ലെങ്കിലും 'ലഡ്കി' കുറെയൊക്കെ രസിപ്പിക്കും. (വി. വി. നായർ)

ട്ടുകളും, വസ്ത്രധാരണവൈവിധ്യവും ഉള്ളിനിൽക്കുന്നതോടുള്ളതും കാഴ്ചക്കാരുടെ തോപ്പുകളുമെല്ലാം അയാളുടെ അനുരോചകങ്ങളായിത്തന്നെ. അവിടത്തെ പരമ്പരാഗതികളും, പെണ്ണുങ്ങളിലും മരത്തിലുമുള്ള കൊത്തുപണികളും അയാളെ ആനന്ദിപ്പിക്കുവാൻ പര്യാപ്തമായില്ല.

കാഷ്മീരിനെക്കുറിച്ചു് അതിനു മുമ്പെഴുതിയ ഒരു പഴയ പുസ്തകം വായിച്ചുകൊണ്ടാണു് ഞാൻ അന്നു രാത്രി ഉറങ്ങിയതു്. ആ പുസ്തകത്തിൽ എഴുത്തുചേർത്ത ഒരിടത്തെ മനസ്സിൽ പ്രത്യേകം തങ്ങിനിൽക്കുകയുണ്ടായി.

"രണ്ടു തടവുപുള്ളികൾ ജനലിലൂടെ പുറത്തേക്കുനോക്കി. ഒരുവൻ നക്ഷത്രങ്ങൾനിറഞ്ഞ നീലാകാശത്തെക്കണ്ടു. മറ്റൊരുവൻ താഴത്തെ കുപ്പയും."

ദിനബന്ധു ബാങ്ക് & ചിട്ടിഫണ്ട് ആലപ്പുഴ.

7-മതു് വർഷത്തെ പുതിയ ചിട്ടികൾ.

ആദ്യലേലം ഡിസംബർ ഒന്നാംവാരം

പ്രതിവാരം.

15 രൂപാ വീതം	100 തവണ	1500 രൂപാ
10 ,,	,,	1000 രൂപാ
5 ,,	,,	500 രൂപാ

പ്രതിമാസം

50 രൂപാവീതം	40 തവണ	2000 രൂപാ
25 ,,	,,	1000 രൂപാ
12½ ,,	,,	500 രൂപാ

ദ്വൈമാസം

30 രൂപാവീതം	40 തവണ	1200 രൂപാ
15 ,,	,,	600 രൂപാ

കൂടുതൽ വിവരങ്ങൾ എഴുതി ചോദിക്കുക.

മാനേജർ, പി. കെ. കരുണാകരൻ.

കലാസാധനത്തിന്റെ രുചിഭേദം



രസഭാവങ്ങളേയും ആനന്ദാനുഭൂതിയേയും ലക്ഷ്യം വച്ചുകൊണ്ട് സുന്ദരകലകളിലേക്ക് ഒരെത്തിനോട്ടം

കിളിമാന്തൂർ വിശ്വംഭരൻ

ഹൃദയത്തിൽ ചിന്താശക്തിയുടെ മകുടം ചൂടിട്ടുള്ളവനാണ് മനുഷ്യൻ. മനുഷ്യനെ മനുഷ്യനായിത്തന്നെ ജീവിക്കാൻ പ്രേരിപ്പിക്കുന്നതും ആ ശക്തിയാണ്. അതിന്റെ ഫലമായിട്ടാണ് "സംസ്കാരം' എന്നൊരാശയം എല്ലാ മനുഷ്യരിലും ഉണ്ടായിട്ടുള്ളതു്. എന്താണ് ഈ സംസ്കാരം? മനുഷ്യനെ കാടത്തത്തിൽനിന്നും നാടത്തത്തിലേക്കും നാഗരികതയിലേക്കും ഉണർത്തിവളർത്തിക്കൊണ്ടു വന്നതിന്റെ ചരിത്രമാണതു്. 'പുരാതനശിലായുഗ'ത്തുനിന്നും ടെക്നിവിഷന്റെ കാലത്തിലേക്ക് ഉയർത്തിക്കൊണ്ടു വന്നതിന്റെ ചരിത്രമാണതു്. ഏതു ശക്തിയാണതിന് പുറകിലിരുന്നുയർത്തിക്കൊട്ടിയതു്? ചിന്താശക്തി; അല്ലാതെന്ന. മനുഷ്യന്റെ ആകത്തുകതന്നെ അതാണ്. ആ ചിന്തകളുടെ തിരമാലകളാണ് മനുഷ്യന്റെ കലകളേയും ഉയർത്തിയെടുത്തതു്. ഏതു കലയിൽ നിന്നും അതിന്റെ അടിസ്ഥാനഘടകത്തെ കറുപ്പിനോക്കുക. കിട്ടുന്നഫലം ചിന്തയിൽ ഇഴുകിച്ചേർന്നിട്ടുള്ള രസഭാവങ്ങളാണെന്നു കാണാം. ഏതുകലയിൽ നിന്നും, രസഭാവങ്ങളെ കറുപ്പിനോക്കിയാൽ ശേഷിക്കുന്നതു് പ്രാകൃതമായ അടിസ്ഥാനാംശം മാത്രമായിരിക്കും.

ആരോഗ്യവാനായ മനുഷ്യൻ ഒരു രോഗിയുടെ ഭാഗം അഭിനയിക്കുന്നു. ഒരു രോഗിയുടെ വികാരങ്ങളെ ഭാവങ്ങളിൽക്കൂടി അവതരിപ്പിക്കുന്നു. അതുപോലുള്ള ആ നടന്റെ ചലനമായ വ്യാപാരത്തിൽ സമാനഭാവാക്രാന്തരായ സഭാസ്യർ അനുകമ്പയിലോ അനുഗ്രഹമായ മറ്റേതെങ്കിലും ഭാവത്തിലോ ലയിക്കുന്നു. അങ്ങനെ കലയുടെ നാമ്പെടുത്തു വിരിഞ്ഞു. എന്നാൽ ആ പ്രകടനത്തിൽനിന്നും രോഗിയുടെ രസഭാവങ്ങളെ കുറയ്ക്കുക. കിട്ടുന്ന ഫലം ആ രോഗിയായ ഒരു സാധാരണ മനുഷ്യൻ. കലയുടെ മുഖ്യംഘടകം കാണാനേയില്ല. ഒരു കുട്ടി ശ്രദ്ധിച്ചു! നാം നാടകവേദിയിൽ കണ്ട ആ രോഗിയിൽ സാധാരണ മനുഷ്യനുണ്ടെന്നു വല്ല ധർമ്മയുമുണ്ടായോ? ഇല്ല. കണ്ടതു് ഒരു രോഗിയെ. ആ രോഗിയിൽ നിന്നും അരോഗിയായ സാധാരണ മനുഷ്യനെ കുറച്ചുനോക്കിയാൽ കിട്ടുന്നതു് ചിന്തയുടെ സന്താനങ്ങളായ രസഭാവങ്ങൾമാത്രം.

നൃത്യകലാപ്രകടനത്തിൽ ചലനമായ കഴിവുകണിക്കുന്ന ഒരു നർത്തകിയെ കാണുക. ആ നർത്തകിയുടെ രസഭാവങ്ങളേയും കലയുടെ കരിങ്കൽപ്പണികളുള്ള അലങ്കാരങ്ങളേയും കുറച്ചുനോക്കുക. മുറുങ്ങിയ അരയും ഉയർന്നമാറും തെളിഞ്ഞ മുഖവുമുള്ള ശ്രദ്ധേയയുള്ള ഒരു തരുണിയെ കണ്ടെത്തിയേക്കും. നർത്തകി ബാലികയാണെങ്കിൽ മേൽപറഞ്ഞ വിശേഷണങ്ങളിലും ചിലതു കണ്ടില്ലെന്നുവരും. അതാണ് കലയുടെ ആകത്തുക രസഭാവങ്ങളാണെന്നു പറഞ്ഞതു്.

ഏതാണ് രസഭാവങ്ങൾ?

ചിന്തയുടെ ഓരോ വശം.—അതാണ് ഏറ്റവും ചുരുങ്ങിയ ഉത്തരം. ചിന്തയുടെ ഓരോ നിറം, എന്നും വച്ചോളൂ. അതിനും ഞാനെതിരല്ല.

നാം എണ്ണാറില്ലേ രസങ്ങളെ? ഉണ്ടു്. സാധാരണ ഒൻപതുവരെയെണ്ണും. ചിലർ 'ശൃംഗാരം' മുതൽ തുടങ്ങും; ചിലർ കരുണം മുതൽ തുടങ്ങും. ഏതിൽ തുടങ്ങിയാലും ഒൻപതു വിരലു മടക്കും. ഈ ഒൻപതുപേരുടേയും "രാജാവു്" ശൃംഗാരമെന്നാണ് മിക്കപേരും ഉറപ്പിച്ചു പറയുന്നതു്. അതിനു കാരണമുണ്ട് ലോകത്തെ പൊതുജനങ്ങളിൽ ബഹുഭൂരിപക്ഷവും ശൃംഗാരത്തിൽ താല്പര്യമുള്ളവരാണ്. ശൃംഗാരത്തിൽ കൂടുതൽ ആനന്ദിക്കുന്നവർ എല്ലാ രസങ്ങളിലുംവച്ചു് ശ്രേഷ്ഠൻ ശൃംഗാരമാണെന്നു പറയുന്നതിൽ പിന്നെ എന്താണു കഴപ്പു്? കരുണരസത്തിന്റെ അടിസ്ഥാനത്തിൽ ചിന്താശക്തിയെ വളർത്തിട്ടുള്ളവർ ആ കണ്ണുകൊണ്ടതന്നെ കലകളെ കാണും.

കരുണമൊരു രസംതാൻ
വസ്തുഭേദേന നാനാ-
പരിണതിയെ വഹിച്ചീടുന്നതേ മാറിമാറി"

എന്നു ചിലർ ഉന്നിപ്പറഞ്ഞതിന്റെ രഹസ്യമതാണ്.

ഈ 'രസങ്ങൾ' ഹൃദയത്തിൽ 'ചിന്തയുടെ തിരകൾ' സൃഷ്ടിക്കുന്നു. ആ ചിന്തകൾ 'രസഭാവ'ങ്ങളെ വളർത്തുന്നു. (Counter action) ആ രസഭാവങ്ങൾ ചിന്തകളെ ഉല്ലാസചിന്തകളാക്കി വികാരങ്ങളാക്കിയുയർത്തി "അവയുടെ തിരമാലകൾ" സൃഷ്ടിക്കുന്നു. അവ ആഹ്ലാദത്തിന്റെ 'ധ്വനി'കളെ സൃഷ്ടിക്കുന്നു. ആ ധ്വനിയുടെ പ്രതിധ്വനിയായി കലകൾ രൂപപ്പെടുന്നു. അവ ശബ്ദത്തിന്റെ അടിസ്ഥാനത്തിലോ രൂപത്തിന്റെ അടിസ്ഥാനത്തിലോ ഭാവത്തിന്റെ അടിസ്ഥാനത്തിലോ ഭാഷയുടെ അടിസ്ഥാനത്തിലോ നിറത്തിന്റെ അടിസ്ഥാനത്തിലോ ആകാം. ഏതിൽ എങ്ങിനെ ആയാലും അതിന്റെ ആത്മാവിനെ സ്പർശിക്കൂ! നിങ്ങൾക്കു സ്പർശിക്കാൻ സാധിച്ചെങ്കിൽ, ഏതെങ്കിലും രസത്തിലായിരിക്കും നിങ്ങൾ കാണുന്നതു് അനുഭവിക്കുന്നതു് രസഭാവങ്ങളെയായിരിക്കും.

ആസ്വാദനത്തിന്റെ രുചിഭേദം—

നാം രസഭാവങ്ങളെ ആസ്വദിക്കുന്നതും അതിൽ ആനന്ദിക്കുന്നതും പല മാർഗ്ഗങ്ങളിൽക്കൂടിയാണ്. ഒരു നല്ല പട്ടണം നടന്നു കാണുമ്പോഴുള്ള ആഹ്ലാദവും ആനന്ദവുമല്ല ഒരു വനഗർഭത്തിൽ സഞ്ചരിക്കുമ്പോൾ നമുക്കുണ്ടാകുന്നതു്. ആ മലകളും പച്ചക്കാടുകളും ഗഹനപ്രദേശങ്ങളും മലന്തിട്ടമ്പും പൂഞ്ചോലകളും കാലൻവൃക്ഷങ്ങളും മറ്റും കാണുമ്പോഴുണ്ടാകുന്ന ആനന്ദം മറ്റൊന്നാണ്. ആ രണ്ടു് രീതിയിലുള്ള ആനന്ദമല്ലാ ഒരു സഞ്ചാരിയാത്ര നടത്തുമ്പോഴുണ്ടാകുന്നതു്. ആ മാതിരി ആനന്ദമല്ല ഒരു മനുഭൂമിയുടെ നടുവിൽ സഞ്ചരിക്കുമ്പോഴുണ്ടാകുന്നതു്. ആ മാതിരി ആനന്ദമല്ല "രണ്ടുംമൂന്നുംതവണ കൃഷിയേറുന്ന കണ്ടങ്ങളേയും, വണ്ടും ഞണ്ടും വടിവൊഴുകളിക്കുന്ന കുണ്ടുങ്ങളേയും, തണ്ടുംതടുത്തിത്തിര മൊട്ട ചരിക്കുന്ന വള്ളങ്ങളേയും" മറ്റും കണ്ടുകൊണ്ടു് ചെറുപുഴകടന്നൻ തീരമാർഗ്ഗേണ പോകുമ്പോഴനുഭവപ്പെടുന്നതു്. ഇങ്ങനെ നോക്കിയാൽ നമുക്കുണ്ടാകുന്ന ആഹ്ലാദത്തിനും അതിന്റെ ഉറവിടമായ ആനന്ദത്തിനും രുചിഭേദമുണ്ടെന്നു കാണാൻ പ്രയാസമില്ല. ടെൻസിംഗ്തന്നെ എവറസ്റ്റ് കൊടുമുടി കയറിയപ്പോഴും അതിനെ കീഴടക്കിവശപ്പെടുത്തിയ ജനസമൂഹത്തിന്റെ ഹർഷാരവം സ്വീകരിച്ചപ്പോഴും പ്രത്യേകം പ്രത്യേകം ആനന്ദമുണ്ടായിട്ടുണ്ട്. ആ രണ്ടു സമയങ്ങളിലെ ആനന്ദത്തിനും രുചിഭേദമുണ്ട്.—നിറഭേദമുണ്ട്. കലാസാധനത്തിലും ഈ മാതിരി രുചിഭേദങ്ങൾ അനുഭവപ്പെടാവുന്നതാണ്.

ശൃംഗാരരസം ചിലർക്ക്—ചിലർക്കല്ല ഭൂരിഭാഗം പേർക്കും ഇഷ്ടമാണ്. യുവതിയുടെ ചോരയോടുന്ന ശരീരമുള്ള അംഗം ശൃംഗാരരസത്തെ സ്നേഹിക്കുകയും സ്വീകരിക്കുകയും ചെയ്യും. പ്രണയകഥകൾക്കും പ്രേമനാടകങ്ങൾക്കും ചിത്രങ്ങൾക്കും പ്രേമകവിതകൾക്കും മറ്റും കൂടുതൽ സ്വീകരണവും പ്രചാരവും ലഭിക്കുന്നതിന്റെ രഹസ്യം ഇതാണ്. ആ ശൃംഗാര ലഹരിയിൽ കൂടുതൽ

★ പങ്കിപ്പെണ്ണ് ★

[കൃഷ്ണകുമാർ]

നാളെ പുത്താലി കെട്ടേണ്ട പെണ്ണേ!
നാണക്കേടൊന്നും കാട്ടാതെ!
കാറുവാക്കിനു് കല്ലോലം കുത്തും
കെട്ടഴിഞ്ഞ മുടി മാടാൻ
മുണ്ടിൽപ്പാട്ടമായോളം മറിഞ്ഞാ
ചുണ്ടൻ വള്ളത്തിലാളെത്തും!
നാടിൻ കൊച്ചു കുടിഞ്ഞൂൽപ്പിറപ്പേ!
നാണക്കേടൊന്നും കാട്ടാതെ
കവണാടത്തിലെ കുഞ്ഞന്മാൻ നിന്റെ
കവിളിവാളെന്നു് കണ്ടമ്പം
പേടിയുള്ളുണ കണ്ടില്ലേ പെണ്ണേ!
പാടില്ലാത്തതു് ചെയ്യോല്ലേ!
കുലിവേലകളിലല്ലികി, പ്പോളേ!!.....
കൂടിയാടാനൊരുങ്ങാല്ലേ!
ഞാവകത്തി നീ പാട്ട പാട്ടമ്പം
കുറുകാണിയ്ക്കും തമ്പ്രാനെ
നോവും കണ്ണിന്റെ കോണിൽ വിരിഞ്ഞ
പൂവുപോലും നീ കാരേട്ടാല്ലേ!
നാളെ നൊമ്മടെ ലോകം വരുന്നേ
നാണക്കേടൊന്നും കാട്ടാതെ
നിന്നെപ്പറ്റി നിന്നമ്മയെപ്പോലും
കുഞ്ഞെ! വിട്ടില്ല വല്യമ്പ്രാൻ!
അക്കാലങ്ങളിലാരൊന്നറിയാൻ
ധിക്കാരങ്ങടെ കുത്താളം!

മാനത്തണ്ടൊരു മയിലാടിപ്പെണ്ണേ
മാനക്കേടൊന്നും കാട്ടാതെ!
കോഴച്ചോപ്പൻ കതിര് മറഞ്ഞു്
കോഴിക്കന്നിന്റെ പൂറകീല്!
മാറത്തന്തിക്കു് ചെന്തിരിവച്ചി–
ട്ടാറ്റത്തിങ്ങനെ നിന്നാലോ!
ഒണമാടത്തീ വിളക്കു് തെളിഞ്ഞു്!
പെൺകിടാവേ നീ കേറിപ്പോ!
നിന്നെക്കണ്ടൊരു മനക്കിടിക്കണം
പുന്നൽപ്പാടത്തിൻ വക്കത്തു്!
നാളെപ്പുത്താലി കെട്ടേണ്ട പെണ്ണേ
നാണക്കേടൊന്നും കാട്ടാതെ!
കാറുവാക്കിനു കല്ലോലം കുത്തും
കെട്ടഴിഞ്ഞ മുടിമാടാൻ
തോട്ടവക്കിലിരുന്നു് നിലാവിൽ
കാട്ട കൈനാറിപ്പൂ ചൂടാൻ
മഞ്ഞനിലാന്മേൽ പൂത്താലികേട്ടു്
കുഞ്ഞേ, നളെയൊരാളെത്തും!
ചുണ്ടിൽ പ്പാട്ടമായോളം മറിഞ്ഞാ–
ചുണ്ടൻ വള്ളത്തിലാളെത്തും!
ആളറിയാത്ത നേരത്തിവിടെ
ആനക്കണ്ണാളേ നിലല്ലാല്ലേ!.....
പക്കത്തുങ്ങതോ കാലൊച്ച കേൾപ്പു!.....
പങ്കിപ്പൈങ്കിളിപ്പെണ്ണാളേ!


രസിക്കുകയും ആനന്ദിക്കുകയുംചെയ്യുന്ന കൂട്ടത്തിൽ നല്ല വിഭാഗമുണ്ടു് ആ കലാസ്വാദനത്തിന്റെ രുചിയുടെ.

ചിലർ കരുണരസത്തിന്റെ വൈതാളികന്മാരാണു്. നിഷ്കൃഷ്ടമായി സ്നേഹിക്കാൻ പഠിച്ചവർക്കാണു് കരുണരസത്തിൽ ആസക്തിക്കുടുതൽ. "സ്നേഹത്തിൽ നിന്നുദിക്കുന്നു–ലോകം സ്നേഹത്താൽ വളർന്നേടുന്നു" എന്ന സംഗീതം പാടിപഠിച്ച കവികോകിലമായ കുമാരനാശാൻ കരുണ പാടിയതിന്റെ രഹസ്യം അതാണു്. കരുണയുടെ കണ്ണാടിയിൽക്കൂടി സ്നേഹത്തിൻ കിരണകുണ്ഡളങ്ങൾ കണ്ട കുമാരനാശാന്റെ ഏറ്റവും കൃതിയിലും കാണാം കരുണരസത്തിന്റെ ഒരടിയൊഴുക്കു്. കരടില്ലാത്ത സ്നേഹത്തിന്റെ വ്യാപകമായ വ്യാഖ്യാനമാണു് "കരുണം" ആ കരുണരസത്തിന്റെ മഹിമ മനസ്സിലാക്കിയ ഒരു വിഭാഗം ആളുകളുണ്ടു്. കരുണരസപ്രധാനമായ കലാസൃഷ്ടികളിൽ ആനന്ദം കൊള്ളുന്നവരുടെ ആനന്ദത്തിന്റെ രുചി മറ്റാനു്".

ചിലർ വീരരസത്തെ മറ്റേതിനേക്കാളും ഇഷ്ടപ്പെടുന്നു. വീരരസപ്രധാനമായ കഥകളും ഗാനങ്ങളും ചിത്രങ്ങളും ശില്പങ്ങളും മറ്റും ഈ വിഭാഗത്തിനു് ഏറ്റവും ഇഷ്ടമാണു്. അക്കൂട്ടർക്കു തന്നെ ശൃംഗാരവും കരുണവും വ്യത്യാസപ്പെട്ട രുചിയാണു് നൽകുന്നതു്. ഇങ്ങനെ പോകും സഹൃദയരുടെ രസപരമായ ആസ്വാദനവും ആനന്ദാനുഭൂതിയും. അങ്ങനെ നവരസങ്ങളെ ക്രോടീകരിച്ചുകൊണ്ടു് ചിന്തിക്കുമ്പോൾ പ്രധാനമായി ഒൻപതുതരം ആനന്ദാനുഭൂതികൾ സഹൃദയർക്കു് അനുഭവപ്പെടാമെന്നുകാണാം. മറവപാധികളുടെ വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ അതിനനുസരണമായ ആനന്ദവും തെളിഞ്ഞനുഭവപ്പെടുന്നതാണു്. മരീചിമാലിയുടെ ആത്മോപാന്തത്തിൽ പൂവേശിച്ച വിശ്വാമിത്രൻ ക്ഷാത്രതേജസ്സോടുകൂടിയ ഒരു മുണ്ടക്കൂട്ടിയെക്കണ്ടു. "ഇത്തരക്കിടാവാരക്കാര്യപരാശവാനെ മുത്തച്ഛനെന്നു വിളിച്ചീടുവാൻ! ജയന്തനോ?" എന്നൽഭുതപ്പെട്ടു് വാരിയെടുത്തുമാറോടണച്ചു. ശകുന്തളയുടെ മകനായിത്തന്നെ തന്നു്. ബന്ധവൈഭവത്താൽ അവാച്യമായ ആനന്ദത്തിൽ മുഴുകിയ മുനിയോടു് വള്ളത്തോൾ മഹാകവിതന്നെ ചോദിക്കുകയാണു്:—

"ഞാനൊന്നു ചോദിക്കട്ടെ,
സാദരം മഹാമുനേ
ധ്യാനത്തിലുറഞ്ഞോരെന്നു
സച്ചിദാനന്ദം തന്നോ–
മാനിച്ചീയിളം പൂരമെ
പുൽകയിലുളവായോ–
രാനന്ദമിതോ ഭവാനധികം
സമാസ്വാദ്യം?"

രസഭാവങ്ങളുടെ പശ്ചാത്തലങ്ങളിൽ കലാനന്ദാനുഭൂതിക്കു് രുചിഭേദമുണ്ടെന്നും, രസപരമായി ചിന്തകന്മാർ ചിലർ പ്രധാനംചൊല്ലി മിന്നാമിനുങ്ങുപ്രായങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതിന്റെ രഹസ്യം അതാണെന്നുമാണു് ഞാൻ പറഞ്ഞതിന്റെ ചുരുക്കം.



പ്രധാനമന്ത്രിയുടെ പാൻസിയായ്

നേതാക്കന്മാരുടേയും, നയിക്കപ്പെടുന്നവരുടേയും ഇടയ്ക്ക് ചില മതിലുകൾ ഉയരുന്നു

★

(എൻ. ശ്രീകണ്ഠൻനായർ എം. പി.)

പ്രതിപക്ഷത്തിന്റെ അഭാവം കൊണ്ട് കോൺഗ്രസ്സിലെ ചട ങ്ങുകൾ അനസൂണശീലമുള്ള ഏർ പ്പാടുകൾ ആയിരുന്നു എങ്കിലും ആകെക്കൂടി എല്ലാം ആനന്ദകര വും, ആഹ്ലാദകരവുമായിരുന്നു. നീ ണ്ടുനീണ്ടുനിന്ന നിരന്തരമായ കര ഘോഷങ്ങളും, അഭിനന്ദനാരവങ്ങ ളും പ്രസംഗകരെ പ്രോത്സാഹിപ്പി ച്ചുകൊണ്ടിരുന്നു. ഇവയിൽനിന്നും ഫ്രാൻസിൽനിന്നും വന്നവരൊഴിച്ചു ള്ള വിദേശപ്രതിനിധി സംഘങ്ങൾ എല്ലാം അഖില ചൈനാ ലേബർ ഫെഡറേഷന് സമ്മാനിക്കുവാൻ കൊടികളും, പാരിതോഷികങ്ങളും കൊണ്ടുവന്നിരുന്നു. സമ്മാനപ്പൊ ങ്ങലുകൾ ആകർഷകവുമായിരുന്നു. ഇൻഡ്യയിലെ നാല് കേന്ദ്രട്രേഡ് യൂണിയൻ സംഘടനകളെ പ്രതി നിധീകരിച്ചുകൊണ്ട് ഇരുപത്തിമൂ ന്നു പ്രതിനിധികൾ കോൺഗ്രസ്സിൽ സംബന്ധിച്ചിരുന്നെങ്കിലും — ചീന ക്കാരിൽനിന്നും അഖില ചൈനാ ലേബർ ഫെഡറേഷനിൽനിന്നും അളവില്ലാത്തവണ്ണം പാരിതോഷികങ്ങളും അവർ സ്വീകരി ച്ചുകൊണ്ടായെങ്കിലും ഹിന്ദുമസ് ദൂർ സഭയെ പ്രതിനിധീകരിച്ചുവന്ന ഖഡ്ജീക്കർ ഒഴിച്ച് മറ്റാരും തന്നെ അവരുടെ ആതിഥേയർക്ക് എന്തെങ്കിലും സമ്മാനം കൊണ്ടുചെല്ലണമെന്നു ഭേദിച്ചിരുന്നില്ല. ഖഡ്ജീക്കരുടെ ഉപഹാരവും ഒരു സാധാരണ ബാനറായിരുന്നു. മറ്റുപ്രതിധി നിധികളേയോ അവർ പ്രതിനിധീകരിയ്ക്കുന്ന രാഷ്ട്രങ്ങളിനേറേയോ അഭിമാനം സംരക്ഷിക്കത്തക്ക ഒരു ഉപഹാരവുമല്ലായിരുന്നു അത്. ഭാഗ്യത്തിന്റെ ദുഷ്ടിയിൽ ഇൻഡ്യയുടെ അഭിമാനം സത്യത്തിൽ ഞങ്ങൾ താഴ്ത്തുകയാണു ചെയ്തത്.

പക്ഷേ ഗുരുതരമായ ഈ വീഴ്ച ഇൻഡ്യൻ പ്രതിനിധികളുടെ സ്വയാർജ്ജിതമായ ശരീരത്തിനോ ഗാംഭീര്യത്തിനോ ലേശം പോലും കോട്ടം വരുത്തിയില്ല. പ്രതിനിധി സംഘടനകാര്യങ്ങൾ ഗംഭീരമായി പ്രസംഗിക്കുകയും ചെയ്തു. ശിബനാഥ് ബാനർജി മാത്രമാണ് മൃദുവായിട്ടെങ്കിലും കോൺഗ്രസ്സിന്റെ ആകെക്കൂടിയുള്ള ചടങ്ങുകളിൽ ഒരു അഭിപ്രായാന്തരശബ്ദം അവതരിപ്പിച്ചത്. നമ്മുടെ കുറേ പ്രതിനിധികളും മറ്റു പ്രതിനിധി സംഘങ്ങളുടെ ഇടയ്ക്ക് കടന്നുകൂടി അവരിൽ നിന്ന് അടയാള മുദ്രകളും (Badges) നാനാതരത്തിലുള്ള സ്മരാരകദ്രവ്യങ്ങളും സ്വീകരിയ്ക്കുകയുണ്ടായി. പകരം അങ്ങോട്ടൊന്നും നൽകിയതുമില്ല അഖിലചൈനാ ലേബർ ഫെഡറേഷൻ വിദേശ പ്രതിനിധികൾക്കായി വിതരണം ചെയ്ത പത്തുലക്ഷം യുവാനും, വസ്ത്രങ്ങൾക്കും കെട്ടുനവധി മറ്റു സമ്മാനങ്ങൾക്കും പുറമെ സെറ്റുകളും, പുതപ്പുകളും, ശീതക്കുപ്പായങ്ങളും, ഫെയ്ണ്ടൻ പേനകളും അങ്ങനെ പലതും അവരിൽനിന്നും കരസ്ഥമാക്കുവാനുള്ള പ്രായോഗിക ബുദ്ധി ചില ഇൻഡ്യൻ സന്ദർശകന്മാർ പ്രകടിപ്പിക്കുകയുണ്ടായി.

ചില ഇൻഡ്യൻ പ്രതിനിധികളും തങ്ങളെ ഇമ്മാതിരിയുള്ള ഒരു സന്ദർശന പര്യടനത്തിന് സോവ്യറ്റ് യൂണിയനിലേക്ക് ക്ഷണിക്കണമെന്നു വരെ സോവിയാറ്റ് പ്രതിനിധിസംഘത്തെ സന്ദർശിച്ച് പല്ലുയായിപ്പറഞ്ഞു. സ്റ്റാലിനിസവുമായി തങ്ങൾക്കുള്ള അഭിപ്രായവ്യത്യാസങ്ങളും പുരുഷകളിൽകയറിനിന്ന് പ്രഖ്യാപിക്കാറുള്ള ഈ മഹാനേതാക്കന്മാർക്ക് അവരുടെ കയ്യിൽനിന്നും ആനുകൂല്യങ്ങളും നേടാനും, സൗജന്യങ്ങളും പറ്റാനും സങ്കോചമില്ലാത്തതാണ് എനിക്കു മനസ്സിലാക്കാൻകഴിയാതിരുന്നത്. ഐക്യരാഷ്ട്രസമിതിയിൽ ചെന്ന് അത്യന്നതമായ ആദർശങ്ങളെപ്പറ്റി ഉച്ചണ്ഡമായി പ്രഭാഷണങ്ങളും ശ്ലോഷിക്കുകയും ഞൊടിയിടയ്ക്കുള്ളിൽ പിച്ചച്ചട്ടിയുമായി വിദേശക്വാടങ്ങളിൽ മുട്ടിവിളിക്കുകയും ചെയ്യാറുള്ള അല്പപട്ടിണിക്കാരിയും അത്യന്തം ദരിദ്രയുമായ ഇൻഡ്യയുടെ യഥാർത്ഥ പ്രതിനിധികളിതന്നെയാണവർ.

സമ്മേളനാവസരങ്ങളിലും, പര്യടനവേളകളിലും ഒരു പുതിയ പ്രവണത ചൈന ഒട്ടാകെ പടർന്നുപരക്കുന്നതു ഞങ്ങൾക്ക് കാണുവാൻ കഴിഞ്ഞു. പിന്നണികളും പുറന്തള്ളപ്പെടുകയും, മുന്നണിനേതാക്കന്മാർ അന്ത്യവസാനക്കാരായി അണിഞ്ഞൊരുങ്ങി അരങ്ങത്തെത്തുകയും ചെയ്യുകയാണ്. വിവിധ സംഘടനകളുടെ നേതാക്കന്മാരും അനുചരകരും അനുസരിയ്ക്കുന്നതുള്ള ഇല്ലായ്മകൾത്തും കമ്മീഷിയും കൊണ്ടുമാത്രം പ്രമാണികന്മാരായിത്തീർന്നിട്ടുള്ള ഏതാനും ചിലവ്യക്തികളും മാത്രമാണ് സമ്മേളനങ്ങളിൽ പ്രസംഗിക്കാൻ ക്ഷണിക്കപ്പെട്ടത്. മറ്റുള്ളവർ പ്രസംഗങ്ങളും വിഭാഗമായി കുറിച്ചെഴുത്തുകൊണ്ടിരുന്നു. വോട്ടുചെയ്യണമെന്നാവശ്യപ്പെട്ടപ്പോൾ, ഏകകണ്ഠമായി വോട്ടുചെയ്യുന്ന വ്യക്തിരൂപം നിശ്ശ്ലേഷം നൽകിക്കൊണ്ട് നേതാക്കന്മാർ ചെയ്യുന്ന യന്ത്രങ്ങളെപ്പോലെ അവർ പ്രവർത്തിച്ചുകൊണ്ടിരുന്നു.

നേതാക്കന്മാർ നല്ലപോലെ വസ്ത്രധാരണം ചെയ്യും നല്ലപോലെ ആഹാരം കഴിക്കും. നല്ലപോലെ കുടിക്കും. ജനങ്ങളാകമാനം കുടിലോ കൂടാരമോ കൂടിനിലത്തിലോ ഉള്ള പത്തുകോട്ടം കീറുമായും ധരിക്കുമ്പോൾ, നേതാക്കന്മാർ കുറഞ്ഞ രോമവസ്ത്രങ്ങൾ ധരിക്കുന്നു. നേതാക്കന്മാരും നമിക്കപ്പെടുന്നവരും തമ്മിലുള്ള ഈ പ്രകടമായ അവസ്ഥാ

നതരം വിദേശപ്രതിനിധി സംഘങ്ങളിലേക്കും വ്യാപിപ്പിച്ചിരുന്നു. നേതാക്കന്മാർക്ക് വേണ്ടി പ്രത്യേകം കാറുകളും വഴികാട്ടികളും ദ്വിഭാഷികളും നിയോഗിക്കപ്പെട്ടിരുന്നു. സമ്മേളനത്തിലും, ഫാക്ടറികളും മറ്റു സ്ഥാപനങ്ങളും സന്ദർശിക്കുന്ന അവസരങ്ങളിലും നേതാക്കന്മാർ മാത്രമാണ് പ്രസംഗിക്കാൻ ക്ഷണിക്കപ്പെട്ടത്.

ഈ ഏർപ്പാട് സമയലാഭത്തിനും ശിക്ഷണക്രമത്തിനും ഉപകരിക്കും. പക്ഷേ, ഇമ്മാതിരി വിദേശീയമനോഭാവം നേതാക്കന്മാരിൽ സ്വേച്ഛാപ്രവണതകളും വളർത്താനിടയുണ്ട്. ക്രമേണ, നയിക്കപ്പെടുന്നവരുമായുള്ള ഉറവസമ്പർക്കം നേതാക്കന്മാർക്ക് നഷ്ടപ്പെടുകയും അങ്ങനെ അവർ ഒറ്റപ്പെട്ടുകയും ചെയ്യും. ഇങ്ങനെ പട്ടണത്തിൽ നിർമ്മിക്കപ്പെടുന്ന കൃത്രിമങ്ങളായ മതിലുകൾ ഒരു മാതിരി നൂതന വർഗ്ഗവൈജാത്യവും വർഗ്ഗമത്സരവും സൃഷ്ടിക്കും. കാലം ചെല്ലുമ്പോൾ, ഒരു യഥാർത്ഥ സോഷ്യലിസ്റ്റുനീതിയുടെ സാക്ഷാത്കരണത്തിന് അതു വിഘാതമായി നിൽക്കുകയും ചെയ്യും.

എങ്കിലും, ഇമ്മാതിരി വിദേശീയ പ്രവണതകളിൽ അചഞ്ചലരായിരുന്നെന്നാണ് ചീനനേതാക്കന്മാരെല്ലാം ഇന്ന് നിലകൊള്ളുന്നതെന്ന് സമ്മതിച്ചേ തീരൂ. ഏഴാംകോൺഗ്രസ്സിൽ വായിച്ച റിപ്പോർട്ടുകളിൽ ചില സൂക്ഷ്മമായ സംഭവവികാസങ്ങളെപ്പറ്റി പരാമർശിച്ചിരുന്നുവെന്നുള്ളതു ശരിയാണ്. പക്ഷേ, അവയെല്ലാം കണ്ടുപിടിക്കപ്പെട്ട കഴിഞ്ഞുവെന്നുള്ളതും, അവയെല്ലാം ഒഴിവാക്കപ്പെട്ട കൊണ്ടിരിക്കയാണെന്നുള്ളതും, രേണയന്ത്രമാകമാനം ഈ പ്രവണതകളെ വ്യാപിച്ചു കഴിഞ്ഞിട്ടില്ലെന്നുള്ളതിനു തെളിവാണ്.

എങ്കിലും, നേതാക്കന്മാരും നയിക്കപ്പെടുന്നവരും തമ്മിൽ കൃത്രിമങ്ങളായ കുറെ അകലത്തിൽ മതിലുകൾ അവ ഉയർത്തിക്കഴിഞ്ഞിട്ടുണ്ട് നിഷ്കപടങ്ങളായ മാനസങ്ങളിൽ ഈ കാംപ്ളസ്സിന്റെ പ്രത്യുഷ്ഠാതമെന്തായിരിക്കുമെന്ന് എനിക്കറിയാൻകഴിഞ്ഞു. മേയ്മാസം പതിനാറാംതീയതി മുക്ഡനിൽ വച്ച് നടന്ന വടക്കുകിഴക്കൻ ചൈന വ്യാവസായികപ്രദർശനംകാണാൻ ഞങ്ങളും പോവുകയുണ്ടായി വടക്കുകിഴക്കൻ ചൈനയുണ്ടായിട്ടുള്ള വ്യവസായപുരോഗതിയുടെ മഹത്തായ ഒരു പ്രദർശനംതന്നെയായിരുന്നു അതു്. റഷ്യക്ക്, അംഗ്രഭാർ ഉരുക്ക്, ഹൈസ്പീഡ് കട്ടറുകൾക്കും, ഖനനോപകരണങ്ങൾക്കും ആവശ്യമുള്ള കട്ടിയുരുക്ക്, ഡ്രില്ലിംഗ്യന്ത്രങ്ങൾ, വിവിധരീതിയിലുള്ള ലേത്തുകൾ, അതിസൂക്ഷ്മങ്ങളായ ഉപകരണങ്ങൾ, വിവിധരീതിയിലുള്ള വൈദ്യുതസാമഗ്രികൾ, റബ്ബർസാധനങ്ങൾ, വെള്ളംകൊണ്ടോടിക്കുന്ന ടർബൈനുകൾ, വളരെയധികം പവ്വറുള്ള ഹൈഡ്രോളിക്ട്രാൻസ്ഫാമറുകൾ, മോട്ടോറുകൾ, ബ്രാഡ് ബെയറിംഗുകൾ, ആർഗാനിക് കെമിക്കൽ വ്യവസായത്തിനും, ഇനാർഗാനിക് കെമിക്കൽ വ്യവസായത്തിനുമുള്ള ഉപകരണങ്ങൾ, പോർസിലെൻ, നാൺഫെറസ് ലോഹങ്ങൾ, കൽക്കരി, ഫയർബ്രിക്കുകൾ പെർഹോറേറ്റഡ് ഗ്ലാസ്സ്, സേഫ്റ്റി ഗ്ലാസ്സ്, സിൽക്കും രോമവും ഉൾപ്പെടെയുള്ള തുണിത്തരങ്ങൾ, സൈക്കിളുകൾ, കരിയിൽ നിന്നും നിർമ്മിയ്ക്കപ്പെട്ടിട്ടുള്ള മുപ്പതു തരത്തിലുള്ള ചായങ്ങൾ, പെയ്ന്റ്, വെള്ളി, സ്വർണ്ണം തുടങ്ങി വടക്കൻ ചൈനയിൽ ഉൽപ്പാദിപ്പിക്കപ്പെട്ട ആ സാധനങ്ങൾ വ്യാവസായിക സങ്കേതങ്ങളിൽ പുത്തൻചൈന എത്ര ഭീമമായ കാൽവെപ്പുകളാണ് വച്ചിരിക്കുന്നതെന്ന് ഒരു ഏകദേശരൂപം ഞങ്ങൾക്ക് മനസ്സിലാക്കിത്തന്നു. തങ്ങളുടെ രക്ഷാധികാരത്തിൽ ഒരു Greater Asia പണിയുയർത്തുവാനുള്ള ജപ്പാൻകാരുടെ പരിശ്രമത്തിന്റെ ശോകപര്യവസായിയായ ശ്മശാനകത്തിന്റെ മൂകമായ സ്മാരകസ്തംഭങ്ങൾ അയിരുന്നു ആ പ്രദർശനവസ്തുക്കൾ. രാഷ്ട്രനിർമ്മിതിക്ക് വേണ്ടി ചൈനയിലെ തൊഴിലാളിവർഗ്ഗം എത്ര ആത്മാർത്ഥതയോടും, ആവേശത്തോടും കൂടിയാണ് പ്രവർത്തിക്കുന്നതെന്നുള്ളതു് അവതെളിയിക്കുന്നുണ്ട്.

പ്രദർശന മന്ദിരത്തിന്റെ മൂന്നു നിലകളും കയറിയിറങ്ങിക്കണ്ടപ്പോഴേയ്ക്കും ഞങ്ങൾ ക്ഷീണിച്ചു വശംകെട്ടിരുന്നു. വിശ്രമിക്കുവാനും പുകവലിക്കുവാനും ഞങ്ങളും പുറത്തേക്കിറങ്ങി. ഞങ്ങളുടെ തൊട്ടുമുമ്പിലുണ്ടായിരുന്ന സംഘത്തിൽ ലീയുനിംങ്ഇ ഉണ്ടായിരുന്നു. ഞങ്ങളും ചെല്ലുന്നതിനു രണ്ടു മൂന്നു മിനിറ്റുകൾക്കു മുമ്പു തന്നെ അവർ ആ വിശ്രമമുറിയിൽ എത്തിയിരുന്നു. എല്ലാവർക്കുംകൂടി ഇരിക്കാൻ സ്ഥലമില്ലാതിരുന്നതു കൊണ്ട് ആദ്യമെത്തിയ സംഘം സ്വസ്ഥാനങ്ങളിൽനിന്നും എഴുന്നേറ്റ് അവർ ഇരുന്ന കസേരകളും ഞങ്ങൾക്കുവേണ്ടി ഒഴിച്ചുതന്നു, സഖാവു് ലിയുലിങ്ഇ മാത്രം അവിടെ ശേഷിച്ചു. അദ്ദേഹം ഞങ്ങളിൽ ചിലരുമായി സംഭാഷണത്തിലേർപ്പെട്ടു. തളർന്നു കഴഞ്ഞു കിതയ്ക്കുന്ന ഒരു ദ്വിഭാഷിണിക്കരുകിൽ നിൽക്കുന്നതു് അദ്ദേഹം കണ്ടു.

സഖാവു് സുൺഷിഇ—സദാ ചിരിതൂകിക്കൊണ്ടിരിക്കുന്ന ഒരു മഹതിയായിപ്പെണ്ണാണവർ. അദ്ദേഹം എഴുന്നേറ്റ് കസേര അവർക്കുവേണ്ടി നീക്കിയിട്ടുകൊടുത്തു. സംഭാഷണത്തിനിടയിൽ ഭയവിഹ്വലയായി അവർ മുറിയുടെ ഒരു മൂലയിലേയ്ക്കു പിൻവാങ്ങി. ക്ഷണനേരം ഒന്നാലോചിച്ചുനിന്നിട്ട് സ: ലീയുനിംങ്ഇ മുന്നോട്ടു നീങ്ങി അവളെ കസേരയിൽ പിടിച്ചിരുത്തി അവിടെ തന്നെ ഇരിയ്ക്കുവാൻ നിർബന്ധിച്ചു. സത്രയം ആ രംഗം നോക്കിക്കൊണ്ടിരുന്ന എനിക്ക് സ: ലീയുനിംങ്ഇ ഒരു നാടകം അഭിനയിക്കുകയാണെന്ന് വിശ്വസിക്കുവാൻ കഴിഞ്ഞില്ല. അദ്ദേഹം തികച്ചും ആത്മാർത്ഥതയോടെ അയിരിക്കണം അവർക്ക് കസേരനീക്കിയിട്ടുകൊടുത്തതു്. അതു സ്വാഭാവികമായി ചെയ്തതുമായിരുന്നു. പക്ഷേ ആ പെൺകുട്ടിക്ക് ഒരു അപകർഷതാബോധം (Inferiority complex) തോന്നി. ബിരുദധാരിണികളായ ദ്വിഭാഷിണികളെപ്പോലെ ഉയർന്ന വിഭാഗങ്ങളിൽ ഉള്ളവർക്കപ്പോലും ഇമ്മാതിരി അപകർഷതാബോധം ഉണ്ടാകുകിൽ, വിദ്യാസമ്പന്നരല്ലാത്ത പരിഷ്കൃതചിത്തരല്ലാത്ത തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ആ കൃത്രിമങ്ങളായ അതിർത്തിമതിലുകൾ എത്രമാത്രം വിനാശകരമാണെന്നുള്ള തു ഊഹിക്കാവുന്നതാണല്ലോ. മുഗ്ഡനിൽനിന്നും നാങ്കിംശിലേക്കുള്ള യാത്രയ്ക്കിടയിൽ അഖില ചൈന ലേബർഫെഡറേഷൻ എക്സിക്കുട്ടീവ് അംഗമായ ചെൻ ചു-യുമായി ഇക്കാര്യത്തെപ്പറ്റി ഞാൻ സംസാരിക്കുകയുണ്ടായി ആയിരത്തിത്തൊള്ളായിരത്തി അമ്പത്തിമൂന്ന് ദ്വിമാസം പത്താൻ പതാംതീയതി രാവിലെയായിരുന്നു. ശൈത്യംപിടിച്ചു വടക്കുകിഴക്കൻ പ്രദേശങ്ങളിൽനിന്നും ഉഷ്ണമേഖലയായ തെക്കൻനാടുകളിലേയ്ക്ക് ഞങ്ങളും സഞ്ചരിക്കുകയായിരുന്നു, ദ്വിഭാഷികളുടെ കൂട്ടത്തിൽ ഏറ്റവും ധിഷണാശാലിയായ സ: യുചിംങ് ഞങ്ങളുടെ ചർച്ചകളിൽ ഞങ്ങളെ സഹായിച്ചുകൊണ്ടിരുന്നു. ഹിന്ദുമസ്ദൂർ പ്രതിനിധി സ: ശിബനാഥബാനർജ്ജിയും, ഏ ഐ ഠി യു സി പ്രതിനിധി സ: യുസുഫും ഏതൻ മുറിയിലേയ്ക്കു കടന്നുവന്ന ഹിന്ദുമസ്ദൂർസഭാ പ്രതിനിധി സംഘത്തിലെ അഹമ്മദ ബാദിൽ നിന്നുള്ള അംഗമായ സഖാവ് സി. ഠി. ജോസുവും ചർച്ചകളിൽ പങ്കുകൊണ്ടു. നേതാക്കന്മാരുടേയും നയിക്കപ്പെടുന്നവരുടേയും ജീവിതനിലവാരങ്ങൾതമ്മിൽ വൈജാത്യമേറ്റപ്പെടുത്തുന്നതു അപകടകരമാണെന്ന് സഖാവു് ചെങ്യു സമ്മതിച്ചു. പക്ഷേ നിരന്തരമായ സ്വയം വിമർശനംകൊണ്ട് ആ അപകടം അവർ തുടച്ചുനീക്കിക്കൊണ്ടിരിയ്ക്കുയാണെന്നദ്ദേഹം അഭിപ്രായപ്പെട്ടു. ഒരുതരമെന്നാലിലയുലോ ഒരു വാദഗതിയെന്ന നിലയിലോ അല്ല ആ പ്രശ്നത്തെ സമീപിക്കേണ്ടതെന്ന് ഞാൻ പുണ്ടിക്കാണിച്ചു വസ്തുനിഷ്ഠമായ ഘടകങ്ങളാണ് പരിഗണിക്കേണ്ടതു്. നേതാക്കന്മാർക്കനുകരപ്പെടുന്നിരിക്കുന്ന പരമപ്രധാന്യത്തിൽ സൂക്ഷ്മപ്രമത്തമായ ഒരു സമൂഹവിഭാഗത്തിന്റെ സൃഷ്ടിക്ക് അത്യന്താപേക്ഷിതമായിട്ടുള്ള സാഹചര്യങ്ങളെല്ലാം അന്തർലീനമായിട്ടുണ്ട്. ഈ വിഷയത്തിൽ സോവിയറ്റ് യൂണിയനെതിരായി ഉയർന്നിട്ടുള്ള വിമർശനങ്ങൾ ഞാൻ ഉദാഹരിച്ചു. പുത്തൻചൈനയുടെ ശൈശവജീവിതത്തിൽ ഈ പ്രവണതകളുടെ വ്യാപ്തിയും, വിപത്തും വർദ്ധിക്കുന്നതി



മീനച്ചൽ-പാലാ തിരഞ്ഞെടുപ്പ്

★

(എൻ. രാമചന്ദ്രൻ)

മീനച്ചൽ പാലാ പാർലമെൻറ് നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പ് നടന്നുകഴിഞ്ഞു നിയോജകമണ്ഡലത്തിൻെറ വിവിധ ഭാഗങ്ങളിൽ ഞാൻ ചുറ്റി സഞ്ചരിക്കുകയുണ്ടായി. ഞാൻ പലതും കേൾക്കുകയും കാണുകയും ചെയ്തു

ഈ നിയോജകമണ്ഡലത്തിൽ കോൺഗ്രസ്സ് സമ്പൂർണ്ണമായി പരാജയമടഞ്ഞു എന്നു ഞാൻ പറയുന്നു. തിരഞ്ഞെടുപ്പുഫലം പ്രഖ്യാപിക്കുന്നതിനുമുമ്പായിട്ടാണു ഞാൻ ഇതെഴുതുന്നതു് പെട്ടികൾ പൊട്ടിച്ചു കടലാസുതുണ്ടുകൾ എണ്ണി തിട്ടപ്പെടുത്തി പ്രഖ്യാപിക്കപ്പെടാൻ പോകുന്ന "തിരഞ്ഞെടുപ്പുഫലം" എൻെറ നിഗമനത്തെ അശേഷം ബാധിക്കുകയില്ല. അതു ജയിച്ചാലും അതു ജയാരവാരോഷങ്ങളിൽ മുങ്ങിപ്പോകാത്ത ഒരു സംഭവം ഇവിടെ നടന്നു കഴിഞ്ഞു ഈ രാജ്യത്തെ ഭരണകക്ഷിയായ കോൺഗ്രസ്സ് ഇവിടത്തെ ജനങ്ങളുടെ മുമ്പിൽ തോറ്റു നിലം പരിശായിരിക്കുന്നു ആദർശങ്ങളും പരിപാടികളുമുള്ള ഒരു രാഷ്ട്രീയ പാർട്ടിയാണു കോൺഗ്രസ്സെന്നോ മറ്റേതെങ്കിലും ലക്ഷ്യത്തിലേക്കു രാജ്യത്തെ നയിക്കുന്ന ഒരു സമൂഹശക്തിയുടെ കേന്ദ്രീകരണമാണു ഈ സംഘടനയെന്നോ മീനച്ചൽ-പാലാ നിയോജകമണ്ഡലത്തിൽ ഈ അടുത്തകാലത്തുപോയിട്ടുള്ള ഒരൊറ്റ കോൺഗ്രസുകാരനെങ്കിലും തലയുയർത്തി നിന്നു പറയാൻ ധൈര്യപ്പെടുമെന്നു തോന്നുന്നില്ല കോൺഗ്രസ്സ് പാർട്ടിയെ സംബന്ധിക്കുന്നിടത്തോളം വളരെ പ്രേക്ഷ ഇതു അത്ഭുതകരമായ ഒരു പുതിയ അറിവല്ലായിരിക്കാം. അതു ദൽഹങ്ങളുടെ അസ്ഥിവാരത്തിൽ കെട്ടിഉയർത്തപ്പെട്ടുന്ന ഒരു സംഘടനയല്ല ഈ രാഷ്ട്രീയപാർട്ടിയെന്നു അറിയാത്തവർ ഇന്നു നന്നേ ചുരുങ്ങും.

പക്ഷെ കോൺഗ്രസ്സുകാരെ അമ്പരപ്പിക്കുന്ന ചില സംഭവവികാസങ്ങളും ഈ നിയോജകമണ്ഡലത്തിലുടനീളം കോൺഗ്രസ്സ് സംഘടനയുടെ താങ്ങും തണലുമായി കഴിഞ്ഞുപോന്നിരുന്ന ഒരു ശക്തിയാണു ഇവിടത്തെ ക്രൈസ്തവപുരോഹിതൻമാർ എന്നു ദുർവ്വിധിയാലോ സകല സാമൂഹ്യപ്രവർത്തനങ്ങളും വർഗ്ഗീയചാലുകളിലേയ്ക്കു വഴിതിരിഞ്ഞുപോരുന്ന പരമ്പരയുള്ള ഈ നാട്ടിൽ സംഘടിതശക്തിയുള്ള ഇവിടത്തെ ക്രൈസ്തവ പുരോഹിതൻമാരുടെ രാഷ്ട്രീയരംഗത്തു വളരെയേറെ സ്വാധീനമുണ്ടു്. ഈ സ്വാധീനത്തിലാണു കോൺഗ്രസ്സ് സംഘടന ഇന്നു തഞ്ചിനിൽക്കുന്നതു്. കോൺഗ്രസ്സിൻെറ പിന്നിൽ ഈ രാജ്യത്തെ ഭൂരിപക്ഷമായ ഒരു ജനവിഭാഗത്തെ തലയെണ്ണി അണിനിരത്തി നിർത്തിക്കൊടുക്കുന്നതിനുള്ള ആത്മീയശക്തി ക്രൈസ്തവ പുരോഹിതൻമാരാണു്. ദൈവത്തിൻെറ ഐഹികമായ ശക്തിവിശേഷങ്ങൾ പറഞ്ഞുകേൾപ്പിച്ചു, പരലോകത്തെങ്കിലും നന്മപ്രതീക്ഷിക്കുന്ന ശുദ്ധാത്മാക്കളെ സ്വന്തം നിലനിൽപ്പിനും ഭൂതൻമുള്ള മുഷണത്തിനും വേണ്ടി വിലയ്ക്കുകൊടുക്കുന്ന പുരോഹിത്യം ആ ജനവിഭാഗത്തിൻെറ കഴുത്തിൽ ഇരുമ്പുചുറ്റിയിരിക്കുന്ന കുരുക്കുകൾ വലിച്ചുപൊട്ടിക്കുന്നതിനു മുന്നോട്ടാഞ്ഞ ചിത്രം മീനച്ചൽപാലായിൽ എനിക്കു കാണാൻ കഴിഞ്ഞു കോൺഗ്രസ്സിനെതിരായി ശബ്ദിച്ചുപോകുന്നതു സത്യമതത്തിനു വിപരീതവും ദൈവകോപത്തിനു കാരണഭൂതവുമായിത്തീരുമെന്നു കരിയും കൊതയുമായി നിന്നു നീണ്ടകുപ്പായക്കാർ നിരന്തരമായ പ്രചരണം നടത്തിയെങ്കിലും അനേകം കുഞ്ഞാടുകൾപോലും ഹൃദയപൂർവ്വം കോൺഗ്രസ്സിനെ എതിർക്കുന്നതു ഞാൻ കണ്ടു. പള്ളിയും പാതിരിയും എതിരായി കഞ്ഞാടുകൾ ഗർജ്ജിക്കുന്ന അപൂർവ്വപ്രതീക്ഷിതമായ സംഭവം ഇവിടത്തെ പുരോഹിത്യത്തിൻെറയും അതിൻെറ തായ്വേരായ സ്ഥാപിതതാല്പര്യങ്ങളുടെയും നേർക്കു അപ്രതീക്ഷിതമായി ഒരു പ്രഹരമായിത്തന്നു, ആ പ്രഹരത്തിൻെറ ആഘാതമേറ്റവർ കാണിച്ച പേടിച്ചുള്ള മീനച്ചൽ-പാലാ നിയോജകമണ്ഡലത്തിൽ എന്തൊക്കെയോ വൃത്തികേടുകളാണു സൃഷ്ടിച്ചതു്. പുരോഹിതൻമാരുടെ അവരുടെ ശക്തിവിശേഷത്തിൽ വിശ്വസിച്ചിരുന്ന കോൺഗ്രസ്സുകാരും കാണിച്ച കലിതുള്ളൽ എനിക്കു വളരെ കൗതുകകരമായിതോന്നി.

ഞാൻ പറയുന്നതിൽ വിശ്വാസം വരണമെങ്കിൽ നിങ്ങളും ആ നിയോജകമണ്ഡലത്തിൽ സഞ്ചരിക്കണമായിരുന്നു. അവിടെ കോൺഗ്രസ്സിൻെറപേരിൽ കാറോട്ടപോലും കൊട്ടകാപ്പള്ളിക്കു കിട്ടിയിട്ടില്ല കോട്ടകാപ്പള്ളിക്കു കിട്ടിയ വോട്ടുകളെല്ലാം പണത്തിൻെറയും പള്ളിയുടെയും വകയാണു് അവർ മഹാത്മാഗാന്ധിമുതൽ ഇങ്ങോട്ടു സ്വതന്ത്രാപ്തിയുടെ അവശ്യമില്ലാത്തവരെന്നു തോന്നിയ എല്ലാ കോൺഗ്രസുകാരെയും കോൺഗ്രസ്സ് പ്രസ്ഥാനങ്ങളേയും എതിർത്തിട്ടുണ്ടു്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽതന്നെ കോൺഗ്രസ്സിനെതിരായി കത്തോലിക്കാ കോൺഗ്രസ്സ് സ്ഥാനാർത്ഥിക്കു വോട്ടുപിടിച്ച പാതിരിമാരും ഇക്കൂട്ടത്തിലുണ്ടു്. കോൺഗ്രസ്സു് അങ്ങനെ മീനച്ചൽ ഇല്ലാതായിത്തീർന്നിരിക്കുന്നു. കോൺഗ്രസ്സു പ്രചരണയോഗങ്ങളിൽ അപൂർവ്വമായേ കോൺഗ്രസ്സിൻെറ കാര്യങ്ങളും സംസാരിച്ചു കേൾക്കാറുള്ളൂ. അവർക്കു കോൺഗ്രസ്സിനെപ്പറ്റി ഒന്നും പറയാനുണ്ടായിരുന്നില്ല. സത്യമതം അപകടത്തിലാകാതെ സൂക്ഷിക്കാനും ഇഹലോകത്തുനിന്നു പരലോകത്തു ചെന്നാൽ തിളച്ച എണ്ണയിൽ എറിയപ്പെടാതിരിക്കാനുമാണു് സാധുക്കൾ കൊട്ടകാപ്പള്ളിക്കു വോട്ടുചെയ്തതു്. കോൺഗ്രസ്സു പ്രചരണയോഗങ്ങളിൽ നടന്ന പ്രസംഗങ്ങളിൽ തുലോം അപൂർവമായ ചില പ്രചരണങ്ങളും നടന്നതായി ഞാൻ അറിഞ്ഞു. സംസ്കാരത്തിൻെറ എല്ലാ സീമകളും വിട്ടു സ്ത്രീത്വത്തേയും മാതൃത്വത്തേയും അവഹേളിക്കുന്ന രീതിയിലാണു് അക്കൂട്ടർക്കെതിരായ പ്രചരണപ്രസംഗങ്ങളും നടത്തുന്നതു്. ഇങ്ങനെ വിമോചനസമരത്തിനും പാതിരിയും ചേർന്നു കൊട്ടകാപ്പള്ളിയുടെ കോൺസിനോട്ടുകൊണ്ടു അടിച്ചുതകർത്തു

നതിരായി ചൈനയിലെ നേതാക്കന്മാർ ഉൽബുദ്ധരാകണമെന്നു് ഞാൻ ആവശ്യപ്പെട്ടു. വിനീതഭാവത്തിൻെറ ദേശീയമായ വികാസവും ജനങ്ങളുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളിലും പുത്തൻ ചൈനയുടെ മാനുഷികമായ സമീപനരീതിയും മുപ്പതുവർഷക്കാലത്തെ അനുഭവപരിശീലനങ്ങളും ജീവിതത്തിൻെറ എല്ലാ മണ്ഡലങ്ങളിലും പരമാവധി സത്യസന്ധത പുലർത്തണമെന്നുള്ള നിരന്തരവും നിഷ്കൃഷ്ടവുമായ പ്രചരണവും ബുദ്ധോ ക്രോഡീകരിച്ചതിൻെറ (സോഷ്യൽ പ്രവണതകളുടെ) വളർച്ചയ്ക്കു ഫലപ്രദമായ പ്രതിബന്ധങ്ങളും ആണു് പക്ഷെ സർവ്വശക്തരായ ഒരു പ്രത്യേക വർഗ്ഗത്തെ സൃഷ്ടിക്കുവാനുള്ള വസ്തുനിഷ്ഠമായ എല്ലാ സാഹചര്യങ്ങളും അവിടെ ഉണ്ടായിരിക്കുമ്പോൾ ഈ വിരക്തിയുടെ വ്യാപ്തി എത്രകാലം പുലർത്തുവാൻ കഴിയുമെന്നുള്ളതു് ഒരു പ്രശ്നമാണു്. നന്മ ഭവിക്കട്ടെ നമുക്കു പ്രാർത്ഥിക്കുക.

.....

പ്രമുഖ സാഹിത്യകാരന്മാരുടെ മികച്ച കൃതികൾ

		രൂ	ണ
എന്റെ ശ്രീകോവിൽ	സി. വി. കുഞ്ഞുരാമൻ	0	12
പഞ്ചവടി	,,	0	14
ഒരു തറവാടിന്റെമുമ്പ്	,,	0	12
പ്രണയരാവണൻ	കെ. ദാമോദരൻ ബി. ഏ.	1	0
ഓമന	,,	1	0
ജീവിതസമരം (ആത്മകഥ)	സി. കേശവൻ	3	0
ഇ. വി. യുടെ ആത്മകഥ vol I	ഇ. വി കൃഷ്ണപിള്ള	2	8
,, vol II	,,	2	3
മരിയ്ക്കാൻവയ്യ	കിഷൻചന്ദർ	0	12
അമരമോഹിനി	എം. ആർ. രാമകുമാരൻ	1	4
പട്ടേലും ചിന്തയും	പെരുന്ന കെ. വി. തോമസ്	1	0
ചൈനയിൽ	പൂഞ്ഞാർ കൃഷ്ണൻനായർ	1	12
അച്ഛൻ	പൊറ്റക്കാട്ട	1	0
സ്വപ്നങ്ങൾ	ചെമ്പുക്കുട്ടി	0	12
പ്രതീക്ഷകൾ	തകഴി	1	8
ജീവിതവല്ലി	കരോട്ട ജനാർദ്ദനൻ	1	4
പൂലരിപ്പുക്കൾ	,,	1	0
പാവങ്ങൾ	വിക്ടർഹ്യൂഗോ	1	8
വെള്ളിമുള്ളുകൾ	ടാറാപുരം സുകുമാരൻ	1	4
കൃസ്തു ജീവിച്ചിരുന്നില്ല.	ഠി. കെ. ചന്ദ്രജി.	2	0
മാതൃഹൃദയം	കേശവദേവ്	0	8
ശിശുസംരക്ഷണം	ഡാ: ഏ. കെ. ജാർജ്ജ്	1	0
മധുവിധു	ജോസ് ചാലങ്ങാടി	1	0
രതിവികൃതികൾ	,,	1	0
വേശ്യയുടെ ഡയറി	മിസ്സ് ഏലൻ	1	0
വേശ്യയുടെ ആത്മകഥ	,,	1	8
സ്ഥലത്തെ പ്രധാന വേശ്യ	എൻ. പി ചെല്ലപ്പൻനായർ	0	8
മധുലീല	പി. സി. കോരുത്	1	0
ജീവിതരഹസ്യം (ചിത്രങ്ങളടങ്ങിയത്)	കെ. രജ.	1	8

മറ്റു പല പുസ്തകങ്ങളും വില്പനയ്ക്കുണ്ട്.

കൃാറ്റലോഗ് ആവശ്യപ്പെടുക.

N. B:-രണ്ടു രൂപയിൽ കുറഞ്ഞ തുകയ്ക്കു വി. പി. അയയ്ക്കുന്നതല്ല.

അശോകാ പബ്ലിഷിംഗ് ഹൗസ്

പബ്ലിക് ഹൗസ് റോഡ്-കൊല്ലം.

THE
TARAPADHAM

ADVERTISEMENT RATES.

Cover Front Page	Rs.	125
,, Last Page	,,	100
,, 2nd Page	,,	75
,, 3rd Page	,,	75
Inner Full Page	,,	50
,, Half Page	,,	30
,, Per inch Single Col.	,,	2

നൊരു മാലയിട്ടാൽ അതിൽ അത്ഭുതപ്പെടേണ്ട കാര്യമില്ല. രാഷ്ട്രീയം മനസ്സിലാകാത്ത ജനങ്ങളാണ് മീനച്ചൽതാലൂക്കിലുള്ളതെന്നു കാൺഗ്രസുകാർ കഴിഞ്ഞ കുറെക്കാലമായി പ്രചരണം നടത്തിവന്നിരുന്നു. ആ പ്രചരണത്തിന്റെ പൊള്ളത്തരം ഉറന്നു പൊളിക്കുന്ന രീതിയിലാണ് മീനച്ചൽതിരഞ്ഞെടുപ്പു നടന്നതു്. അൻപത്തിമൂന്നു ശതമാനം കത്തോലിക്കാ വോട്ടറന്മാർ മാത്രമുള്ള നിയോജകമണ്ഡലത്തിൽ പാതിരി ദൈവത്തിന്റെ വെട്ടുകത്തിയുമായി നിന്നിട്ടും ശുദ്ധകത്തോലിക്കരിൽനിന്നുപോലും ചില കുഞ്ഞാടുകൾ തെറിച്ചുപോയി എന്നുള്ളതാണു നേരു്.

മീനച്ചൽ അങ്ങനെ പൊയ്തിരഞ്ഞെടുപ്പിനെ നേരിടാൻ തയ്യാറെടുക്കുന്ന ഈ നാട്ടിലെ ജനങ്ങളോടു ഒരു കാര്യം വിളിച്ചുപറയുന്നു. പള്ളിയുടെപേരിൽ ഉണ്ടാക്കിക്കൂട്ടിയ്ക്കുന്നതു കത്തോലിക്കർ ഒറ്റക്കെട്ടായി ജന്തിങ്ങാ പിടിച്ച സത്യം ചൊല്ലി പാതിരിസ്ഥാനാർത്ഥിക്കു വോട്ടു ചെയ്യുമെന്നു വിശ്വസിച്ചു കത്തോലിക്കന്റെ തലയെണ്ണി അടുത്ത തിരഞ്ഞെടുപ്പിൽ കാൺഗ്രസ്സുകാരനു വിജയം നിശ്ചയമാണെന്നു കത്തോലിക്കാേതരപക്ഷമുള്ള നിയോജകമണ്ഡലങ്ങളിൽ പോലും ഒരു വിധിയെഴുത്തു നടത്തരുതു് സാമ്പത്തികമായപരാധീനതകളും സാമൂഹ്യ സൗഹാർദ്ദവും ഒക്കെയൊന്നാറാവും ക്ലേശത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു ജനവിഭാഗമാണ് സാധുക്കളായ കത്തോലിക്കർ. പള്ളിയുടെ പേരിൽ അവന്റെ ചോരയൂറ്റുന്ന സേഭബിന്ദുക്കളും പാതിരിവർഗ്ഗം സ്വച്ഛന്ദമായി ചിരിച്ചെഴുത്തു സുഖിക്കുന്നുണ്ടു്. ഇഹലോകത്തെപ്പറ്റിയല്ലെങ്കിലും പരലോകത്തെപ്പറ്റിയുള്ള യേത്തിൽ അവൻ ആ പീഡനം നിശ്ശബ്ദനായി സഹിച്ചുകൊണ്ടിരിക്കയുമാണ് പക്ഷെ അവിടെയും സൈരത അവനില്ല അച്ഛൻ കാൺഗ്രസ്സിനും മകൻ കാൺഗ്രസ്സിനെതിരായും വോട്ടുചെയ്താൽ മകനു പള്ളിവിലക്കായി. കാൺഗ്രസ്സിനു വോട്ടുചെയ്ത അച്ഛൻ വിചാരിച്ചാലും മകനു സമ്മർദ്ദമില്ലാത്ത ഒരു സാമൂഹ്യജീവിതം അസാദ്ധ്യമായിത്തീരുന്നു. പാതിരിരാഷ്ട്രീയം ഇങ്ങനെ കുടുംബങ്ങളെയും സമൂഹത്തേയും തന്നെ തകർത്തുകൊണ്ടിരിക്കയാണ് അവർ ഇതെല്ലാംചെയ്യുന്നതു കുടുംബജീവിതത്തിന്റെ പാവനതയുടെപേരിലാണ്. ഈ നില കേട്ടുപാടില്ലാത്തെ എന്നും വച്ചുപുലർത്താമെന്നു വ്യാമോഹിക്കുന്ന ദൈവത്തിന്റെ കാവൽഭ്രാന്തരസൂക്ഷിപ്പുകാരനെതിരായ ശക്തമായ പടഹധ്വനിയാണ് മീനച്ചൽ മുഴങ്ങിയതു്. പാതിരിരാഷ്ട്രീയക്കാരില്ലെങ്കിൽ കാൺഗ്രസ്സ് ഈ രാജ്യത്തു നിലംപരിശാകും. സ്വന്തന്ത്രപ്രവർത്തനത്തിൽ കവിഞ്ഞയാതൊന്നും പാതിരി രാഷ്ട്രീയത്തിലില്ല. ഈ ക്ലേശം രാഷ്ട്രീയത്തിൽ കടക്കുന്നതിനെതിരായി പണ്ഡിതനെഹ്റുതന്നെ ശക്തമായ ശബ്ദം ഉയർത്തിയിട്ടുണ്ട്. നിരീശ്വരവാദിയായ നെഹ്റുവിന്റെ കാൺഗ്രസ്സിനെ ദൈവത്തിന്റെ പേരിൽ വോട്ടുപിടിക്കുന്നതു കാണുമ്പോൾ ആരാണു ആ ആവേശത്തിനു കുത്തു് ആത്മാർത്ഥികമായ ആത്മാർത്ഥതകാണുന്നതു്. കത്തോലിക്കനെ പ്രധാനമന്ത്രിയായി ഉടനടി മാത്രമായി പാതിരി രാഷ്ട്രീയം ഇന്നു കാൺഗ്രസ്സു രാഷ്ട്രീയമായിട്ടുണ്ടെന്നേയുള്ളൂ. ഈ പാതിരി വിപത്തു് ഈ രാജ്യത്തെ രാഷ്ട്രീയത്തിനാകമാനം തന്നെ സാമൂഹ്യമായികവച്ചും നൽകിയിരിക്കുന്നു. വളർച്ചയേയും വികാസത്തേയും പ്രതിബന്ധപ്പെടുത്തുന്ന ഈ പോക്കു തടയാർ പാതിരി രാഷ്ട്രീയത്തിന്റെ നാരായവേരിൽ തന്നെ കത്തിവയ്ക്കേണ്ടിയിരിക്കുന്നു. മറ്റൊരുകൂടം എത്ര ശ്രമിച്ചാലും ഇതു വേഗം ഫലവത്താകുന്ന കാര്യമല്ല. സത്യവേദ ചൊല്ലി ജന്തിങ്ങാ പിടിച്ച ജനനവും മരണവും കണക്കുകൂട്ടുന്ന കത്തോലിക്കനെന്ന മോഷ്ടാക്കളായ ഇടയന്മാരുടെ കൈതോലയായി ഇതാ സമരകാഹളം മുഴക്കിത്തുടങ്ങിയിരിക്കുന്നു. മീനച്ചിൽതിരഞ്ഞെടുപ്പു രാഷ്ട്രീയരംഗത്തിനു നൽകുന്ന ഏറ്റവും വലിയ സംഭാവന അതാണ് പാതിരിരാഷ്ട്രീയത്തിന്റെ മാസ്മരശക്തിയിൽ അധികാരത്തിൽ കടിച്ചുതൂങ്ങാമെന്ന വ്യാമോഹിക്കുന്ന പന്ത്രണ്ടിലുള്ളിമാരുടെയും കുത്തിലുവാന്മാരുടെയും കാൺഗ്രസ്സിന്റെ ഹൃദയത്തിലേക്കു പാഞ്ഞുകയറുന്ന കഠാരയാണ് മീനച്ചൽ.



പി. എസ്. പി. യുടെ നിലപാട്

ഇത്തവണത്തെ കൗമുദിയുടെ മുഖപ്രസംഗം ശ്ലാഘനീയമായ ഒന്നാണ്. പി. എസ്സ്. പി. വ്യക്തമായ ഒരു നിലപാടു സ്വീകരിക്കേണ്ടതു് ഇന്നത്തെ ഒരാവശ്യമാണു്. തിരു-കൊച്ചിയിലെ പ്രത്യേക പരിതസ്ഥിതിയെ പരിഗണിച്ചു് മറ്റിടതുപക്ഷങ്ങളുമായി യോജിച്ചു്, ഇന്നത്തെ ഭീഷണിയായ 'ജാണ്' ഭരണത്തെ ഇല്ലായ്മചെയ്യുന്നതിനു് യുക്തമായ നിലപാടു സ്വീകരിക്കുവാൻ പി. എസ്സ്. പി. യുടെ കേന്ദ്ര എക്സിക്യൂട്ടീവു് ശ്രീ പട്ടത്തെ ചുമതലപ്പെടുത്തിയിരിക്കയാണല്ലോ. എന്നാൽ അദ്ദേഹത്തിന്റെ ഇപ്പോഴത്തെ നിലപാടു് അങ്ങിനനിശ്ചയിക്കുന്നതിനു പകരം അതിൽ വ്യസനിക്കുന്നു. പി. എസ്സ്. പി. ഒരു സ്വതന്ത്രനിലപാടു സ്വീകരിക്കേണ്ടതാണു്. കമ്മ്യൂണിസ്റ്റംപാർട്ടിയുടെ അഭിപ്രായംപോലെ മറ്റു വാമപക്ഷങ്ങളുമായി ഒരു മിനിമം പരിപാടിയിൽ യോജിക്കാൻ അവർ തയ്യാറാകേണ്ടതാണു്. ഭരണം ഏറ്റെടുക്കുന്നതിനെപ്പറ്റി തിരഞ്ഞെടുപ്പു കഴിഞ്ഞുള്ള പരിതസ്ഥിതിയിൽ ആലോചിക്കാം എന്നു പറയുക ഒരുതരം അവസരവാദപരമായ നയമായിരിക്കും. കൊടുങ്ങല്ലൂർ ഭഗവതിക്കു് 101 മിഥസം പൂരപ്പാട്ടു കഴിക്കാമെന്നു നേർന്നുകൊണ്ടു നടക്കുന്ന ചിലരുണ്ടിവിടെ. എന്തിനെന്നോ? ഇടതുപക്ഷങ്ങളും തെറ്റിപ്പിരിഞ്ഞു് പരസ്പരം ശണ്ഠയിട്ടു നശിക്കാൻ. ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ഒരുവനും ഭരണകക്ഷിയോളംതന്നെ പ്രാബല്യമുള്ള ഒരിടതുപക്ഷത്തിന്റെ ആവശ്യകതയെ മാനിക്കാതിരിക്കാൻ സാദ്ധ്യമല്ല എന്നാൽ ഞങ്ങളെന്തുചെയ്താലും ഉടൻ കളെപ്പോലെ സകലതും വാപൊളിച്ചുനില്ക്കണമെന്നാണു് ഇവിടത്തെ ഭരണധുരന്ധന്മാരുടെ ആഗ്രഹം. ഇല്ലെങ്കിൽ ഇടതുപക്ഷങ്ങളുടെ ആരോഗ്യത്തെ അധികാരമുപയോഗിച്ചു് ഇവർ കാർന്നതിനുമായിരുന്നോ? തരംഗപരമ്പരകളുടെ ആർത്തനാദം കേട്ടാൽ ക്രുദ്ധനായ ജ്ഞുക്കളല്ല ന്യായങ്ങൾ. അതുപോലെ ഇവിടത്തെ ഇടതുപക്ഷപ്പിള്ളേരുടെ ക്രക്കവിളികേട്ടാൽ തങ്ങൾ വർളാൻപോകുന്നില്ലെന്നാണിവരുടെ ഭാവം. പക്ഷെ, സമുദ്രത്തിലെ തിരമാലകളാൽ തകർക്കപ്പെട്ട ലോകഭാഗങ്ങളും, ഭൂകമ്പത്താൽ ഉയർത്തപ്പെട്ട നവീനലോകാംശങ്ങളും ഉണ്ടെന്നുള്ളതു് ഒരു സത്യംമാത്രം! ഇന്നത്തെ ഭീഷിച്ചുനാറിയ ഭരണത്തെ നിർമ്മാർജ്ജനംചെയ്തു് അതിസ്ഥാനത്തു് ആത്മൻറെ ഭരിലാഷങ്ങളെ അല്പമെങ്കിലും കൂറ്റിടിപ്പിക്കാൻതക്ക ഒരു ഗവർമ്മെൻറ് ഉദയം ചെയ്യേണ്ടതാണു് ഇന്നത്തെ അടിയന്തിരാവശ്യം. അതിനു് ഇടതുപക്ഷങ്ങളും യോജിച്ചേ മതിയാകൂ. പി. എസ്. പി യുക്തമായ ഒരു നിലപാടു സ്വീകരിക്കണം. അതവർ ചെയ്യുമെന്നു് സാധാരണക്കാർ വിശ്വസിക്കുകയും ചെയ്യുന്നു.

എൻ വിജയൻ, ചവറ

മഷിയിട്ടാലും കാണുകയില്ല.

ഏകാങ്കങ്ങളും മുഴുതി, പ്രശസ്തിയാർജ്ജിച്ച, ശ്രീ വിവേകാനന്ദന്റെ ചെറുകഥകളിലും ഒരു വിജയമാരണത്തെ പറയാൻ സന്തോഷമുണ്ട്. ശോകമൂകവും വികാരനിർഭരവുമായ ആ കഥ, ഒരു ചെറുകാവ്യംപോലെ മനോജ്ഞമാണ്. ആതുരാലയങ്ങളിൽ ഇതുപോലെയുള്ള വരങ്ങളിൽ അതു പ്രകാശം വീശുന്നുണ്ട്. ഇന്നത്തെ ലോകം നെർസിനെ ഒരു കച്ചവടസാധനമായി മാത്രമേ കരുതുന്നുള്ളൂ. സ്നേഹത്തിനായി ആത്തിരമ്പി നടക്കുന്ന ഒരു സുകുമാരഹൃദയത്തെ ലഭിക്കുന്നതു വെറും പച്ചനോട്ടുകൾ മാത്രം. തിരുനല്ലൂർ കരുണാകരന്റെ കവനപാടവത്തെപ്പറ്റി ഇതിനു മുമ്പും പ്രശംസിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. ഇന്നത്തെ ചില കുട്ടിക്കവികളെപ്പോലെ സാഹിത്യത്തിൽ നിന്നും വ്യതിചലിച്ചു രാഷ്ട്രീയനേതാവു് ചമയാതിരുന്നാൽ അദ്ദേഹത്തിനു ശോഭനമായ ഒരു ഭാവിയുണ്ട്. മൺമറഞ്ഞ ചില സാഹിത്യനായകന്മാരുടെ അധഃപതനപ്രവണതകളെ കർശനമായി വിമർശിച്ചതിനെ ഒരു സ്നേഹിതൻ ചോദ്യംചെയ്തതിനു സമാധാനവുമായി ശ്രീ വൈക്കം ചന്ദ്രശേഖരൻനായർ കൗമുദിപംക്തികളിൽ ഇറങ്ങിസഞ്ചരിക്കുകയാണു് സമൂഹത്തെ പരിത്രാണനം ചെയ്യുന്നതിനു അദ്ദേഹം ചില മഹത്വ്യക്തികളെ നിർമ്മാർജ്ജനംചെയ്യാൻ സന്നദ്ധനാണു്. ടോൾസ്റ്റായിയുടേതോ, ഡൊറോവ്സ്ക്കിയുടേയോ, നയോജനം ഉറപ്പിൽനിൽക്കാൻ കഴിവുകൂടാതെ ഇല്ലാത്ത ഗോർക്കിയേയും കുട്ടപ്പിടിച്ചിട്ടുണ്ട് തന്റെ വ്യവസായത്തിന്റെ പ്രചരണത്തിനു സാഹിത്യകാരന്മാർ എന്നുള്ള നിലയേക്കാളേറെ ഒരു രാഷ്ട്രീയ പ്രവർത്തകനായ, ശ്രീനായരിൽനിന്നും ഇതിൽ കൂടുതൽ പ്രതീക്ഷിക്കുന്നതിനു നിർവ്വാഹമില്ലല്ലോ സോഷ്യലിസംപ്രചരിപ്പിക്കുന്നതൊഴിച്ചു് മറ്റെല്ലാം അധഃപതനപ്രവണതകളാണെങ്കിൽ ലോകത്തിൽ മഷിയിട്ടു നോക്കിയാലും പുരോഗമനം കാണുകയില്ല മൺമറഞ്ഞവരുടെ കൃതികളിൽ

ഏ. പി. പിള്ള
ആലുവാ.

നല്ല നാടകം

നമുക്കു് നാടകസാഹിത്യം കുറവാണല്ലോ. ഏകാങ്കങ്ങളും തീരെയില്ലെന്നുതന്നെ. കെ. രാമകൃഷ്ണപിള്ള പണ്ടെങ്ങാണ്ടു് ഒന്നു് പണിഞ്ഞുനോക്കി. പറയത്തക്കതൊന്നുണ്ടു് തുലിക താഴത്തുവച്ചു. ഇടയിടെയായി കൗമുദിയിലൂടെ ഏകാങ്കനാടകങ്ങളും പ്രത്യക്ഷപ്പെട്ടുതുടങ്ങിയിട്ടുണ്ടു്. ഇതു ശ്ലാഘ്യപരിപുഷ്ടമാക്കാനുള്ള കൗമുദിയുടെ പരിശ്രമങ്ങൾക്കു് അഭിനന്ദനങ്ങൾ തന്നെ കൊള്ളട്ടെ. കഴിഞ്ഞലക്കത്തിൽ ശ്രീ. ജി. ശങ്കരപ്പിള്ള ബി. ഏ (ആണേഴ്സ്) എഴുതിയിരുന്ന ഏകാങ്കനാടകം ഇതു അടുത്തകാലത്തു പുറത്തുവന്നിട്ടുള്ള ഏകാങ്കങ്ങളിൽവച്ചു് വളരെ മെച്ചപ്പെട്ടതാണെന്നു നിസ്സംശയം പറയാം. വികാരസാന്ദ്രിയായ ഒരു സമൂഹപ്രശ്നത്തെ അസാധാരണമായ ഒരു വീക്ഷണകോണിൽകൂടെ നാടകകർത്താവു് സമീപിച്ചിരിക്കുകയാണു്. സന്തുഷ്ടമായി വിജയിച്ചെന്നു് പറഞ്ഞുകൂടാ ഈ നാടകം സ്റ്റേജിലാട്ടുമ്പോൾ, അതു കൃഷ്ണപിള്ള മിണ്ടാപ്പൂച്ചയെപ്പോലെ എങ്ങനെയാണു് വളരെനേരം സ്റ്റേജിൽ കഴിഞ്ഞുകൂടുക. അഭിനയിക്കുന്നവർക്കു് വലിയ ബുദ്ധിമുട്ടാവും. ഇതിനു് ഒരു പോംവഴി നാടകകർത്താവിനു് നിർദ്ദേശിക്കാനില്ലേ?

കരുണാകരൻനായർ ബി. ഏ.
തിരുവനന്തപുരം.

ദി ചൈനീസ് പസിൽ

(ഇംഗ്ലീഷ്)

എൻ. ശ്രീകണ്ഠൻനായർ എം. ഏ., എം. പി.

അവതാരിക:

ഡാക്ടർ മേഘനാദ് സാഹാ എം. പി.

പ്രസാധകന്മാർ:

Progressive Publishers,
6 PP B. D D Chawl 120. Worli, Bombay

- ചൈനയുടെ നവോത്ഥാനത്തെപ്പറ്റി
- ചുവപ്പുചൈനയിലെ അത്ഭുതകഥകളെപ്പറ്റി
- അപ്രിയസത്യങ്ങളിലേക്കു വെളിച്ചം വിതറിക്കൊണ്ടു്
- പലക്കും ഞെട്ടലുണ്ടാക്കിക്കൊണ്ടു്

Phone No. 2128

PRICE As. 3

REG. M. 5661

THE
KAUMUDI WEEKLY
PUBLISHED EVERY MONDAY

VOL: IV
23rd MONDAY
NOVEMBER 1953
No. 35

FOR ANYTHING AUTOMOTIVE

Such as:

Servicing, Running Repairs, Over Hauls, Paintings,
Body Buildings Etc. Etc.



Contact

PHONE: 2834.

THE CITY MOTORS

Dealers of Pontiac Cars, G. M. C. and Bedford Trucks

TRIVANDRUM